


മലയാള
രാജ്യം

THE MALAYALA RAJYAM

ILLUSTRATED WEEKLY

6th July 195

Three An



സിനിമാപംക്തി

സിതാറ



മധുരഗാനചതുരയായ ഒരു മനോജ്ഞാംഗിയത്രെ സിതാറ. ആടുവാനും പാടുവാനും അഭിനയിക്കുവാനും അനുപമമായ കഴിവുള്ള ഒരു കലാകാരിയാണിവൾ. ഹിന്ദിസിനിമയിലെ പ്രമുഖിപൊറ പല നടികളും സംഗീതാലാപം ചെയ്യുന്നതിന് കഴിവില്ലാത്തവരാണ്. കടംവാങ്ങിയ ശബ്ദമാധുരികൊണ്ടാണ് അവരിൽ പലരും വെള്ളിത്തിരയിൽ ഗായകികളായി പ്രത്യക്ഷപ്പെടുന്നത്. പക്ഷേ സിതാറയെ സംബന്ധിച്ചിടത്തോളം അവൾക്ക് പിന്നണിഗായകികളുടെ സഹായം തേടേണ്ട ആവശ്യവുമുണ്ടായിട്ടില്ല. പല പിന്നണിഗായികികളെക്കാളും മെച്ചമായ രീതിയിൽ ഗാനാലാപം ചെയ്യുന്നതിന് ആ ഗാനസരസ്വതിക്ക് കഴിവും കരുത്തുമുണ്ട്. സിതാറയുടെ ഗാനങ്ങളുടെ വശ്യതയും മധുര്യവും ഒന്നു വേറെതന്നെയാണ്. അവരുടെ ഗാനങ്ങളുടെ ശ്രേഷ്ഠതകൊണ്ടുമാത്രം പല ചലച്ചിത്രങ്ങളും അഭൂതപൂർവമാംവണ്ണം വിജയം വരിച്ചിട്ടുമുണ്ട്. സിനിമയിലെ ഏറ്റവും പ്രധാനമായ ഒരു ഘടകമാണല്ലോ അതിലെ സംഗീതം. ചലച്ചിത്രനിർമ്മാണത്തിൽ ഇത്രമാത്രം ശ്രദ്ധ ചെലുത്തപ്പെടുന്ന ഒരു ഭാഗവുമില്ലതന്നെ. ഒരു പട്ടുന്നതാരമായ സിതാറ ഇന്ത്യൻ ചലച്ചിത്രലോകത്തിന്റെ ഒരു നേട്ടംതന്നെയാണ്.

സിതാറ കൽക്കട്ടയിലാണ് ജനിച്ചത്. അവരുടെ പിതാവുതന്നെ ഒരു പ്രസിദ്ധ നൃത്തകനായിരുന്നു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ കൽക്കട്ടയിൽ ഒരു നൃത്തകലാലയവും സ്ഥാപിച്ചിരുന്നു. ചെറുപ്പത്തിൽതന്നെ നൃത്തകലയിൽ പരിജ്ഞാനം നേടുന്നതിന് സിതാറയ്ക്ക് അനുകൂലമായ സന്ദർഭങ്ങൾ ലഭിച്ചിരുന്നു. സ്വാഭാവിദ്യാഭ്യാസത്തിൽ സിതാറ വലിയ താല്പര്യമൊന്നും പ്രകടിപ്പിച്ചിരുന്നില്ല. പത്രണ്ടാമത്തെ വയസ്സിൽ അവർ സ്വാഭാവിദ്യാഭ്യാസം അവസാനിപ്പിച്ചിട്ട് നൃത്തകലയിൽ വിപുലമായ അഭ്യസനം ആരംഭിച്ചു. അച്ഛൻ മഹാരാജ്, ലച്ചുമഹാരാജ്, ഷംബുമഹാരാജ് എന്നിവരിൽനിന്നും സിതാറ കഥക് നൃത്തം ശാസ്ത്രീയമായി അഭ്യസിച്ചു. അതിനുശേഷം മണിപുരി നൃത്തവും ഭരതനാട്യവും ആംഗ്ലേയനൃത്തങ്ങളും അഭ്യസിച്ചു. സിതാറയുടെ നൃത്തനൈപുണ്യം ഗുരുജനങ്ങളെപ്പോലും അത്ഭുതപ്പെടുത്തിയിരുന്നു.

വളരെ ചെറുപ്പത്തിൽതന്നെ സിതാറ സിനിമാരംഗത്തേയ്ക്കു പ്രവേശിച്ചു. "ഉഷാഹരൺ" എന്ന ചിത്രത്തിലെ ഒരു നൃത്തകിയായിട്ടാണ് സിതാറ ആദ്യം തെരഞ്ഞെടുക്കപ്പെട്ടത്. ഈ ചിത്രത്തിന്റെ ഷൂട്ടിംഗ് സമയത്തു് സിതാറ പലപ്പോഴും ആഹാരംപോലും ഉപേക്ഷിക്കേണ്ടിവന്നിട്ടുണ്ട്. എന്തെന്നാൽ യാഥാസ്ഥിതികയായ സിതാറയുടെ മാതാവ് തന്റെ മകൾ വെളിയിൽനിന്നു് ആഹാരംകഴിക്കുന്നതിനെ നിഷേധിച്ചിരുന്നു. എന്തെല്ലാം ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ചാലും വേണ്ടില്ല തനിക്ക് ഒരു താരമായിത്തീർന്നാൽ മതിയെന്നായിരുന്നു സിതാറയുടെ നിർബന്ധം. പക്ഷേ നിർമ്മാതാക്കൾ തമ്മിലുണ്ടായ അഭിപ്രായഭിന്നതകളിൽ ഉൾപ്പെട്ടതുകൊണ്ടുമാത്രം ആ ചിത്രത്തിന്റെ നിർമ്മാണം മുടങ്ങിപ്പോയി. സിതാറയ്ക്ക് അതൊരു കടുത്ത നിരാശയായിരുന്നു. തന്റെ സംവിധാനം "ഒന്നാണ് കാ-ൽ" എന്ന ചിത്രത്തിൽ ഒരു വിധവയുടെ ഭാഗം അഭിനയിക്കുന്നതിന് സിതാറ ക്ഷണിക്കപ്പെട്ടു. ആ ചിത്രത്തിൽ സിതാറ പ്രതീക്ഷയിൽകവിഞ്ഞു് വിജയകരമായി അഭിനയിച്ചു. തുടർന്ന് "അനോഹി മെഹബൂബത്ത്" എന്ന ചിത്രത്തിൽ സിതാറ ഒരു രാജനർത്തകിയായി പ്രത്യക്ഷപ്പെട്ടു. മെഹ്ബൂബിന്റെ "അഹിലിൽ" എന്ന ചിത്രമാണ് സിതാറയുടെ കലാപരമായ കഴിവുകളെ തെളിവോടും മിഴിവോടുംകൂടി പ്രകാശിപ്പിച്ചതു്. കമാറായിരുന്നു ഈ ചിത്രത്തിൽ നായകന്റെ ഭാഗം അഭിനയിച്ചിരുന്നതു്. ചാരവൃത്തിയിൽ ഏർപ്പെട്ടജീവിക്കുന്ന ഒരു വനിതയുടെ ഭാഗം സിതാറ ഭാവോജ്വലമായി അഭിനയിച്ചു ഫലിപ്പിച്ചു. അതിനുശേഷം സിതാറ ഏതാനും ചിത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടെങ്കിലും അവയിലെ അഭിനയമൊന്നും അവരുടെ പേരും പെരുമയും വർദ്ധിപ്പിച്ചില്ല. മെഹ്ബൂബിന്റെ "വാട്ടൻ" എന്ന ചിത്രത്തിൽ പ്രത്യക്ഷപ്പെട്ടതിനെത്തുടർന്ന് സിതാറ ഒന്നാംകിട നടികളുടെ മുൻപന്തിയിലേക്ക് ഉയരുകയുണ്ടായി. ഈ ചിത്രത്തിൽ വികാരഭരിതമായ ഒരു രംഗം അഭിനയിച്ചുകൊണ്ടിരുന്നപ്പോൾ ആ നടി ബോധംകെട്ട് നിലംപതിച്ചതിനാൽ ഡാക്ടറുടെ സഹായം ഉടൻതന്നെ ആവശ്യമായിവന്നു. അഭിനയരംഗങ്ങളിൽ അവരുടെ ശബ്ദവും ഭാവവും ഹൃദയത്തിൽതട്ടി പുറത്തുവരികയാണെന്നു തോന്നുകയാണുള്ളതു്. പരമാർത്ഥത്തിൽ സിതാറ അഭിനയിക്കുകയാണെന്നു പ്രേക്ഷകർക്കു തോന്നുകയില്ല. ആ നടി കഥാപാത്രമായി അഭിനയിക്കുകയല്ല ജീവിക്കുകയാണ് ചെയ്യുന്നതു്.

കർദാർ നിർമ്മിച്ചിട്ടുള്ള 'ഭഗവാൻ' എന്ന ചിത്രത്തിൽ നായികയുടെ ഭാഗം അഭിനയിച്ചിരിക്കുന്നതു് സിതാറയാണു്, നമ്മളറിഞ്ഞതാണു് ഈ ചിത്രത്തിൽ നായകനായി പ്രത്യക്ഷപ്പെട്ടിരുന്നതു്. കർദാറിന്റെ "പൂജ" എന്ന ചിത്രത്തിലും സിതാറ ഒരു സ്വഭാവനടിയുടെ കഴിവുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ ചിത്രത്തിൽ സിതാറയുടെ ഗാനങ്ങളെല്ലാം അവർതന്നെയാണു് പാടുന്നതും 'സപാമി' എന്ന ചിത്രത്തിലും സിതാറ ജയരാജിന്റെകൂടെ അഭിനയിച്ചിട്ടുണ്ട്. രഞ്ജിത്ത് മൂവിടോൺ കമ്പനിക്കാരുടെ "നടികിന്നരി" എന്ന ചിത്രത്തിൽ സിതാറയ്ക്ക് ഒരു 'ഗസ്റ്റിംഗ്' ളിന്റെ ഭാഗമാണ് നൽകിയിരിക്കുന്നതു്.

മെഹ്ബൂബു നിർമ്മിച്ചിട്ടുള്ള 'ഔട്ട്' യിലും സിതാറ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഈ ചിത്രത്തിന്റെ ഷൂട്ടിംഗ് നടക്കുമ്പോൾ പാരേതനായ മുഹമ്മദലിജിന്നായും ഫാത്തിമാജിന്നായുംകൂടി സന്ദർശിക്കുകയും സിതാറയുടെ കലാപരമായ കഴിവുകളെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. ഷെയിക്ക് മുക്താറാണ് സിതാറയുടെകൂടെ നായകനായി ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളതു്. മെഹബൂബിന്റെ മറ്റൊരു ചിത്രമായ "നജ്മ"യിലും സിതാറ അഭിനയിച്ചിട്ടുണ്ട്. അശോക്കുമാറാണ് ഈ ചിത്രത്തിൽ നായകൻ. നജ്മയിലെ അഭിനയത്തിനുശേഷം സിതാറ ഒരു നിർമ്മാതാവായിത്തീരുകയുണ്ടായി. നസീറും സിതാറയുംകൂടി കൂട്ടുമയിൽ ഒരു ഫിലിംകമ്പനി സ്ഥാപിക്കുകയും "ഒരു സൈറൺ" "സപാമി" "കൽജുഗ്" തുടങ്ങിയ ചിത്രങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. "ബാലാജി" "ഹൂർ" എന്ന രണ്ടു ചിത്രങ്ങളിൽ പൃഥ്വീരാജിന്റെകൂടെയാണ് സിതാറ അഭിനയിച്ചിട്ടുള്ളതു്. "ബഡീമാ" "ലേഖ" "ചന്ദ്" "ഹർചൽ" തുടങ്ങിയവ സിതാറയുടെ മറ്റുചില പ്രസിദ്ധചിത്രങ്ങളാണ്. സംഗീതപ്രധാനവും നൃത്തപ്രധാനവുമായ ഏതാനും നവീനസംരംഭമായിക ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിന് സിതാറയ്ക്കു് ഇപ്പോൾ ഉദ്ദേശമുണ്ട്. ഈ ചിത്രങ്ങളെല്ലാം ഡയറക്ടുചെയ്യുന്നതും സിതാറയായിരിക്കും. നിർമ്മാണകാര്യത്തിലെ അമിതമായ ദ്രവ്യശ്രദ്ധകൊണ്ടാണ് ഇന്നത്തെ പല ചലച്ചിത്രങ്ങളും അധഃപതിച്ചുകൊണ്ടിരിക്കുന്നതെന്നാണ് സിതാറയുടെ അഭിപ്രായം. ഉദ്ദേശശുദ്ധിയോടും പ്രയോജനകരമായതുമായ ചലച്ചിത്രങ്ങളാണ് ഇന്നത്തെ ആവശ്യമെന്നും സിതാറ അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്ത്രീജനങ്ങൾ ധാരാളമായി സിനിമാ അഭിനയം തൊഴിലായി സ്വീകരിക്കുന്നതിനെ സിതാറ സ്വാഗതംചെയ്യുന്നുണ്ട്. പക്ഷേ നടികൾ ധനാർജ്ജനത്തിൽമാത്രം ശ്രദ്ധിക്കാതെ കലാപോഷണത്തിനുകൂടി ഉത്സാഹിക്കണമെന്ന് സിതാറ ഉപദേശിക്കുന്നു.



ചലച്ചിത്രനിരൂപണം

കാർപാപ്പി

"വിദ്യാസാഗർ" "ബാബ്ല" തുടങ്ങി ഉന്നത ചലച്ചിത്രങ്ങൾ നിർമ്മിച്ചിട്ടുള്ള എം. പി. പ്രൊഡക്ഷൻസിന്റെ അമൂല്യമായ ഒരു സംഭാവനയാണ് കാർപാപ്പി എന്ന ബംഗാളിചലച്ചിത്രം. തെളിഞ്ഞിരിക്കുന്നതും നടുക്കുന്നതുമായ ചില ജീവിതരഹസ്യങ്ങളെ ഈ ചിത്രത്തിൽ വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. ഗ്രാമ്യരോഗങ്ങൾക്കു നിമിത്തം വർഷംതോറും ആയിരക്കണക്കിനു ജനങ്ങൾ അകാലമരണത്തിനു ഇടയാകാറുണ്ട്. ഈ രോഗം പിടിപെട്ടുന്ന പുരുഷന്മാരും സ്ത്രീ

(ശേഷം 33-ാംപേജിൽ)

മുഖചിത്രം

ശ്രീ.

ശുചീന്ദ്രം ക്ഷേത്രത്തിലെ

ഒരു ഭാഗം

മലയാളരാജ്യം

മലയാളരാജ്യം

ആഴ്ചപതിപ്പ്

പുസ്തകം ൨൩ | കൊല്ലം ക്രമവ്യ മിഥുനം ൨൨ ൦൦൯ തിങ്കളാഴ്ച | ലക്കം ൨

ഗ്രന്ഥശാലകളുടെ ആവശ്യകത

★

— വടക്കുംകൂർ രാജരാജവർമ്മരാജാ —

ഒരു ദേശത്തിന്റെ അഭിവൃദ്ധിക്ക് അത്യാവശ്യങ്ങളായ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ ഗ്രന്ഥശാലകൾക്കും മുഖ്യതയുണ്ട്. ഇതരങ്ങളായ സ്ഥാപനങ്ങളും എന്തൊക്കെ ഉണ്ടായിരുന്നാലും അഭിവൃദ്ധിയെ പ്രാപിച്ചിരുന്നാലും, അവയെല്ലാംകൊണ്ടും ഒരുനാടിന് ഗ്രന്ഥശാലയുടെ അഭാവംകൊണ്ടുണ്ടാകുന്ന ന്യൂനതയെ പരിഹരിക്കുന്നതിന് സമർത്ഥമായ സംഭാവനയാകുന്നതല്ല. വായനശാലയില്ലാത്ത പ്രദേശം ശ്മശാനതുല്യമെന്നോ, നിർജ്ജീവമെന്നോ അന്ധകാരമയമെന്നോ അഭിപ്രായപ്പെടണം. അവിടം അജ്ഞതയ്ക്ക് അപ്രവേശ്യമാകുന്നു. ഒരു ദേശത്തു അധിവസിക്കുന്ന ജനങ്ങളുടെ ആത്മീയവും, ലൌകികവും ആയ അഭിവൃദ്ധിക്ക മൂലമാണ് ഗ്രന്ഥശാലകൾ. അവയില്ലെങ്കിൽ മനുഷ്യസമുദായത്തിന്റെ പുരോഗതി പൂർവ്വാധികം മന്ദമാകും. അതു നിത്യാന്ധകാരത്തിൽ അകപ്പെട്ടു് അധഃപതിക്കും. അതുകൊണ്ടും പ്രധാനവും അവശ്യവും സർവ്വസമ്മതവുമായിരിക്കുന്നതുകൊണ്ടാണ് ഒരു ദേശത്തിന്റെ ഉദ്ഗതിക്കു് ആവശ്യകങ്ങളായ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ അവ മുഖ്യങ്ങളെന്നു പറഞ്ഞതു്.

അറിവുള്ളവനായും അതു ഉണ്ടായിവരുവാൻ ആഗ്രഹിക്കുന്നവനായും ഗ്രന്ഥപാരായണത്തിൽ അഭിരുചിയുണ്ടാകുന്നു. ഗ്രന്ഥം വായിക്കാതെ ജീവിതം നയിക്കുന്ന കാര്യം അവനെ തീരെ സംബന്ധിക്കുകയില്ല. അപ്രകാരം കഴിച്ചുകൂട്ടുന്നവരെയും ജീവിതം അവനെ സംബന്ധിച്ചിടത്തോളവും ജീവന്മരണാകുന്നു. അതുപോലും അതു അത്ഭുതാനുമാണ്. അറിവിനു ആശ്രയം—അതായതു് അതിനെ രേഖാരൂപത്തിൽ സമ്പാദിച്ചുവച്ചിരിക്കുന്ന ഭാജനം—ഗ്രന്ഥമാണ്. [illegible]രുടെയും കവികളുടെയും, വിശ്വപ്രസിദ്ധന്മാരുടെയും, ബുദ്ധിമാന്മാരുടെയും, തത്ത്വോപദേശപരങ്ങളും, രസഭാവിയിപ്പുകളും ആയ സൂക്തിരത്നങ്ങളെ സൂക്ഷിച്ചുവച്ചിരിക്കുന്നാണ്ഡാഗാരങ്ങളാണ് ഗ്രന്ഥങ്ങൾ. എത്രയോ സഹസ്രാബ്ദങ്ങൾക്കുമുൻപു ജീവിച്ചിരുന്നവരും ലോകവിശ്രുതന്മാരും ആയ ശ്രീവാല്മീകി, വ്യാസഭഗവാൻ, കാളിദാസൻ, ശങ്കരാചാര്യർ മുതലായ മഹാപുരുഷന്മാരുടെ വിവിധജ്ഞാനസരണികളെ ആത്മീയിച്ചുള്ള ചിന്താംശതികളെ നമിന്നറിയുന്നതു് ഗ്രന്ഥങ്ങൾകൊണ്ടാണ്. അവയില്ലെങ്കിൽ അങ്ങിനെ ചിലർ ജീവിച്ചിരുന്നുവോ എന്നു അറിയുവാൻതന്നെ പ്രയാസം. അഥവാ പഴമക്കാർ പരമ്പരയാ പറഞ്ഞുവരുന്ന ഐതിഹ്യങ്ങളിൽനിന്നു അവരെപ്പറ്റി വല്ലതും അറിയുവാൻ കഴിയുമെന്നു വയ്ക്കുക. എന്നാലും അവരുടെ അഗാധങ്ങളും അതിമനോഹരങ്ങളും ജീവിതമാർഗ്ഗപ്രദീപങ്ങളും ആയ വിചിന്തനങ്ങളെക്കുറിച്ചു ഗ്രന്ഥങ്ങളും ഇല്ലെങ്കിൽ യാതൊരു മഹാന്മാർ ലോകനന്മയ്ക്കുവേണ്ടി ചെയ്തിരിക്കുന്ന ചിന്തകളുടെ ഫലങ്ങളായ അസംഖ്യം ശാസ്ത്രങ്ങളെയും സാഹിത്യത്തെയും രേഖാരൂപത്തിൽ ഉൾക്കൊള്ളുന്നു എന്നതാണ് ഗ്രന്ഥങ്ങളുടെ മാഹാത്മ്യത്തിനു മൂലം ഈ മേന്മ അവയ്ക്കല്ലാതെ വേറെ യൊന്നിനുമില്ല. ഈ തത്ത്വത്തിന്റെ മർമ്മം അറിയുന്നവരാണ് ഭാരതീയർ. അതുകൊണ്ടു അവർ സാക്ഷാൽ സരസ്വതീദേവിയെപ്പോലെ കരുതി ഗ്രന്ഥങ്ങളെ സൂക്ഷിക്കുന്നു. ഇപ്രകാരം മനുഷ്യസമുദായത്തിന്റെ അഭ്യുന്നതിക്ക വിജ്ഞാനം അത്യാവശ്യമെന്നും, അതിനെ രേഖാരൂപമായി സൂക്ഷിക്കുന്നതു ഗ്രന്ഥമെന്നും സിദ്ധമാകുന്നുവെങ്കിൽ, തദ്വിധങ്ങളായ ഗ്രന്ഥങ്ങളും ശേഖരിച്ചു സൂക്ഷിച്ചു് ഉപയോഗിക്കുന്ന ഗ്രന്ഥശാലകളും മഹാത്മ്യമേറിയ സ്ഥാപനങ്ങളെന്നു് നിർവ്വിവാദം തെളിയും. കുട്ടികൾക്കു മാതാപിതാക്കന്മാരെയും തത്തുല്യന്മാരായ രക്ഷാകർത്താക്കന്മാരേയും കൂടാതെ വളർന്നുവരുന്ന കാര്യം തീരെ അസാധ്യമാണെന്നു അനുഭവസിദ്ധമാണല്ലൊ. അതുപോലെ മഹാപുരുഷന്മാരെ — അവരുടെ തത്ത്വപ്രസ്ഥാനങ്ങൾ അടങ്ങിയിരിക്കുന്ന ഗ്രന്ഥങ്ങളെ — കൂടാതെ അവിദ്യന്മാരായ ലൌകികന്മാർക്ക വിജ്ഞാനപോഷണവും സാധിക്കുന്നതല്ല. മഹാപുരുഷന്മാരും അവരുടെ സൂക്തിമാലികളും ഇല്ലെങ്കിൽ ലോകത്തിനു നേരിട്ടുന്ന സ്ഥിതി, സൂര്യചന്ദ്രന്മാർ ഇല്ലാതെയിരുന്നാൽ സംഭവിക്കുന്ന അവസ്ഥയോടു തുല്യമായിരിക്കും.

ഇമേന്ധം തമഃ കൃത്സ്നം
ജായേത ഭുവനത്രയം
യദി ശബ്ദാഹ്വയം ജ്യോതി-
രസംസാരന്ന ദീപ്യതേ.

എന്നു ആചാര്യന്മാർ പറഞ്ഞിരിക്കുന്നതു് പ്രത്യക്ഷരം വാസ്തവമാണ്. ആവിധം മാഹാത്മ്യമേറിയ ശബ്ദജ്യോതിസ്സിന്റെ ആധാരസ്ഥാനമായ ഗ്രന്ഥസമുദായം എന്ന ഒരു സംജ്ഞ വിചാരിച്ചാൽമതി അവയുടെ മാഹാത്മ്യം തെളിയുന്നതിന്. ഏതദ്വിധങ്ങളായ ഗ്രന്ഥങ്ങളെ സഹസ്രാണുകാലത്തിന സമ്പാദിച്ചു സംരക്ഷിച്ചു ഉപയോഗിച്ചുവരുന്ന ഒരു സ്ഥാപനം ഗ്രന്ഥശാല — മറ്റൊല്ലാത്തിനേയുംകാളും വിശിഷ്ടവും പ്രയോജനകരവും എന്നു പറയുന്നതിൽ വാദത്തിന അവകാശമില്ല. ഒരു ഉത്തമമായ ഗ്രന്ഥശാലയുടെ മഹാക്ഷേത്രത്തിന്റെയോ യജ്ഞശാലയുടെയോ തീർത്ഥപ്രദേശത്തിന്റെയോ പരിശുദ്ധിയും മഹത്വവും ഉണ്ടെന്നു സിദ്ധമാണ്. ഗ്രന്ഥസംഗ്രഹത്തിനേണ ജ്ഞാനസമ്പുഷ്ടനായ ഈശ്വരൻ അതിൽ സന്നിഹിതനായ്യുന്നു. അതുകൊണ്ടു ഭാരതം പുണ്യക്ഷേത്രം. പരിശുദ്ധിയെ വിജ്ഞാനവിതരണയജ്ഞം നടക്കുന്നതുകൊണ്ടു് അവിടം യജ്ഞശാല. മനുഷ്യരുടെ മനസ്സിൽ സംഭവിക്കുന്ന ദുഷ്കർമ്മങ്ങളായ പാപങ്ങളെ നശിപ്പിച്ച സദാചാരത്തേയും സുകൃത്തെയും ജനിപ്പിക്കുന്നതുകൊണ്ടു ഗ്രന്ഥശാലകളും ശംഗാദിതീർത്ഥങ്ങൾപോലെ തീർത്ഥങ്ങളാകുന്നു. ഇപ്രകാരം വിചിന്തിച്ചാൽ ഏതു നിലയിലും മഹാത്മ്യമേറിയ ഗ്രന്ഥശാലകൾക്കും വിലയേറിയതും അത്യാവശ്യവുമായ, ഒരു ഭ്രഷ്ടനം ദീപം കൂടുതൽ വേറെയേതാണ ഒരു ദേശത്തിനു വേണ്ടതായിട്ടുള്ളതു്? യാതൊന്നും ഇല്ലെന്നു നിസ്സന്ദേഹം പറയാം. ഇപ്രകാരം വസ്തുതയെ ആസ്പദമാക്കിയാണു ഞാൻ മുൻപു ഒരു ഗ്രന്ഥശാലയില്ലാത്ത ദേശം ശ്മശാനതുല്യമെന്നും നിർജ്ജീവമെന്നും പറഞ്ഞതു്. മനുഷ്യർക്കു യഥാർത്ഥമനുഷ്യരായി ജീവിക്കുന്നതിന വിജ്ഞാനം അത്യാവശ്യമെന്നു സിദ്ധിതി ലോകത്തിൽ നിലനിൽക്കുന്നടത്തോളംകാലം — അതു ഒരുകാലത്തും അനാവശ്യമെന്നു വരുന്നതല്ല — ഗ്രന്ഥശാലകളുടെ ഈ മാഹാത്മ്യം അഭംഗമായി ശോഭിക്കുന്നതായിരിക്കും.

പൂർവ്വകാലത്തു ഭാരതീയർ ഗ്രന്ഥശാലകളുടെ വൈശിഷ്ട്യത്തെക്കുറിച്ചു് വേണ്ടവിധം അറിഞ്ഞിരുന്നതുകൊണ്ടു അവരെപ്പോലെ ഗ്രന്ഥങ്ങളും നിർമ്മിക്കുന്നതിനും, ഗ്രന്ഥപുരകളും സ്ഥാപിക്കുന്നതിനും അവയെ ജീവനേക്കാൾ കൂട്ടുതലായി സ്നേഹിച്ചു സംരക്ഷിക്കുന്നതിനും സശ്രദ്ധം പ്രവർത്തിച്ചിരിക്കുന്ന രാജ്യക്കാർ വേറെയുണ്ടോ എന്നു സംശയമാണ്; സംസ്കൃതഭാഷയിൽ അനർഘങ്ങളും സംഖ്യാതീതങ്ങളുമായ ഗ്രന്ഥരത്നങ്ങൾക്ക് ഒരു മഹാസമുദ്രമാകുന്നു. അതിലെ ഗ്രന്ഥങ്ങളുടെ ശതാംശംപോലും ഇന്നു അറിയപ്പെ

രിക്കുന്നതും പ്രചാരം ലഭിച്ചിരിക്കുന്നതും ആയിട്ടാണ് ഭവിച്ചിട്ടില്ല. ഇന്ത്യയിലെ ഒരേ ദേശഭാഷയ്ക്കും വിശാലമായ ഗ്രന്ഥസമ്പത്തു പഴയകാലത്തു ലഭിച്ചിട്ടുണ്ട്. അതിനു യാതൊരുകൊണ്ടും സംസ്കൃതത്തിന്റെ വലിപ്പമില്ല, എങ്കിലും അതു തങ്ങളുടെ ദേശക്കാർക്ക് അത്യന്തം പ്രയോജനകരവും അമൂല്യവുമെന്നായിരുന്നു. മലയാളം, തമിഴ് മുതലായ ഭാഷകളുടെ സ്ഥിതി ഉദാഹരണത്തിനു സ്മരിക്കാം. പഴയകാലത്തു ഭാരതത്തിൽ മഹാരാജാക്കന്മാർ, രാജാക്കന്മാർ, പട്ടക്കന്മാർ, പണ്ഡിതന്മാർ, കവികൾ എന്നിവരുടെ സ്മരണകളിലും, ക്ഷേത്രങ്ങളിലും, വിദ്യാലയങ്ങളിലും ബൃഹത്സംസ്കൃത ഗ്രന്ഥങ്ങളോടുകൂടിയ വലിയ ഗ്രന്ഥപ്പുരകളും ഉണ്ടായിരുന്നു. സാധാരണജനങ്ങളുടെ ഗൃഹങ്ങളിലും അവർ നിത്യവും പാരായണത്തിനു ഉപയോഗിച്ചുവന്നിരുന്ന ഗ്രന്ഥങ്ങളും സൂക്ഷിക്കുന്നതിനു ഗ്രന്ഥപ്പുരകളും ഉണ്ടായിരിക്കുക പതിവാണ്. അവയുടെ നടത്തിപ്പു ഇന്നത്തെരീതിയിൽ ആയിരുന്നില്ല. എങ്കിലും ജനങ്ങൾക്ക് അവ ഉപയോഗപ്രദങ്ങളായിരുന്നു. വിദേശികളായ പണ്ഡിതന്മാർ മുൻപു ഒരേകാലത്തു ഈ നാട്ടിൽ വരികയും ഗ്രന്ഥപ്പുരകളിൽനിന്നു അനേകം ഗ്രന്ഥങ്ങൾ എടുത്തുകൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്. ഭാരതീയമഹാകവികൾ നിർമ്മിച്ചിരിക്കുന്ന അനേകം സംസ്കൃതകൃതികൾ ഇന്നു ഇന്ത്യയിൽ കിട്ടുവാൻ പ്രയാസം. എന്നാൽ അന്യദേശങ്ങളിൽ അവ കിട്ടുന്നു. പല സംസ്കൃതഗ്രന്ഥങ്ങളും ആദ്യമായി വിദേശപണ്ഡിതന്മാരാണ് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതെന്ന വസ്തുത ഇവിടെ സ്മരിക്കേണ്ടതുകൊണ്ടാണ്. അച്ചടിത്തിൽ കേരളപണ്ഡിതന്മാരുടെ കൃതികളും ഉൾപ്പെടും. ഈ സംഗതി ഭാരതത്തിലെ ഗ്രന്ഥപ്പുരകളുടെ വൈശിഷ്ട്യത്തെ തെളിയിക്കുന്നു.

മലയാളനാട്ടിലും ഗ്രന്ഥപ്പുരകളുടെ സംഖ്യ ചെറിയതായിരുന്നില്ല. ഇവിടേയും രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും, പണ്ഡിതന്മാരുടേയും ഗൃഹങ്ങൾ മഹത്തുകളും അമൂല്യങ്ങളുമായ ഗ്രന്ഥപ്പുരകൾകൊണ്ടു ഭാസുരങ്ങളായിരുന്നു. അവയിൽ പലതും ഇന്നും പഴയ പ്രഭാവത്തിന ഇടിവു തട്ടിക്കൊണ്ടാണെങ്കിലും നിലനില്പുണ്ട്, പലതും അതികുറഞ്ഞും നാമാവശേഷങ്ങളും ആയിട്ടുണ്ട്. വിദേശികൾ ഈ നാട്ടിൽനിന്നും കണക്കില്ലാതെ ഗ്രന്ഥങ്ങൾ വിലയ്ക്കുവാങ്ങിയും അല്ലാതെയും കൊണ്ടുപോയിരിക്കുന്ന അങ്ങിനെ വിലയേറിയ അനേകം ഗ്രന്ഥങ്ങൾ നഷ്ടമായി. മദ്രാസിലെ സർവ്വകലാശാലക്കാർ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കയ്യെഴുത്തു ഗ്രന്ഥങ്ങളുടെ പട്ടികനോക്കിയാൽ അവർ കേരളത്തിൽ ഓരോഗ്രന്ഥത്തിൽനിന്നു എടുത്തിരിക്കുന്ന ഗ്രന്ഥങ്ങളുടെ സംഖ്യ എത്രയോ വലിയതാണെന്നു ഗ്രഹിക്കാം. വെള്ളപ്പൊക്കംകൊണ്ടും അഗ്നിബാധയേറ്റും കീടഭുക്കുകൾകൊണ്ടും ഉടമസ്ഥന്മാരുടെ അശ്രദ്ധകൊണ്ടും വിസ്മരണംകൊണ്ടും നഷ്ടങ്ങളും നഷ്ടപ്രായങ്ങളുമായിരിക്കുന്ന ഗ്രന്ഥങ്ങൾക്കു കണക്കില്ല. ഇത്രയുമൊക്കെ ആയിട്ടും ഇന്നും പല ഗൃഹങ്ങളിലും താളിയോലഗ്രന്ഥങ്ങളും കാണുന്നു എന്ന സംഗതി അത്ഭുതകരമാണ്. രാമായണം ഭാരതം ഭാഗവതം കിളിപ്പാട്ട്, കൃഷ്ണഗാഥ ഭാഗവത ഗീത ദേവീമാഹാത്മ്യം എന്നിവ പതിവായി പാരായണത്തിനുപയോഗിക്കുന്ന ചില ഗ്രന്ഥങ്ങളാണ്. ഈ ഗ്രന്ഥങ്ങളും (സംസ്കൃതത്തിലും ഭാഷയിലും) മിക്കഭവനങ്ങളിലും കാണാം. പൂജവയ്ക്കുന്ന കാലത്തു അതിനുവേണ്ടിയെങ്കിലും ചിലർ ഒന്നോരണ്ടോ ഗ്രന്ഥം സൂക്ഷിക്കുക പതിവാണ്. ഭാരതത്തിലും വിശേഷേണ കേരളത്തിലും ഗ്രന്ഥപ്പുരകൾ അടുത്തകാലംവരെ പരിപൂർണ്ണമായ അഭിവൃദ്ധിയോടുകൂടി സ്ഥിതിചെയ്തിരുന്നു എന്നു ഇതുകൊണ്ടു പ്രതിപാദിച്ചതിൽനിന്നു സ്പഷ്ടമായിരിക്കുമെന്നു വിശ്വസിക്കുന്നു.

അച്ചടിയന്ത്രവും ഇതരപ്രതിഭിവസ്തുക്കളും പുറപ്പെട്ടതു പുസ്തകസമ്പത്തുകളും ഇന്നു പഴയ താളിയോലഗ്രന്ഥങ്ങളുടെയും ഗ്രന്ഥപ്പുരകളുടെയും ആവശ്യം ഇല്ലാതെയാക്കിയിരിക്കുന്നു എന്നും അതുകൊണ്ടു അവയെ ഇനി സംരക്ഷിക്കേണ്ടതില്ലെന്നും തോന്നാം. എന്നാൽ ആ തോന്നൽ ശരിയല്ല. അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പുസ്തകങ്ങളിൽ അബദ്ധങ്ങൾ കാണുക സാധാരണമായിട്ടാണ്. അവനിക്കു ശരിയായപാഠം ഗ്രഹിക്കണമെങ്കിൽ പഴയ താളിയോലഗ്രന്ഥങ്ങളുടെ സാഹചര്യംകൂടാതെ നിവൃത്തിയില്ല. അബദ്ധമായ പാഠം സുബദ്ധമെന്നു സങ്കല്പിച്ചു അർത്ഥം പറയേണ്ടിവരുന്ന പണ്ഡിതന്മാരുടെയും വിശേഷിച്ചു അദ്ധ്യാപകന്മാരുടെയും സ്ഥിതി കഷ്ടതരമാണ്. അവക്കു സന്ദേഹങ്ങൾ നേരിടുമ്പോൾ താളിയോലഗ്രന്ഥങ്ങളെ ശരണംപ്രാപിച്ചാൽ കുറെയൊക്കെ ഫലംകിട്ടും. അതുകൊണ്ടു പുസ്തകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് എന്നു വിചാരിച്ചു താളിയോലഗ്രന്ഥങ്ങളോടു അനാദരം കാണിക്കരുതെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. തുഞ്ചത്താചാര്യൻ കുഞ്ചൻനമ്പിയാർ ഉണ്ണായിവാരിയർ വടക്കൻകോട്ടയം കേരളവർമ്മതമ്പുരാൻ തുടങ്ങിയ മഹാകവികളുടെ കൃതികളും മലയാളികൾ എന്നും പാരായണത്തിന ഉപയോഗിക്കുന്നവയാകുന്നു. എന്നാൽ ഇന്നും അവ പരിശോധിച്ചു ശുദ്ധപാഠത്തോടുകൂടി മുദ്രണം ചെയ്തു പ്രകാശിപ്പിക്കേണ്ടതായ നിലയിൽതന്നെയിരിക്കുന്നു. ഈ സ്ഥിതിയെയും ശോചിക്കുകയാണ്! ഇക്കൂട്ടത്തിൽ കൃഷ്ണഗാഥയുടെനാമം ഉല്ലേഖത്തെഇന്നുള്ള അതു ഞാൻപരിശോധിച്ചു പാഠം ശരിയാക്കി ടിപ്പണിയോടുകൂടി അടിച്ചുവരുന്നതുകൊണ്ടാണ്. അതു തമിഴിക്കാരുടെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. താളിയോലഗ്രന്ഥങ്ങളും ഇല്ലെന്നുവന്നാൽ ഈവക ഗ്രന്ഥങ്ങളും പരിശോധിക്കുന്നതിനും ശരിയായ പാഠം കണ്ടുപിടിക്കുന്നതിനും സാധിക്കയില്ല. അതുകൊണ്ടു അവ ഏതുകാലത്തും ആവശ്യമെന്നു അഭിപ്രായപ്പെടുന്നു. നൂറു പതിപ്പുകൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പുസ്തകത്തിന്റെ ആദർശമായ ഗ്രന്ഥത്തെപ്പോലും നിധിപോലെ വിചാരിച്ചു സൂക്ഷിക്കണം. അബദ്ധങ്ങളും അപൂർണ്ണതാദിപ്രമാദങ്ങളുമുള്ളതിനെക്കൊണ്ടു ഗ്രന്ഥങ്ങളിൽ [illegible] മായി കാണുന്ന ദോഷങ്ങളും താളിയോലഗ്രന്ഥങ്ങളും തുലനംചെയ്താൽ ഈ വസ്തുത ഗ്രഹിക്കാം.

തിരുവിതാംകൂർ സർവ്വകലാശാലക്കു വേണ്ടി പ്രൊഫസർ അച്യുതമേനോനും കിളിപ്പാട്ട് ശ്രീകൃഷ്ണഗാഥയും പാരായണഗ്രന്ഥങ്ങളോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതിനു ശ്രമം തുടങ്ങിയിട്ടു ഏകദേശം അരപ്പന്തിരണ്ടിലധികം കാലമായി എന്നു തോന്നുന്നു. അവരുടെ ശ്രമം ഇനിയും ഫലവത്തു് ആയിട്ടില്ല അതു കഷ്ടംതന്നെ. ഇത്രയൊക്കെ പരിശ്രമിച്ചു പ്രസിദ്ധപ്പെടുത്തുന്ന ഈ ഗ്രന്ഥം സാധാരണ മലയാളികൾക്കു ഉപയോഗകരമായവിധമല്ല പ്രസാധനംചെയ്യുന്നതെന്നു കേൾക്കുന്നു. അതു നേരെങ്കിൽ അതിശോചനീയമെന്നേ പറയുവാനുള്ളൂ. അച്ചടിയും താരതമ്യമായണം. ഭാരതം, ഭാഗവതം, കേരളവർമ്മരാമായണം എന്നിവ മഹാപ്രബന്ധങ്ങളാകയാൽ കഴിയുന്നവേഗം വിശുദ്ധപാഠങ്ങളോടുകൂടി പ്രസിദ്ധപ്പെടുത്തണം. ഇവ മലയാളികൾക്കു എന്നും അത്യാവശ്യങ്ങളായ ഗ്രന്ഥരത്നങ്ങളാണ്. അതുപോലെ കുഞ്ചൻനമ്പ്യാരുടെ കൃതികളെയും പ്രസിദ്ധപ്പെടുത്തുന്നകാര്യത്തിൽ പൂർവ്വാധികം ഉത്സാഹവും ശ്രദ്ധയും ആദരവും തുടരുകയും കാണിക്കണം. അതിനുവേണ്ടതായ എല്ലാശക്തിയും അവർക്കു സ്വാധീനമായിട്ടുണ്ട് അവർ അതിനെ വേണ്ടവിധം ഉപയോഗിച്ചാൽ മതിയാകും.

അടുത്ത അല്പംകാലമായി മലയാളികൾക്കു ഗ്രന്ഥപാരായണത്തിൽ ഉത്സാഹം വർദ്ധിച്ചിട്ടുണ്ടെന്നു വിചാരിക്കണം. അതിന്റെ ഫലമാണ് ഇന്നു ദേശംതോറും സ്ഥാപിതങ്ങളായിക്കാണുന്ന വായനശാലകളും, മിക്കവാറും എല്ലാദേശങ്ങളിലും—വിശേഷിച്ചു പ്രധാനസ്ഥലങ്ങളിൽ—ഇന്നു വായനശാലകളും ഉണ്ടെന്നു പറയുന്നതിലധികം കൊച്ചിയിലും പൊതുജനങ്ങൾ നടത്തുന്നവയായിട്ടു ആയിരത്തിയെത്തോളം ഗ്രന്ഥശാലകൾ ഉണ്ടെന്നു തോന്നുന്നു പള്ളിക്കൂടങ്ങളിലും പണ്ഡിതന്മാർ സ്വന്തം ആവശ്യത്തെ പൂർത്തിച്ചു അവരുടെ ഗൃഹങ്ങളിലും ഉണ്ടാക്കിയിരിക്കുന്ന വായനശാലകളും ഇവയ്ക്കും പുറമെയാണ്. അവയുടെ എണ്ണവും വലിയതാണ്. മഹാക്ഷേത്രങ്ങളോടു അനുബന്ധിച്ചു ദേവസ്വം ഭരണാധികാരികളും നടത്തിവരുന്ന മതഗ്രന്ഥശാലകളെയും പ്രകൃതത്തിൽ ഗണിക്കേണ്ടതുണ്ട്. അവ വളരെ വരുന്നതേയുള്ളൂ. ഈ സംഗതികളെല്ലാം വിചാരിച്ചാൽ ഗ്രന്ഥശാലകളെ സംബന്ധിച്ചിടത്തോളം ഗണനീയമായ ഒരു അഭിവൃദ്ധി നാടിനു അടുത്തകാലത്തു കൈവന്നിട്ടുണ്ടെന്നു വിശ്വസിക്കാം. ഇക്കാര്യത്തിൽ മലയാളികൾക്കു അഭിമാനത്തിനു അവകാശമുണ്ട്. ഈ സന്ദർഭത്തിൽ നാടുതോറും വർദ്ധിക്കുന്ന വായനശാലകളും സ്ഥാപിക്കുന്നതിനും അവയ്ക്കു അഭിവൃദ്ധി വരുത്തുന്നതിനും നിസ്വാർത്ഥവും ത്യാഗപൂർവ്വമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പ്രശസ്തശ്ലോഘിമാനിയായ ശ്രീ: പി. എൻ. പണിക്കരെ ആദരപൂർവ്വം സ്മരിക്കേണ്ടതും അഭിനന്ദിക്കേണ്ടതും ഒരു കൃത്യമാകുന്നു. ശ്രീ. പണിക്കരെ നൂതന ഗ്രന്ഥശാലകളുടെ പിതാവു് എന്നുപറയുന്നതായാൽ തെറ്റുപറയുന്നതല്ല.

എണ്ണംകൊണ്ടു വായനശാലകൾക്കു് വലിയ അഭിവൃദ്ധികണ്ടെങ്കിലും, എന്നാൽ മാത്രം എണ്ണംകൊണ്ടും പ്രയോജനംകൊണ്ടും ശ്രേഷ്ഠമായ സ്ഥിതിയിലേക്കു കൂടിയവ അത്യധികം ഇല്ലെന്നാണ് അനുഭവം. ശ്ലാഘ്യമായ ഗ്രന്ഥസമ്പത്തോടുകൂടിയവയും നല്ലനിലയിൽ ഭംഗിയായി നടക്കുന്നവയും, കുറവാണ്. ശരാശരി നോക്കിനടപ്പുവീതം അതിനു ഉത്തമഗ്രന്ഥശാലകൾ കണ്ടാൽ ഭാഗ്യം. അതാണു യഥാർത്ഥസ്ഥിതി. ഗ്രന്ഥങ്ങളും അംഗങ്ങളും അധികമുണ്ടായിരിക്കുക, വായനക്കാർ സദ്ഗ്രന്ഥങ്ങളും അഭിരുചികാണിക്കുക, ധനസ്ഥിതി നന്നായിരിക്കുക, വായനശാലാമന്ദിരം ശുചിതരവും സൗകര്യവും കൈവരുത്തുക, ഭരണത്തിൽ കൃത്രിമതയില്ലാതെയിരിക്കുക എന്നിവയെല്ലാം ഉത്തമഗ്രന്ഥശാലകളുടെ ലക്ഷണങ്ങളാകുന്നു. ഇവ സമഗ്രമായി ഉടനെ എല്ലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്നവയല്ല. [illegible] മാത്രമേ ലക്ഷണയുക്തമായ ഗ്രന്ഥശാലകൾക്കു വർദ്ധിച്ച പുഷ്ടതയെ പ്രാപിക്കയുള്ളൂ. സഹായധനം വാങ്ങുന്നതിനും സാഹിത്യകാരന്മാരെ സമീപിച്ചു ഗ്രന്ഥങ്ങൾ പാരിതോഷികമായി [illegible] തിനും കൃത്രിമമായി ധനം [illegible] നംചെയ്യുന്നതിനുംവേണ്ടി

നടത്തുന്ന ക്ഷുദ്രങ്ങളായ ഗ്രന്ഥശാലകൾ ഇന്നു ധാരാളം ഉണ്ട്. എണ്ണം വർദ്ധിപ്പിക്കുന്നതിനല്പംതന്നെ അവകൊണ്ടു വേറെ പ്രയോജനം ഇല്ല. അധികാരികളുടെ പരിശോധനയിൽ ഇത്തരം സ്ഥാപനങ്ങൾ നാമാവശേഷങ്ങളായിത്തീരുന്നുണ്ട്. ഈ വിധം സൂക്ഷ്മമായി ചിന്തിച്ചാൽ സമഗ്രസൃഷ്ടിക്കുന്ന ഗ്രന്ഥശാലകൾ ഉണ്ടെന്നു പ്രഥമാവലോകനത്തിൽ തോന്നുന്ന അഭിമാനത്തിനു കുറെയൊക്കെ കനക്കുറവു നേരിട്ടും. എന്നാൽ അതുകൊണ്ടു വിഷാദിക്കുവാനില്ല. എത്രയൊക്കെ ശ്രമിച്ചാലും, കള്ളനാണയങ്ങളുടെ പ്രചാരം നിശ്ശേഷം നിന്നുപോകുന്നതല്ല. നല്ല നാണയങ്ങളുടെ കൂട്ടത്തിൽ അവയും പ്രചരിച്ചുകൊണ്ടിരിക്കും. അതു ലോകസ്വഭാവമാണ്. ക്ഷുദ്രഗ്രന്ഥശാലകളുടെ സ്ഥിതിയിലും ഇതുതന്നെ. കാലാന്തരത്തിൽ അവയുടെ സംഖ്യ കുറഞ്ഞുവരുമെന്നു സമാധാനിക്കാം.

ജനങ്ങളും ഗ്രന്ഥപരായണത്തിൽ അഭിരുചിയുണ്ടാക്കിവളർത്തുക, അവരുടെ സാഹൃദയത്വം സംസ്കൃതി എന്നിവയെ ഉയർത്തുക എന്നിവയാണ് ഗ്രന്ഥശാലകൾകൊണ്ടു ലഭിക്കേണ്ട രണ്ടു മുഖ്യങ്ങളായ പ്രയോജനങ്ങൾ. ഇവയുടെ അഭിവൃദ്ധിയെ ആശ്രയിച്ചാണ് ഗ്രന്ഥശാലകളുടെ വിജയം നിലനിൽക്കുന്നത്. ജനങ്ങളുടെ ഹൃദയമാലിന്യത്തെ നീക്കി അവരെ സംസ്കാര സമ്പന്നന്മാരാക്കുന്നതിന് സത്തമഗ്രന്ഥങ്ങൾക്കുമാത്രമേ സാധിക്കയുള്ളൂ. അതുകൊണ്ട് അത്തരം ഗ്രന്ഥങ്ങൾ വായനശാലകളിൽ ഉണ്ടായിരിക്കണം. ഗ്രന്ഥപരമ്പരകളെ കുറിച്ചുള്ളിടത്തോളം വർജ്ജിക്കുകയും വേണം. ദുർജ്ജനങ്ങളുടേതെന്നപോലെ ദുഷ്ടഗ്രന്ഥങ്ങളുടെയും സംസർഗ്ഗം ആപൽക്കരമാണ്. ഇവ രണ്ടും അപകടബുദ്ധികളും അവിചാരശീലന്മാരുമായ യുവാക്കന്മാരെ നേർവഴിയിൽനിന്നു ഭ്രംശിപ്പിച്ചുകൊണ്ടുപോയി അപകടത്തിൽ ചാടിക്കും. ഈ രണ്ടു് ആപത്തുകളിൽനിന്നു മുക്തിനേടിയാൽ അവിടെ യുവജീവിതം വിജയപ്രദമാകും. സൂക്ഷ്മത്തിൽ ദുഷ്ടന്മാരെക്കാൾ ദുഷ്ടഗ്രന്ഥങ്ങളെ ഭയപ്പെടണം. ചില സംസർഗ്ഗംകൊണ്ടു നേരിട്ടുന്ന കഷ്ടതയ്ക്കു ചിലപ്പോൾ പരിഹാരം ഉണ്ടായേക്കാം എന്നുവരാം. എന്നാൽ കുത്സിതഗ്രന്ഥപരിശീലനംകൊണ്ടുണ്ടാകുന്ന ദുരാചാരത്തുകയ്ക്കു പരിഹാരമുണ്ടാകുന്നവയല്ല. പ്രണയഭോഗലിപ്സാപരവശം നിമിത്തം കുമാരന്മാരായ കഷ്ടതയിൽ അകപ്പെട്ടു് അനേകം യുവാക്കന്മാർ ഇക്കാലത്തു ജീവിതം നശിപ്പിക്കുന്നുണ്ട്. അവരുടെ വർത്തമാനം പ്രതിദിനം പത്രങ്ങൾ നമ്മെ ഗ്രഹിപ്പിച്ചുകൊണ്ടിരിക്കുന്നു. അധികവും ക്ഷുദ്രഗ്രന്ഥങ്ങളാണ് ഈ ദുരവസ്ഥയുണ്ടാക്കുന്നതിനു മൂലകാരണം. അതുകൊണ്ട് യുവാക്കന്മാരുടെ പ്രയോജനത്തിനു് അടിപ്പിക്കാതെ കഴിച്ചുകൂട്ടണം. ശാലകളിൽ അഗ്നിയോടെന്നപോലെ, യുവാക്കന്മാർക്ക് നികൃഷ്ടങ്ങളായ ഗ്രന്ഥങ്ങളോടു സമീപിക്കുന്നതിനു് ഒരു വാസനയും കൗതുകവും വേറെയുണ്ട്. അതു തടയുന്നതിനു ഗ്രന്ഥശാലകളിൽ ക്ഷുദ്രഗ്രന്ഥങ്ങൾക്കു സ്ഥാനം കൊടുക്കാതെയിരിക്കയാണ് പ്രധാനമായി വേണ്ടതു്. ഇക്കാര്യം അതു് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗ്രന്ഥശാലാസംഘങ്ങളുടെ അധികാരികളും പ്രവർത്തകന്മാരും ചിന്തിക്കുമെന്നു വിശ്വസിക്കുന്നു.

മിക്ക ഗ്രന്ഥശാലകളിലും ഇന്നു ത്യാജ്യങ്ങളായ ഗ്രന്ഥങ്ങൾക്കു സ്ഥാനം കൊടുത്തിരിക്കുന്നതു കാരണം. അതു് അജ്ഞതമാണ്. കുഗ്രന്ഥം സദ്ഗ്രന്ഥമാണെന്നു വാശൈഭവം ഉള്ളതുകൊണ്ടാണു് വാദിച്ചു ജയിക്കുന്നതിനെക്കുറിച്ചല്ല എന്നാൽ അതുകൊണ്ടുഫലമില്ല. വിഷം വിഷമല്ല പാലാണെന്നു വാദിച്ചു വിജയം നേടിയതുകൊണ്ടു് എന്തുപ്രയോജനം? അതിനൊ വിഷവീര്യം നശിക്കുന്നതല്ല. അതു ഭക്ഷിക്കുന്നവനെ നശിപ്പിക്കുകതന്നെചെയ്യും. ഇതുതന്നെ നികൃഷ്ടമായ ഗ്രന്ഥത്തിന്റെ സ്ഥിതിയും. വസ്തുസ്വഭാവത്തെ അന്യഥാ കുറിക്കുന്നതിനു് വാശിലാസംകൊണ്ടു കഴിയുന്നതല്ലല്ലോ.

ഒരു ഗ്രന്ഥം ഉത്തമമോ അധമമോ എന്നു അറിയുന്നതെങ്ങിനെ. എന്നു ഇവിടെ ഒരു ചോദ്യമുണ്ടാകാം. അതിനു് സമാധാനമില്ലായ്കയില്ല. സാധാരണമായി സജ്ജനങ്ങൾ, പണ്ഡിതന്മാർ, സഹൃദയന്മാർ, അധ്യാപകന്മാർ എന്നിവരുടെ വാക്കിൽ ഉൾപ്പെട്ടവർ ശ്ലാഘിക്കുന്ന ഗ്രന്ഥങ്ങളെ ഉത്തമങ്ങളായും നിന്ദിക്കുന്നവയെ ദുഷ്ടങ്ങളായും ഗണിക്കണം. അഭിപ്രായത്തിനു ചിലപ്പോൾ അല്പം തെറ്റുപറ്റിയെന്നുവരാം, എന്നാലും പൊതുവെ ഈ അഭിപ്രായമാണ് സ്വീകാര്യം. എല്ലാ ജനസമുദായങ്ങളുടേയും ഇടയിൽ പൂർവ്വപുരുഷന്മാർ അനേകം തലമുറകളായി, പരമേശ്വരങ്ങളായി ഗണിച്ചു് ആരാധിക്കുന്ന ഗ്രന്ഥങ്ങൾ കാണാം. ഭാരതീയരുടെ രാമായണം, ഭാരതം, ഭാഗവതം, ഭർഗ്രന്ഥങ്ങൾ, ധർമ്മശാസ്ത്രങ്ങൾ, കാളിദാസകൃതികൾ മുതലായവ അത്തരം ചില ഗ്രന്ഥങ്ങളാകുന്നു. കൃസ്ത്യാനികളുടെ വേദഗ്രന്ഥങ്ങളെയും ഈ വർഗ്ഗത്തിൽ ഉൾപ്പെടുത്താം. അവയുടേയും തത്തുല്യങ്ങളായ ഇതരഗ്രന്ഥങ്ങളുടെയും മാഹാത്മ്യം സർവ്വസമ്മതമാണ്. അതുകൊണ്ട് അവയേയും, അവയുടെ ആദർശങ്ങൾ കൈക്കൊണ്ടു് ബുദ്ധപ്രസ്ഥാനങ്ങളിൽ നിർമ്മിതങ്ങളായിരിക്കുന്ന ഗ്രന്ഥങ്ങളെയും സദ്വർഗ്ഗത്തിൽ ഉൾപ്പെടുത്തി ഗ്രന്ഥശാലകളിൽ സ്ഥാനംകൊടുക്കണം. മനുഷ്യർക്ക് സംസ്കാരികമായ അഭിവൃദ്ധി ജനിപ്പിക്കുന്നതിനു് ഈവക ഗ്രന്ഥങ്ങൾക്കു് അന്യാദൃശമായ പ്രഭാവം ഉണ്ട്. അവയെ വേണ്ടെന്നുവച്ചു് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നതു് അത്യന്തം ഗ്രന്ഥനാശത്തിനും വിരുദ്ധപ്രയോജനങ്ങളുടെ അഭിവൃദ്ധിക്കും ഇടയാക്കുന്നതാണ്. ഇന്നു ഏതാനുദ്ദേശങ്ങളായ ഗ്രന്ഥശാലകളിൽ ഒരു ചില്ലുഗ്രന്ഥത്തിനോടു് ഗ്രന്ഥശാലാപ്രവർത്തകന്മാർ ആദരം കാണിക്കുന്നില്ല. അതു കഷ്ടമാണ്. സത്തമഗ്രന്ഥവർദ്ധനത്തിനു് അവയ്ക്കു് ഒരല്പം സ്ഥാനത്തിനു് അവകാശമുണ്ട് അതറിഞ്ഞു് അവയെ ബഹുമാനിക്കുകയാണ് കർത്തവ്യം.

ഇന്നത്തെ ഗ്രന്ഥശാലകളിൽ വളരെ കുറവായിരിക്കുന്നതു് ശാസ്ത്രശാഖയിൽ ഉൾപ്പെടുന്ന ഗ്രന്ഥങ്ങളാണ്. ശാസ്ത്രം ആധാരംപോലെയാണ്. അതുകൂടാതെ മനുഷ്യൻ ജീവിക്കുവാനുതകുന്നതല്ല. സംഗീതം അലങ്കാരം പോലെയാകുന്നു. അതില്ലെങ്കിലും കഴിച്ചുകൂട്ടാം. അതുപോലെതന്നെയും ശാസ്ത്രത്തിനുണ്ട്. ശാസ്ത്രങ്ങളും എല്ലാം മനുഷ്യർ ഒരേനിലയിൽ അത്യാവശ്യമാണ്. അവയെ സംബന്ധിച്ചിടത്തോളം ഒന്നു് ആവശ്യം മറ്റതു് അനാവശ്യം എന്നു പറയാവുന്നതല്ല. ശാസ്ത്രം കണ്ണാകുന്നു. അതിനു് പുതിയതും പരിഷ്കരിച്ചതും ലഭിക്കാത്ത ഒരു ഭാഷ, ഭാഷയെന്ന പേരിനുതന്നെ അർഹതയുള്ളതല്ല. അതു നിരുപയോഗവും ബാലിശവും ആകുന്നു. കണ്ണില്ലെന്നുവന്നാൽ അപ്രകാരമിരിക്കുന്ന ഒരു ശരീരം അത്യന്തം ബലിഷ്ഠവും സുഭഗവും ആയിരുന്നാലും നിരുപയോഗവും ശോചനീയവുമായിത്തീരും. ശാസ്ത്രാഭാവത്തിൽ ഈ ദുരവസ്ഥയാണ് ഭാഷയ്ക്കുവന്നുചേരുന്നതു്. ശാസ്ത്രത്തിൽനിന്നു ലഭിക്കുന്ന ജ്ഞാനത്തിന്റെ നിലയെന്തോരോന്നാണു്. സംഗീതത്തിൽനിന്നുകിട്ടുന്നതിന്റെ സ്ഥിതി വേറെയാണു്. ഇവയ്ക്കുതമ്മിൽ ആനയ്ക്കും അടിക്കും എന്നപോലെ വ്യത്യാസമുണ്ട്. ഒരുവൻ ഏതുകലകൊണ്ടു പൊങ്ങുമെന്നുവരുന്നതു് അവൻ ആദ്യമായി അതിനടിസ്ഥാനമായ ശാസ്ത്രങ്ങൾ പഠിക്കണം. എങ്കിൽമാത്രമെ അവന്റെ പരിശ്രമം മുന്നോട്ടുപോയി വിജയംവരിക്കയുള്ളൂ.

ഇന്നു ഭാഷയിൽ കവിതാമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരും അതിനു് ആഗ്രഹിക്കുന്നവരും പലരും ഉണ്ട്, എന്നാൽ വ്യാകരണം കോശം രസം അലങ്കാരം മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രങ്ങൾ അവർക്ക് അപരിചിതങ്ങളാണ്, അവർക്ക് അടുക്കുന്നതിനു് വൈമുഖ്യംകാണുന്നു, അതുകൊണ്ടു് അവരുടെ കൃതികളും വിഫലങ്ങളുമായിത്തീരുന്നു.

വിദ്വൽകവയഃ കവയഃ

കേവലകവയസ്തു കേവലംകപയഃ എന്ന മഹാന്മാർ ഉപദേശിച്ചിരിക്കുന്നതു് അർത്ഥവത്തായ ഒരു തത്വമാണ്. ഇന്നു ഭാഷാകവിതയ്ക്കു് ശാസ്ത്രമാർഗ്ഗത്തിൽനിന്നു കുറേയെറെ ഭ്രംശവും തദനുസരണം ക്ഷയവും നേരിട്ടിരിക്കുന്നു. ശാസ്ത്രത്തെ ഉദ്ധരിച്ചു രക്ഷിക്കുന്നതുകൊണ്ടുമാത്രമേ അതിനു ഈ ദുഃസ്ഥിതിയിൽനിന്നു രക്ഷകിട്ടുകയുള്ളൂ. ഗ്രന്ഥശാലാപ്രവർത്തകന്മാർ ഈ വസ്തുതയെ ഗ്രഹിച്ചു ശാസ്ത്രശാഖകളിലെ ഗ്രന്ഥങ്ങളോടു പൂർവ്വാധികം ആദരംകാണിക്കേണ്ടതാകുന്നു.

ഗ്രന്ഥശാലകളിൽ വാങ്ങേണ്ട പുസ്തകങ്ങളെക്കുറിച്ചു ഗ്രന്ഥശാലാസംഘങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന പട്ടിക സ്ഥാലനീയമായിരുന്നു. പ്രാചീനങ്ങളായ അനേകം ഗ്രന്ഥരത്നങ്ങളെയും, വിശേഷിച്ചു ദ്രാവിഡങ്ങളായ ശാസ്ത്രങ്ങളെ ഉൾപ്പെടുത്തിയിട്ടില്ലെന്നു — അഥവാ ഉൾപ്പെടുത്തിയതു മതിയാകില്ലെന്നു — അതിനു രണ്ടു സ്ഥലത്തു പറയാം. ഇവ സാരമുള്ളവയല്ല. എന്നാൽ പട്ടികയുടെ അടുത്തതിപ്പിൽ പരിഹരിക്കപ്പെടാവുന്നതാണ്. സംഘങ്ങൾ ഇനി പട്ടികയുണ്ടാക്കുമ്പോൾ ഭാഷയിൽ ഗ്രന്ഥരിഷയം—വിശേഷിച്ചു പൂർവ്വഗ്രന്ഥങ്ങൾ—അധികം ലഭിച്ചിരുന്ന പണ്ഡിതന്മാരുമായി ആലോചിക്കുന്നതു ഉപകാരമായിരിക്കും. ഇ ഗ്രന്ഥശാലകൾക്കു അത്യന്തം ഉപയുക്തവും ആദരണീയവുമാണ് ഈ പട്ടിക. അതിലെ ഗ്രന്ഥങ്ങൾ വരുത്തുന്ന കാര്യത്തിൽ ഗ്രന്ഥശാലാപ്രവർത്തകന്മാർക്കു ശങ്കിക്കേണ്ടതായിട്ടൊന്നുമില്ല. ഗ്രന്ഥശാലകൾക്കു ധനസഹായം കൊടുക്കുമ്പോൾ അവയിലെ ഗ്രന്ഥങ്ങളുടെ സ്ഥിതിയെക്കുറിച്ചു് അധികാരികൾ ശ്രദ്ധാപൂർവ്വം പരിശോധിക്കേണ്ടതാകുന്നു.

പല ഗ്രന്ഥമന്ദിരങ്ങളിലും അപ്രയോജനഗ്രന്ഥങ്ങൾ വരുത്തി സൂക്ഷിക്കുന്നതു കാണാം. കാലസ്ഥിതിക്കു അതു വേണ്ടതെന്നു സമ്മതിക്കാം എന്നാൽ സംസ്കൃതഭാഷാഗ്രന്ഥങ്ങളെ വർജ്ജിച്ചിരിക്കുന്നതു ക്ഷന്തവ്യമായ അപരാധമല്ല. അവയെയും ഫോഷിതം വരുത്തണം. ഭാഷാഗ്രന്ഥങ്ങളോടുകൂടി അനേകം സംസ്കൃതഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവ അത്യന്തം ശിഷ്ടങ്ങളെന്നു സർവ്വസമ്മതങ്ങളാണ്. അവയെ വരുത്തുന്നകാര്യത്തിൽ ഗ്രന്ഥശാലാപ്രവർത്തകന്മാർ എന്തു ആക്ഷേപമാണു പറയുവാനുള്ളതു്? അവയെ കിട്ടുന്നിടത്തോളം തിർച്ചയായും വരുത്തണം. സംസ്കൃതപരിചയം കാംക്ഷിക്കുന്ന മലയാളികൾക്കു ബുദ്ധ്യുപയോഗപ്രദങ്ങളും ആയ അവയെല്ലാം അവയെ സ്വീകരിക്കുന്നതിനു ഗ്രന്ഥശാലാപ്രവർത്തകന്മാർ സന്നദ്ധരാകണം.

ഇംഗ്ലീഷിലും സംസ്കൃതത്തിലും ഉയർന്നതരം ജ്ഞാനം നേടിയിരിക്കുന്നവർ അധികാരപദം ഇന്നായുള്ളഭാഷയെപ്പറ്റി തദ്ഗ്രന്ഥപരിശോധനയ്ക്കും വേണ്ടവിധം ആദരാഭിവ

സാഹിത്യത്തിലെ നിരൂപണപ്രസ്ഥാനം



"നിരൂപകൻ ഒരു മനശ്ശാസ്ത്രജ്ഞനും തത്വജ്ഞാനിയും ശരീരശാസ്ത്രജ്ഞനും രാഷ്ട്രതന്ത്രജ്ഞനും മാത്രമായിരുന്നാൽ പോരാ, ദേശീയസാഹിത്യത്തിലും വിശ്വസാഹിത്യത്തിലും പ്രാചീനസാഹിത്യങ്ങളിലും സർവ്വവിജ്ഞാനമേഖലകളിലും ജ്ഞാനസമ്പന്നനാകണം. സർവ്വോപരി ഒരു നല്ലനിരൂപകൻ മനുഷ്യനായ ഒരു മനുഷ്യൻക്രടിയാകണം" — മോം.

— സി. പി. ശ്രീധരൻ —

മനുഷ്യന്റെ ജീവിതവ്യാപാരങ്ങളാരംഭിച്ചതുമുതൽ നിരൂപണമനോഭാവവുമാവിർഭവിച്ചിരിക്കണമെന്നും പ്രപഞ്ചവസ്തുക്കളോടെപ്പോലെതന്നെ കലാനിരൂപണങ്ങളും പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നും നിസ്സംശയം സമ്മതിക്കാമെങ്കിൽ ഏറ്റവും പ്രാചീനമായ കലാനിരൂപങ്ങളിലൊന്നാണ് നിരൂപകനെന്നുപറയാം. ശാസ്ത്രീയവും സാങ്കേതികവുമായ ഒരു പ്രസ്ഥാനമെന്നായി നിരൂപണങ്ങളും രൂപാന്തരപ്പെട്ടതു് ഇക്കാലത്തെ ശില്പങ്ങളുടെയും സാഹിത്യകൃതികളുടെയും നിർമ്മിതിക്കുശേഷമാണെങ്കിലും, അതിനുമെത്രയോമുമ്പുതന്നെ തത്വജ്ഞാനികളും ദർശനികന്മാരായ ഋഷിപുംഗവന്മാരും ജീവിതനിരൂപണപരമായി ധാരാളം പ്രവർത്തിച്ചിട്ടുണ്ടായിരുന്നു. നിരൂപണസാഹിത്യമെന്ന നാമനിർദ്ദേശംകൊണ്ടു സാഹിത്യനിരൂപണങ്ങളെമാത്രമല്ല, കലാസുഭഗങ്ങളായ എല്ലാ നിരൂപണങ്ങളെയും ഉദ്ദേശമാക്കുന്നുണ്ട്. പക്ഷെ നിരൂപണത്തെ പരശ്രയരഹിതമായി ഒരു സ്വതന്ത്രപ്രസ്ഥാനമായോ, ഒരു കലാവിഭാഗമായോ കണക്കാക്കാൻ കൂട്ടാക്കാത്തവരും ഇല്ലാതില്ല. സാഹിത്യവും കലകളുമെല്ലാം ആദ്യന്തം ഒരു സൃഷ്ടിയാണ്; നിരൂപണം സൃഷ്ടിപരമായ ഒരു വ്യാപാരമല്ലെന്നും, അതിനാൽ സർഗ്ഗാത്മകങ്ങളായ സാഹിത്യകലാദികളെപ്പോലെ വിലമതിക്കാവുന്നതല്ലെന്നുമത്രെ മറുപക്ഷത്തിലുടെപക്ഷം.

നിരൂപണവിഷയകമായി നിഷ്പന്നമായ നിഷ്കർഷങ്ങളും നിരവധിയുണ്ടെങ്കിലും വൈവിധ്യവും വൈരുദ്ധ്യവും മുഴച്ചുനില്ക്കുന്നവയാണു മുഴുവനും. ജീവിതവുമായി നേരിട്ടിടപെടാതെ, പുസ്തകങ്ങളെ ആശ്രയിക്കേണ്ടിവരുന്നതുകൊണ്ടു് അപരാപന്നർക്കാണ് നിരൂപണമെന്നുമുദ്ഘോഷിക്കപ്പെട്ടിട്ടുണ്ട്. സൂക്ഷ്മനിരീക്ഷകന്മാർക്കുപോലും അനുവദനീയമല്ല. സർവ്വസൌന്ദര്യപ്രകാശനങ്ങളെയും കലാനിർമ്മാണകോടിയിൽ പെടുത്താമെങ്കിൽ മഹാബുദ്ധികളുടെ മഹിതസ്മരണങ്ങളായ ഗ്രന്ഥങ്ങളെ പുരസ്കരിക്കുന്ന നിരൂപണങ്ങളും സ്വതന്ത്രമായ ഒരു കലാരൂപമാണെന്നു സമ്മതിക്കാതെ തരമില്ല. അനറോൾഫ്രാൻസുപറയുകയാണ്: "സാഹിത്യനിരൂപണം ലോകോത്തമങ്ങളായ മാസ്റ്റർപീസുകളിലേക്കുള്ള മൻഷ്യരുടെ മുന്നേറ്റമാണ്" * എന്നു്. വാസ്തവത്തിൽ നഗ്നദൃഷ്ടിക്കുഗോചരമായ ഈ പുസൌന്ദര്യസവിശേഷതകളെ പരതിപ്പിടിച്ചു രൂപപ്പെടുത്തുകയാണല്ലോ നിരൂപകന്മാർ ചെയ്യുന്നതു്. കലാതത്വവേദിയായ വാൾട്ടർ പേറർ കലാനിരൂപണം ഒരു ത്രിമുഖപ്രയാണമാണെന്ന പ്രഖ്യാപിച്ചിട്ടുണ്ട്. പരമമായ സൌന്ദര്യത്തെ ദർശിക്കാനും, ഉണർത്തുവാനും, പ്രകാശിപ്പിക്കാനുമുള്ള പ്രയത്നം. കലാസൃഷ്ടിയെന്നതു സൌന്ദര്യദർശനവും സൌന്ദര്യസമുന്മീലനവും സൌന്ദര്യപ്രകാശനവുമാണ്. സാധാരണ കലാകാരൻ പ്രപഞ്ചസൌന്ദര്യത്തെ കൈകൊള്ളുകയും ചെയ്യുമ്പോൾ, നിരൂപകൻ കലാശില്പങ്ങളിലെ സൌന്ദര്യത്തെ ദർശിക്കുകയും, സാമാന്യദൃഷ്ടിക്കു കാണാൻകഴിയാത്ത നിഗൂഢസൌന്ദര്യങ്ങളെ സമുന്മീലിതമാക്കുകയും, സ്വതസ്സിലായ സൌന്ദര്യബോധത്തെ പ്രകാശിപ്പിക്കുകയുമാണ ചെയ്യുന്നതു്. അതിനാൽ നിരൂപകൻ ഒന്നാംതരം കലാകാരനത്രെ. മാത്യു ആർനോൾഡ് നിരൂപകധർമ്മവും സൃഷ്ടികർമ്മമാണെന്ന പറയുകയുണ്ടായി. "സാഹിത്യനിരൂപണം സൃഷ്ടിയല്ലെങ്കിൽ സൃഷ്ടിക്കു വഴിതുറന്നുകൊടുക്കുകയെങ്കിലും ചെയ്യുന്നു. മാതൃതരത്തിലുള്ള സാധ്യമായ ഉൽക്കൃഷ്ടശില്പവേലയുടെ സാധ്യതയുണ്ടാക്കുകയും പശ്ചാത്തലമൊരുക്കുകയും ചെയ്യുന്നു. തങ്ങളുടെ തൊഴുകൂറുകളുടെനേരെ ആസ്വാദകരുകയും, പ്രലോഭനങ്ങളും പ്രശംസകളുംകൊണ്ടു വഴിപിഴയ്ക്കപ്പെടുകയും, കൃത്രിമങ്ങളും സങ്കുചിതങ്ങളുമായ ആശയാദർശമനോഭാവങ്ങളെ വളർത്താനുദ്ദേശിക്കയും ചെയ്യാൽ ഉത്തമകലാശില്പങ്ങളുണ്ടാവുകയില്ല. ആ വസ്തു നിരൂപകസഹായമാവശ്യമാകയാൽ സൃഷ്ടികർത്തിലുപരിയാണു് നിരൂപകന്റെ സ്ഥാനം" ആർനോൾഡിന്റെ പ്രസ്താവത്തെ നിഷേധിക്കാനുള്ള യുക്തിബോധം വിമർശകവിരോധികൾക്കുപോലുമുണ്ടായിരുന്നിട്ടില്ല.

നിരൂപണത്തിന്റെ സ്വഭാവം

നിത്യജീവിതത്തിലെ വിഷമാവസ്ഥകളിൽ കൃത്യകൃത്യബോധമുണ്ടാക്കുന്ന മാനസികവ്യാപാരം സാഹിത്യകലകളിൽ ഗുണദോഷവിവേചനമായി രൂപഭേദപ്പെട്ടതു്. ആ വിവേചനങ്ങളുടെ യുക്ത്യനുസൃതമായ വിശദീകരണമാണ് നിരൂപണം. മനശ്ശാസ്ത്രീയമായി പരീക്ഷിച്ചാൽ ഒരു ചിന്തകൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ നിരൂപണത്തിൽ മൂന്നവിധം മനോവ്യാപാരം നടക്കുന്നുണ്ട്. നിർവികൽപജ്ഞാനം, പരാമർശം, നിഗമനം. ഒരു വ്യക്തനുഭൂതിയെക്കുറിക്കുന്ന അപരിച്ഛിന്നബോധത്തെ നിർവികല്പജ്ഞാനമെന്നും, അതിനെക്കുറിച്ചുള്ള നിഷ്കൃഷ്ടമായ പരിശോധനയെ പരാമർശമെന്നും, പരാമർശത്തിന്റെ പരിണതഫലമായെത്തിച്ചേരുന്ന തീരുമാനത്തെ നിഗമനമെന്നും പറയുന്നു. നിർവികൽപജ്ഞാനം പരാമർശത്തിനും, പരാമർശം നിഗമനത്തിനും നിദാനമായിഭവിക്കുന്നു.

"ചയസ്സ്ഥിതം മിത്ര്യുദ്ധരിതംപുരാ-
തത്സ്ഥിതീതി വിഭാവിതാകൃതീഃ
വിഭാവിതൈകാവയവം പുമാനിതി
ക്രമാദമും നാരദ ഇത്യബോധിസഃ"

വായുമണ്ഡലത്തിൽക്കൂടിവരുന്ന അവ്യക്തമായ പ്രകാശപൂരത്തെക്കുറിച്ചുള്ള നിർവികല്പജ്ഞാനം പരാമർശനടത്തിയതിന്റെ ഫലമായി വിഭാവിതാകൃതിതത്വവും വിഭക്താവയവതത്വവും കണ്ടു ശരീരിയും പുമാനുമാണെന്ന നിഗമനത്തിലെത്തി. നാരദനാണെന്ന നിഗമനത്തിലെത്തി. നാരദദോഷവിവേചനവും വിധിനിഷ്കൃഷ്ടയുമാണ നിരൂപണത്തിന്റെ സ്വഭാവം. പ്രസ്തുത സ്വഭാവപൂർത്തിക്കു മാനസികമായ ആ മൂന്നംഘടനകളും കൂടിച്ചേർന്നേ കഴിയൂ. മനുഷ്യസഹജമായ ജിജ്ഞാസയാണ് മാനസികവൃത്തികളുടെയെല്ലാം പ്രേരണാശക്തി. പ്രത്യേകിച്ചും നിരൂപണവൃത്തിക്കടിസ്ഥാനം ജിജ്ഞാസയാണ്. പരമസത്യത്തെ സാക്ഷാൽക്കരിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുകയെന്ന അനന്തമീലകത്തിലേയ്ക്കു് സദാ സഞ്ചരിക്കുകയും പലപല വിജ്ഞാനസങ്കേതത്തെയും കണ്ടുമുട്ടുകയും ചെയ്യുന്നു. ജിജ്ഞാസാപ്രേരിതമായ ആ മാനസികയാത്രയിൽ പ്രാപിക്കപ്പെടുന്ന ജ്ഞാനംതന്നെയാണ് പരമസത്യമെന്ന വ്യവഹരിക്കപ്പെടുന്നതു്. ഒരു പ്രസിദ്ധനിരൂപകൻ പ്രസ്താവിച്ചതുപോലെ, സത്യമിതുകളെ (ഗുണദോഷങ്ങളെ) വകതിരിച്ചു കാണിക്കുന്ന ചിന്തയാകുന്നു നിരൂപണം. "മിത്ര്യയുടെ മിത്ര്യുത്വവും സത്യത്തിന്റെ സത്യത്വവും അഥവാ ഗുണാഗുണങ്ങളുടെ ന്യായന്യായതകളും യുക്തിപൂർവം സമർത്ഥിക്കുകയാണതു്." അപ്പോൾ ഗുണദോഷനിരൂപണംചെയ്തു കലാമൂല്യം നിശ്ചയിക്കാനുള്ള നിയതമായ മാനദണ്ഡോപാധികളെന്താണ്. പൊതുവെ സ്ഥിരസ്വഭാവമായ മാനദണ്ഡങ്ങളില്ലെന്നു വാദിക്കുന്നവരും വളരെയുണ്ട്. ഒരു പ്രത്യേകവ്യക്തിക്കും കാലത്തിനും പരിസരത്തിനുമനുസരിച്ചു ഗുണമായിത്തോന്നാവുന്നവ എവിടെയും എപ്പോഴും ഏവർക്കും ഗുണമായിത്തന്നെ വരണമെന്നില്ല. പരാമർശവിലപ്പെട്ട പുസ്തകം മറ്റൊരാൾക്ക് വിലകെട്ടതായും, ഒരുകാലത്തു പ്രചുരപ്രചാരമുണ്ടായിരുന്ന കലാകാരൻ മറ്റൊരു കാലത്തു നിന്ദിതനായും കാണപ്പെടുന്നു. അവർ അവരുടെ മനഃസ്ഥിതിക്കു മാറ്റം വരുന്നതനുസരിച്ചു മാറുന്നതാണ്. അനുഭവം എത്രയൊക്കെ ഏകകേന്ദ്രമായാലും മനുഷ്യരുടെ മേൽ അതിനു ലഭിക്കുവാനുള്ളതല്ല. "മാനുഷരേവോഭവ" എന്നതു സ്തുതിവാക്യമാണ്. അതിനെ അടിസ്ഥാനമാക്കി "മനുഷ്യരേവോഭവ" എന്നതു ഒരു മലയാളിയുടെ പ്രമാണമായിരിക്കണം. അത്രയ്ക്കു ആദരണീയത മനുഷ്യനുണ്ട്: അതിനെ തടസ്സപ്പെടുത്താനും നാം മാനിക്കുവാൻ തയ്യാറാകണം.

ഗ്രന്ഥശാലകളുടെ അഭിവൃദ്ധി സംഘടനയും ഗ്രന്ഥികരവും ആകുമ്പോൾ നമ്മുടെ സ്തനതകൾക്കൊക്കെ ശരിയായ പരിഹാരം ഉണ്ടാകും. ഒരു രാജ്യത്തിന്റെ സർവ്വവിധമായ അഭിവൃദ്ധിയുടെയുംകന്ദമാണ് ഗ്രന്ഥമന്ദിരങ്ങളുടെ അടിത്തറകളിൽനിന്നാണ് മുച്ചൂടുപറിഞ്ഞുവളരേണ്ടതു്. എങ്കിൽമാത്രമേ അതു ഫലപ്രദമാകുകയുള്ളൂ. വായനശാലകളുടെ ഉന്നതിക്കുവേണ്ടി ഭരണാധികാരികളും ലോകഭോഗസ്ഥർക്കുതന്നെ ധനം ചിലവിടണം. ആ ചിലവു് സൂക്ഷ്മത്തിൽ ഒരു ചിലവല്ല; പരമമായ ആടായമാകുന്നു. രാഷ്ട്രനേതാക്കന്മാരും പൊതുജനങ്ങളും ഗ്രന്ഥശാലാപ്രവർത്തകന്മാരും ഈ തത്വം വേണ്ടവിധം ഗ്രഹിക്കുമെന്നും അചിരേണ ഗ്രന്ഥമന്ദിരങ്ങൾക്ക് അഭിലഷണീയമായ പരമാഭിവൃദ്ധിലഭിക്കുമെന്നും വിശ്വസിക്കുന്നു. അതിനു കരുണാനിധിയായ ഈശ്വരൻ അനുഗ്രഹിക്കട്ടെ.



* Life and Letters — By Anatole France.

മന്നവ മറ്റുചിലപ്പോൾ ലുബ്ധപ്രകൃതരമായുന്നതും, ഒരിടത്തു് പ്രകീർത്തിക്കപ്പെടുന്നവ മറ്റിടങ്ങളിൽ അപലപിക്കപ്പെടുന്നതും അനുഭവസിദ്ധമാണല്ലോ. ഇങ്ങനെയിരിക്കെ് ചിരന്തനമായിരിയ ഭാവശുദ്ധങ്ങളുണ്ടോ? ഇണമോ നന്മയോ ഇണത്തിനും നന്മയ്ക്കുംവേണ്ടി ഉപയോഗിച്ചുവരുന്ന തിന്മയാകും. ദോഷം അഥവാ തിന്മ, ഇണനന്മകളുടെ തെറ്റായുപയോഗിക്കുമ്പോളുണ്ടാകുന്നതാണെ്. അതിനാൽ ദോഷത്തിനു് ആപേക്ഷികമായ നിലനിൽപ്പുമാത്രമേയുള്ളൂ"വെന്നു മഹാത്മാഗാന്ധി പറയുകയുണ്ടായി. അതായതു് ലോകത്തിൽ ഇണമേ, സത്യമേയുള്ളുവെന്നും അതിന്റെ ഉപയോഗക്രമത്തിലുള്ള ഔചിത്യാനൗചിത്യങ്ങളിലാണു് ഇണദോഷങ്ങളുള്ളതെന്നുമാണു് അതിന്റെ പൊരുൾ. അതിനാൽ ദോഷദർശനമുണ്ടായാൽ ദോഷപരിഹാരം സാധിക്കാമെന്നും അതിനെത്തന്നെ ഔചിത്യപൂർവ്വം പ്രയോഗിച്ചു ഇണമാക്കിത്തീർക്കാമെന്നുമാണു് നിരൂപണങ്ങളും. ഇണദോഷങ്ങൾക്കു് ഔചിത്യാനൗചിത്യം കല്പിക്കുവാനുള്ള വഴിയും പ്രതിജ്ഞാഭിന്നമാകുന്ന ഒരുദാഹരണംകൊണ്ടിതു വ്യക്തമാക്കാം, "ഹിമവാന്റെ പുത്രി"യെന്നൊരു കാവ്യസമാഹാരത്തിനു് ഇതെഴുതുന്ന ആളും ഒരഭിപ്രായമെഴുതുകയുണ്ടായി. ഒരുത്തമനിരൂപകനായ ശ്രീവിദ്വാൻ കേട്ടിനായർ അതുഗ്രന്ഥത്തെക്കുറിച്ചു് സ്തുതിച്ചകയാറാതെയും ഇടിച്ചുതാഴ്ത്താതെയും സമചിത്തമായൊരു വിമർശനമെഴുതി. മറ്റൊരു നിരൂപകനായ എൻ. വി. കൃഷ്ണവാരിയർ അധികമൊന്നും അഭിനന്ദിക്കാതെ മറ്റൊരു നിരൂപണമെഴുതി. എഴുത്തച്ഛനാകട്ടെ നിശിതമായ രക്ഷാക്ഷേപമായാണു ചെയ്തതു്. നാലുപേരുടേയും സൌന്ദര്യബോധത്തെ സ്പർശിച്ച ആ കൃതി നാലുതരം അഭിപ്രായങ്ങളുണ്ടാക്കുന്നതു അതിന്റെ ശ്രുതഭദ്രതകൊണ്ടും, ജീവിതസംസ്പർശക്ഷമമായിരിക്കുന്നതു സഹൃദയവിശേഷതകൊണ്ടുമാണു്. കല കാലദേശപരിമിതികളിൽനിന്നതീതമായി നിലനിൽക്കുന്നതു അതിന്റെ ആനന്ദപ്രദായകത്വം കൊണ്ടും ആസ്വാദസാരൂപ്യംകൊണ്ടുമാണു്. അപ്പോൾ മനുഷ്യനിൽ ആനന്ദാന്വേഷണശക്തി അവശേഷിക്കുന്നേടത്തോളം ആനന്ദപ്രധാനമായ കൃതി ആകർഷകമാകാതിരിക്കില്ല. കലയെ സംബന്ധിക്കുന്ന അനശ്വരസത്യം സൌന്ദര്യാത്മകവും ആഹ്ലാദപ്രദായകവും പ്രയോജനപ്രദവുമാണെന്നും അങ്ങനെയാണെങ്കിൽ മാത്രം. കാലദേശാതീതമായ ഇന്നു സനാതനമൂല്യവസ്തു നിയമസംഹിതയേയും പരമമായ സത്യത്തെയും ഒരു കൃതിയെത്രമാത്രം സാക്ഷാൽക്കരിക്കുന്നുണ്ടെന്നു പരിശോധിക്കുകയാണു് നിരൂപകധർമ്മമെന്നു ഒരു പ്രശസ്ത നിരൂപകൻ പ്രസ്താവിച്ചതു ശരിയാണു്. അങ്ങനെയാണെങ്കിൽ ഒരു ഷേക്സ്പിയർക്കു സമാനനായി ക്കാണുന്ന ഗൊസ്മാനോടു യോജിക്കാനേതൊരുത്തനുകഴിയുന്നില്ല. അധമകവികളായ പോപ്പിനും സ്വൈക്കെസനും ആംഗ്ലേയപദ്യസാഹിത്യത്തിൽ മഹനീയസ്ഥാനം ഉണ്ടെന്നും, ഏതു ശകാരങ്ങൾക്കും ഖണ്ഡനങ്ങൾക്കും അസ്ഥാനമില്ലാക്കാൻ സാധ്യമല്ലെന്നും അതിനാൽ നിരൂപണം ശങ്കാരഹിതമായ വ്യാമോഹമാണെന്നും അഭിപ്രായം വാഴിക്കുന്നു.

പരമമായ സത്യപ്രകാശനമാണു് നിരൂപണമെന്നു പറഞ്ഞു. സത്യങ്ങൾ രണ്ടുതരത്തിലാണു് വ്യക്തിനിഷ്ഠവും (subjective) വസ്തുനിഷ്ഠവും (objective) വ്യക്തിനിഷ്ഠമായ സത്യം വ്യക്തികളുടെ മനോഘടനയ്ക്കനുസരിച്ചു പരസ്പരഭിന്നമായിരിക്കുമെങ്കിലും വസ്തുനിഷ്ഠസത്യം പരിണാമരഹിതവുമാണു്. വാങ്മയത്തിൽ സംഭവിക്കുന്നതും പ്രകൃതിദൃശ്യങ്ങൾ പിന്നോക്കമോടുന്നുവെന്ന ചാക്ഷുഷാനുഭവം വ്യക്തികളെ സംബന്ധിക്കുന്ന സത്യമാണെങ്കിലും പ്രകൃതിദൃശ്യങ്ങളെ സംബന്ധിക്കുന്ന വസ്തുസത്യം അവ നിശ്ചലമായി നിലകൊള്ളുന്നുവെന്നതത്രെ. ചെറുശ്ശേരിയും പുനവും ചിലരെ സംബന്ധിച്ചിടത്തോളം സത്യമാണു്. മറ്റു ചിലർക്കു സത്യത്തിന്റെതായ യാതൊരു മൂല്യവുമതിനില്ല. നിരൂപണത്തിന്റെ ലക്ഷ്യം മിഥ്യാകല്പിതമായ വൈയക്തികസത്യമല്ല പരിവർത്തനരഹിതവും ശാശ്വതവുമായ വസ്തുനിഷ്ഠസത്യമാകുന്നു. കലയെസംബന്ധിച്ചും വസ്തുനിഷ്ഠമായ ചില പരമസത്യങ്ങളും ശാശ്വതികമൂല്യങ്ങളുമുണ്ടു്. സാഹിത്യം കാലദേശാവസ്ഥകൾക്കതീതമായിരിക്കണമെന്നും ജീവിതസംസ്പർശനത്തിനു പ്രയോജനപ്പെടണമെന്നുമത്രെയാണു്. കലയ്ക്കു ശാശ്വതികമായ മൂല്യമുണ്ടായിരുന്നതുകൊണ്ടും, ജീവിതസംസ്പർശക്ഷമമായിരിക്കുന്നതു സഹൃദയവിശേഷതകൊണ്ടുമാണു്. കല കാലദേശപരിമിതികളിൽനിന്നതീതമായി നിലനിൽക്കുന്നതു അതിന്റെ ആനന്ദപ്രദായകത്വം കൊണ്ടും ആസ്വാദസാരൂപ്യംകൊണ്ടുമാണു്. അപ്പോൾ മനുഷ്യനിൽ ആനന്ദാന്വേഷണശക്തി അവശേഷിക്കുന്നേടത്തോളം ആനന്ദപ്രധാനമായ കൃതി ആകർഷകമാകാതിരിക്കില്ല. കലയെ സംബന്ധിക്കുന്ന അനശ്വരസത്യം സൌന്ദര്യാത്മകവും ആഹ്ലാദപ്രദായകവും പ്രയോജനപ്രദവുമാണെന്നും അങ്ങനെയാണെങ്കിൽ മാത്രം. കാലദേശാതീതമായ ഇന്നു സനാതനമൂല്യവസ്തു നിയമസംഹിതയേയും പരമമായ സത്യത്തെയും ഒരു കൃതിയെത്രമാത്രം സാക്ഷാൽക്കരിക്കുന്നുണ്ടെന്നു പരിശോധിക്കുകയാണു് നിരൂപകധർമ്മമെന്നു ഒരു പ്രശസ്ത നിരൂപകൻ പ്രസ്താവിച്ചതു ശരിയാണു്. അങ്ങനെയാണെങ്കിൽ അരവിന്ദഘോഷിന്റെ ആവലാതി ഒരു വ്യക്തിയെ ആനന്ദിപ്പിക്കുന്ന കവ്യവും മറ്റൊരു വ്യക്തിയെ ആഹ്ലാദിപ്പിക്കുകയില്ലെന്ന ആക്ഷേപം, അനുസ്യൂതമാണോ? അതെ. ഇന്നിലയിൽ അനുഭവൈകരൂപ്യങ്ങളിൽ പ്രതികരണമുളവാകുന്നില്ലെങ്കിൽ ഏകഹേതുസംസ്കാരപരമായി പലേ പഠനങ്ങളിലുമാണു് ആളുടെ നില്പെന്നതുതന്നെ. ഒന്നുകിൽ ആസ്വാദകഹൃദയം സംസ്കാരികമായി അപൂർണ്ണമായിരിക്കും. അല്ലെങ്കിൽ കലാശില്പത്തിനു പൂർണ്ണതയുണ്ടാകില്ല. കലാസത്യങ്ങളെ സമ്പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന കൃതി പകുതി പ്രാപിച്ച ആസ്വാദകന്റെ ഉലുന്നിലായിരുന്നുകൊണ്ടു ക്ഷിതിയിൽ കിടക്കുന്നതിനേക്കാൾ ഉയരത്തിൽ നിന്നുകൊണ്ടു കാണുന്നതിനെയാണു് ഷേക്സ്പിയറുടെയും കാളിദാസന്റെയും കവിതകൾ ചിരകാലമോ അല്ലെന്നു ഒരിക്കലും ഒരിടത്തും ഒരാളും പറഞ്ഞിട്ടില്ല. സാർവ്വജനീനവും സാർവ്വകാലികവും സാർവ്വദേശീയവുമായിരിക്കുന്നതിനാലാണു് ഇവ പൂർണ്ണകൃതികളെന്നു സാരം. എങ്കിൽ കലാപരമായ ഇണംഇണച്ചായ്കയിൽ സാർവ്വജനീനമായ മാനദണ്ഡങ്ങളുണ്ടെന്നുവരുന്നു. സൌന്ദര്യാത്മകവും ആനന്ദസന്ദായകവും, സോപയോഗശീലമായിരിക്കണമെന്നതത്രെ ആ മാപനോപാധി,

നിരൂപകൻ കലാകാരനെക്കാൾ പ്രധാനി

ഒരു നിരൂപകനെക്കാൾ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം നിരൂപകനുമുണ്ടെന്നു സമ്മതിച്ചുകൊടുത്തതുകൊണ്ടുമാത്രമായില്ല, കവിയെയും കഥാകൃത്തിനെയുംകാൾ ആദരാർഹമായ പദവിയാണു് നിരൂപകനുള്ളതു്. സംസ്കാരികരംഗത്തിലെ മഹാനായ നായകനാണു് നിരൂപകൻ. കലാപ്രസ്ഥാനങ്ങളുടെ മുഴുവൻ നേതാവും ജേതാവും ജീവദാതാവുമായതു നിരൂപകനത്രെ. കവികളെയും കലാകാരന്മാരെയും മാർഗ്ഭ്രംശംവരാതെ ഔചാരുചാരുതകളെ ചൂണ്ടിക്കാട്ടി നല്ല കവികളും നല്ല കലാകാരന്മാരുമാക്കിത്തീർക്കുന്നതു നിരൂപകനാണു്. എത്ര മഹാനായ കവിക്കും നിരൂപകന്റെ ഹസ്താവലംബവും വക്കാലത്തുകൂടാതെ ജനസാമാന്യത്തിന്റെ ഹൃദയസാമ്രാജ്യത്തിൽ സുസ്ഥിരമായ സ്ഥാനം ലഭിക്കാൻ പ്രയാസമാണു്. ജനതയ്ക്കു കവിതകളെ മനസ്സിലാക്കുവാനും, കവികൾക്കു ജനതയെ വശീകരിക്കുവാനും നിരൂപകന്റെ മനോധർമ്മമഹാശ്ചര്യത്തെ ആശ്രയിക്കേണ്ടിവരുന്നുവെങ്കിൽ കവിയേയും കലാകാരനെയുംകാൾ പ്രാമാണികൻ നിരൂപകനാകുന്നുവെന്നു വ്യക്തമാണു്. എത്ര മഹത്തായ കലാസൃഷ്ടിയും നിരൂപകസഹായമില്ലെങ്കിൽ അനുവാചകർക്കു പൂട്ടിയ പെട്ടിയായിരിക്കും. കലാരംഗത്തു അഭിഷേകത്തിന്റെ സ്ഥാനമല്ല, വിധികല്പിക്കാനധികാരമുള്ള ജഡ്ജിയുടെ സ്ഥാനമാണു് നിരൂപകനുള്ളതു്. പ്രഖ്യാതനായ ഗോൾസ്വർത്തി പറയുന്നതുപോലെ "നിരൂപകന്റെ ധർമ്മം നയിക്കയും, വിലമതിക്കുകയും, സൃഷ്ടിക്കുള്ള മാർഗ്ഗദർശനം നടത്തുകയുമാണു്". $ അസ്പഷ്ടമായ അർത്ഥങ്ങളെ വ്യാഖ്യാനിക്കുകയും അപൂർണ്ണമായ അഭിപ്രായങ്ങൾക്കു സൂക്ഷ്മമായ ശ്രുതഭദ്രത്വം നൽകുകയും വിമർശകകൃത്യമാകുന്നു. അപരിചിതങ്ങളായ പുതിയ മാർഗ്ഗങ്ങളെ കണ്ടുപിടിക്കുകയും, പരിചിതപന്ഥാക്കളിലെ ഉൾപ്പിരിവുകളെ കണിശതരികയും, അജ്ഞാതരഹസ്യങ്ങളുടെ മറനീക്കി പ്രകാശിപ്പിക്കുകയും ചെയ്യുന്ന നിരൂപകൻ, കലാകാരന്റെ പണിത കലാശില്പത്തിൽ ഒരു പുതിയ ലോകംതന്നെ കാണുകയും കണ്ടിത്തരികയും ചെയ്യുന്നു. അപ്പോൾ നിരൂപകൻ ഒരു സ്രഷ്ടാവാണു്, ജനസമാന്യത്തിന്റെ നായകനാണു് സാഹിത്യകാരന്മാരുടെ ആചാര്യനാണു്. നിരൂപകന്മാരുടെ പ്രധാനമാകട്ടെ ദിനംപ്രതി വളർച്ചയുണ്ടാകുന്നുവരികയാണു്. ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഏറ്റവുംകൂടുതൽ പ്രയത്നിച്ചു ഏറ്റവുമധികം ഫലംനേടുവാനുള്ള മാർഗ്ഗങ്ങളുരുത്തിരിക്കുന്ന ഒരു ശാസ്ത്രവിശേഷമാണിതു്. ഒരു കൃതിയുടെ ഇണദോഷങ്ങളും ഗ്രഹിക്കുന്നതിനും, സാരാംശസന്ദേശങ്ങളും മനസ്സിലാക്കുന്നതിനും ഒരു വലിയ കൃതി വായിക്കുന്നതിനും നിരൂപകനില്ലാതെ നിരൂപകനിലുള്ള യത്തെ ശരണംപ്രാപിക്കുന്ന സഹൃദയം ജനങ്ങളിൽ പ്രത്യക്ഷപ്പെട്ടുകയാണു്. വിജ്ഞാനവിപണിയിലെ കൈകൂലി കൊടുക്കാത്തവരായിത്തീർന്ന വിമർശകന്മാരെ ജനങ്ങൾക്കു ആരാധിക്കാതെയും, സാഹിത്യകാരന്മാർക്കു ശരണമന്ത്രമെരിക്കാൻനിവൃത്തിയില്ല. ശ്രമേയമേയം സെയിന്റ്ബൂവിനേയൊപോലുള്ള മഹാഅത്ഭുതവ്യക്തികളാണു് നിരൂപകന്മാരെങ്കിൽ അവരുടെ അഭിപ്രായങ്ങൾക്കു അഭീഷ്ടാധികമായ നിലയും വിലയുമുണ്ടാകാതിരിക്കയില്ല. നിരൂപകന്റെ സ്ഥാനമേവലിപ്പത്തിനനുസൃതമായ വ്യാപ്തിയും മഹത്വവും കൂടിക്കൂടിവരുന്നതോടെ അവന്റെ ഉത്തരവാദിത്വവും വളർന്നുകൊണ്ടിരിക്കുകയാണു്. കവിയേക്കാളും വലിയ കവിയും, നോവലെഴുത്തുകാരനെക്കാളും വലിയ നോവലെഴുത്തുകാരനും, കഥികനെക്കാളും വലിയ കഥികനും, ചിന്തകനേക്കാൾ വലിയ ചിന്തകനുമായെങ്കിലേ നിരൂപകന്റെ കർത്തവ്യനിർവ്വഹണത്തിൽ കൈമോശം വരാതിരിക്കൂ. കവിതയുടെയും നോവലിന്റെയും കഥയുടേയും സങ്കേതങ്ങളിലും ഭാവശുദ്ധികളിലും സമഗ്രജ്ഞാനമില്ലാതെ വിലനിർണ്ണയിക്കാനാവില്ല. മോം പറയുന്നു. "നിരൂപകൻ ഒരു മനശ്ശാസ്ത്രജ്ഞനും, ചരിത്രകാരനും, തത്ത്വചിന്തകനും, കവിയും, ചിത്രകാരനും, ശില്പിയും, സംഗീതജ്ഞനും, ഗായകനും, നടനും, നടിയും, നർത്തകനും, നർത്തകിയും, ഇന്ദ്രജാലികനും, ഹാസ്യകാരനും, ഗ്രന്ഥകാരനും, പ്രസാധകനും, പുസ്തകവിൽപ്പനക്കാരനും, ഗ്രന്ഥശാലാധ്യക്ഷനും, ഗ്രന്ഥശാലാപാലകനും, ഗ്രന്ഥശാലാവിദ്യാർത്ഥിയും, ഗ്രന്ഥശാലാപുസ്തകവുമാണു്". ഇത്രയും ഗുണങ്ങളുള്ള ഒരു നിരൂപകനെ ലഭിക്കുന്നതു ഭാഗ്യമാണു്. അതുകൊണ്ടു നിരൂപകനെ ലഭിക്കുന്നതിനുള്ള ഭാഗ്യത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

† Coversations of Gandiji— By Chandrashankar Sukla — Page 27

† Among the Great — Page 297-98.

$ The Summing-up — Page 141.

നം, തത്വജ്ഞനിയും, ശരീരശാസ്ത്രജ്ഞനും, രാഷ്ട്രതന്ത്രജ്ഞനുമായാൽമാത്രംപോര, ദേശീയസാഹിത്യത്തിലും പ്രാചീനസാഹിത്യത്തിലുമെന്നുവേണ്ട സർവ്വജ്ഞനേമേഖലകളിലും ജ്ഞാനവാനായിരിക്കണം. സർവോപരി ഒരു വലിയ നിരൂപകൻ മഹാമനസ്കനായിരിക്കണം. + അനേനോക്കിയാൽ സാഹിത്യകാരരിൽ അഗ്രപൂജാർഹനായത് നിരൂപകനാകുന്നു. നിരൂപണസാഹിത്യം പരിപുഷ്ടമല്ലാത്ത ഒരു സാഹിത്യം പൂർണ്ണവളർച്ചപ്രാപിച്ചുവെന്നു പറയുകുടാ. അതുകൊണ്ടാണ് മേൽപ്പറഞ്ഞത്, ഇംഗ്ലീഷുസാഹിത്യത്തിന്റെ ഇന്നത്തെനിലയിലെ ഏറ്റവുംവലിയ ദൗർഭാഗ്യം സെയിന്റ്ബോവിയോമാത്യു ആർനോൾഡിനെയോപോലെ ഒരൊറ്റ നിരൂപകനേയും അവതരിപ്പിച്ചില്ലന്നതത്രെ"യെന്ന്.

നിരൂപണവും നിഷ്പക്ഷതയും

നിഷ്പക്ഷനിരൂപണത്തെ ആക്ഷേപിക്കുകയും, നിരൂപണം പക്ഷപാതപരമായ തീരുമെന്ന ശഠികെയുംചെയ്യുന്ന നിരൂപകന്മാരുടെയിടയിലാണ്. പക്ഷപാതനിരൂപണസിദ്ധാന്തത്തിനു എന്തെല്ലാംയുക്തികളുന്നയിച്ചാലും ബുദ്ധിഭ്രമം വരുത്തിട്ടില്ലാത്ത ആരും സമ്മതിക്കുന്നതാണ് നിരൂപണം നിഷ്പക്ഷമായതിനുമുണ്ട്. അദ്യമേ സൂചിപ്പിച്ചപോലെ, ഒരു കൃതിയെപ്പറ്റി ഞാനും ശ്രീഗോവിന്ദൻകുട്ടിനായരും, കൃഷ്ണവാരിയരും, എഴുത്തച്ഛനും ചതുർവ്വിധനിരൂപണങ്ങളെഴുതിയപ്പോൾ ഇവയെപൂർവ്വം നിരൂപകാഭിപ്രായത്തെ ഉറപ്പാക്കുന്ന ആസ്വാദകന്മാർ ഏതുപക്ഷം സ്വീകരിക്കും? തന്റെ കൃതിക്കുപിണഞ്ഞ തെറ്റുകുറ്റങ്ങളും അപൂർണ്ണതകളും എന്തെന്നും അതിനുള്ള പരിഹാരങ്ങളെന്തെന്നും ഏതു നിരൂപകൻ പറയുന്നതാണ് ഗ്രന്ഥകാരൻ കൈക്കൊള്ളുക. എന്റെ അധികസ്ഥിതിക്ക ഗ്രന്ഥകാരനും ഞാനുമായുള്ള മമതാബോധം കാരണമായിരിക്കും; വായിയരുടെ ആക്ഷേപം കവിത നന്നായിട്ടുണ്ടെങ്കിലും ഒരു നല്ല ഉദ്ദേശത്തിനുവേണ്ടി ഉപയോഗിച്ചില്ലെന്നാണ്. എഴുത്തച്ഛൻ കോപിച്ചതു ഒരു നല്ല കവിതാശക്തി സമൂഹവിപ്ലവം സാധിക്കുന്നതിനുപയോഗിക്കാത്തതുകൊണ്ടാണ്. ഒരു പക്ഷപാതവുമില്ലാതെ കവിതയെ കവിതയുടെതായ അളവുകോലുകൊണ്ടു പരിശോധിച്ചതാണ് ഗോവിന്ദൻകുട്ടിനായർ കാവ്യഗുണം മാത്രം കാണാൻ ഹേതു വ്യക്തിപരമായ സ്നേഹബന്ധങ്ങളെയും, രാഷ്ട്രീയവും വർഗ്ഗീയവുമായ അഭിപ്രായപ്രത്യേകത്തെയും പരിഗണിച്ചു ഒരു ദോഷത്രയിഷ്ടമായ കൃതിയെ നിരൂപകൻ മഹത്വീകരിക്കുന്നതും, അഭിപ്രായഭേദംകൊണ്ടും ശത്രുതകൊണ്ടും മഹനീയശില്പങ്ങളെ കരപ്പിച്ചുകാണിക്കുന്നതും ക്ഷന്തവ്യമല്ല. സാഹിത്യത്തിലും കലയിലും സ്വതന്ത്രിഭാവമായ വാസനാഭിരുചികളും അഭിപ്രായങ്ങളും നിരൂപകനുണ്ടാകും; ഉണ്ടായുകയുംവേണം. പക്ഷെ നിരൂപണങ്ങളിൽ അവ പ്രതിഫലിപ്പിക്കുന്നതെന്നുമാത്രം. നിരൂപകന്റെ അഭിപ്രായമറിയുന്നതിനുവേണ്ടിയല്ല, ഒരു ഗ്രന്ഥവിമർശനം വായിക്കുന്നു". ആ പുസ്തകത്തിന്റെ ഗുണദോഷങ്ങളും നന്നായിമനസ്സിലാക്കുന്നതിനുവേണ്ടിയാണ്. ശ്രീശാരദപക്ഷപാതിതപംകൊണ്ട് ഉൽകൃഷ്ടം വീരസപ്രധാനവുമായ ഒരു കൃതിയെ നിരൂപകൻ പുകഴ്ത്തിക്കൊട്ടുന്നതു നീതിനിഷ്കരുണമല്ല. എങ്കിൽ നിരൂപകൻ തന്റെ പക്ഷപാതങ്ങളെയും വൃക്തിഗതങ്ങളായ അഭിപ്രായങ്ങളെയും അടക്കിപ്പിടിച്ചുകൊണ്ട് കലയുടേതായ മൂല്യനിർണ്ണയോപാധികളുപയോഗിച്ചു സൂക്ഷ്മപരിശോധനനടത്തിവേണം നിരൂപണം നിർവ്വഹിക്കാൻ. നിരൂപകന്റെ വ്യക്തിപരമായ അപൂർണ്ണതകളെക്കൊണ്ടു കലാപരമായ ശാശ്വതസത്യങ്ങൾക്ക മുന്നത പറിപ്പിക്കേണ്ടതെന്നേ നിരൂപണം നിഷ്പക്ഷമാകണമെൻപറയുന്നതിനർത്ഥമുള്ളു. അവതരം സാധ്യതികവും, സാർവ്വജനീനവും ശാശ്വതവുമായ കലാസത്യങ്ങളുണ്ടെന്നംകണ്ടുകഴിഞ്ഞു. ആ മാപനോപാധികളെക്കൊണ്ടു നിസ്സംശയം നിഷ്പക്ഷമായും നിരൂപണം നടത്തിയേ മതിയാവൂ. പ്രതിപക്ഷിയരായ ആളുകളുടെപോലും സൽകൃതികളെ പുകഴ്ത്തുവാനുള്ള വിശാലമനസ്കതയുണ്ടായേ കഴിയൂ. അഭിപ്രായവ്യത്യാസങ്ങളും വശപാഭിന്നതകളും സാധാരണമാകയാൽ നിഷ്പക്ഷനിരൂപണം സാധ്യമല്ലാതെ പോവുന്നില്ല. 'രണ്ടിടങ്ങഴി' എന്ന തകഴിയുടെ നോവൽ മലയാളസാഹിത്യത്തിലെ ഒന്നാംകിടനോവലുകളിലൊന്നാണെന്ന പക്ഷപാതിതപംകൂടാതെ സമ്മതിക്കുന്നതിനു", അവയിലൂടെ പ്രചരിപ്പിക്കുന്ന പ്രത്യയശാസ്ത്രവുമായുള്ള വിയോജിപ്പ് ഒരിക്കലും വിലങ്ങുനില്ലുന്നില്ല. ആ അഭിപ്രായവ്യത്യാസം കലാശില്പങ്ങളുടെ കാന്തിയും മൂല്യവും, ഗുണവും മേന്മയും സമ്മതിച്ചുകൊടുക്കുന്നതിൽ തടസ്സമാകരുതു". മാരാരെപോലുള്ള ഒരുന്നതവ്യക്തി എപ്പോഴും ഗുണപക്ഷപാതിയായിരിക്കുമെന്നതുകൊണ്ട്, എല്ലാ നിരൂപകന്മാരും ഗുണപക്ഷപാതികളുണ്ടെന്നമെന്നില്ല. പക്ഷപാതിതപം ആരുടേതായാലും ഒരു ദൗർബ്ബല്യവും, അതിനുവേണ്ടി ആരുവാദിച്ചാലും അയുക്തമായിരിക്കും. വിമർശനത്തിൽ സർവോപരി ഭിക്ഷിക്കേണ്ടതു നിഷ്പക്ഷതയൊന്നുമാത്രമാണ്".

സംസ്കൃതത്തിലും ഇംഗ്ലീഷിലും

സംസ്കൃതസാഹിത്യത്തിലെ നിരൂപണപ്രസ്ഥാനം ഇന്നത്തെ നമ്മുടെ നിരൂപണ സമ്പ്രദായങ്ങളിൽനിന്ന് ആപാദമസ്തകം വ്യത്യസ്തമായ ഒരു പ്രത്യേകതരത്തിലുള്ളതായിരുന്നു. കലാമൂല്യമുച്ചയ്ക്കാൾ കാവ്യശാസ്ത്രപ്രത്തെയാണ് പ്രാചീനസംസ്കൃതനിരൂപകന്മാർ അന്വേഷിച്ചുചെന്നതു". വ്യാഖ്യാനങ്ങളും വിശദീകരണങ്ങളുമായിട്ടാണ് സംസ്കൃതനിരൂപണത്തിന്റെ കിടപ്പു". അവയിൽത്തന്നെ ടികമുതൽ മഹാഭാഷ്യങ്ങൾവരെ ഉൾപ്പെട്ടുന്നു. വാച്യവ്യംഗ്യധ്വന്യാദികളായ അർത്ഥവിശേഷങ്ങളെയും ഉപാധാരാലങ്കാരങ്ങളെയും ഔചിത്യമുച്ചയുടെ വ്യാഖ്യാനിച്ചു അധമോത്തമഭേദമെന്നു വേർതിരിക്കുകയും ചെയ്യുന്നതു". വ്യാകരണശില്പിയിനെയും അലങ്കാരശാസ്ത്രപ്രമാണിയെയും അനുശാസനങ്ങളെയുമാണും അനുസരിക്കുന്നവെന്നും പരിശോധിക്കുന്ന ആ നിരൂപണങ്ങളുടെ കർത്താക്കന്മാർ മിക്കവാറും അലങ്കാരികന്മാരായ ആചാര്യന്മാരായിരുന്നു. വ്യൽപാദകമായ സംസ്കൃതനിരൂപണങ്ങളും ഒരു കലാപ്രസ്ഥാനമെന്നതലുമുപരി ഒരു ശാസ്ത്രമെന്ന പേരിനെയാണ് അർഹിക്കുന്നതു".

ആംഗ്ലേയസാഹിത്യത്തിൽ ഇങ്ങനെയൊരു വിചാരങ്ങളും ആദ്യമേയുണ്ടായിരുന്നുവെങ്കിലും, ഇതരസാഹിത്യരംഗങ്ങളിൽ വൈഭവംഭാവിച്ച മഹാവ്യക്തികളെപ്പോലെ ഉയർന്നിരുന്ന നിരൂപകന്മാർ കുറവായിരുന്നു. മാത്യു ആർനോൾഡിന്റെ രംഗപ്രവേശത്തോടുകൂടിയാണ് ആംഗ്ലേയനിരൂപണസാഹിത്യം പൂർവ്വാധികം വിശാലവുംകലീനവും മഹത്തരവുമായി വളർന്നതു". "ഫ്രാൻസിലെ സെന്റ്ബോവിനെയും, ജർമ്മനിയിലെ എഡ്വേർഡ് ഷ്രീഡനെയും അമേരിക്കയിലെ ജെയിംസ് റസ്സൽ ലോവലിനെയുംപോലെ ഇംഗ്ലണ്ടിൽ നിരൂപണസാഹിത്യത്തെ ബഹുമുഖവും വിശാലമനസ്കവും, സൃഷ്ടിപരവുമായ പ്രകാശമാനമാക്കിത്തീർത്തതു മാത്യു ആർണോൾഡുകന്നു"വെന്നു ജെ. ടി. സണ്ടർലണ്ട് രേഖപ്പെടുത്തുന്നു. ആർണോൾഡിനെ കുറിച്ചുവച്ചോരു നിരൂപകൻ ഇന്നും ഇംഗ്ലണ്ടിൽ ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു". മെക്കോളെയും ചെസ്റ്റർട്ടനും ഈയുപോലെ ധാരാളം നിരൂപകന്മാരും ഇംഗ്ലീഷ്സാഹിത്യത്തിലുണ്ടായിട്ടുണ്ട്. പക്ഷേ നിരൂപകന്മാരുടെക്കാളും മാറ്റു ചില സവിശേഷതകളുണ്ട്" അവരെ നിത്യസ്മരണീയരാക്കിയതു". പ്ലീസ്റ്റലി, എലിയട്ട്, സ്പെണ്ടർ, ഹെർബർട്ട്റീഡ് മുതലായ അനേകം നിരൂപകപ്രമാണികരും ഇന്നും ഇംഗ്ലണ്ടിലുണ്ട്. അവർ കേവലനിരൂപകന്മാരേക്കാളും മഹാന്മാരായ നോവലെഴുത്തുകാരും, കവികളും, ചിന്തകന്മാരുമാണ്. ഇരുപതാംനൂറ്റാണ്ടു സർവ്വസമ്മതനിരൂപകന്മാരെ സൃഷ്ടിച്ചില്ലെന്ന മാമിന്റെ വിലാപം ഇവിടെ അർത്ഥവത്താകുന്നു.

The Modern Review May 1936.

—o—

ജെറ്റ് യുഗം ബാലലോകത്തിലേയ്ക്ക്



യുദ്ധകാലത്തെ കണ്ടുപിടിത്തം

ജെറ്റ്യുഗം കളിപ്പാട്ടമുണ്ടാക്കുന്ന കമ്പനിയിലേയ്ക്കും കടന്നുവിട്ടു" 47 വയസ്സുള്ള സതാംപ്ടൺകാരനായ മി: ജോസഫ്മർസേർ ആണ്". യുദ്ധകാലത്തു യുദ്ധാവശ്യത്തിനുവേണ്ടി നടത്തിവന്ന ഗവേഷണങ്ങളെത്തുടർന്നു അദ്ദേഹം ചെറിയ ഒരു ജെറ്റ്എൻജിൻ നിർമ്മിച്ചു. (Feather weight jet engine)സ്സെയിൽ അനുസരിച്ചുള്ള ചെറു മോഡലുകൾക്കും, കളിപ്പാട്ടങ്ങൾക്കും, ഓടുന്നതിനു ശക്തി നൽകുന്ന ഒരു പുതിയ വിദ്യയാണതു". ഒരു ചെറിയ റോക്കറ്റ്മോട്ടർ(Rocket motor) ആണ് അദ്ദേഹമുണ്ടാക്കിയ ജെറ്റെക്സ് (Jetex) ജെറ്റുവിമാനങ്ങളുടെ ചെറിയ സ്കെയിലിലുള്ള ശരിയായ മോഡലുകൾ നിർമ്മിക്കുന്നവർക്ക് ഇതു ഒരനുഗ്രഹമാണ്.

മോഡലുകൾ ശരിയായി ഓടിക്കുന്നതു റോക്കറ്റ്മോട്ടർ ഇത്രകൃത്യമാണെന്നു മി. മർസേർ അവകാശപ്പെടുന്നു. ബ്രിട്ടനിലുണ്ടാക്കപ്പെട്ട ഈ യന്ത്രം വിമാനങ്ങൾ, ഹെലിക്കോപ്റ്റർകൾ, കാറുകൾ, സ്പീഡ് ബോട്ടുകൾ എന്നുള്ള വായുമണ്ഡലത്തെ അതിലംഘിച്ചു പറക്കുന്ന സ്കെസകപ്പലുകൾ എന്നിവയുടെ ചെറിയ മോഡലുകൾക്കു ചലനശക്തി നൽകുന്നതിനുപയോഗിച്ചുവരുന്നു. സതാംപ്ടനിലെ മേൽപറഞ്ഞ ശാല ഈ ചെറിയ എൻജിൻ

+ കുട്ടിക്കൃഷ്ണമാരാരുടെ രാജാകേശവദാസനും സാഹിത്യവിമർശനവും എന്ന ഗ്രന്ഥം കാണുക.

ഇൻഡ്യയിലെ കുഴൽക്കിണർ പദ്ധതികൾ

കൃഷിവികസനത്തിനു സഹായം

ഇലക്ഷാമമുള്ള ഇന്ത്യയിൽ ഭൂഗർഭത്തിനുള്ളിൽനിന്നു ജലം സംഭരിക്കുന്നതിനുള്ള ശ്രമങ്ങൾ പ്രധാനമർഹിക്കുന്നതാണല്ലോ. കൃഷിസംബന്ധമായുള്ള ജലസേചനത്തിനു ഇപ്പോൾ പണിനടന്നുവരുന്ന ജലസേചനപദ്ധതികൾ 40 ശതമാനത്തോളമേ പ്രയോജനപ്പെടുകയുള്ളൂ എന്നാണു വിദഗ്ദ്ധന്മാരുടെ അഭിപ്രായം. ബാക്കിയുള്ള ആവശ്യത്തിനു കുഴൽക്കിണറുകളെയും ആർട്ടീസിയൻ കിണറുകളെയും മാത്രമല്ല നിർത്തിക്കുന്നതു്. ചെറുതരം യന്ത്രങ്ങളുടെ ഭാഗങ്ങളും അവിടെ നിർമ്മിക്കപ്പെട്ടുവരുന്നു. എല്ലാം കൂടികളുടെ ആവിർഭാവത്തിനുള്ളതാണു.

അതു കളിപ്പാട്ടം മാത്രമല്ല

ജെറ്റ്സ് മോട്ടോറിനുപയോഗിക്കുന്ന ഇന്ധനവസ്തുവാണു് അതിന്റെ വിശേഷത. ദ്രവകമല്ല കട്ടിയുള്ള വസ്തുവാണതു്. റോക്കറ്റുവിമാനങ്ങൾക്കുവേണ്ടിമാത്രമായി കണ്ടുപിടിക്കപ്പെട്ട ഒരു വസ്തുവാണതു്. ഒരു ബ്രിട്ടീഷ് കെമിക്കൽ സിൻഡിക്കേറ്റുനിർമ്മിച്ചു് പേറ്റൻറുചെയ്തതാണു് ഈ വസ്തു. യുദ്ധം കഴിഞ്ഞു് അതു രഹസ്യപ്പട്ടികയിൽനിന്നു നിയന്ത്രണം നീക്കിയപ്പോൾ "ഗ്രേറ്റ്സ്" എൻജിനുപയോഗിക്കുന്നതുവിധം "ഇളക്കുപകരത്തിൽ" നിർമ്മിച്ചുവരുന്നു.

മി: മൻസോറിന്റെ എറ്റവും പുതിയകണ്ടുപിടിത്തമാണു് "ആഗ്മെൻറർട്യൂബു്" (Augmenter Tube) ഇതു് ജെറ്റ്സ് മോട്ടോറിന്റെ ശക്തി വർദ്ധിപ്പിക്കുന്നതിനുള്ള ഒരുപകരണമാണു്. അതിശക്തമായ ഒരു ജെറ്റ്സ് എൻജിനോടു് ആഗ്മെൻറർട്യൂബുകൂടി ഘടിപ്പിച്ചു് ബ്രിട്ടന്റെ ഹാക്കർഹണ്ടർ ജെറ്റ്ഫൈറ്റർ എന്ന ശബ്ദത്തിനെക്കാൾ വേഗത കൂട്ടുവാനുള്ള വിമാനത്തിന്റെ ഒരു ശരിയായ മോഡൽ ഇപ്പോൾ മി: മൻസോറിന്റെ സ്ഥാപനം ഉണ്ടാക്കിയിട്ടുണ്ടു്.

ഇതൊരു കളിക്കോപ്പല്ല. ശാസ്ത്രീയഗവേഷണങ്ങൾക്കായി അതു് പല ഗവേഷണശാലകളിലും ഉപയോഗിക്കപ്പെട്ടുവരുന്നുണ്ടെന്നുള്ളതു് ഇതിനു തെളിവാണു്.

ആഴ്ചപ്പതിപ്പു്

ത്തിൽ മൊത്തം അനുവദിക്കപ്പെട്ടിരുന്ന 45.4 മില്യൺ ഡാളറിൽ കിണർപദ്ധതിക്കു് അനുവദിച്ചിരുന്നതു് 6.2 മില്യൺ ഡാളറാണു്.

ഭൂമിക്കടിയിൽ ജലനിരപ്പുവരെ എത്തുന്നതിനു 60 അടിമുതൽ 500 അടിവരെ കുഴിച്ചാണു കുഴൽക്കിണറുകൾ നിർമ്മിക്കുക. താഴത്തെ അറ്റത്തു് ദ്വാരങ്ങളിട്ട ജലം കയറുന്നതിനു് ഭാരങ്ങളോടുകൂടിയ നീണ്ട ഒരു ഉരുക്കുകുഴലാണു കുഴൽക്കിണറിനുപയോഗിക്കുന്നതു്. ചിലപ്പോൾ ഭൂമിക്കടിയിലുള്ള വെള്ളത്തിന്റെ തള്ളൽകൊണ്ടു് അതു കുഴലിൽക്കൂടി മുകളിലേക്കുയരുന്നു. ഒഴുകി വീഴുന്നതാണു്. പക്ഷെ ചില സ്ഥലങ്ങളിൽ ടർബൈൻ പമ്പുകളുപയോഗിച്ചു് വെള്ളം മുകളിലേക്കുയർത്തേണ്ടതായിവരും.


അമേരിക്കയിൽ ഒറ്റയൂട്ടുകൃഷിക്കും ഗ്രീസിൽ പഞ്ഞിക്കൃഷിക്കും ഫിലിപ്പീൻസിൽ കരിമ്പുകൃഷിക്കും കുഴൽകിണറുകൾവഴിയാണു ജലസേചനം നടത്തിവരുന്നതു്. ഇൻഡ്യയിലാകട്ടെ ആയിരമായിരം ഏക്കർ ധാന്യകൃഷിക്കു കുഴൽക്കിണറുകളാണു ജലം നൽകിവരുന്നതു്. ഇതു സഹായം പദ്ധതിപ്രകാരമാകുന്നതുകൊണ്ടു്.

ഇൻഡ്യാഗവൺമെൻറിന്റെ പദ്ധതിപ്രകാരം സ്ഥിതിശതകോടി അന്നക്ഷാമത്തെ നേരിടുന്ന ഭാഗങ്ങളിൽ പരിശോധനയ്ക്കും കുഴൽക്കിണറുകൾ കുഴിച്ചുനോക്കുന്നതാണു്. കൃഷ്ണാഗോദാവരി ഡെൽറ്റായിൽ 25 കിണർ ഉൾപ്പെടെ മദ്രാസ് സ്റ്റേറ്റിന്റെ മദ്ധ്യദക്ഷിണവിഭാഗത്തിൽ ഏറെ

റബ്ബർ മുദ്രകൾ

വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ വളരെക്കാലംഉപയോഗിക്കത്തക്കവിധം ഉറപ്പായും ഭംഗിയായും മിതമായ ചാർജ്ജിൽ ഇവിടെ ചെയ്തുകൊടുക്കുന്നതാണു്.

മാനേജർ
ശ്രീരാമവിലാസംപ്രസ്സു്, കൊല്ലം



തെക്കേ ആഫ്രിക്കയിലെ നെവേലിയിലുള്ള ഈ കുഴൽകിണർ ടർബൈൻ പമ്പിന്റെ സഹായമില്ലാതെ എല്ലായ്പോഴും യാതൊരുവാട്ടവുമില്ലാതെ വെള്ളം പ്രദാനംചെയ്യുന്നുണ്ടു്. തൽനിമിത്തം ഇവിടത്തെ ഒരുപ്പുനിലങ്ങൾ ഇരുപ്പുനിലങ്ങളായി മാറുവാൻ കർഷകർക്കു സാധിച്ചിട്ടുണ്ടു്.



തകഴി കെ. രാമവാര്യർ

22-11-1128—28-11-1128.
6-7-1953—12-7-1953

അശ്വതി—പ്രയോജനകരമായ പ്രവർത്തികളിൽ ദൃഷ്ടിചെലുത്തും. ഏറ്റെടുത്ത സാഹസപ്രവർത്തികൾചെയ്യും ചെയ്തിട്ടും ലാഭവും അധികൃതപ്രീതിയും സമ്പാദിക്കും. സ്വജനവിരോധം വ്യർത്ഥയോഗം നേരിടും.

ഭരണി—അഭിപ്രായഭിന്നതയുണ്ടാകുന്നകാര്യങ്ങളിൽ പ്രവേശിക്കരുത്. ഗൃഹസുഖവും ശരീരസുഖവും മോശമാവാതിരിക്കും. വ്യവസായങ്ങളിൽ തൃപ്തികുറയും. സന്താനങ്ങളുമായിട്ടുള്ള ഐക്യതയ്ക്കു ഭംഗം നേരിടും.

കാർത്തിക—മംഗളകാര്യങ്ങളിൽ പങ്കെടുക്കും. ബുദ്ധിശൂന്യമായ ചെയ്തികൾനിമിത്തം ക്ലേശത്തിനും നഷ്ടത്തിനും ഇടവരും. പുതിയ ചില പരിചയങ്ങൾ സ്ഥാനാഭിവൃദ്ധിക്കു വകയുണ്ടാക്കും. അശ്രദ്ധമൂലം ശരീരപീഡ ശല്യപ്പെടുത്തും.

രോഹിണി—താൽക്കാലികമായി സംഭവിച്ച പ്രതിബന്ധങ്ങൾ വിട്ടുമാറും. ധനപരമായ ചുമതല മനസ്സിനെ ചൂടുപിടിപ്പിക്കും. ഏതുകാര്യത്തിലും ഒരു പുതുമ ദൃശ്യപ്പെടും. വിനോദങ്ങളിൽ പ്രതിപത്തി ഏറും. ശരീരത്തിൽ അല്പം ചില ക്ഷതം ഉണ്ടാകും.

മകയിരം—അന്യരുമായി തെറ്റിപ്പിരിയുന്നതിനും അനർത്ഥവും നഷ്ടവും ഉണ്ടാകും. പൊതുകാര്യങ്ങളിലെ ഇടപെടൽ ശത്രുക്കളെയുണ്ടാക്കും. പരുഷമായിട്ടുപോലും സംസാരിച്ചുപോകും. സന്താനങ്ങളുടെ സ്വാതന്ത്ര്യം കുറഞ്ഞിതത്തെ വരുത്തും. കളത്രസുഖം കുറയും.

തിരുവാതിര—അപ്രതീക്ഷിതമായി ധനനഷ്ടവും ശരീരാസ്വാസ്ഥ്യവും സംഭവിക്കും. വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽ പണം വന്നുചേരും. സഞ്ചാരവ്യയം കാണും. കളത്രാരിഷ്ടതയുണ്ടാകും.

പുണർതം—പ്രതീക്ഷകൾക്കെതിരായി പല അനുഭവങ്ങളും നേരിടും. ഉദ്ദിഷ്ടസാദ്ധ്യത്തിനായി വളരെ ക്ലേശവും അകാരണവ്യയവും ഉണ്ടാകും. ശത്രുദോഷം കോപിക്കും. ആർഭാടമായ വിധം ആശ്രിതരോടു പെരുമാറും.

പൂയം—ആദായത്തിനു മുടവുതട്ടാതെ ഇതരസഹായംചെയ്യും. സുഹൃത്തുക്കളുമായി തെറ്റും. അധികൃതരെ സമീപിക്കയും വെറുപ്പിക്കയുംചെയ്യും. വായുക്ഷോഭിക്കും. ബഹുജനപ്രീതിക്കും നന്മയ്ക്കും മുതിരും.

ആയില്യം—അനധികൃതമായ പ്രവർത്തനവും പെരുമാറ്റവും സ്ഥാനചലനത്തിനോ അഭിലാഷചിന്തയ്ക്കോ ഇടവരുത്തും. അകന്നവർ അടുക്കും. സഹപ്രവർത്തകരുടെ ഇടയിൽ അന്തഃഛിദ്രമുണ്ടാക്കുവാൻ ഇടവരും.

മകം—പ്രവർത്തനപുഷ്ടിയിൽ ശ്രദ്ധചെലുത്തും. സഹപ്രവർത്തകർ ചില കരുതലോടുകൂടി കരുട്ടുപണിക്കു മുതിരും. തുടങ്ങുന്ന കാര്യങ്ങളും പൂർത്തീകരിപ്പാൻ വൈമനസ്യംകൊള്ളും. ഭരണീയർ ചില കുഴപ്പങ്ങളും സൃഷ്ടിക്കും.

പൂരം—വിഷാദാത്മകമായ ചില സംഭവവികാസങ്ങൾക്കിടവരും. വ്യാപാരത്തിന്റെ സ്തംഭനാവസ്ഥ മാറുവാൻ കഴിയും. യോഗ്യമായ ചില കൂട്ടുകെട്ടുകളും സമാധാനത്തിനു വഴി തെളിക്കും. ഒരു ഭീതി തട്ടും.

ഉത്രം — പ്രയോജനരഹിതമെങ്കിലും ചില കാര്യങ്ങളിൽ അതിസംഘർഷം ചെയ്യും. പൊതുജനപിൻതുണ ഏതുകാര്യം പ്രവർത്തിപ്പാനും ധൈര്യം നൽകും. കേവലപ്പെട്ടവരിൽനിന്നും പരുഷവാക്കുകളും ഉണ്ടാകും.

അത്തം—സർക്കാർ ആനുകൂല്യവിഷയങ്ങളിൽ വിളംബം വന്നുകൂടും. അനർഹസംഗതികളിൽ ചാടേണ്ടതായി വരും. രാജകീയമായ ചില വിവാദത്തിനു ഹേതു ഉദിക്കും. ധനത്തിനു വിഷമം വർദ്ധിക്കും.

ചിത്തിര—അനുകൂലമായ പല തീരുമാനത്തിലും എത്തിച്ചേരുവാൻ കഴിയും. ദേശീയകാര്യങ്ങളിൽ അല്പം ചില മത്സരത്തിനിടയുണ്ടാകും. ധനത്തിനു വിഷമം ഉണ്ടായിരുന്നാലും മരാമത്തുകളിൽ ഏർപ്പെടും. കോർക്കികോടിയിൽ നഷ്ടം സംഭവിക്കും.

ചോതി—എതുപ്പുകളിൽ നിവാരണം ഉണ്ടാകും. പ്രവർത്തനപുരോഗതിയും ആദായവും സന്തോഷപ്രദമായിത്തീരും. പുതിയ മിത്രങ്ങളുണ്ടാകും. ശരീരസുഖം കുറവായിത്തന്നെ ഇരിക്കും. ക്ഷതമോ പതനമോ സംഭവിക്കാം.

വിശാഖം—ഭരണീയരുടെ കാര്യത്തിൽ അശ്രദ്ധയുണ്ടാകും. പുതിയ ചുമതലകൾ സിദ്ധിക്കും. അനധികൃതമായിട്ടുള്ള ഇടപെടൽ വാശിജനിപ്പിക്കും. ഉദരപീഡയോ നീർവീഴ്ചയോ പിടിപെടും. ഒരു പരിവർത്തനം ഉണ്ടാകും.

അനിഴം—പണത്തിന്റെ വൈക്ലബ്യം സ്ഥായിയായ ചില കാര്യങ്ങൾക്കു വിഘ്നമുണ്ടാക്കും. സുഖജീവിതത്തിന് കടംവാങ്ങിയും ചെലവിടും. അഭിലഷിതങ്ങളിൽ ചിലതു നീക്കിവെയ്ക്കും. ഭാഗ്യത്തിനുള്ള ഉപാധികളിൽ വ്യാപരിക്കും.

കേട്ട—അനർഹമായ മാർഗ്ഗത്തിൽ ധനമുണ്ടാകും. സ്വാർത്ഥതയുള്ളവരെ സ്നേഹിതരെ പിണക്കും. സന്തോഷം കൂട്ടുതലായിട്ടുണ്ടാകും. ക്രയവിക്രയലാഭം സിദ്ധിക്കും.

മൂലം—വശ്യവചസ്സുകളാൽ പ്രതികൂലികളെ വശത്താക്കും. പ്രലോഭനപരമായ രംഗങ്ങളും സൃഷ്ടിക്കും. പുതിയ സഹായികളെ കണ്ടെത്തും. നിശിതവിമർശനത്തിനു പാത്രമാകും. വ്യാപാരരംഗത്തിൽ പുരോഗമനമുണ്ടാകും.

പൂരാടം—അതിരുകവിഞ്ഞഭാഗ്യം ലഭിക്കും. സംയുക്തകാര്യങ്ങളിൽ പ്രശസ്തിയാർജ്ജിക്കും. മരാമത്തുകളിൽ ദൃഷ്ടിചെലുത്തും. ചില ഉപദ്രവകാരികളെ സമീപിക്കും. തലവേദനവരും.

ഉത്രാടം—ബന്ധുഗുണം സിദ്ധിക്കും. ധനബാഹുല്യതവർദ്ധിക്കും. അയോഗ്യമായ കൂട്ടുകെട്ടുവന്നുചേരും. അപ്രിയശങ്കമനസ്സിനെ മഥിക്കും. അധികൃതർ അനുകൂലികളായിത്തീരും.

തിരുവോണം—ഗൗരവവും ചുമതലയുമുള്ള കാര്യങ്ങളിൽ ക്ലേശംസംഭവിക്കും. ചില ഭ്രമോഹം മനസ്സിന്റെ അലട്ടും. സ്ത്രീവിഷയത്തിൽ അവിവാഹത്തിനിടനൽകും. കോപം നിമിത്തം ചില കുഴപ്പംവന്നുകൂടും.

അവിട്ടം—തൽക്കാലശത്രുക്കളെ സ്വയം സൃഷ്ടിക്കും. കഴിഞ്ഞകാര്യത്തിൽ പശ്ചാത്താപം ജനിക്കും. അപവാദംകേൾക്കും. പൊതുക്കാര്യത്തിൽ ഇടപെടും.

ചതയം—പെട്ടെന്നു ചില ഭാഗ്യവും വരുമാനവും ലഭിക്കും. പ്രമോഷൻ സിദ്ധിക്കും. അഭിമാനത്തിനായി വ്യയംചെയ്യും. അത്യുദാരനാം ചെയ്യും. സന്താനപീഡ മനസ്സിനെ ശല്യപ്പെടുത്തും.

പൂരുരുട്ടാതി—അസംതൃപ്തിയുണ്ടാകും. ഉന്നതവ്യക്തികളുമായി സഹകരിക്കും. പരോപകാരം നല്ലകാര്യങ്ങളിൽ ചാടിക്കും. അമിതലാഭം വിഷമംകൊടുക്കും. വിവാഹകാര്യം വഴിക്കും. പണത്തിന്റെ കുഴപ്പം നീങ്ങും.

ഉത്തൃട്ടാതി—ധർമ്മകർമ്മത്തിൽ ശ്രദ്ധപതിയും. അഭിലാഷം സാധിക്കും. പ്രവർത്തനം പുരോഗമിക്കും. ക്ഷതം സംഭവിക്കാം. ആരോഗ്യം കുറയും.

രേവതി—പൂർവ്വശത്രുക്കളെയുണ്ടാക്കും. ക്രിമിയും കൃശലവും ധാരാളം പ്രത്യക്ഷപ്പെടുത്തും ചില ഇടലാഭങ്ങളും ഉണ്ടാക്കുവാൻ തുനിയും. കരാറുകൾ തെറ്റും അഭിമാനത്തിനു യോജിക്കാത്ത കാര്യത്തിൽ പ്രവേശിക്കും.

★

ശ്രീരാമവിലാസംപ്രസ്സ് വക
1129-ാമാണ്ടത്തെ
പഞ്ചാംഗം
വില്പനയ്ക്കു തയാറായി!

4 ഫാറം 32 പേജ്. 6 ഫാറം 48 പേജ്.

കച്ചവടക്കാർക്ക് ആകർഷകമായ കമ്മീഷൻ!

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്ഡിപ്പോ,
കൊല്ലം.

ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

ശ്രീ: സി. എൻ. തുപ്പൻനമ്പൂതിരി

— കുഞ്ഞിയമ്മ —

നമ്പൂതിരിസമുദായത്തിലെ 'മന്നത്തുപത്മനാഭ'നാണ് ശ്രീ: ചങ്ങഴി മഠം സി. എൻ. തുപ്പൻനമ്പൂതിരി. മന്നത്തിനെ അറിയാത്ത നായരില്ലെങ്കിൽ തുപ്പൻനമ്പൂതിരിയെ അറിയാത്ത നമ്പൂതിരിയില്ല. മന്നത്തിനെ വളരെ ഭൂരിപക്ഷം നായന്മാർ ബഹുമാനിക്കുന്നെങ്കിൽ തുപ്പൻനമ്പൂതിരിയെ ബഹുഭൂരിപക്ഷം നമ്പൂതിരിമാർ സ്നേഹിക്കുന്നുണ്ട്. പക്ഷേ, മന്നത്തിനെ ദ്വേഷിക്കുന്നവരും വെറുക്കുന്നവരുംആയി ഒരു വലിയ ജനവിഭാഗം ഉണ്ടെങ്കിൽ തുപ്പൻനമ്പൂതിരിയെ വെറുക്കാൻ ആരും ഇല്ലെന്നുപറയാം. അതിന്ന കാരണമുണ്ട്. മന്നത്തിന്റെ പ്രതിവിധികളും ചിലപ്പോൾ കട്ടമാങ്ങാപോലെ എരിയുന്നവയും ഉരുക്കുനെയ്യുപോലെ ഉരുതപമുള്ളവയും ആണെങ്കിൽ തുപ്പൻനമ്പൂതിരിയുടെ പ്രതിവിധികളും പൊടിയരിക്കഞ്ഞിയും കണ്ണിമാങ്ങായും ചുട്ട പപ്പടവുംപോലെ നിത്യപഥ്യമാണ്. രാജസം ആണ് മന്നത്തിന്റെ വഴികളിൽ സാത്വികംആണ് നമ്പൂതിരിയുടേതു്. കരയോഗങ്ങളേം, ഹൈന്ദവകളേം കോളേജുകളേം അദ്ദേഹം സ്ഥാപിച്ചിട്ടില്ല. 75 വയസ്സിലും മന്നം യുവാവാണെങ്കിൽ 60-ാംവയസ്സിൽ തന്നെ നമ്പൂതിരി വാർദ്ധക്യംകൊണ്ടുള്ള നിർബന്ധിതവിശ്രമം അനുഭവിക്കയാണ്. മന്നം തന്റെ ജീവിതം നായർസർവീസ്സൊസൈറ്റിക്കായി അടിയറവെച്ചിരിക്കയാണെങ്കിൽ തുപ്പൻനമ്പൂതിരി തന്റെ ജീവിതം കുമരനെല്ലൂർ ഭഗവതിയുടെ തൃപ്പാദങ്ങളിൽ സമർപ്പിച്ചിരിക്കയാണ്. ഇങ്ങനെ പലതുകൊണ്ടും സാമ്യവും ചിലതുകൊണ്ട് വ്യത്യാസവുമുള്ള ഈ രണ്ടു നേതാക്കന്മാരും കഥയാറാ മൈത്രിയാൽ ബന്ധിക്കപ്പെട്ടവരുംആണ്.

ആറേഴുവർഷംമുമ്പ് ഞാൻ കുമരനെല്ലൂർവഴി ഒന്നുപോയി. അപ്പോൾ ദേവീക്ഷേത്രത്തിൽ വലിയ ഉത്സവവും ആറാംക്കൊട്ടയും മറ്റുംകണ്ടു. കാത്തിക വൃശ്ചികമാസത്തിലാണല്ലൊ, പിന്നെന്താ ഇപ്പോൾ ഉത്സവം എന്ന് അന്വേഷിച്ചപ്പോളാണ് ആളുകൾ അത്ഭുതത്തോടെ എന്നോടു ചോദിച്ചതു് "നിങ്ങൾ ഏതുനാട്ടിൽനിന്നു വരുക? ചങ്ങഴിമഠത്തിലേനിയുടെ ഷഷ്ടിപൂർത്തിആഘോഷം അറിഞ്ഞുകൂടേ?" അതെ, ജാതിമതഭേദമെന്യേ ആനാട്ടുകാർ സകലരും കൂടാതെ കേരളത്തിന്റെ എല്ലാഭാഗങ്ങളിൽനിന്നും വന്നിട്ടുള്ള സമുദായപ്രമാണികളും ചേർന്ന് ആ ഉത്സവം കൊണ്ടാടുകയാണ്. അതു് എന്നെ അവിടെഇരുത്തി ചിന്തിപ്പിച്ചു.

ഷഷ്ടിപൂർത്തിആയുക എന്നുവെച്ചാൽ വാർദ്ധക്യത്തിലേക്കു പ്രവേശിക്കുക എന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നതു്. വാർദ്ധക്യത്തിലേക്കു പ്രവേശിക്കുക എന്നുവെച്ചാൽ എനി അധികം ആയുസ്സില്ല, മരണം അടുത്തുവരുന്നു, എന്നൊരു മുന്നറിയിപ്പാണിട്ടാണ് ഞാൻ വ്യാഖ്യാനിച്ചിരുന്നതു്. ഒരു നല്ലമനസ്സിനുടമയായി എന്നുകേട്ടാൽ എനിക്കു സങ്കടമാണ് ഉണ്ടാവുക. ആ ആപൽസൂചന ആഡംബരപൂർവ്വം കൊണ്ടാടുക എന്നതു് അത്ഭുതമാണെന്നു തന്നെ എനിക്കുതോന്നി. ഷഷ്ടിപൂർത്തി കൊണ്ടാടുന്നതു് പഴയ മനുഷ്യന്റെ യന്ത്രവാദികളിലെ പതിവാണ്. അതിനൊരു അർത്ഥവുമുണ്ട്. ദുർഭരണം കൊണ്ടും തോന്ന്യാസംകൊണ്ടും അനന്തരവരെ പട്ടിണിയിട്ടു കുടുംബം നശിപ്പിച്ചുവരുന്ന ഒരു കാരണവർക്ക് 60 വയസ്സ് ആകുമ്പോൾ അനന്തരവർ ഒരു ആശംകീരണം കാണുന്നു. "എനി അധികംനാൾ ഇയാളുടെ ഉപദ്രവംഉണ്ടാവുകയില്ല. വേഗം തുലയും" ഈ സന്തോഷം പ്രകടിപ്പിക്കുന്നതിനായി ഒരു അഡ്വാൻസ്യായ അയപ്പ നൽകുകയാണ് ഷഷ്ടിപൂർത്തിആഘോഷം എന്നായിരുന്നു എന്റെ വിശ്വാസം. അപ്പോൾ ഒരു സംശയം ഉണ്ടാവാതെഇരുന്നില്ല. പല വലിയവരുടേയും ഷഷ്ടിപൂർത്തി പൊതുജനങ്ങൾ നടത്തിയിട്ടുണ്ടല്ലൊ, സി. പി. രാമസ്വാമിഅയ്യർ, ഒക. ജി. പരമേശ്വരൻപിള്ള, മന്നത്തുപത്മനാഭൻ മുതലായവരുടെ. അവയ്ക്കും മേൽപറഞ്ഞ തിയറിസമാധാനങ്ങൾകി. സി. പി. ക്കു വിരോധികൾ അനവധിആയിരുന്നു. കെ. ജി. പരമേശ്വരൻപിള്ളയ്ക്കും അസൂയക്കാരും വിരോധികളും ഉണ്ടായിരുന്നിരിക്കാം. മന്നത്തിനു വിരോധികൾ ക്രൂശ്ശിനി മാത്രമായിരുന്നിരിക്കയില്ല. അന്നത്തെ സ്റ്റേറ്റുകോൺഗ്രസ്സ് "നായരും കമ്മ്യൂണിസ്റ്റ്" നായരും ക്രിസ്ത്യാനിനായരും എല്ലാവരുംകൂടിയോജിച്ച് "ആ എൻ. എസ്". എസ്. നായരുടെ അന്തസ്സും അടുത്തെങ്കിലുമുള്ള ഷഷ്ടിപൂർത്തി ആഘോഷിച്ചതുണ്ടെന്നുവരാം. എന്നാൽ പരമഭാഗവതനായ തുപ്പൻനമ്പൂതിരിയുടെ ഷഷ്ടിപൂർത്തി നാട്ടുകാരും സമുദായാംഗങ്ങളുംചേർന്ന് ആഘോഷിക്കുന്നതിന്റെ പൊരുൾ എനിക്കു മനസ്സിലായില്ല. അതാണുപറഞ്ഞതു് ആ സംഭവം എന്നെ ഒന്ന് ഇരുത്തി ചിന്തിപ്പിച്ചെന്ന്.

60-വർഷം ജീവിതത്തിലെ ചെസ്സികളുടെ ഒരു വില ഇരുത്തലാണ് ഷഷ്ടിപൂർത്തി. നിസ്സ്വാർത്ഥകർമ്മം, നിസ്വാർത്ഥസേവനം, സദുദ്ദേശത്തോടുകൂടിയപ്രവൃത്തിപരിപാടി, മതഭ്രാന്തുകലരാത്ത ഈശ്വരവിശ്വാസം, അതിൽനിന്നുണ്ടാവുന്ന വിശാലഹൃദയത്വം, ഇവയെല്ലാം എത്രമാത്രം ഫലപ്രദമായിട്ടുണ്ട് 60-വർഷം പ്രവർത്തിച്ചതെന്നു അറിയാൻ ആ ഷഷ്ടിപൂർത്തിമഹോത്സവം വീക്ഷിച്ചാൽ മതി. ഹൃദയംഗമമായ കൃതജ്ഞതയും ആരാധനയും വാത്സല്യവും ആണ് അവിടെകൂടിയിരുന്ന ഓരോ മുഖത്തും ഞാൻ കണ്ടതു്. സന്ദർശകരോ അതിഥിയോ ആയിട്ടല്ല, ആ കൃതജ്ഞതാസാഗരത്തിന്റെ അവിഭക്തമായ ഒരു അംശമായിട്ടാണ് എനിക്കു എന്നെപ്പറ്റിത്തന്നെ തോന്നിയതു്. "എനിയും വിശ്രമിക്കരുത്" എന്നൊരു അപേക്ഷയും സൂചനയും ആണ് അതിൽ കണ്ടതു്. ഈ സ്നേഹാദരപ്രകടനങ്ങൾക്കിടയിൽ അഹങ്കാരമോ അഹംഭാവമോ പ്രതിഫലിക്കുന്നതോ അല്ല തുപ്പൻനമ്പൂതിരിയുടെ മുഖത്തുവിളയാടിയതു്, വിനയം, കൃതജ്ഞത, "ദേവീ!" എന്നു വിളിച്ചു കൈമലർത്തി ദേവിയെ വിചാരിച്ചുകൊണ്ടുള്ള കരച്ചിൽ! ആ മഹോത്സവവേളയിൽ അദ്ദേഹത്തിനു കിട്ടിയ നിരവധിസമ്മാനങ്ങളും ഒന്നൊഴിയാതെ അദ്ദേഹം, സമ്പത്തിക വൈഷമ്യങ്ങളും ദാരിദ്ര്യവും അഭിമുഖീകരിക്കുന്ന അദ്ദേഹം, ദേവിക്കു അടിയറവെച്ചു! കിട്ടുന്നതിന്റെ ഒരുഭാഗം കുമ്പിടുന്നായി ദൈവത്തിനു കൊടുക്കാൻ സന്നദ്ധതയുള്ള കച്ചവടഭക്തന്മാരുടെ ഈ കാലത്തു് ഇങ്ങനെ ഒരു സംഭവം നടക്കുമോ എന്നു ഞാൻ അൽഭുതപ്പെട്ടുപോയി. നമ്മുടെ നേതാക്കന്മാരിൽ ഒരാൾപോലും ചെയ്യാത്തതും ചെയ്യുവാൻ തയാറാകാത്തതും ആയ ഒരു പ്രവൃത്തി!

തുപ്പൻനമ്പൂതിരി എന്നു കേൾക്കുമ്പോൾ ഇതെന്തൊരു വൃത്തികെട്ട പേരാണ് എന്നു ചിലർ അഭിപ്രായപ്പെട്ടേക്കാം. ആളും പേരുപോലെ വൃത്തികെട്ടതാണോ എന്നൊരു ശുദ്ധശങ്ക നിങ്ങളുടെ മനസ്സിൽഉദിച്ചേക്കാം. സുബ്രഹ്മണ്യൻ ലോപിച്ചു തരിശ്വരുടെ ഇടയിൽ തുപ്പൻ ആകുന്നതുപോലെ നമ്പൂതിരിമാരുടെ ഇടയിൽ തുപ്പൻ ആകുന്നു എന്നേയുള്ളൂ. ചടച്ച വെളുത്ത പരന്ന വൃത്തിയും ഭംഗിയും ഉള്ളതാണ് അദ്ദേഹത്തിന്റെ ശരീരം. ഉയരം സാമാന്യം ഉണ്ട്. തലമുടി വളർത്തി അറ്റം കെട്ടി തലയിൽ വിരിച്ചു് ഇട്ടിരിക്കും. ശുദ്ധമായ ഒരു വസ്ത്രവും ക്ഷേത്രത്തിലെ പ്രസാദം[illegible] മനസ്സുനിറമായ ഒരു പുഞ്ചിരിയുമുണ്ട്. നിങ്ങൾ ഏതു [illegible] യ ആളായിക്കൊള്ളട്ടെ, ഏതു സ്ഥാനത്തിരിക്കുന്നയാൾ ആയിക്കൊള്ളട്ടെ, ഏറ്റവും ഹൃദ്യവും സന്തോഷപ്രദവുമായ സ്വീകരണമാണ് നിങ്ങൾക്കു കിട്ടുക. ഹൃദയംതുറന്നുള്ള സംഭാഷണവും ഹൃദയാവർജ്ജകമായുള്ള [illegible] മാറാവും ഒരു നിമിഷത്തിനുള്ളിൽ നിങ്ങളെ അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തു് ആക്കിക്കഴിയും. ഭരണകാര്യങ്ങളിലും സമുദായപ്രമാണിത്തത്തിലും ക്രിസ്തീയവൈദികന്മാരും മുതൽ ഭൂദേശവാസികളായ വേലക്കാരും വരെ ഒരുപോലെ അദ്ദേഹത്തിന്റെ സ്നേഹവലയത്തിൽ [illegible] ട്ടുണ്ട്.

യാഥാസ്ഥിതികത്വവും ഉദാരതയുംകൊണ്ടു തങ്ങളുടെ ചുറ്റും കോട്ടകെട്ടി പുരോഗമിക്കുന്ന ലോകത്തിൽനിന്നു് ഒറ്റപ്പെട്ടു്, സാമൂഹികമായി നശിച്ചുകൊണ്ടും സാംസ്കാരികമായിഹൈന്ദവജനതയുടെ ശത്രുക്കളും ഏറ്റവും അലസമായി കഴിഞ്ഞിരുന്ന ഒരു സമുദായമായിരുന്ന കഴിഞ്ഞ വർഷങ്ങൾക്കുമുമ്പുള്ള നമ്പൂതിരിസമുദായം. ഈ കോട്ടകളുടെ വാതിലുകൾതുറക്കുന്നതിനുള്ള യോഗക്ഷേമസഭയുടെ ശ്രമങ്ങളിൽ ശ്രീ തുപ്പൻനമ്പൂതിരിയും ഭാഗഭാക്കായി. കുതിപരമായ ശ്രമങ്ങൾകൊണ്ടു കട്ടുത്ത യാഥാസ്ഥിതികന്മാരെ മയപ്പെടുത്തുന്നതിനു് അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട് എന്നാണു കേട്ടിട്ടുള്ളതു്. കാലത്തു കാപ്പികുടിക്കുകമുതൽ ക്ഷൗരംചെയ്യിക്കുന്നതുവരെയുള്ള മഹാപരാധങ്ങൾക്കും പ്രായശ്ചിത്തം ചെയ്യുന്ന ബഹുമാനമാണ് അദ്ദേഹത്തിനു പല യാഥാസ്ഥിതികന്മാരും അദ്ദേഹത്തെ പുച്ഛിക്കുകയും അപഹസിക്കുകയും ചെയ്തിട്ടുണ്ട്. ഈ കുതിയുടെ ഗതി മനസ്സിലാക്കിയ അദ്ദേഹം ഈ അധിക്ഷേപങ്ങളെയും വകവയ്ക്കാതെ കുമരനല്ലൂർ ക്ഷേത്രം കേന്ദ്രമാക്കിക്കൊണ്ടുള്ള തന്റെ ജോലിയുടനീളം, സമ്പത്തിന്റെയും സമുദായത്തിനു വലിയതായെന്നും ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. പക്ഷേ യോഗപുരോഗമനേച്ഛയും മാറാസമുദായങ്ങളുമായുള്ള സൗഹാർദ്ദസമ്പർക്കവും അദ്ദേഹം വളർത്തിയിട്ടുണ്ട്. ഹൈന്ദവരുടെ ഉദ്ധരിത്തിന്റെ ചരിത്രം മുഴുവൻ നമ്പൂതിരിമാരുടെ തലയിൽ കെട്ടിവെക്കാൻ മുതിർന്നവർ അദ്ദേഹം ബോധ്യപ്പെട്ടിട്ടില്ല. നമ്പൂതിരിമാർ അവർ വിചാരിച്ചിരുന്നപോലെ ഭയങ്കരന്മാർ അല്ലെന്നും ഒരു വല്ലാത്ത കെട്ടുപാടിൽ അകപ്പെട്ടു് അതിൽനിന്നു രക്ഷനേടാൻകഴിയാതെ വിഷമിച്ചുപ്പെടുന്ന സാധുക്കളാണെന്നും. മാറാമുള്ളവരുടെ വൈഷമ്യങ്ങളെ അങ്ങനെ അദ്ദേഹംമുഖാന്തിരം സഹാനുഭാവവും സ്നേഹവും സഹകരണമനോഭാവവും ആയി രൂപാന്തരപ്പെടുത്തുവാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

നാട്ട് ആരെങ്കിലും ചോദിച്ചാൽ
ൻ" അദ്ദേഹത്തിന്റെ ഏറ്റവും
യ നേട്ടം എന്ന ഞാൻ പറയും.
രോഗമനപരമായ ഏതു സാമൂ
കസംരംഭത്തിലും യുപ്പൻനമ്പൂ
യെ കാണാം. സ്വാർത്ഥം നില
മാത്രമല്ല, നമ്പൂതിരിസമുദായ
ന്റെ പ്രതിനിധിയായിട്ടും. തീ
ം തൊടീലും കൊടുമ്പിരികൊ
ന്ന കാലത്തു യോഗക്ഷേമമഹാ
യോഗങ്ങളിൽ സഹോദരൻ
പ്പനെയും മറ്റ് ഈഴവനേതാ
രെയും ക്ഷണിച്ചുവരുത്തി സ
ിക്കുന്നിടത്തു് അദ്ദേഹം ഉണ്ടായി
ം. ക്ഷത്രിയസമുദായത്തിന്റെ
ാഗമനോന്മുഖമായ പ്രസ്ഥാന
ള നയിക്കുന്നതും സഹായിക്കുന്നതും
ദ്ദേഹം മുൻപന്തിയിൽ നിന്നിട്ട
. അദ്ദേഹം ഇല്ലാത്ത നായർ
ായോഗങ്ങളും ഉണ്ടായിട്ടുണ്ടോ എ
സംശയമാണ്. ഒരിക്കൽ ഒരു
ർമ്മഹായോഗത്തിനു പോകാൻ
യാട്ടുമ്പോൾ ഒരു നമ്പൂതിരി അ
ത്തേക്ക് ചോദിച്ചു. "ഏട്ടൻ എ
ാട്ടാ പോകുന്നത്?"

"നായർ സമ്മേളനത്തിന്".

"ക്ഷണം കിട്ടിയിട്ടുണ്ടോ?"

"താൻ എങ്ങോട്ടാടോ പോകു
ത്?"

"അമ്മാത്തേക്ക്".

"ക്ഷണംകിട്ടിയിട്ടുണ്ടോ?"

"അമ്മാത്തേക്കുപോകാൻ ക്ഷണി
ണോ?"

"വേണ്ടെങ്കിൽ, നായർസമ്മേളന
നുപോകാൻ എനിക്ക ക്ഷണം
ണ്ട്" എന്ന് അദ്ദേഹം മറുപടിപ
ഞ്ഞു. അങ്ങനെ, ഔദ്യോഗികമില്ലാ
ാ സൌഹാർദ്ദമനോഭാവമാണ്
ാളഭാഗത്തിന് സഹോദരസമുദായ
ളോടുള്ളത്.

ക്ഷേത്രപ്രവേശനവിളംബരത്തിന
ടസ്സങ്ങളുണ്ടാകാതെ വഴിതെളിക്കു
തിന് കൊച്ചിയിലെയും മലബാ
ലെയും വൈദികബ്രാഹ്മണരുടെ
ിൽ അദ്ദേഹം നടത്തിയ വമ്പിച്ച
ചരണം അധികംപേർ അറിഞ്ഞി
ണ്ടാവോ? ആ വിളംബരത്തി
മുമ്പുതന്നെയല്ലേ കുമരനല്ലൂർ മ
ാക്ഷേത്രം ഇവനെകൊണ്ടുത്തതെന്ന്
നിക്കൊരു സംശയം. തിരുവന
ന്തപുരത്തു കുമരമംഗലസ്മാർത്തന്റെ
ും ഡും ഡും പീ പീ പീ കേട്ട
ാൻ പണ്ടൊരുദിവസം കയറിച്ചെ
പ്പോൾ കണ്ടതു് വെളുത്തുവെളുത്ത
ു സായ്പിനെ തറവട്ടപ്പിച്ച് നില
ിലുകളുടെമുമ്പിലിരുത്തി, പൂജ
ഴിച്ച് പ്രസാദംകൊടുത്തു് തിരു
ക്കുന്നതാണ്. ഡോ: കസിൻസ്
ന്ന സുപ്രസിദ്ധ കലാകാരൻസാ
ിനെ ജയറാം ആക്കുകയായിരുന്നു.
ധനചടങ്ങുകാരൻ ശ്രീ: യുപ്പൻന
ൂതിരിതന്നെ. ഹിന്ദുമഹാമണ്ഡ
ം ഉടലെടുത്തപ്പോൾ അതിന്റെ
ൻപന്തിയിലും യുപ്പൻനമ്പൂതിരി
ണ്ടായിരുന്നു.

അദ്ദേഹം നിയമസഭയിൽ പല
പ്രാവശ്യം മെമ്പറായി ഇരുന്നിട്ടുണ്ട്. ഇംഗ്ലീഷറിയാൻപാടില്ലെങ്കിലും സ
ഭയുടെ ശ്രദ്ധയെ ആകർഷിക്കത്തക്ക
പ്രസംഗങ്ങളും അദ്ദേഹം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഫലിതോക്തികളും സഭയെ പലപ്പോഴും ചിരിപ്പിച്ചിട്ടുണ്ട്. ഫലിതത്തെപ്പറ്റി പറഞ്ഞപ്പോൾ ഒന്നരണ്ടുകഥകളും ഓർമ്മയ്ക്കുന്നുണ്ട്. തൊഴുത്തിൽ കുത്തുന്നതു് ഒരുമ്മക്കുമാണ്. തൊഴുത്തിൽ കുത്തുന്നതിനെക്കുറിച്ചു പറഞ്ഞതു് ഒരമ്മയുമാണ്. മലയാളം, തുള്ളലിൽ പ്രക്ഷോഭകനകമായ ഒരു വാഗ്വൈഭവം. ഭ്രമിക്ക സമീപത്തുകൂടി ഏതോ ഒരു ശോളം പഞ്ഞുവരുന്നുണ്ടെന്നും ഒരു നിശ്ചിതതീയതിക്കകം അതും ഭ്രമിയും തമ്മിൽ സംഘട്ടനമുണ്ടാകുമെന്നും, അതോടെ ഭ്രമിതകന്നുപോകുമെന്നുമുള്ള വലിയ ഗണിതശാസ്ത്രജ്ഞന്മാരുടെ ഒരു മുന്നറിയിപ്പായിരുന്നത്രേ. ഈ വാർത്ത കേട്ടയിട്ട് ഇരിക്കപ്പൊറുതിതന്നെ നമ്പൂതിരി പത്രങ്ങളിൽ ഒരു കത്തെഴുതി ശാസ്ത്രജ്ഞന്മാരുടെ ഗണിതം ശുദ്ധ അസംബന്ധമാണെന്നും ശാസ്ത്രീയമായിനോക്കിയതിൽ ഭ്രമിക്ക യാതൊരു തകരാറും വരാനില്ലെന്നു് താൻ ഉറപ്പുനൽകുന്നുഎന്നുമാകട്ടെ? ഇതു വലിയ ശാസ്ത്രജ്ഞന്മാരുടെ ഗണിതം തെറ്റാണെന്നു് എങ്ങനെ എഴുതിഎന്നു് ഒരാൾ അന്വേഷിച്ചു. "അതിനെന്താണ് ഇതു അറിയുവേണ്ടതു്?" നമ്പൂതിരി മറുപടിപറഞ്ഞതു് "പറഞ്ഞതീയതിക്കു് ലോകം ഒന്നുകിൽ നശിക്കും. ഇല്ലെങ്കിൽ ഇല്ല. ലോകം നശിച്ചുപോയാൽപിന്നെ ഞാൻ എഴുതിയതു തെറ്റാണെന്നുപറയാൻ ആരും അവശേഷിക്കുകയില്ല. അഥവാ ലോകത്തിന് ഒന്നും സംഭവിക്കാതെ ഇരുന്നാൽ ഞാൻപറഞ്ഞതു ശരിയും ആകും!" ലോകം അനന്തശിച്ചില്ല. അങ്ങനെ അദ്ദേഹം ഗണിതശാസ്ത്രജ്ഞന്മാരെ തോല്പിച്ചു.

മറ്റൊരുകഥ. കോട്ടയത്തെ ഏറ്റവും വലിയ അഭിഭാഷകപ്രമാണി നമ്പൂതിരിയെ കോടതിയിൽ വിസ്തരിക്കുകയായിരുന്നു. നമ്പൂതിരിയല്ലേ, കുറെ കളയാക്കാം, എന്നുവിചാരിച്ചായിരിക്കണം അദ്ദേഹം പല ചോദ്യങ്ങൾചോദിച്ചു നമ്പൂതിരിയെ കുഴയ്ക്കാൻശ്രമിച്ചു. ഒരു ചോദ്യത്തിനുത്തരമായി, അളിന്റെ മുഖഭാവംകണ്ടു് അയാളുടെ അന്തർഗതം തൻ മനസ്സിലാക്കി എന്നു നമ്പൂതിരി പ്രസ്താവിച്ചു. മുഖഭാവംകണ്ടാൽ മനസ്സിലുള്ളതു മനസ്സിലാക്കാമോ എന്നായി വക്കീൽ. ആക്കാം എന്നു നമ്പൂതിരി. എന്നാൽ ഈ കോടതിയിൽ ഇരിക്കുന്ന ഓരോരുത്തരുടെയും മനസ്സിലുള്ളതു് പറയണം എന്നു വക്കീൽ ആവശ്യപ്പെട്ടു. കോടതിയുടെ അനുവാദം ഉണ്ടെങ്കിൽ പറയാം എന്നു് അദ്ദേഹം ഉത്തരംനൽകി. കോടതി അനുവദിച്ചു ഇതു കേട്ടപ്പോൾ ഒരു അഭിഭാഷകൻ ഈ നമ്പൂതിരിയെ കളിപ്പിക്കാനായി ഇതുവരെ അസംബന്ധങ്ങൾ ചോദിക്കുന്നുണ്ടല്ലോ, എന്നുവിചാരിച്ചുള്ള അജ്ഞതയും വക്കീലിനെക്കുറിച്ചുള്ള പുച്ഛവുംആണ് കോടതിയിലുള്ളവരുടെ മനസ്സിൽ ഉള്ളതെന്നു നമ്പൂതിരി അറിയിച്ചു. വക്കീൽ വിസ്താരം നിർത്തിയതിനുശേഷം പിന്നീടു നമ്പൂതിരിയോടു ക്ഷമായാചനം ചെയ്തതും കേട്ടിട്ടുണ്ട്.

കുമരനല്ലൂർ ദേവി അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ!

★

നവുകഥ

നരവംശശാസ്ത്രഗവേഷണശാല

അന്ധപഞ്ജരങ്ങളുടെ കഥ

★

കെ. ഗോപിനാഥൻ, പുള്ളം.

ആ രാത്രിയിൽ ഞാൻ ഗവേഷണശാലയിൽ ഏകനായിരിക്കുകയാണ്. എന്റെ സമീപത്തായി പലതരം ജന്തുക്കളുടെ ശവശരീരങ്ങൾകണ്ണാടിക്കൂട്ടിലാക്കിവച്ചിട്ടുണ്ട്. അസ്ഥിപഞ്ജരങ്ങളും എല്ലിൻകൂട്ടങ്ങളും നിരനിരയായി അടുക്കി ഒരിടത്തു സ്ഥാപിച്ചിരിക്കുകയാണ്. പലജാതിയിലുള്ള മനുഷ്യശരീരങ്ങളുംമരുന്നിട്ടു ദ്രവിക്കാതെ ഭദ്രമായി കണ്ണാടിക്കൂട്ടിൽ അടക്കിവച്ചിട്ടുണ്ട്. കംപ്പിരിമുതൽകാമദേവനെപ്പോലെയുള്ളവർവരെ ആ കൂട്ടത്തിൽ ഉൾപ്പെട്ടും. റിശൂലമായ ആ മുറിയുടെ ഭിത്തികളിൽ നിറയെ പലതരം ചിത്രങ്ങളുണ്ട്. നഗ്നമായ പരമാർത്ഥങ്ങളേയും സത്യങ്ങളേയും വിളിച്ചുപറയുന്ന ചിത്രങ്ങളാം. മനുഷ്യശരീരശാസ്ത്രത്തിന്റെ വിവിധ ഏടുകളെപ്പറ്റി പ്രതിപാദിക്കുന്ന ചിത്രങ്ങളുണ്ട് അവ.

ചുറുചുറുപ്പോടുകൂടി നോക്കിയാൽ ഭീകരതോന്നും. വൈദ്യുതദീപപ്രഭയിൽ മിന്നിത്തിളങ്ങുന്ന അസ്ഥിക്കഷണങ്ങളും കാണുമ്പോൾ നിറഞ്ഞ നിലാവിൽ പൊതിഞ്ഞ ശ്മശാനത്തേയാണ് ഓർമ്മയിൽ വരിക. ഒരുകാലത്തു ജീവനും തേജസ്സുമുണ്ടായിരുന്ന ചലനവസ്തുക്കൾ പ്രാണശൂന്യമായി ഇരുന്നിട്ടുണ്ട്. ഇന്നു രക്തവും മാംസവും അവകളെ വിട്ടുപിരിഞ്ഞുവെന്നു മാത്രം. എന്റെ അടുത്തുവച്ചിരിക്കുന്ന അലമാരിനിറയെ ഗ്രന്ഥങ്ങളുണ്ട്. നരവംശത്തെപ്പറ്റി പണ്ഡിതന്മാർ എഴുതിയിട്ടുള്ള പുസ്തകങ്ങളുണ്ട് അവ. ആദിമചരിത്രംമുതൽ ഇന്നലെവരെയുള്ള കാര്യങ്ങളും അവകളിൽ ഉണ്ട്. മനുഷ്യന്റെ പാരമ്പര്യത്തിനേറെയും പരിണാമത്തിനേറെയും വിപുലമായ ചരിത്രവും അവനു് ഇന്നലെയോളമുണ്ടായിട്ടുള്ള പരിവർത്തനവിശേഷവും ആ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ പുസ്തകങ്ങളുടെ ഒരോ ഇതളുകളും ഞാൻ കണ്ടിട്ടുള്ളവയാണ്. സൂക്ഷ്മമായി പഠിച്ചിട്ടും ഉണ്ട്. അവയിൽ പ്രതിപാദിച്ചിരിക്കുന്നതുകൂടാതെ മനുഷ്യനെ ബാധിക്കുന്ന വല്ലതും ഉണ്ടോ? ഉണ്ടെങ്കിൽ അതാണ് എന്റെ ഗവേഷണം മൂലം വെളിപ്പെടേണ്ടതു്.


ഞാനിരിക്കുന്നതിന്റെ സമീപത്തായി രണ്ടു് അസ്ഥിപഞ്ജരങ്ങളും ഉണ്ട്. രണ്ടു കുരങ്ങന്മാരുടേതാണ് അവ. അവയുടെ തലയോടുകൾ കണ്ടാൽ പരിണാമവിശേഷംകൊണ്ടു വളർന്നുവെന്നു് അഭിമാനിക്കുന്ന മനുഷ്യനെ നോക്കി പരിഹസിക്കുകയാണോ എ

ന തേന്നിപ്പോകും. അതിൽ ഒന്ന് രു ആൺ കുരങ്ങിന്റേതും മറ്റേത് രു പെൺകുരങ്ങിന്റേതുമാണ്. ര ിന്റേയും മദ്ധ്യത്തിലായി 'മരണ രിനേപോലും അകറ്റുവാൻവയ്യാത്ത ണ ജീവികം' എന്ന് ആംഗലഭാ ിയിൽ എഴുതിയച്ചിട്ടുണ്ട്.

ആ അസ്ഥിപഞ്ജരങ്ങളുടെ പി ന്നിൽ ഒരു ചെറുചരിത്രമുണ്ട്. എ ന്റെ സഹപ്രവർത്തകനായ പ്രഭ പറ ഞ്ഞ ആ കഥ എന്റെ ഓർമ്മയിൽ വ ന്നു. പ്രഭയും ഗവേഷണശാലയുടെ മുൻ ഡയറക്ടറായിരുന്ന ഒരു സായി പ്പുംകൂടി മൃഗയാവിനോദത്തിനു പോ യിരുന്നു. എട്ടുപത്തു വർഷങ്ങൾക്കു മുൻപുനടന്ന സംഭവമാണിത്.

നീലിമയേറിയ അംബരത്തിലേക്കു നീണ്ടുനിൽക്കുന്ന നീലഗിരിമലകളുടെ പച്ചവിരിച്ച മുട്ടുകുന്നുകളെ പിന്നിട്ടുകൊണ്ട് അവർ നടന്നു. മലവാ സികളുടെ സഹായത്തോടുകൂടി വന്യ മൃഗങ്ങളുടെ ഉപദ്രവം അധികം ഉണ്ടാ കാത്ത സ്ഥലം കണ്ടുപിടിച്ച് പ്രഭയും സായിപ്പുംകൂടി ഒരു ചെറുകുടാരമുയർ ത്തി. പത്തുപതിനെയും തവണ വെ ടിതീരുന്ന വലിയതോക്കുകളും കൈ ത്തോക്കുകളും അവരുടെപക്കൽ സദാ സമയവും തയ്യാറായിട്ടുണ്ടായിരുന്നു. സായിപ്പിനു വേട്ടയെന്നു പറഞ്ഞാൽ ജീവനു തുല്യമാണ്. ഊണും ഉറക്കവു മുപേക്ഷിച്ച് വേട്ടയ്ക്കുവേണ്ടി കാത്തു കെട്ടിക്കിടന്നുകൊള്ളും. സായിപ്പി ന്റെ കണ്ണിൽപെടുന്ന ഒരു ജന്തുവും ജീവനോടുകൂടി തിരിച്ചുപോവുകയില്ല. സായിപ്പിന്റെലക്ഷ്യം പിഴയ്ക്കാറില്ല. ഉന്നവും തെറ്റുകയില്ല. വെടിവെ ച്ചാൽ കണക്കിനുകൊണ്ടതുതന്നെ. ഉ ടിച്ചാൽ അസ്ഥിക്കുന്തുവരെയും അ സ്ഥിച്ചാൽ ഉടിക്കുന്തുവരെയും സാ യിപ്പിനു വേട്ടയെപ്പറ്റിമാത്രമേ ചിന്ത യുള്ളൂ. നിരപരാധികളായ നിരവധി ജന്തുക്കളും സായിപ്പിന്റെമുമ്പിൽ മുട്ട കുത്തിവീണിട്ടുണ്ട്, അവരുടെ ക്രൂരം സ്ഥിതിചെയ്യുന്ന കുന്നിന്റെ പ ശ്ചിമഭാഗത്തായി ഒരു വലിയ മല യുണ്ട്. ആ മലയുടെ പാദത്തെ ചുംബിച്ചുകൊണ്ട് ഒരു കൊച്ചു കാട്ടാ റ് താഴ്വരയിൽക്കൂടി താഴോട്ട് പ്രവ ഹിക്കുന്നുണ്ട്. ആറിനപ്പുറമുള്ള കു ന്നുകളിലാണ് വന്യമൃഗങ്ങൾ അധി കവും അധിവസിക്കുന്നതു്. ഇപ്പുറ ത്തേക്കു കടക്കുവാൻ അവകാശമില്ല് വള രെപ്രയാസമാണ്. മലവാസികൾ കെട്ടിയുണ്ടാക്കിയ തടിപ്പാലങ്ങൾവഴി ആറിനപ്പുറത്തെയ്ക്കു നിഷ്പ്രയാസം കടക്കുവാൻ കഴിയും. ആവശ്യമനുസ രണം എടുത്തുവയ്ക്കുവാനും മാറുവാനും സാധിക്കുന്ന ഒരു പാലമാണ് അതു്. ഏതുസമയത്താണ് സായിപ്പു വേട്ടയ്ക്കു പുറപ്പെടുന്നതു് എന്നു നിശ്ചയമില്ലാത്തതുകൊണ്ട് സായിപ്പ് വ ന്നാൽ പോരുന്നതുവരെ ആ പാലം മാറുകയില്ല.

അന്ന് നേരം പ്രഭാതമായി. ആദ്യ ത്തെവേട്ടയ്ക്കുള്ള പുറപ്പാടാണ്. മല വാസികളായ രണ്ടുപേർ വഴികാട്ടിക ളായി കൂടെയുണ്ട്. വെടിക്കോപ്പുക ളും ആഹാരസാധനങ്ങളും അവരുടെ




പ്രസിഡൻറ് ഐസൻഹവർ ഒരു സിംഹത്തോടൊപ്പം. ഇൻഡ്യയിൽനിന്നു ഇറക്കുമതിചെയ്ത കുന്നുകലിവർഗ്ഗത്തിന്റെ ഒരു സന്താനമാണിവൻ. ചുവന്ന സിന്ധികളും അമേരിക്കൻ ജെഴ്സി പശുക്കളുമായി കലർത്തി ഒരു നല്ല ഇനം കാലിവർഗ്ഗത്തിനെ കണ്ടുപിടിക്കുന്നതിനു മുമ്പ് നടത്തിവരികയാണിപ്പോൾ.

വക്കൽതന്നെയാണ്. നിറതോക്കു നീ ട്ടിപ്പിടിച്ചുകൊണ്ട് സായിപ്പാണ് എ ല്ലാവരുടേയും മുൻപിൽക്കൂടി നടക്കു ന്നതു്. വേട്ടനായ്ക്കളും മണത്തുകൊണ്ട് മുന്നോട്ടു പായുകയാണ്. അവർ മല യുടെ അടിഭാഗത്തോളമെത്തി. അ വിടെ, ഒരു വലിയ പാറക്കൂട്ടമുണ്ട്. ഏറ്റവും ഉയരംകൂടിയ ഒരു പാറയു ടെമുകളിൽ സായിപ്പും പ്രഭയും ഇരി പ്പുറപ്പിച്ചു. അവിടെയിരുന്നാൽ നീ ണ്ടുനോക്കിനിൽക്കുന്ന വ്യവനിരക ളേയും ചക്രവാളസീമയെ തലോടി ക്കൊണ്ട് ഉയർന്നുവരുന്ന ഭസ്മുരമ്പിം ബത്തേയും വ്യക്തമായി കാണാം. വ നതടിനി വെള്ളരുകൾ ചിതറി വീ ഞ്ഞിരിച്ചുകൊണ്ട് പാഞ്ഞോടി ലജ്ജാ വിവശയായി പ്രവഹിക്കുകയാണ്. അ വളുടെ അഴകെഴുന്ന ഒഴുക്ക് ആ മല ഞ്ഞെരുവിനെ കിക്കിളിയിട്ടുകൊണ്ടിരു ന്നു. ആ വനകന്യകയുടെ മുലമേനി യിൽ പ്രകൃതി രൂപപ്പിച്ചിരുന്ന മുടൽ മറയ്ക്കുന്ന മൂടുപടം പ്രഭാതഭാസ്കര കരങ്ങൾ പ്രണയപൂർവ്വം മെല്ലെ മെല്ലെ മാറിക്കഴിഞ്ഞിരുന്നു. ചാര പാടം നോക്കിക്കൊണ്ട് ജന്തുഹിംസാ തല്പരനായിരുന്ന സായിപ്പ് പറഞ്ഞു പോയി "എന്തു മനോഹരമായിരിക്കു ന്നു?" എന്ന്.


ആ പാറക്കൂട്ടത്തിന്റെ സമീപ ത്തായി ഉയരംകൂടിയ നാലഞ്ചു വൃക്ഷ ങ്ങളും അടുത്തടുത്തു നിൽപുണ്ട്. അ വകളുടെ ശിഖരങ്ങളും പടർന്നു പന്ത ലിച്ചുകിടക്കുകയാണ്. മകളിലേയ്ക്കു നോക്കിയാൽ പച്ചകൊണ്ടുള്ള ഇലത്ത മാത്രമെ കാണുവാനുള്ളൂ. വനിതാ കൊടുങ്കാറ്റ് ആഞ്ഞടിച്ചുലയ്ക്കും ആ ക്രൂരൻമരങ്ങൾക്ക് യാതൊരു ഇള ക്കവും സംഭവിക്കുകയില്ല. സകല ചരാചരങ്ങളേയും വെല്ലുവിളിച്ച് ആ കാശത്തിലേയ്ക്കു പൊങ്ങിനിൽക്കുന്ന ആ നിലയ്ക്ക് ഒരു അന്തസ്സുണ്ട്. വേ ട്ടനായ്ക്കളും കുരച്ചുകൊണ്ടും മുരമുരത്തു കൊണ്ടും ആ വൃക്ഷങ്ങൾക്കു വട്ടമിട്ടു നടന്നു. ക്രമേണ്ണുടെ അവ മുകളിലേ യ്ക്കു് നോക്കുന്നുമുണ്ട്. സായിപ്പിന് കാര്യം മനസ്സിലായി. സായിപ്പിന്റെ ആജ്ഞയനുസരിച്ച് വേട്ടനായ്ക്കളും അങ്ങോട്ടെത്തന്നെ നിന്നു. ആ വൃ ക്ഷങ്ങളുടെ നടുവിൽനിൽക്കുന്ന ഉയ രംകൂടിയ വന്മരത്തിൽ രണ്ടു പൊന്മാ ൻകരിങ്കുരങ്ങുകളും ഉണ്ട്. മനുഷ്യരു ടെമണംകിട്ടിയാൽ മാറിക്കളയുന്ന കൗശലക്കാരാണ് അവയെന്നു് ക്രമേ യുള്ള മലവാസികളിൽനിന്നും സായി പ്പുമനസ്സിലാക്കി. മലവാസികളോടു് നായ്ക്കളേയുംകൊണ്ട് വളരെദൂരെ പോയിനിൽക്കുവാൻ പറഞ്ഞിട്ട് സാ യിപ്പും പ്രഭയുംകൂടി പാറക്കൂട്ടത്തിനിട യിലേക്കു മറഞ്ഞിരുന്നു. അവർക്ക് ആ വന്മരം വളരെ വ്യക്തമായിക്കാണാം. പക്ഷെ ആ മരത്തിലിരുന്നവരെ നോക്കി യാൽ അവരെ ഒരുവിധത്തിലും കാ ണുവാൻ സാധിക്കുകയില്ല. രണ്ടു ത ടിയൻകുരങ്ങുകളും ഒരു ശിഖരത്തിൽ സുഖം അരക്കനം ഇരിക്കുകയാണ്. വലുപ്പംകൂടിയതു് ആൺകുരങ്ങാണ്. ദേഹമാസകലം കറുത്തു് നീണ്ട രോമങ്ങൾ ജല്പായിരുന്നുവെങ്കിൽ ഒരു മനുഷ്യനാണിരിക്കുന്നതു് എന്നുമാത്രമെ തോന്നുകയുള്ളൂ. മനുഷ്യന്റെ പരി ണാമത്തിന്റെ പൂർവ്വകാലചരിത്രങ്ങൾ സായിപ്പിന്റെ മസ്തിഷ്കത്തിൽക്കൂടി ഒരു മിന്നൽപ്പിണർപോലെ പാഞ്ഞു. തങ്ങളുടെ പൂർവികന്റെ മോഷ്ടിത ങ്ങളും കണ്ടുകൊണ്ട് അവർ അവിടെ ത്തന്നെ ഇരുപ്പുറപ്പിച്ചു.

ആ വാനരങ്ങളുടെ മുകളിലേ അവരുടെ രാജ്യമാണ്. അവിടത്തെ രാജാവും രാജ്ഞിയും അവരാണ്. ചാഞ്ഞാടുന്ന പൂത്തുപുഷ്പങ്ങളും അവർ വെഞ്ചാമരം വീശുകയാണ്. വൃക്ഷ ങ്ങളുടെ ഉച്ചത്തിൽ ചേക്കേറിയിരിക്കുന്ന പറവകളുടെ കൂജനമാണ് അവരുടെ കാഹളം. വളരുള്ള വൃക്ഷശിഖ രങ്ങളും അവരുടെ സിംഹാസനങ്ങളാ ണ്. ഇടതിങ്ങിനില്പുന്ന ഇലക്കൂ ട്ടങ്ങളും പച്ചവിരിച്ച പരവതാനിയു ണ്ട്. ആ സാമ്രാജ്യത്തിൽ അവ രുടെ അധീശശക്തിയെ ചോദ്യംചെയ്യു വാൻ ആരും മുതിർന്നിട്ടില്ല. നീണ്ടു വന്നുകിടക്കുന്ന കരുത്ത കൊമ്പുകളും ചികഞ്ഞുകൊണ്ട് ആൺകു രങ്ങൾ ഇരിക്കുകയാണ്. ഒരു തരം വലിയ ആലോചനയിൽപ്പെട്ട് നിപുണതിക ളും കണ്ടുപിടിക്കുന്നെന്നവണ്ണം ഇട യ്ക്കിടയ്ക്കു തലയിൽ ചൊറിയുന്നുമുണ്ട്. പച്ചിലകളെ കിക്കിളിയിട്ടുകൊണ്ടു് സാവധാനമായി വീശുന്ന മന്ദമാരുത നാശ്വസിക്കുവാനായി ക്രമേണ്ണുടെ തലയുയർത്തിപ്പിടിച്ച പശ്ചിമചക്രവാ ളസീമയിലേക്ക് അവൻ നോക്കുകയാ ണ്. പിൻഗാമികൾക്ക് പുഞ്ചിരിക്കു വാനും പൊട്ടിച്ചിരിക്കുവാനുമുള്ള തിന്റെ പ്രാരംഭമെന്നോണം അവ ന്റെ മുഖത്തു് ഒരു പ്രസന്നത ഒളി വെട്ടി. മൃദുലമായ ഒരു ശബ്ദം അവനി പുറപ്പെടുവിച്ചു. അകലെയിരുന്നി ന്ന പെൺകുരങ്ങ് അവിടെനി ന്നും ഇളകി നാനംകുണുങ്ങിക്കൊണ്ടു സാവധാനമായി കമിതാവിന്റെ സ മീപമെത്തി. ആ വാനരങ്ങളുടെ വദനങ്ങളും അന്യോന്യം അടുത്തു. അതു് പ്രകൃതമായ ചുംബനത്തിനു വേണ്ടിയാണ്. ആ ചുംബനത്തിനു പരിണാമം സിദ്ധിച്ചിട്ടില്ല. അതി ന്റെ പിന്നിലുള്ള ഹൃദയങ്ങളിൽ നി ഷ്കളങ്കപ്രേമം നിറഞ്ഞു നില്പുകയു ണ്ട്. കരുത്തു തടിച്ച കരങ്ങൾ കൊണ്ട് അവൻ തന്റെ പ്രേയസി യെ മാറോടണച്ചു. അവളും ആനന്ദ ത്തിരത്തള്ളലിൽ തന്നെ കണ്ണടച്ചുപോ യി. അവന്റെ കരുത്തിരുണ്ട രോമങ്ങളുടെ ഇടയിൽക്കൂടി തന്റെ കൈകളും ധൃതഗതിയിൽ ചലിപ്പിച്ചു കൊണ്ട് അവളും എന്തൊക്കെയോ തപ്പിപ്പെറുക്കി ഞെരിച്ചുകളയുവാൻ തുടങ്ങി. അവന്റെ രോമങ്ങൾക്കു നവമായ ഒരു കരുത്തു് ഉണ്ടായി. അത്യുഷ്മമായ ഒരു ശബ്ദം അവളും പുറപ്പെടുവിച്ചു. അവനും ഒരു ശബ്ദം പുറപ്പെടുവിച്ചു. ആശയവിനിമയം ചെയ്യുവാനുള്ള ആദ്യത്തെ പരിശ്ര മിങ്ങനെയാണെന്നു പാറക്കൂട്ടത്തിനി യിൽ മറഞ്ഞിരിക്കുന്ന സായിപ്പിനു പ്രഭയ്ക്കും തോന്നിയിരിക്കണം. ഒരു പക്ഷെ ആസന്നമായ ആപത്തിനെ ക്കുറിച്ചുള്ള മുന്നറിയിപ്പ് അന്യോന്യം നൽകിയതായിരിക്കാം. അവർ ഭയ പ്പെട്ട് നാലുപാടും നോക്കി. സായി പ്പ് ഇരിക്കുന്നിടത്തുനിന്നും ഒന്നിളകി തോക്കുചൂണ്ടി. മനുഷ്യന്റെ ബുദ്ധി തും വർഷങ്ങളിലുള്ള പരിണാമവിശേ

കിളിരൂർക്ഷേത്രത്തിലെ സ്വർണ്ണധ്വജപ്രതിഷ്ഠ



പ്രതിഷ്ഠയ്ക്കുശേഷം



പ്രതിഷ്ഠയ്ക്കുള്ള വൃക്ഷപരിക്ഷണം പ്രതിക്ഷിണമായ ധ്വജത്തിന്റെ ചുവട്ടിൽ

ത്ത ഉച്ചൈസ്സരം ഉൽഘോഷിച്ചു
ണ്ടെ സായിപ്പിന്റെ കയ്യിലുള്ള
ക്ഷ് ഒന്നരണ്ടാവർത്തി ശബ്ദിച്ചു.
ിങ്കുരങ്ങിന്റെ ഭയനീയമായ കര
ലിന്റെ നാദം അവിടെ മാറ്റൊ
ക്കൊണ്ടേ. ആൺകുരങ്ങ് തലകു
ി താഴേയ്ക്കുവീണ പിടയ്ക്കുവാൻ തു
ങ്ങി. അതിന്റെ ചലനശക്തി അ
സാനിച്ചു.....സായിപ്പും പ്രഭയും
രങ്ങിന്റെ സമീപമെത്തി. അ
ിച്ച ശവശരീരത്തിന്മേൽ കാൽ
വുട്ടിക്കൊണ്ട് സായിപ്പ് സപ്രഭയേ
നിന്നു. ജീവനുള്ളപ്പോൾ അതി
ന്റെ സമീപത്തു ചെല്ലുവാൻ ആ ശാ
വിടന്ന ഭയമായിരുന്നു! ഉടൻ
ന്നെ അതിനെ എടുത്തുകൊണ്ട് ക്ര
രത്തിലേയ്ക്കു പോകുവാൻ മലവാ
കികളോട് സായിപ്പ് ആജ്ഞാപിച്ചു.
പ്രഭയുടെ കൈത്തണ്ടിൽ തെളിഞ്ഞ
ലക്ഷ്യ ജലകണങ്ങളും മുകളിൽനി
ം വീണു. പ്രഭ മുകളിലേയ്ക്കു
നോക്കി—പൊൺകുരങ്ങ് ശിഖരങ്ങള
ടെ ഇടയിൽ മറയുന്നതു പ്രഭ വ്യക്ത
മായി കണ്ടു.....

ചത്ത കുരങ്ങിന്റെ ശരീരം ക്രൂരത
തിന്റെ ഒരു കോണിൽ ഇട്ടിരിക്കുക
യാണ്. അന്നു രാത്രി സായിപ്പ് സു
ഖമായി ഉറങ്ങി. പരിഷ്കാരത്തിന്റേ
യും സദാചാരത്തിന്റേയും പുരോഗതി
യുടേയും മൂർത്തീകരണമായ സായിപ്പ്
കിടക്കയിൽ ക്രൂരംവലിച്ചുകൊണ്ട് കി
ക്കുകയാണ്. നിറതോക്ക് സമീപ
ത്തുതന്നെ വച്ചിട്ടുണ്ട്. ഒരു മങ്ങിയ
വിളക്ക് അതിനുള്ളിൽ പ്രകാശിച്ചു
കൊണ്ടിരുന്നു. സമയം അർദ്ധരാത്രി
യോടടുത്തുകാണും .....ക്രൂരം
ആകമാനം കിടന്ന് ഇളകുവാൻ തുട
ങ്ങി. അതിന്റെ ഉലച്ചിൽ സായി
പ്പിന്റെ നിദ്രയെ ഭംഗപ്പെടുത്തി.
പുറത്തുനിന്ന ആരോ അകത്തേയ്ക്കു ക
ടക്കുവാൻ ബലം പ്രയോഗിക്കുകയാ
ണെന്നു സായിപ്പിനു മനസ്സിലായി.
നിറതോക്കുനീട്ടിക്കൊണ്ടു സായിപ്പ്
പുറത്തേക്കുചെന്നു. അന്ധകാരത്തെ
ലക്ഷ്യമാക്കി തോക്ക് ഒന്നരണ്ടുതവണ
ശബ്ദിച്ചു. നിശയുടെ നിശ്ശബ്ദതയെ
ഭേദിച്ചുകൊണ്ട് കുരങ്കുരങ്ങിന്റെ ദീ
നരോദനം അവിടെങ്ങും മാറ്റൊലി
കൊണ്ടേ. സായിപ്പ് ശബ്ദം കേട്ടതി
ന്റെ സമീപത്തേയ്ക്കുചെന്നു. പകൽ
കണ്ട പൊൺകുരങ്ങ് അവിടെ കിട
ന്നു പിടയ്ക്കുകയാണ്. തോക്കിന്റെ
അഗ്രംകൊണ്ട് കനത്ത ആ ദേഹത്തു
തട്ടി സായിപ്പ് ഒന്നു പൊട്ടിച്ചിരിക്ക
കുമായും ചെയ്തു ... ...വാനരങ്ങളുടെ
ശവശരീരങ്ങളും കണികണ്ടുകൊണ്ടാ
ണ് പ്രഭ പ്രഭാതത്തിൽ ഉണർന്നതു്.
തടിച്ചുകൊഴുത്ത ആ മാംസപേശികളും
കൈത്തുള്ള അസ്ഥിക്ഷണങ്ങളും
മാത്രം വേർപെടുത്തി പ്രത്യേകം സൂ
ക്ഷിക്കുവാൻ വേണ്ട ഏർപ്പാടുകളും സാ
യിപ്പുചെയ്തു. ഒന്നരണ്ടു ദിവസങ്ങ
ൾക്കുടി കഴിഞ്ഞു് സായിപ്പ് ഗവേഷ
ണശാലയിലേയ്ക്കു മടങ്ങി. ആ എ
ല്ലിൻക്രമങ്ങളും വേണ്ടവിധം ശരിപ്പെ
ടുത്തി കുരങ്ങുകളുടെ ആകൃതിയിൽ
തന്നെ ഗവേഷണശാലയിൽ അ
ടുത്തടുത്തു സ്ഥാപിച്ചു. ഇതാണ് അ
സ്ഥിപഞ്ജരങ്ങളുടെ പിന്നിലുള്ള
ചരിത്രം.

ഞാൻ ആ എല്ലിൻക്രമങ്ങളെ ഒന്നു
കൂടി സൂക്ഷിച്ചുനോക്കി. പരിണാമം
സിദ്ധിച്ചിട്ടില്ലാത്ത പൂർവികരുടെ അ
സ്ഥിപഞ്ജരങ്ങളെ അവ അനുസ്മരി
പ്പിക്കുകയാണ്. "മരണത്തിനുപോ
ലും അകറ്റുവാൻവയ്യാത്ത ഇണജീവി
കം", കറുത്ത തകടിലുള്ള വെളുത്ത
ആ അക്ഷരങ്ങൾ വളരെ വ്യക്തമാ
യി കാണാം. എങ്ങും സർവ്വത്ര നിശ
ബ്ദത. മലഞ്ചീവീടുകളുടെ കാതടപ്പി
ക്കുകയുന്ന ശബ്ദം മാത്രം ആ നിശ
ബ്ദതയിൽ ഇടയ്ക്കിടയ്ക്കു പൊന്തിവ
ന്നുകൊണ്ടിരുന്നു. മേശമേൽ കയ്യ്
വച്ച് ശിരസ്സ് അതിന്മേൽതാങ്ങി ഉ
ഴറായി ഇരുന്നുകൊണ്ട് ചിന്തിച്ചു
നോക്കി—ചിന്ത മുന്നോട്ടു നീങ്ങുന്നി
ല്ല. ഒരു പിടിയും കിട്ടുന്നമില്ല.....
ഒരു മയക്കംബാധിച്ചതുപോലെ എനി
ക്കുതോന്നി.....

.....ഞാൻ ഏകനായി വിശാലമാ
യ ആ മൈതാനത്തിൽക്കൂടി നടന്നു
പോവുകയാണ്. വെള്ളവിരിച്ചിരി
ക്കുന്ന പൊടിമണലിൽക്കൂടി എന്റെ
കാൽ മുന്നോട്ടു നീങ്ങുവാൻ പ്രയാസ
പ്പെടുന്നുണ്ട്. ചുറ്റുപാടും അസ്ഥി
കൂട്ടങ്ങളും നിറഞ്ഞു കിടക്കുകയാണ്.
അങ്ങിങ്ങായി പൊങ്ങിക്കിടക്കു
ന്ന എല്ലിൻകഷണങ്ങളുടേയും ത
ലയോടുകളുടേയും ക്രൂരാരങ്ങൾകണ്ടാൽ
ഭയംതോന്നും. ഞാൻ എന്റെ നട
പ്പിനു് വേഗംകൂട്ടി. പക്ഷെ കാലു
കൾ മുന്നോട്ടു നീങ്ങുന്നില്ല. കണ്ണുമ
ഞ്ഞിപ്പിക്കുന്ന ഒരു പ്രകാശം എന്റെ
മുമ്പിൽ കേന്ദ്രീകരിച്ചുനില്ക്കുന്നതായി
എനിക്കനുഭവപ്പെട്ടു. അതു് രണ്ടായി
പിളർന്ന് ഓരോ ഭാഗവും രണ്ടു് അ
സ്ഥിപഞ്ജരങ്ങളായി മാറി. അവ
മെല്ലെ ചലിക്കുവാൻതുടങ്ങി. എന്റെ
സമീപത്തേയ്ക്കു് അവ നീങ്ങുവാൻ
ആരംഭിച്ചു. എനിക്ക് വശംകെട്ട് നില
വിളിക്കണമെന്നുതോന്നി. പക്ഷെ
ശബ്ദം പുറത്തുവന്നില്ല. ആ അസ്ഥി
പഞ്ജരങ്ങൾ എന്റെമുമ്പിൽ നൃത്തം
വയ്ക്കുകയാണ്. ഞാൻ ആ നിന്ന
നിലയിൽത്തന്നെ നിന്നുപോയി.....
അവയുടെ ഇളകിമറിച്ചിലുകൾ അവ
സാനിച്ചു....."ജന്തുക്കളുടെ പരിണാ
മവിശേഷവും വംശശാസ്ത്രവും പഠിക്ക
വാൻ പൂർപ്പെട്ടിരിക്കുന്ന മായാമയ
മനുഷ്യാ! നീ ആദ്യമായി നിന്നെത്ത
ന്നെ മനസ്സിലാക്കുക. നിനക്കു മന
സ്സിലാകുന്നില്ലെങ്കിൽ വാനരന്മാരായ
ഞങ്ങളെപ്പോലെ സ്നേഹിക്കുവാനെങ്കി
ലും പഠിക്കുക. വന്മരത്തിന്റെ മുക
ളിൽ ചാഞ്ചാടിക്കൊണ്ടിരുന്ന എന്നേ
യും അന്ധകാരത്തിന്റെ നടുവിൽ എ
ന്റെ മൃതശരീരമെങ്കിലുംകണ്ട് സ്നേഹ
പൂർവ്വിയടയുവാൻ പാഞ്ഞുവന്ന എന്റെ
പ്രേയസിയേയും വെടിയുണ്ടകൊടുക്കി
യാക്കിയ ആ ദ്രോഹിയുടെ വംശത്തി
ൽപിറന്ന മനുഷ്യ! നീ നോക്കു, സൂക്ഷി
ച്ചുനോക്കു!—ആ ജന്തുവംശശാസ്ത്ര
തീർത്ഥഗ്രന്ഥാവലിയിലെവിടെയെങ്കിലും
സ്നേഹം എന്നുള്ള രണ്ടക്ഷരം ഉണ്ടോ
എന്ന്?" ഒരു അസ്ഥിപഞ്ജരം എ
ന്നെനോക്കു കൈചൂണ്ടിക്കൊണ്ട് അട്ട
ഹാസിക്കുകയാണ്. ആ വാക്കുകളുടെ
ശബ്ദം എന്നെ ഞെട്ടിപ്പിച്ചു. ഞാൻ
അസ്ഥിപഞ്ജരങ്ങളെ സൂക്ഷിച്ചുനോ
ക്കി. അവയുടെ കഴിഞ്ഞ കണ്ണുക
ളിൽക്കൂടി അത്ഭുതകണങ്ങൾ ധാരധാര
യായി ഒഴുകുകയാണ്....ഒന്നരണ്ടു നി
മേഷംകൂടി കഴിഞ്ഞു. അവ ആലിം
ഗനബദ്ധരായി പിറകോട്ട് ഒന്നിച്ചു
വീണു.....എല്ലിൻക്രമങ്ങളുടെ കില
ക്കം ഞാൻ വ്യക്തമായികേട്ടു.....
എന്റെ കയ്യിൽ എന്തോ ഒന്നു തട്ടിയ
തുപോലെ എനിക്കുതോന്നി.....കണ്ണു
തിരുമ്മിക്കൊണ്ട് ഞാൻ ചുറ്റുപാടും
ഒന്നു നോക്കി—മേശപ്പുറത്തിരുന്ന
താക്കോൽക്കൂട്ടം തട്ടിവീണു കിടപ്പു
ണ്ട്. രണ്ടു് അസ്ഥിപഞ്ജരങ്ങളും
യാതൊരു കുലുക്കവുംകൂടാതെ അവി
ടെത്തന്നെ നിൽക്കുകയാണ്.....
പുറത്തുനിന്നുമുള്ള പ്രകാശം വൈദ്യുത
ദീപപ്രഭയെ ക്രമേണ നിഷ്പ്രഭമാ
ക്കിക്കൊണ്ടിരുന്നു.

—o—

"സിംഹാചലംക്ഷേത്രം"

★

— വി. എസ്സ്. പിള്ള, വൈശാഖ് —

I

പ്രാചീനഭാരതത്തിൽ നില നിന്നുപോന്ന 56-സുപ്രധാന രാജ്യങ്ങളിൽ വിഭവസമൃദ്ധവും, നദീനിവിഡവും, പച്ചക്കുടുകളും കന്നുകളാലും അനുഗ്രഹീതവും, സുശക്തമായ അതിർത്തികളോടുകൂടിയതുമായ കലിംഗരാജ്യം അതിശോഭനമായ ഒരു ചരിത്രം സൃഷ്ടിച്ചിട്ടുണ്ട്. കിഴക്ക് ബംഗാൾ ഉൾക്കടലിനാൽ തഴുകപ്പെട്ട്, പടിഞ്ഞാറ് ഘോരവിപിനങ്ങളാൽ ചുറ്റപ്പെട്ട്, തെക്ക് വിശ്വാമിത്രനദിയാലും 'ചിലാക'ത്തടാകങ്ങളാലും വലയം ചെയ്യപ്പെട്ടിരുന്ന കലിംഗരാജ്യത്തിന്റെ വടക്കൻ അതിർത്തിയത്രേ മുന്നാറിൽപരം മൈൽ ദൈർഘ്യമുണ്ടായിരുന്ന എന്നു പറയുമ്പോൾ ഈ സാമ്രാജ്യത്തിന്റെ വലിപ്പം ഊഹിക്കാവുന്നതാണ്. ആധുനികപരിഷ്കാരങ്ങൾ കണിക്കാൻപോലും സാധിച്ചിട്ടില്ലായിരുന്ന അക്കാലത്തു് ഏറ്റവും വിഭിന്നമായ ജലമാർഗ്ഗഗതാഗത സൌകര്യങ്ങളും, ഒരുന്നത നാവികപ്പടയും കലിംഗസാമ്രാജ്യത്തിന സ്വന്തമായുണ്ടായിരുന്നു. ഇന്ത്യൻ മഹാസമുദ്രത്തിലെ നിരവധി ദ്വീപസമൂഹങ്ങളും ഈ സാമ്രാജ്യത്തിലുൾപ്പെട്ടിരുന്നു. കലിംഗസന്റെ രാജവംശം, ബി. സി. എട്ടാംശതകത്തിലെ വിജയവമ്മന്റെ സിലോണാക്രമണം സംബന്ധിച്ച ചരിത്രരേഖകളും, മഹേന്ദ്രഗിരി, ഔദഗ, പത്മനാഭഗിരി എന്നിവിടങ്ങളിലെ അശോകലിഖിതങ്ങളും, മെഗസ്തനീസിന്റെ ബുദ്ധമതക്കുറിപ്പുകളും, പാണിനിയുടെ വ്യാകരണസൂത്രം, പുരാണേതിഹാസങ്ങളിൽ അങ്ങിങ്ങായുള്ള പ്രതിപാദനങ്ങളും എന്നിവയിൽനിന്നും ആന്ധ്രവംശത്തിന്റെ സമ്പത്തിന്റെയും പ്രതാപത്തിന്റെയും കേരളാദിരാജ്യങ്ങളുമായിരുന്ന കലിംഗരാജ്യത്തിന്റെ അത്യുൽകൃഷ്ടമായ പ്രഭാവിനതാവും പരമയ്യുവും ഗ്രഹിക്കാൻ സാധിക്കുന്നതാണ്.

പുരാതനകലിംഗരാജ്യം മൂന്നുമേഖലകളായിട്ടാണ് തിരിക്കപ്പെട്ടിരുന്നതു്. ഉത്തരമേഖലയെ 'ബലരാമക്ഷേത്രം' എന്നും, തെക്കുള്ളതിനെ 'ഗന്ധമക്ഷേത്രം' എന്നും മദ്ധ്യമത്തെ 'വരാഹക്ഷേത്രം' എന്നും വിളിച്ചുപോന്നിരുന്നു. വരാഹനദിയെ സ്പർശിച്ചിരുന്ന ഈ വരാഹക്ഷേത്രമാണ് ഇന്നത്തെ വൈശാഖ് ഡിസ്ട്രിക്ട്. തന്നെയുമല്ല ഇന്നാട്ടുകാരായ തെലുങ്കർ ഇന്നും സന്ധ്യാവന്ദനത്തിനുപയോഗിക്കുന്ന വരാഹകീർത്തനവും ഇവിടുത്തെ സംബന്ധിച്ചുള്ളതാണ്. അങ്ങനെ ആയിരമായിരം വർഷങ്ങൾ പഴക്കംചെന്ന ഈ വരാഹക്ഷേത്രത്തിലെ വിശ്വപ്രസിദ്ധമായ സിംഹാചലം ക്ഷേത്രമാണ് ഈ ലേഖനത്തിലെ പ്രതിപാദനവിഷയം.

ഈ ദേശത്തിന്റെ അതിപുരാതനകാലംമുതല്ക്കുള്ള ആധിപത്യം വഹിച്ചിരുന്നതു് സൂര്യവംശരാജാക്കന്മാരായിരുന്നു എന്നാണ് ഐതിഹ്യം. അങ്ങനെയാണ് കൊണ്ടഭന്നെയായിരിക്കണം, ആവംശജനെന്നഭിമാനിക്കുന്നവിജയനഗരം മഹാരാജാവിന്റെ സപ്രധിപത്യത്തിൻകീഴിൽ ഇന്നും ഈ ക്ഷേത്രത്തിന്റെ ഭരണം നടന്നുവരുന്നതും. എങ്കിലും ഐതിഹ്യപരമായി പുരാണപ്രസിദ്ധനായ ഗ്രിപുരാന്തകനും, അദ്ദേഹത്തിന്റെ സേനാനായകനും കോട്ടകാവൽക്കാരനുമായ വിശ്വസേനൻ, ആഞ്ജനേയൻ, ഭൈരവൻ, മാധവൻ എന്നിവരുമാണ് ഈദേശം ഇന്നും രക്ഷിച്ചുപോരുന്നതു്. ഇപ്പോൾ ഒരു വൈഷ്ണവക്ഷേത്രമായി കരുതപ്പെട്ടുന്ന ഈ ക്ഷേത്രത്തിലെ നരസിംഹപ്രതിഷ്ഠപണ്ടു് പ്രഹ്ലാദൻതന്നെ നിർവഹിച്ചതാണെന്നതു വിശ്വാസം.

പുരാണങ്ങളും ഇതിഹാസങ്ങളും


അസുരരാജാവായ ഹിരണ്യകശിപുവിന്റെ ക്രൂരതകളും അക്രമങ്ങളും സഹിക്കവയ്യാതായ ദേവന്മാർ ഒന്നടങ്കം ബ്രഹ്മാവിന്റെ നേതൃത്വത്തിൽ വൈകുണ്ഠത്തിലെത്തുന്നു. ചതുരാലകുമാരന്മാരായ 'ജയവിജയ'ന്മാർക്കുപകരം നിയമിതനായ 'സുമുഖൻ', കർമ്മനാഥന്മാരും കാമക്രോധലോഭമോഹങ്ങളിൽനിന്നും വിമുക്തരല്ലാത്തവരുമായ ദേവന്മാർക്ക് ഭഗവൽസന്നിധിയിലേക്കുള്ള പ്രവേശനം നിഷേധിക്കുന്നു. ഒടുവിൽ ബ്രഹ്മാവിനെ ബഹുമാനിച്ച് ദർശനം അനുവദിക്കപ്പെട്ടു. ദേവന്മാർ സങ്കടമുണർത്തിച്ചുകഴിഞ്ഞപ്പോൾ സുമുഖൻറെധിക്കാരപൂർവമായ പെരുമാറ്റത്തിൽ അമർഷംപൂണ്ട ബ്രഹ്മാവു് വിഷ്ണുഭഗവാനോടു് തൽസംബന്ധമായി ആവലാതിപ്പെട്ടു. സുമുഖനു് ഒരു ശിക്ഷയെന്നോണം അവനെത്തന്നെ ഹിരണ്യവധത്തിനു കാരണക്കാരനാക്കിഭവിപ്പിച്ചു് ദേവന്മാരുടെ സങ്കടനിവർത്തിവരുത്തുന്നതാണെന്നു് ഭഗവാൻ ഉറപ്പുനൽകി. ഈ സുമുഖനാണ പിൽക്കാലത്തു് പ്രഹ്ലാദനായി ജന്മമെടുക്കുന്നതു്. ഇങ്ങനെ പ്രഹ്ലാദജനനം മുതൽ ഹിരണ്യവധംവരെയുള്ള പുരാണങ്ങളും മുഴുവൻ ഈ ക്ഷേത്രചരിത്രത്തിന്റെ പിന്നിൽ അണിനിരക്കുന്നുണ്ട്.

ഹിരണ്യവധംകഴിഞ്ഞു് ഭയങ്കരരൂപനായി നിലകൊണ്ട ഭഗവാന്റെ നരസിംഹരൂപത്തിനുമുമ്പിൽ ഭക്ത്യാദരാദരസമന്വിതനായ പ്രഹ്ലാദൻ സ്തുതിഗീതംചൊല്ലി നൃത്തംവയ്ക്കുകയാണ്. ദേവകൾ പുഷ്പവർഷംചൊരിയുന്നു. ബ്രഹ്മമഹേശ്വരന്മാരും ലക്ഷ്മീദേവിയും ദേവഗണങ്ങളും ഭഗവാനെ ചുറ്റിനിന്നു കൃപാകടാക്ഷങ്ങളോടെ നിലയായി. സപ്തസമുദ്രങ്ങളും വിശുദ്ധതടിനികളും അവിടേയ്ക്കൊഴുകി. രക്തപങ്കിലമായ നരസിംഹമൂർത്തിയെ അഭിഷേകംചെയ്യുവാൻ പരിശുദ്ധനാക്കി. സന്തുഷ്ടനായ ഭഗവാൻ പ്രഹ്ലാദനെ 'അഹോബില'യിലെരാജാവായി വാഴിച്ചു്, ലോകരെമുഴുവൻ അനുഗ്രഹിച്ചിട്ടു് അപ്രത്യക്ഷനായി.


ചിരകാലത്തെ ക്ഷേമസമൃദ്ധമായ രാജ്യഭരണംകഴിഞ്ഞു് പ്രഹ്ലാദൻ തന്റെ മകനായ രാജ്യം ഒഴിഞ്ഞുകൊടുത്തിട്ടു് പതിനായിരം വർഷം ഭഗവൽ ദർശനാർത്ഥം വീണ്ടും സിംഹാചലത്തിലെത്തി. വളരെയേറെ ക്ലേശങ്ങൾക്കും സ്തുതിനമസ്കാരങ്ങൾക്കുശേഷം ഒരു മാലതീകുഞ്ജത്തിനുള്ളിൽ ശയിച്ചിരുന്ന ഭഗവാനെ കണ്ടെത്തുകയും ഭക്തിപാരവശ്യംകൊണ്ടു് സ്വപ്നമാനം വേദോച്ചാരണസമന്വിതം നരസിംഹമൂർത്തിയെ സിംഹാചലാദ്രിയിൽതന്നെ പ്രതിഷ്ഠിക്കുകയും ചെയ്തു.

കാലക്രമേലം കഴിഞ്ഞു് ബ്രഹ്മാവിനു് ഒരനുഗ്രഹമുണ്ടായി, വിഷ്ണുഭഗവാനെ ഹിരണ്യവധാർത്ഥം കൈക്കൊണ്ട നരസിംഹരൂപത്തിൽ ഒന്നുകൂടി ദർശിക്കണമെന്നു്. ചതുർമ്മുഖൻ പാലാഴിയിലെത്തി ഭഗവാനോടനുവാദത്തിച്ചു "ഹേ ഭഗവൻ! ഞാൻ അങ്ങയെ വിവിധരൂപങ്ങളിൽ ദർശിച്ചിട്ടുണ്ടു്. എന്നാൽ അങ്ങയുടെ നരസിംഹരൂപം ഒന്നുകൂടി കാണണമെന്നുണ്ടു്. ലോകം വിറപ്പിക്കുന്ന ആ രൂപം കാണുന്നതുമുതൽ ഞാൻ നിരന്തരം ഭയചകിതനായി നിലംപതിച്ചുപോകുന്നു. അതുകയാൽ ശാന്തമായൊരു നരസിംഹരൂപം എനിക്കു കാണിച്ചുതരുമാറാകണം." ഇതു കേട്ടഭഗവാൻ ഭക്തനായ പ്രഹ്ലാദനെത്തന്നെ തന്റെ ശാന്തമയമായ രൂപത്തിൽ ലക്ഷ്മീസമേതനായ ഭാവത്തിൽ സിംഹാചലാഗ്രത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ടെന്നു ചിത്തിരമാസത്തിലെ ശുക്ലപക്ഷത്തിൽ പതിനൊന്നാമത്തെ ദിവസം കുഴിദേവിയുമായുള്ള വിവാഹമഹോത്സവം അവിടെ കൊണ്ടാടുന്നുപോയി ദർശനംനടത്തി തൃപ്തയിക്കൊള്ളണമെന്നും അനുഗ്രഹിച്ചുരുൾ. അങ്ങനെ ബ്രഹ്മൻ സിംഹാചലത്തിലെത്തി വൈകുണ്ഠനാഥന്റെ മാതൃകയിൽ പണിതീർത്തിട്ടുള്ള ക്ഷേത്രത്തിന്റെ ഒത്തമദ്ധ്യത്തായി സ്ഥിതിചെയ്യുന്ന 'ഗർഭാലയ'ത്തിൽ വച്ചു ഭഗവദ്ദർശനം കഴിഞ്ഞു ഉത്സവാദികളിൽ പങ്കുകൊണ്ടു സംപ്രീതനായ സത്യലോകേശ്വരനും മടങ്ങുകയുംചെയ്തു.

ഇതുകൊണ്ടും സിംഹാചലേശന്റെപ്പെരുമയിയുള്ള ഐതിഹ്യങ്ങൾ അവസാനിക്കുന്നില്ല. യുഗങ്ങൾ പലതുകഴിഞ്ഞു. കൃതയുഗം വീണ്ടും വന്നു. ചന്ദ്രവംശജനായ പുരൂരവസ്സ് മഹാരാജാവ് ആകാശമാർഗ്ഗം സഞ്ചരിച്ചു ശ്രീകൈലാസത്തെ ശ്രീവിലാസത്തിൽ കണ്ടു ആനന്ദിക്കുവേ അപ്സരസ്ത്രീയായ ഉർശിയെ ദർശിക്കുകയും അവർതമ്മിൽ പ്രണയബന്ധരായിത്തീരുകയും ചെയ്തു. ഒരു ദിവസം അവർ വിനോദോത്സവം തെക്കേദിക്കിലേയ്ക്കു പുറപ്പെടുവാണമാരംഭിച്ചു. ഏതുണ്ടു സിംഹാചലത്തോടു സമീപിച്ചപ്പോൾ തന്റെ അവരുടെ ആകാശത്തേർ നിന്നുപോയി, കാരണമെന്തെന്നാൽ അതുവരെ കൂടെയുണ്ടായിരുന്ന പുരൂരവസിനോടുള്ള അനുരാഗസമ്പന്നയായ ഉർവ്വശി സിംഹാചലത്തിന്റെ മാഹാത്മ്യചരിതം മുഴുവൻ വിവരിച്ചുകേൾപ്പിക്കുകയും ഭഗവാൻ അങ്ങുകൊണ്ടു



സിംഹാചലം, പ്രവേശനദ്വാരം.




സിംഹാചലം, നാസികയിലൂടെ ഭഗവൽസ്പർശനമേൽക്കുന്നതിനായി ഭക്തൻ ശിരകാലമുരയും മയനിയിരിക്കുന്നു.

ണ്ണനാ സിംഹാചലത്തിൽ ശയി
കൊള്ളുന്നുണ്ടെന്ന അറിയിക്കയും
ചെയ്യു. ഭഗവത്ദർശനംകൊണ്ടു പു
ണ്യിയും നിർവ്വാണപ്രാപ്തിയുണ്ടാകു
ന്നു ഗ്രഹിച്ച രാജാവു് ഉൽപ്രേരിത
നായി ഭഗവാനെ തിരഞ്ഞു പു
റപ്പെട്ടു. ഒടുവിൽ നിരാശനായ പുരു
രവസ് ഒരു ദർശനമുണ്ടാക്കി അ
തിനേൽ കിടന്നുകൊണ്ടു മൂന്നാദിവസ
ത്തെ കൊട്ടാരപ്പം ആരംഭിച്ചു.
നാംദിവസം രാത്രി സ്വപ്നത്തിൽ
ഭഗവാൻ, പുരൂരവസിനോടരുളി അ
രുളിച്ചെയ്തു: "അല്ലയോ രാജാവേ
ഭവാനുകൊണ്ടുപോലും അദൃശ്യമായ എ
ന്റെ ദിവ്യരൂപം ആ കണ്ണിനാലെ
ണ്ടു. ദർശനംനടത്തിയശേഷം ചന്ദ
നക്കുഴമ്പുകൊണ്ടു എന്നെ മൂടിയാലും.
തുടർന്നുമർത്ഥമായി എന്നെ കാണണ
മെന്നു ആഗ്രഹിക്കുന്ന ഭക്തന്മാർക്കു പ്ര
തിവർഷംഈപ്രത്യേകദിവസം അതു
സാധ്യമാകും. അങ്ങിനെ ഒരു ഭക്തൻ
എന്നെപ്രതീക്ഷിച്ചിരിക്കുന്ന ചന്ദനം
മാറുന്നപക്ഷം വീണ്ടും ചന്ദനവും
പുഷ്പനൈവേദ്യവുംകൊണ്ടു" എന്നെ
പൂജിക്കേണ്ടതാണ്".''

ഇതുകേട്ട് ആഹ്ലാദപരവശനാ
യ പുരൂരവസ് ഭഗവാനെ ഒരു മൺ
പുറ്റിനുള്ളിൽ കണ്ടെത്തുകയും പാലു
കൊണ്ടു അഭിഷേകം നടത്തി ഭഗവാ
ന്റെ പാദേർദ്ധനത്തിന വെമ്പൽകൊ
ള്ളുകയുണ്ടായി. അപ്പോഴേയ്ക്കും ഒരു
അശരീരി കേൾക്കുമാറായി—"എ
ടോ രാജാവേ! നരസിംഹഭാവാ
ന്റെ പാദങ്ങളും തിരുമുടിക്കുമ അ
ദൃശ്യമാണ്. നിന്റെ യത്നം വിഫല
മായിപ്പോയി. സാക്ഷാൽ ഭക്തന്മാ
ക്കു വൈശാഖമാസത്തിലെ മൂന്നാമ
ത്തെ നിലാവുള്ള രാത്രിയിൽ മാത്രം
(അക്ഷയതൃതീയം) ദർശനം ലഭിക്കുന്ന
താണ്. ശേഷിക്കുന്നകാലം മുഴുവൻ
അവിടുന്നു ചന്ദനലേപിതനായി ഒരു
ലിംഗരൂപേണ കാണപ്പെടുന്നതും അ
ദിവസം ദർശനമുണ്ടാകുന്ന മർത്യനെ
വൈകുണ്ഠപ്രാപ്തിയുണ്ടാകുന്നതുമാണ്.
ഭഗവത്പ്രതിഷ്ഠയെ പൊതിഞ്ഞതാ
ലും", തദനന്തരണം ഭക്തനായ പു
രൂരവസ് മഹാരാജാവു് അനുലോ
മകുണ്ഡയേയിരുന്ന ശില്പിപ്രമുഖരെ
വരുത്തി നരസിംഹമൂർത്തിയുടെ അനു
ഗ്രഹശിഷ്യന്മാരുടെയും അതിദിവ്യമായ
തേരുരൂപങ്ങളും വിശാലമായ തളങ്ങ
ളുമുൾക്കൊള്ളുന്ന ഇന്നത്തെ നിലയി
ലുള്ള സിംഹാചലംക്ഷേത്രം പണിക
ഴിപ്പിച്ചു. ഇങ്ങനെയാണ് ഭൈമിനി
മഹർഷി അദ്ദേഹത്തിന്റെ ശിഷ്യ
ന്മാരോടായുപദേശിച്ച നരസിംഹവ
താരത്തിന്റെയും സിംഹാചലത്തി
ന്റെയും ചരിത്രം.

വിഗ്രഹം

പ്രഹ്ലാദചരിതമനുസരിച്ചു സിം
ഹാചലത്തുള്ള വിഗ്രഹം നരസിംഹ
ത്തിന്റേതാണ്. എന്നാൽ ക്ഷേത്ര
ങ്ങളെ സംബന്ധിച്ചിടത്തോളം 'സ്ഥ
ലപുരാണ'ത്തിൽ ഇതിനെപ്പറ്റി പറ
യുന്നതു ഇങ്ങിനെയാണ്—"പിച്ചക



ജൂൺ 26-ാംന- ആയിരുന്ന ഐക്യരാഷ്ട്രസഭയുടെ വാർഷികം. 1945-ജൂൺ 26-ാംന- 50 രാഷ്ട്രങ്ങൾ ചേർന്ന് അന്താരാഷ്ട്രീയ സമാധാനം പുലർത്തുന്നതിനും, രാഷ്ട്രീയവും, സാമ്പത്തികവും, സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ അന്യോന്യം സഹകരിക്കുന്നതിനും സമ്മതിച്ചു് ഉടമ്പടി ചെയ്തു. 1945-അക്ടോബർ 24-ാംതീയതി ഉടമ്പടി നടപ്പിലുംവന്ന ഐക്യരാഷ്ട്രസഭ കൊറിയൻ സമരത്തിൽ ഏർപ്പെട്ടതു് 1950 ജൂൺ 25-ാം തീയതി ആണ്. ഐക്യരാഷ്ട്ര അസംബ്ലിയുടെ ഏഴാമത്തെ സമ്മേളനത്തിന്റെ ചിത്രമാണ് മുകളിൽ കാണുന്നതു്.

പ്പുവിനേക്കാൾ വെണ്മയേറിയ ശരീ
രവും, അലങ്കരിക്കുന്നതിനുള്ള ദിവ്യാഭരണങ്ങളും, ആയുധങ്ങളും, ഭാവവും
മുഖവും, രണ്ടു ഭുജങ്ങളും, മൂന്നു നയ
നങ്ങളും ഉള്ള നരസിംഹമാണ് സിം
ഹാചലപ്രതിഷ്ഠ." എന്നാൽ ഇന്നു
നാം കാണുന്ന പ്രതിഷ്ഠ ഇവ രണ്ടുമ
ല്ല. ഒരു മനുഷ്യന്റെ ശരീരവും, ഇരു
ഭുജങ്ങളും, ഇരുനയനങ്ങളും, സിം
ഹത്തിന്റെ വാലും, പന്നിയുടെ മുഖ
വുമുള്ള ഒരു ഭീകരരൂപമാണിതു്.
ഇതു പ്രഹ്ലാദനെ പ്രസാദിപ്പിച്ച
നരസിംഹമാണോ, സ്ഥലപുരാണ
ത്തിൽ കാണുന്ന ദിവ്യജ്യോതിസ്സാ
ണോ അല്ലാ, ഇവയെല്ലാംശേഷം
മാറ്റി സ്ഥാപിക്കപ്പെട്ട പുതിയ ഒരു
വിഗ്രഹമാണോ എന്നതു ഇന്നും തർക്ക
വിഷയങ്ങളാണ്. ഹിരണ്യാക്ഷനേ
യും ഹിരണ്യകശിപുവിനേയും നിഗ്ര
ഹിച്ച ഭഗവാൻ അന്നു സ്വീകരിച്ച
അവതാരങ്ങളായ വരാഹനാരസിംഹ
ങ്ങളുടെ ഒരു സമ്മിശ്രിതരൂപമാണ്
ഇതെന്നും പറയപ്പെടുന്നുണ്ട്. എ
ന്നാൽ ഈ നിഗമനത്തിനു വേദപു
രാണാദിശാസ്ത്രങ്ങളുടെ പിന്തുണയി
ല്ല. സ്കന്ദപുരാണത്തിൽ "വരാഹന
രസിംഹശ്ച സിംഹാചലനികേത
നഃ" എന്നൊരു സ്വതന്ത്രസ്വഭാവ
ത്തെക്കുറിച്ചും അതു ഭ്രമിശാസ്ത്രപരമാ
യി ഈ ക്ഷേത്രത്തിന്റെ സ്ഥിതിയെ
കുറിക്കുന്നതുമാണ് തർക്കമുള്ള ഏക്കാ
ലത്തും വാദമുണ്ട്. കൂടാതെ സ്കന്ദപുരാണ
ത്തിൽതന്നെ മറ്റുള്ളിടങ്ങളിൽ നരസിം
ഹക്ഷേത്രങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ള
തിൽ അഹോബിലത്തിലും, മംഗളഗിരിയി
ലും, അന്തർവേദിയിലുമുള്ള നരസിം
ഹദേവന്മാർ അതതു സ്ഥലപ്രാധാ
ന്യംകൊണ്ടുതന്നെ പ്രസിദ്ധരാണ്.

നരസിംഹപ്രതിഷ്ഠയെ സംബന്ധിച്ചുള്ള പണ്ഡിതാഭിപ്രായം എന്തായിരുന്നാലും സിംഹാചലേശ്വരന്റെ കാരുണ്യവും ഭഗവാനിൽ ഇവിടത്തുകാക്കും ഭാരതീയർക്കു പൊതുവേയുമുള്ള ഭക്തിയും വിശ്വാസവും അവസ്സനിയമാണ്. ഉദാഹരണമായി കഴിഞ്ഞ ഇരുന്നൂറുവർഷങ്ങൾക്കുമുമ്പു പിൻഡാരിവർഗ്ഗജനായ ഒരു പട്ടാണിത്തലവൻ ഈ പ്രദേശം ആക്രമിച്ചതായും, അന്നു "ഗോകുലപതികുമ്മനാഥാ" എന്ന ഭക്തനായ ഒരു കവി "വൈരിഹരം ഹഃ സിംഹാദ്രിനര സിംഹഃ" എന്നുതുടങ്ങിനൂറ്റൊരുശ്ലോകങ്ങളുടങ്ങിയ ഒരു സ്തുതിഗീതം ആലപിച്ചുവെന്നും, കരുണാർദ്രനായ സിംഹാചലേശൻ ഒരു സംഘം കടന്നലുകളെ ശത്രുക്കളുടെ നേർക്കയച്ചു അവരെ പലായനംചെയ്യിച്ചുവെന്നുംവാഗ്ദേവതയറിനടത്തുള്ള ഒരു കുന്നിൻപുറത്തുവച്ചു് പട്ടാണികൾ കീഴടങ്ങി ഇനി ഈ മണ്ണിൽ ചവിട്ടുകയില്ലെന്ന സത്യം ചെയ്തു് ഭഗവാനോടു പ്രാർത്ഥിച്ചുവെന്നും, ചരിത്രാർത്ഥനായ ആ കവിതന്നെ വീണ്ടും നൂറുശ്ലോകങ്ങൾകൂടി അടങ്ങിയ ഒരു 'ശതകം' നിർമ്മിച്ചു് ഭഗവാനെ പ്രീതനാക്കിയതായും ഒരു കഥയുണ്ട്. ഇന്നും "കടന്നൽകുന്നു" എന്ന പേരിൽ ഒരു കുന്നും വാഗ്ദേവതയറിലുണ്ട്.

സിംഹാദ്രിനാഥനപ്പറ്റിയുള്ള കെട്ടുകഥകൾക്കു് കണക്കില്ല. രസകരമായ ഒരുകഥ ഇങ്ങിനെയാണ് —

അദ്വൈതമതസ്ഥാപകനായ ശ്രീ: രാമാനുജാചാര്യർ ഒരിക്കൽ സിംഹാചലം ദർശിച്ചു അന്നു് കുണ്ഡരാചാരി എന്ന പേരായ മറ്റൊരു ഭക്തൻ അവിടുണ്ടായിരുന്നു. തെക്കുനിന്നും വന്ന രാമാനുജാചാര്യരെ വകവയ്ക്കാതെ കേരിപാരതന്ത്ര്യത്തോടെ അയാൾ കണ്ണടച്ചു് ഭഗവൽസ്തുതി നടത്തിവന്നു. സ്തുതിയിൽ പ്രസാദിച്ച ഭഗവാൻ അയാളുടെമുമ്പിൽ നൃത്തംചെയ്യുവരിക പതിവായിരുന്നു. ശ്രീകോവിലും നിലയ്ക്കുമ്പോഴും ഭഗവാനും അപ്രത്യക്ഷനാകാം ഇതറിഞ്ഞ രാമാനുജാചാര്യർ ഉപചാരപൂർവ്വം കുണ്ഡരാചാരിയെക്കണ്ടു് വിരിക്കുകയും അന്നുരാത്രി ഭഗവാൻ നൃത്തംചെയ്യുമ്പോൾ തെക്കുനിന്നും വന്ന കനിഞ്ഞ മോക്ഷപ്രാപ്തിയുണ്ടാകുമോ എന്നു ഭഗവാനോടു ചോദിക്കണമെന്നും അപേക്ഷിക്കുകയുംചെയ്തു. അതിനുശേഷം കുണ്ഡരാചാരിക്കുതന്നെ നിർവ്വാണം ലഭിക്കുമോയെന്നുകൂടി ആരായണമെന്നും അപേക്ഷിച്ചു. അന്നുരാത്രിയും കുണ്ഡരാചാരി ശ്രീകോവിലുംപടി തുടർന്നു. ഭഗവാൻ പ്രത്യക്ഷനായി. ഭക്തനായ കുണ്ഡരാചാരിയുടെ ചോദ്യങ്ങൾക്കു നരസിംഹദേവൻ നൽകിയ മറുപടി ഇതായിരുന്നു. "രാമാനുജനെ ഭജിക്കുന്ന വ്യക്തനെ മോക്ഷപ്രാപ്തി നിശ്ചയമാണ്. ആ നിലയ്ക്കു രാമാനുജനെപ്പറ്റി ചോദിക്കേണ്ട ആവശ്യമില്ലല്ലോ. പക്ഷെ നിന്നെപ്പറ്റി എനിക്കു് സംശയമാണ്. നിനക്കു് മോക്ഷപ്രാപ്തിക്കായി രാമാനുജനെ സമീപിക്കുകയാണ് നല്ലതു്." ഇതുകേട്ടു് നിരാശനും കുപിതനുമായ കുണ്ഡരാചാരി ഭഗവാനെ കണക്കറവു് ശകാരിക്കുകയുണ്ടായി. അതിനു് സരസമായി ചിരിച്ചുകൊണ്ടു് ഭഗവാൻ നൽകിയ മറുപടി—"എടോ ഭക്തരേ! ഈ വിഷയത്തിൽ ഞാൻ നിസ്സഹായനാണ്. നീ എന്നെ ഭജിക്കുന്നതിനു് വളരെ മുമ്പുതന്നെ ഞാൻ എന്റെ കഴിവുകൾ രാമാനുജനിൽ അർപ്പിച്ചുപോയി." ഈർഷ്യയും അപമാനവും സഹിക്കവയ്യാതെ കുണ്ഡരാചാരി ഉടൻതന്നെ—"ചതിയനായ നരസിംഹമൂർത്തേ! എന്തുകൊണ്ടു് നീ ഇതു എന്നെ മുൻകൂട്ടി അറിയിച്ചില്ല? എന്നെപ്പോലുള്ള ഒരു മനുഷ്യജീവിയോടു് ഞാൻ മോക്ഷപ്രാപ്തിക്കുവേണ്ടിയാചിക്കണമെന്നാണോ നീ ഉപദേശിക്കുന്നതു്. നിന്നെ പ്രീതിപ്പെടുത്താനായി ഞാൻ ചിലവഴിച്ച സമയംകൊണ്ടു് എന്റെ ആരോഗ്യമെങ്കിലും സംരക്ഷിക്കാമായിരുന്നില്ലേ?" ഹാസ്യംസ്ഫുരിതനായ ഭഗവാന്റെ മറുപടി—"എടോ പട്ടവിഡ്ഢീ! നീ എന്നെ നിന്റെ മധുരാനുഭവംകൊണ്ടു സുഖിപ്പിച്ചു. അതിനു് പ്രതിഫലമെന്നോണം ഞാൻ എന്റെ ദിവ്യനൃത്തംകൊണ്ടു നിന്നെയും സന്തോഷിപ്പിച്ചുഗ്രഹിച്ചു. നിന്റെ ഗാനവും എന്റെ നൃത്തവുംപരസ്പരമതിയാകുന്ന പ്രതിഫലങ്ങൾമാത്രമായി അവസാനിച്ചുകഴിഞ്ഞു. ഇപ്പോൾ നാം ഇരുവരും സ്വതന്ത്രരാണ്. നീ അഹങ്കാരത്തിന്റെ മൂർത്തീഭാവമാണ്. ദുരയും അന്ധകാരവും നിന്നെ ഒപ്പോ



ഝാൻസിയിലെ റാണി

★

ഭട്ടതിരി - ഇരിമ്പനം

ഝാൻസിയിലെ റാണിയായ ലക്ഷ്മീഭായിയുടെ ചരമവാർഷികദിനമായ ജൂൺ 18-ാതീയതി ഇന്ത്യൻ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെട്ടേത്തണ്ടതാണ്. 1858-ൽ ഗ്വാളിയറിൽവച്ചുണ്ടായ യുദ്ധത്തിൽ ബ്രിട്ടീഷുപട്ടാളത്തോട് ധീരധീരം സ്വാതന്ത്ര്യത്തിനുവേണ്ടി വീരോടെ പടപൊരുതി രണാങ്കണത്തിൽവച്ചുതന്നെ വീരസ്വർഗ്ഗംപ്രാപിച്ച റാണി ലക്ഷ്മീഭായിയുടെ ചരിത്രം ഭാരതീയരെയൊകെമാനം ആവേശംകൊള്ളിക്കുന്നുണ്ട്. കേവലം ഇരുപത്തിമൂന്നുവയസ്സുപോലും തികയാത്ത റാണിക്ക് തന്റെ ഹ്രസ്വകാലജീവിതത്തിനിടയ്ക്കുതന്നെ ഇന്ത്യൻചരിത്രത്തിൽ ഒരു നക്ഷത്രസ്ഥാനം കരസ്ഥമാക്കുന്നതിനു കഴിഞ്ഞുവെന്നുള്ളതുതന്നെയാണ്, റാണിയുടെ ജീവിതകാലം എത്രമാത്രം സംഭവബഹുലമായിരുന്നുവെന്നുള്ളതിന്റെ തെളിവ്.

വഞ്ചനകൊണ്ടും ഗൂഢതന്ത്രങ്ങൾകൊണ്ടും ബ്രിട്ടൻ തങ്ങളുടെ സാമ്രാജ്യം ഇന്ത്യയിൽ കെട്ടിപ്പടുക്കുന്നതിനു് അഭ്രാന്തപരിശ്രമംനടത്തുന്ന ഒരു കാലഘട്ടത്തിൽ, യുദ്ധത്തിലും സമാധാനത്തിലും അസൂയാവഹമാകംവണ്ണം തന്റെ വ്യക്തിപ്രഭാവം പ്രകടിപ്പിച്ചു ജീവിച്ച റാണിലക്ഷ്മീഭായി ഇന്ത്യൻസ്വാതന്ത്ര്യസമരത്തിന്റെ മൂർത്തീകരണമായിരുന്നു. റാണിയുടെ സമരചരിത്രം ഓരോ ഭാരതീയനേയും അത്യധികമായി ആവേശഭരിതനാക്കിത്തീർക്കുന്നു.

ഈ ലേഖനത്തിന്നാസ്പദം പറയുന്നതിലെ പരമാർത്ഥനേതാവായ ചത്രംസാലിന്റെ കാലംമുതൽക്കുള്ള ഝാൻസിയുടെ അയൽരാജ്യമായ ബന്ദൽകണ്ടിന്റെ ചരിത്രമാണ്. മാഴ്വയിലേയും അലഹബാദിലേയും സുബേദാരായ മൊഹമ്മദ്ഖാൻ ബൽഗംഷിനെ ഭീതിപ്പെടുത്തുകനിമിത്തമായിട്ടാണ് ചത്രംസാൽ ഉയർന്നത്. അതിനാൽ ചത്രംസാലിനെ തോല്പിച്ച് കീഴടക്കുന്നതിന് ബൻഗംഷി സമയവും സന്ദർഭവും നോക്കിയിരുന്നു. ചത്രംസാൽ, ബാജിറാവു ഒന്നാമനുമായി സന്ധിചെയ്ത് ബൻഗംഷിയെ തോല്പിച്ചു. ചത്രംസാലിന്റെ മരണപത്രത്തിലെ വ്യവസ്ഥയനുസരിച്ച് ആകെ സ്വത്തിന്റെ മൂന്നിലൊരംശമായ ഒരുകോടിരൂപയുടെ വസ്തുക്കളും ബാജിറാവുന്നോമനെ ലഭിച്ചു. ബാജിറാവു രാജ്യഭാരധുരീനവൽക്കരണത്തിനുവേണ്ടി കർഹാദ് ബ്രാഹ്മണനെ ഝാൻസിയുടെ ഭരണത്തിനായി അധികാരപ്പെടുത്തിയയച്ചു. അദ്ദേഹത്തിന്റെ ഭരണത്തിൽ അതീവ സന്തുഷ്ടനായിത്തീർന്ന പെഷ്വാരാജനാഥരിനവൽക്കരെ സുബേദാരായി ഉയർത്തി. ഝാൻസിയിലെ ഒട്ടുവിലത്തെ രാജാവായ ഗംഗാധരറാവുവിന്റെ കാലംവരെ നവൽക്കരുടെ പിൻഗാമികളാണ് ഭരണംനടത്തിയത്.

ഝാൻസിയിലെ ഒട്ടുവിലത്തെ രാജകുമാരിയും കർഹാദ് ബ്രാഹ്മണകുടുംബത്തിൽപ്പെട്ടതായിരുന്നു. റാണിയുടെ അച്ഛനായ മൊറോപന്ത് ബൽവന്തറാവു തായെസുതാ ഡിസ്ട്രിക്ടിലെ വായ് എന്ന സ്ഥലത്തുനിന്നാണ് വന്നത്. ഒട്ടുവിലത്തെ പെഷ്വയുടെ ഭൃത്യപുത്രനായ അമൃതറാവുവിന്റെ ഉദ്യോഗസ്ഥനായി അദ്ദേഹം കാശിക്കുപോയി. അമൃതറാവുവിന്റെ മരണാനന്തരം മൊറോപന്ത് ബിത്തൂരിൽചെന്ന് പേഷ്വയുടെകീഴിൽ ജോലിനോക്കി. നാലുവയസ്സായ മകൾ മനുവേയിയും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. ബാജിറാവുവിന്റെ ഭൃത്യപുത്രനായ നാനാസാഹിബിന്റെയും മരുമകനായ റാവുസാഹിബിന്റെയും കളിയിലും കുതിരസവാരിയിലും മനു കൂട്ടുകാരിയായി മനുഭായി വളർന്നുവന്നു.

ബാജിറാവു ബിത്തൂരിൽ ബന്ധംപുലർത്തിയിരുന്നതു തന്നെപ്പോലെയുള്ള ചിത്പാവൻ ബ്രാഹ്മണരോടായിരുന്നു. മനുഭായിയുടെ ഭർത്താവു് കർഹാദ് ബ്രാഹ്മണകുടുംബാംഗമാകേണ്ടിയിരുന്നു. ഇത്തരുണത്തിലാണ് ഝാൻസിയിലെ രാജാവായ ഗംഗാധരറാവുവിന്റെ പത്നി ഭഗവന്തഭായ്ക്ക് രാജാവു പുനർവിവാഹംചെയ്യുന്നതിന്നാഗ്രഹിച്ചു. ബാജിറാവുരണ്ടാമന്റെ ഉത്സാഹത്താൽ വൃദ്ധനായ ഗംഗാധരറാവു സുന്ദരിയും സുശീലയുമായ മനുഭായിയെ വിവാഹം ചെയ്തു. ആചാരപ്രകാരം മനുഭായിയുടെപേരു വിവാഹാനന്തരം റാണി ലക്ഷ്മീഭായ് എന്നായിത്തീർന്നു.

1851-ൽ റാണി ലക്ഷ്മീഭായി ദാമോദർരാവു എന്ന രാജകുമാരനെ പ്രസവിച്ചുവെങ്കിലും മൂന്നുമാസംകഴിഞ്ഞപ്പോൾ ആ രാജകുമാരൻ ദിവംഗതനായി. പുത്രവിരഹം ക്ഷീണിതനായിരുന്ന രാജാവിനു് അസഹ്യമായ ഒരാഘാതമായിത്തീർന്നു. രാജ്യഭാരകാംക്ഷിയില്ലാതെ രാജ്യം നഷ്ടപ്പെടുമെന്ന ചിന്തയാൽ രാജാവു് തന്റെ അകന്ന ബന്ധുവായ വാസുദേവനവൽക്കരുടെപുത്രനായ അഞ്ചുവയസ്സുള്ള ആനന്ദറാവുവിനെ ദത്തെടുത്തു. ഇതിനുശേഷം അനന്തരാവു് ഭാഗീരഥീഗംഗാധരറാവുവായിത്തീർന്നു. ഇതെടുത്തതിനു് അംഗീകാരം നൽകണമെന്നു ഭർത്താവു കൊണ്ടു് ഗംഗാധരറാവു ഇന്ത്യയിലെ ഗവർണർജനറലായ ഡൽഹൌസി പ്രഭുവിനു് ഒരു കത്തയച്ചു. രാജകുമാരനു പ്രായപൂർത്തിയാകുന്നതുവരെ റീജെന്റെന്ന നിലയിൽ റാണി ലക്ഷ്മീഭായി ഭരണം നടത്തണമെന്നും രാജകുമാരൻ പ്രായപൂർത്തിയായശേഷം രാജ്യവും ഭരണം നടത്തുന്നതിനു അംഗീകാരം നൽകണമെന്നുംകൂടി ആ കത്തിൽ അദ്ദേഹം അഭ്യർത്ഥിച്ചിരുന്നു. താമസിയാതെതന്നെ രാജാവു ദിവംഗതനായി.

അപേക്ഷ നിരസിച്ചു

അജ്ഞാതമായ കാരണങ്ങളാൽ ഗവർണ്ണർജനറൽ ഗംഗാധരറാവുവിന്റെ അപേക്ഷയെപ്പറ്റി കൂടുതലാലോചിച്ചില്ല. തെഹരിയിലും ഭരത്തിയിലും ജൽവൻ സ്റ്റെയിറ്റിലും ചെയ്തതുപോലെതന്നെ ഝാൻസിയിലും തന്റെ ഭൃത്യപുത്രനെ അംഗീകരിച്ച് രാജ്യവകാശിയാക്കിത്തീർക്കുന്നതിനു മുമ്പായി റാണി ഗവർണ്ണർ ജനറലായ ഡൽഹൌസിപ്രഭുവിനു് സമർപ്പിച്ചു. വളരെ കാലവിളംബത്തിനുശേഷം 1854 ഫെബ്രുവരിയിൽ ഝാൻസി ഒരു സ്വതന്ത്രരാജ്യമല്ലെന്നുള്ള വിധിപ്രകാരണത്താൽ ഭരത്തിനെ നിരാകരിച്ച മടക്കി റാണിക്കു ലഭിച്ചു. തെഹരിയും ഭരത്തിയും സ്വതന്ത്രമായിരുന്നതിനാൽ ഉദ്യോഗസ്ഥന്മാർ ഉദ്യോഗസ്ഥന്മാരെ കണക്കാക്കുന്നതിനോ ജാൽവിയിറ്റ് കീഴ്വഴക്കമായിരുന്നെങ്കിലും അവിടുത്തെ ഭൃത്യപുത്രൻ ഗവർണർ ജനറലിനെതിരായി പൊരുതുന്നതിനാൽ ആ രാജ്യത്തെയും തുകയായി കണക്കാക്കുന്നതിനും വർണർ ജനറൽ തയ്യാറായിരുന്നു. തന്റെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കുമെന്ന പ്രത്യാശത്തിലാണ് ബ്രിട്ടീഷുപട്ടാളം ഝാൻസി കീഴടക്കിയപ്പോഴും റാണി യാതൊരുതരത്തിലുള്ള പ്രകടിപ്പിച്ചിരുന്നതായില്ല. തന്റെ ന്യായമായ അവകാശങ്ങളും അനുഭവങ്ങളും കിട്ടുന്നതിനുവേണ്ടി റാണി ഇംഗ്ലീഷുകാരുടെ നിവേദനങ്ങളും അയച്ചുകൊണ്ടിരുന്നു. ആയുധവും നിഷ്പ്രയോജനമായിരുന്നു റാണി തന്റെ ഭൃത്യപുത്രനെ അംഗീകരിക്കുന്നതിനുവേണ്ടി നിരന്തരം നിവേദനങ്ങളും, നടത്തുകയുണ്ടായി. ഇന്ത്യാഗവൺമെന്റിനുവരിച്ചിരുന്ന ഈസ്റ്റിന്ത്യാകമ്പനിയുടെ അടുത്തുണ്ടായിരുന്ന കൂടിചെയ്തു. രാജ്യാധികാരസ്വത്തിന്റെ കൈവശം റാണിക്കനുവദിച്ചുകിട്ടിയിരുന്നതിനാൽ അതിന്റെ അനുഭവംകൊണ്ടാണ് റാണി തന്റെ ചിലവുകൾ നിർവ്വഹിച്ചിരുന്നത്. നിശ്ചിതമായി റാണിക്കു ലഭിച്ചിരുന്ന തുക നിത്യമായിരുന്നു.

ഝാൻസിയിലെ വിപ്ലവം

1857 മേയ്മാസത്തിൽ ശിപായിലഹള പൊട്ടിപ്പുറപ്പെട്ട ഝാൻസിയിൽ താവളമടിച്ചിരുന്ന ഇംഗ്ലീഷുകാരുടെ പീരങ്കിപ്പടയും കാലാൾപ്പടയും ലഹള തുടങ്ങുകയും 1857 ജൂൺ 8-തീയതി പട്ടാളമേധാവിയായ ഫ്രാൻ ഡൺലപ്പിനെ വെടിവെച്ചുകൊല്ലുകയുംചെയ്തു. ഡെപ്യൂട്ടികമ്മീഷണറായ കൂപ്പറാൻ ഗാർഡൻ പൊലീസ് സൂപ്രണ്ടായ കൂപ്പറുടെ സ്നേഹിതനും പട്ടണത്തിലെ മറ്റു ചില ഇംഗ്ലീഷുകാരും ഝാൻസികോട്ടയിൽ രക്ഷപ്രാപിച്ചു. വിദേശികളുടെ രണ്ടാമത്തവായ ഗാർഡൻ അധ്യക്ഷത്വത്തിൽ ലഹളക്കാരോട് യുദ്ധംചെയ്തു് നിന്നെങ്കിലും അവസാനം കോട്ടയിൽ ഗാർഡൻ കൊല്ലപ്പെട്ടതോടുകൂടി കോട്ട ലഹളക്കാർക്ക് കീഴടങ്ങി. ഒരൊറ്റവ്യക്തിയിലുമില്ലാതെ അധികാരമെല്ലാം കൂട്ടുകൊലചെയ്യുകയുണ്ടായി. 1854-ൽ ബ്രിട്ടൻ ഝാൻസി കീഴടക്കിയപ്പോൾ റാണിയുടെ ഭർത്താവിന്റെ പിതിച്ചുവിട്ടിരുന്നതിനായതൊരെതിർപ്പും അറിയിക്കാതെതന്നെ ലഹളക്കാർ റാണിയുടെ പക്കൽനിന്നും ഒരുലക്ഷം രൂപയുടെ ആഭരണങ്ങൾ കൈവശപ്പെടുത്തി ഡൽഹിക്കു പോയിച്ചു.

യഥാർത്ഥരാജ്യതന്ത്രജ്ഞതയേയും വിവേകത്തോടുംകൂടിയുണ്ടായിരുന്നതുകൊണ്ടാണ് റാണിലഹളക്കാരും ഗുണ്ടുകാരും ഝാൻസി വിട്ടസമയത്ത്

(ശേഷം 20-ാംപേജിൽ)


ഞ്ഞിരിക്കുന്നു. എന്നിട്ട് ധിക്കാരിയായ നീ ഒരു പരമഭക്തനാണെന്നു അഭിമാനിക്കുന്നു. ഇനി നിനക്കു ഏന്നെക്കാണുക സാധ്യമല്ല' എന്നായിരുന്നു. ഇതിൽനിന്നു മറ്റൊരു ഉണ്ണിവിശേഷംകൂടി സിംഹാചലേശനിൽ ആരോപിക്കപ്പെടാവുന്നതാണ്. കൗശലത്തെ കൗശലംകൊണ്ടും ചതിയെ ചതികൊണ്ടും നേരിടാൻ ഭഗവാനു മടിയില്ല.

—o—

അപ്പീപ്പതിപ്പ്







മുകളിലത്തെ വരി — ഇടത്തുന
മണ്ഡലത്തിൽ: മാതൃകാവിമാന
യുദ്ധകാല റാക്കറ്റ് റിസർച്ച് ക
വിമാനത്തിന്റെ മാതൃക സ്ക്രൂ
അവരുടെ ശ്രദ്ധ മുകളിലൂടെ
റ്റ് ഹെലിക്കോപ്റ്റർ അകർ

സതാംപ്ടണ്ടിലുള്ള ഒ
ഗ്രൂപ്പിൽപ്പെട്ട സ്ക്രൂകെട്ടിക
ഓടിക്കാൻ അത്യന്തം ഉത്സാഹ

ഫാക്കർഫണ്ടർ മാഡൽ വി
സ്ക്രൂകെട്ടികം ഗാഡമായി പ

രണ്ടാമത്തെവരി: ഇടത്തു — ഇ
പ്പുൽചെയ്യാനുള്ള ക്രൂട്ടതൽ
ഡിസൈനർ മി: മൻസൂർ അ
ച്ചിരിക്കുന്നു. വിമാനമാതൃകയു


പാരീസ്സിൽ എല്ലാ വർഷവ
പ്രകടനം) ആഗാഖാൻ സം
ഖാനെയും ഫ്രഞ്ചുകാരിയായ
യും മറ്റു കുടുംബാംഗങ്ങളേയും





നിന്ത് — ജെറ്റ്‌യുഗം വിനോദ
ത്തിനായി രൂപപ്പെടുത്തിയിട്ടുള്ള
ണ്ടുപിടിത്തം. ഹാക്കർ ഹണ്ടർ
കുട്ടികൾ പരിശോധിക്കുമ്പോൾ
ുരിമ്പിപ്പുറത്തുപോയ ഒരു ജെ
ഷിക്കുകയുണ്ടായി.
സ്കൂളിൽ ഒരു മാഡൽ വിമാന
ഹാക്കർ ഹണ്ടർ ജാതി വിമാനം
പ്രദർശിപ്പിക്കുന്നു.
മാനം പ്രസ്തുത ഗ്രൂപ്പിൽപ്പെട്ട
രിശോധിക്കുന്നു.

ഹണ്ടർജാതിവിമാനത്തെ പ്രൊ
മോട്ടർശക്തി നൽകാൻ മോട്ടർ
ഗ്‌മെൻറർ ട്യൂബ് കണ്ടുപിടി
താഴെയായി ആ ട്യൂബും കാണാം.
നടക്കാവുള്ള ബാളിൽ സ്പ്രത്ത
ന്ധിക്കുന്ന പതിവുണ്ട്. ആ ഗ
ാസ്യയേയും ബിഗം ആഗാഖാനേ
കാണാം.



(17-ംപേജിൽനിന്നു തുടർച്ച)

പരമാധിയത്തു്. ബ്രിട്ടീഷുകാർ അതുകൊണ്ടു തിരിയെ പിടിക്കുന്നതിനു വേണ്ട സത്വരനടപടി കൈക്കൊള്ളുന്നതിനിടയ്ക്കു തൽക്കാലം തന്റെ ഭരണം ഭദ്രമാണെന്നു് റാണി ജാൻസിയിലെ ബ്രിട്ടീഷുകമ്മീഷണറേയും മറ്റു ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരേയും അറിയിച്ചു. അന്തരീക്ഷം പ്രക്ഷുബ്ധമായി. രാജ്യസംരക്ഷണത്തിനാവശ്യമുള്ള പട്ടാളത്തെത്തന്നെ ശരിയായ പരിശീലനം ലഭിക്കാത്ത പുതിയതായി രൂപീകരിച്ചതായിരുന്നു. ഈ തക്കം നോക്കി ഝാൻസി കീഴടക്കുവാൻ ഇരുപതിനായിരം പേരടങ്ങിയ ഒരു സൈന്യത്തെ ഓർച്ചാനേതാവായ ബഡോല നിയോഗിച്ചുകിട്ടിയും പുതുതായി രൂപവൽക്കരിക്കപ്പെട്ടതുമായ സൈന്യത്തിന്റെ നേതൃത്വം റാണിതന്നെ സ്വയം ഏറ്റെടുത്തു യുദ്ധത്തിൽ ശത്രുസൈന്യത്തെ നിശ്ശേഷം തോല്പിച്ചു. ബ്രിട്ടീഷുകാക്കുവേണ്ടി താൻ ഭരണം നടത്തുകയാണെന്നതിനെ പറ്റിയും തന്റെ വിജയത്തെപ്പറ്റിയും ഗവർണർ ജനറലിന്റെ ഏജന്റായ കേണൽ ഹാമിൽട്ടനെ റാണി അറിയിച്ചു. ഈ തക്കം വേണ്ടവിധത്തിൽത്തന്നെ ബൻഡേല വിനിയോഗിച്ചു. താൻ ബ്രിട്ടനുവേണ്ടി ഝാൻസി പിടിച്ചടക്കുന്നതിനു ചെന്നപ്പോൾ റാണി തന്നെ ലഹളക്കാരുടെ സഹായത്തോടെ പരാജിതനാക്കിയെന്നു് ബൻഡേലയും ഹാമിൽട്ടനെ അറിയിച്ചു.

1858 മാർച്ചുമാസത്തിൽ മാത്രമേ ബ്രിട്ടീഷുകാർക്കു് സൈന്യത്തെ ഝാൻസിയിലേക്കയയ്ക്കുന്നതിനു കഴിഞ്ഞുള്ളുവെങ്കിലും അപകടസന്ധിയുണ്ടാക്കുവാൻ റാണി സ്വയംതന്നെ മുഴുവൻ കാലാളുകളേയും ഒരുമിച്ചുകൂട്ടി. റാണി വിദ്വാനും രാജ്യതന്ത്രജ്ഞതയുമായിരുന്നതിനാൽ അത്യാവശ്യകല്പനകളും നേരിട്ടു പാസാക്കുകയും ചെയ്തിരുന്നു. പുരുഷവേഷത്തിൽ കോടതികളിൽ റാണി ഹാജരായി ആവലാതികളും കേട്ടു് തീർപ്പുചെയ്തിരുന്നതിനു പുറമെ നാടിന്റെ നാനാഭാഗത്തും അതിർത്തികളിലും നടന്നിരുന്ന കുഴപ്പങ്ങളെ അതതു സ്ഥലത്തുവച്ചുതന്നെ തീർക്കുന്നതിനുവേണ്ടി നാട്ടിലങ്ങോളമിങ്ങോളം കുതിരസവാരിയിൽ അഹോരാത്രം റാണി ചുറ്റിസഞ്ചരിച്ചിരുന്നു.

അനിതരസാധാരണമായ ഭരണചാതുര്യത്തോടും കഴിവോടുംകൂടിത്തന്നെ റാണി കരംപിരിവുമുതലായവ നടത്തിയിരുന്നു. തന്റെ സൽഭരണംകൊണ്ടു് ഇംഗ്ലീഷുകാർ അവസാനനിമിഷത്തിലെങ്കിലും തന്റെ രാജ്യത്തെ പുതുതായി അംഗീകരിക്കുമെന്നു്, ഈ കുഴപ്പംനിറഞ്ഞ സന്ദർഭങ്ങളിലെല്ലാം റാണി ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. റാണിയുടെ ആശകളുടേയും അഭിലാഷങ്ങളുടേയും അടിത്തറ തകരുന്നതിനു് അധികകാലം വേണ്ടിവന്നില്ല.

റാണിയുടെ ആശാസൗധം തകർന്നു

ഒക്ടോബർസിപ്രഭുവിനെ തുടർന്നു് കാനിങ്ങുപ്രഭു ഇന്ത്യയിലെ ഗവർണർ ജനറലായി നിയമിതനായി. സുശക്തനും ധീരനുമായ സർഹ്യൂ റോസിനെ മദ്ധ്യേന്ത്യയിലെ ലഹളകൾ അടിച്ചമർത്തുന്നതിനായി ബ്രി: ഗവണ്മെന്റു് നിയോഗിച്ചു. 1858 മാർച്ചുമാസം 20-ംനു അദ്ദേഹം സൈന്യസമേതം ഝാൻസിയുടെ അതിർത്തിയിലെത്തി. ബ്രിട്ടീഷ് അധികാരിക്കു് തന്റെ പ്രിയപ്പെട്ട നാടിനെ അടിയറവയ്ക്കുന്നതിനു് റാണി തയ്യാറായിരുന്നില്ല. റോസുമായി സംസാരിച്ചു് തന്റെ ന്യായമായ അവകാശവാദങ്ങളെ സമ്മതിപ്പിക്കുന്നതിനായി ഒരു പ്രതിനിധിസംഘത്തെ അയയ്ക്കുന്നതിനു് റാണി അങ്ങേഅറ്റം ആഗ്രഹിച്ചിരുന്നു. എന്നാൽ റാണിയുടെ അനുയായികളിൽ വളരെപ്പേർ ഈ അഭിപ്രായത്തെ എതിർത്തു. തങ്ങളെ ലഹളക്കാരായി മുദ്രയടിച്ചിരിക്കുന്നതിനാൽ ബ്രിട്ടീഷധികാരിക്കു കീഴടങ്ങി അപമാനത്തൽ മരിക്കുന്നതിൽ ഭേദം യുദ്ധംചെയ്തു മരിക്കുകയാണു് നല്ലതെന്ന അഭിപ്രായം അവർ റാണിയെ അറിയിച്ചു. തന്റെ അനുയായികളുടെ വിലയേറിയ അഭിപ്രായത്തെ അനാദരിക്കുന്നതിനു് റാണി തയ്യാറായിരുന്നില്ല. ഝാൻസിയിൽനിന്നും വളരെയകലത്തല്ലാതെ പാളയമടിച്ചതായറിഞ്ഞ നാനാസാഹിബിന്റെ സഹായവും പരിതഃസ്ഥിതികളുടെ സമ്മർദ്ദത്തൽ റാണിക്കു് അഭ്യർത്ഥിക്കേണ്ടതായിവന്നു.

ഒരുദ്ദേശവർഷമായി ലഹളക്കാരുമായി യാതൊരു സമ്പർക്കവും പുലർത്തുന്നതിനു് ആത്മാർത്ഥമായി ആഗ്രഹിക്കാത്ത റാണിക്കു് ഈ സന്ദർഭത്തിൽ അവരുടെ സഹായത്തെയും തേടേണ്ടതായിവന്നു. ടാൻ ടിറോപ്പിയുടെ നേതൃത്വത്തിൽ പെഷ്വാ അയച്ചിരുന്ന ഇരുപതിനായിരം പട്ടാളത്തെ റോസ് നിഷ്പ്രയാസം തോല്പിച്ചു. 1858 മാർച്ചുമാസം 21-ംനു ഝാൻസി കോട്ടക്കെതിരായി അദ്ദേഹം തന്റെ ആക്രമണം തുടങ്ങി. പതിനാലുദിവസം നീണ്ടുനിന്ന ആ സമരത്തിന്റെനില റാണിക്കൊട്ടുംതന്നെ ആശ്വാസകരമായിരുന്നില്ല. നിരാശയിലായ റാണി 1858 ഏപ്രിൽ മാസം നാലാംതീയതി രാത്രിയിൽ കോട്ടയിൽനിന്നും രക്ഷപ്പെട്ടു. കുതിരപ്പുറത്തു് തന്റെ പുറകിൽ ദത്തുപുത്രനേയും ഇരുത്തി ശത്രുവലയത്തെ തരണംചെയ്തുകൽപിയിൽവെച്ചുമാത്രമാണു് റാണി കുതിരപ്പുറത്തുനിന്നും ഇറങ്ങിയതു്. പിറ്റേദിവസംതന്നെ ഝാൻസികോട്ട റോസിന്റെ കീഴടങ്ങി. മെയ്മാസം ഇരുപത്തിരണ്ടാംതീയതി കൽപി പിടിക്കുന്നതിനുവേണ്ടി റോസ് യുദ്ധം തുടങ്ങി. ഒരു യോദ്ധാവിന്റെ വേഷത്തിൽ യുദ്ധംചെയ്ത റാണി തന്റെ അനിതരസാധാരണമായ യുദ്ധവൈഭവവും തെളിയിച്ചുകിലും അവസാനം കൽപിയും ബ്രിട്ടീഷ് പട്ടാളത്തിനു ലഭിച്ചു.

ഈ സംഭവവികാസങ്ങളും മദ്ധ്യേന്ത്യയിലെ പട്ടാളലഹളയുടെ അസ്ഥിവാരംതന്നെ തകർക്കുമെന്നറിഞ്ഞ റാണി സിന്ധ്യാപട്ടാളത്തിന്റെ കഴിവുകളും കുറവുകളും വ്യക്തമായി മനസ്സിലാക്കിയിട്ടുപോലും ഗ്വാളിയർആക്രമിക്കുന്നതിനുപദേശിച്ചു. വെറും എണ്ണായിരം സിന്ധ്യാപട്ടാളമെ ലഹളക്കാരുടെ പക്ഷത്തുണ്ടായിരുന്നുള്ളൂ. അതൊരു നിസ്സാരവിജയമല്ലായിരുന്നു. സർവ്വസജ്ജീകൃതമായ കതിരപ്പട്ടാളത്തെക്കൊണ്ടു് ആക്രമണം നടത്തുകയും പിന്തിരിഞ്ഞിരുന്ന പെഷ്വാസൈന്യത്തെ സഹായിക്കുന്നതിനായി റാണി തന്റെ സ്വന്തം അനുചരരെന്നിച്ചു് പീരങ്കിപടയോടെയും പട്ടാളത്തോടെയും നാട്ടുകാരുടേയും സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതി അടക്കളത്തിൽ വീരസ്വർഗ്ഗംപ്രാപിച്ചു. ധീരധീരം പടപൊരുതുകയും ചെയ്തതിനാൽ സൈന്യത്തെ ആകമാനം യോജിപ്പിച്ചിക്കുന്നതിനും അവസാനം ഗ്വാളിയർ കോട്ടപിടിക്കുന്നതിനും കഴിഞ്ഞു.

ഉപദേശം തുണവൽഗണിച്ചു

ഉത്തരേന്ത്യയിലെ അക്കാലത്തെ സമരതന്ത്രപ്രധാന്യമർഹിക്കുന്ന കോട്ടയായിരുന്ന ഗ്വാളിയർകോട്ടയെ ബ്രിട്ടീഷുകാരിൽനിന്നും പിടിച്ചടക്കിയശേഷം സിന്ധ്യാപട്ടാളത്തെ പുനഃസംഘടിപ്പിക്കുന്നതിനും അനുവരെ സിന്ധ്യാപട്ടാളത്തിൽ ഇംഗ്ലീഷുകാർ വഹിച്ചിരുന്ന സ്ഥാനങ്ങളിലെല്ലാം തന്നെ മഹാരാഷ്ട്രരെ നിയമിക്കുന്നതിനും പട്ടാളക്കാർക്കു് സ്ഥിരമായി ശമ്പളം നൽകുന്നതിനുമുള്ള പരിപാടി ആസൂത്രണംചെയ്യുന്നതിനും റാണി നാനയെ ഉപദേശിച്ചുവെങ്കിലും ആ ഉപദേശത്തെ അദ്ദേഹം നിസ്സാരമാക്കി തള്ളിക്കളഞ്ഞു. ഗ്വാളിയറിൽ അടിഞ്ഞുകൂടിയിരുന്ന ബ്രാഹ്മണരെ തീറ്റിപ്പോറ്റാനുള്ള ഗതിയുണ്ടായിരുന്നതിനാൽ ഗ്വാളിയറിൽനിന്നും പിടിച്ചെടുത്ത സമ്പത്തുമുഴുവൻ ചിലവഴിച്ചു തീർക്കുവാനാണവരെ റോസ് പ്രത്യുല്കമണം നടത്തുകയില്ലെന്നുള്ള വിശ്വാസത്താലായിരുന്നു. കൃത്യമായി ശമ്പളം നൽകാതിരുന്നതിനാൽ വളരെയധികം പട്ടാളക്കാർ പിരിഞ്ഞുപോകുകയുമുണ്ടായി, മാത്രമല്ലവർ നിയന്ത്രണമോ അച്ചടക്കമോ പരിശീലനമോ ഇല്ലാതെ ക്രമംതെറ്റിയപോലെ പ്രവർത്തിക്കുകയുംചെയ്തു.

കാലാവസ്ഥയുടെ പ്രതികൂലത്തെ പരിഗണിക്കാതെ പ്രത്യാക്രമണം നടത്തുന്നതിനായി ആ വർഷകാലത്തുതന്നെ ഹ്യൂറോസ് സൈന്യസമേതം ജൂൺ പതിനാറാംതീയതി ഗ്വാളിയർകോട്ടയുടെ അയൽപ്രദേശത്തെത്തി. മൊറോറിൽ പാളയമടിച്ചിരുന്ന പെഷ്വാപട്ടാളത്തെ നിശ്ശേഷം നശിപ്പിക്കുകതന്നെചെയ്തു. ജൂൺ പതിനെട്ടാംതീയതി ജനറൽ സ്മിത്തിന്റെ നേതൃത്വത്തിലുള്ള സൈന്യം കിഴക്കുനിന്നും നഗരത്തിലുള്ള ലക്ഷ്മീഭായിയുടെ സൈന്യത്തോടേറ്റുമുട്ടി. ഇവിടെ യുദ്ധം അത്ര നിസ്സാരമായിരുന്നില്ല. റാണിയുടെ സൈന്യത്തിന്റെ എതിർപ്പു് ഭയങ്കരമായിരുന്നു. ഒരേസമയം പടയാളിയും തന്ത്രിയുമുള്ള തീക്ഷ്ണസംഘട്ടനമാണ് ഈ യുദ്ധത്തിൽ പ്രകടമായതു്. ഒരു യോദ്ധാവിന്റെവേഷത്തിലാണ് റാണി യുദ്ധംചെയ്തതു്. ശത്രുനിരയെ സിംഹികയെപ്പോലെ കടിച്ചുകീറി തരിപ്പണമാക്കി തന്റെ അനിതരസാധാരണമായ യുദ്ധനൈപുണ്യത്തെ ഒന്നുകൂടി പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു് ധീരധീരം ബ്രിട്ടീഷ് പട്ടാളത്തോടുയുദ്ധംചെയ്തു് നിരവധി മുറിവുകളോടെ ആ പടക്കളത്തിൽ റാണി വീണ് വീരസ്വർഗ്ഗംപ്രാപിച്ചു. ധീരധീരം തന്റെ നാടിനായും നാട്ടുകാരുടേയും സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതി അടക്കളത്തിൽ വീരസ്വർഗ്ഗംപ്രാപിച്ച ആ ധീരദേശാഭിമാനിയുടെ മൃതശരീരം വൈകുന്നേരംവരെ ആ പടക്കളത്തിൽത്തന്നെ കിടന്നു. ധീരദേശസ്നേഹികളും സമരവീരന്മാരുമായ റാണിയുടെ അനുചരർ ആ പടക്കളത്തിൽനിന്നും റാണിയുടെ ശരീരം കണ്ടുപിടിച്ചു് വൈകുന്നേരം ഉപയോഗിച്ചു ദഹിപ്പിച്ചു. അങ്ങിനെ ബ്രിട്ടീഷ് സാമ്രാജ്യസ്ഥാപനത്തിനു് ഒരു വിലങ്ങുതടിയായിനിന്നിരുന്ന പ്രതിബന്ധവും 1858 ജൂൺ 18-ംനു-മുതൽ ബ്രിട്ടനില്ലാതായി. 1835 നവമ്പറിൽ ജനിച്ച റാണി ലക്ഷ്മീഭായി 1858 ജൂൺ 18-ംനു-യുദ്ധക്കളത്തിൽവച്ചു വധിക്കപ്പെട്ടു.

ഇംഗ്ലീഷ് ചരിത്രകാരന്മാർ തങ്ങളുടെ ശത്രുവായ റാണിയെ ചിത്രീകരിച്ചിരിക്കുന്നതെങ്ങിനെയെന്നു ഒരേ ഭരതീയനും വളരെ വ്യക്തമായിരിയും. അതിനാൽ അവർ റാണിയെ ചിത്രീകരിച്ചിരിക്കുന്നതു് "കൊള്ളക്കാരി"യും "ലഹളക്കാരി"യും "കൊലയാളി"യും ആയിട്ടാണു്.

ഝാൻസിയിലെ റാണിയെപ്പറ്റി ശരിയായ വിവരങ്ങൾ നമ്മുടെ നാട്ടുകാർക്കു് മനസ്സിലാക്കുന്നതിനു് കഴിയാത്തതിനാലാണു് റാണിയുടെ അനിതരസാധാരണമായ ജീവിതത്തെപ്പറ്റി പല തെറ്റിദ്ധാരണകളും ഇന്നും നിലനിൽക്കുന്നതു്. അടുത്തകാലത്തു പ്രചുരപ്രചാരത്തിലായിരിക്കുന്ന റാണി ലക്ഷ്മീഭായിയുടെ ജീവചരിത്രത്തിൽനിന്നും വ്യക്തമാകുന്നതു് റാണി സ്വരാജ്യസ്നേഹംകൊണ്ടും അങ്ങേഅറ്റത്തെ ബ്രിട്ടീഷ്വിരോധംകൊണ്ടും ആണു് യുദ്ധം ചെയ്തതെന്നാണു്.

ബ്രിട്ടീഷ്വിരോധം ഭാരതത്തിലെ കുറേനാൾ തന്റെ ഹ്രസ്വകാലജീവിതത്തിനിടയ്ക്കു് റാണി ആളിക്കത്തിക്കേണ്ടതായിരുന്നു. പട്ടാളലഹളക്കാലത്തു ഏതാണ്ടൊരുവർഷത്തോളം റാണി നടത്തിയ ഭരണരീതിയിൽനിന്നും ഗ്വാളിയർ ആക്രമണത്തിനു നൽകിയ ഉപദേശങ്ങളിൽനിന്നും

മുനി

മാവേലിക്കര
എൻ. രാമചന്ദ്രൻ

മലയാളരാജ്യം വാരികയുടെ മുൻപുള്ള ലക്കങ്ങളിലായി മൈന, കഴുകൻ എന്നീ രണ്ടിനം പക്ഷികളെ വിവരിച്ചുകഴിഞ്ഞു. ഈ ലക്കത്തിൽ 'മുനി'യെപ്പറ്റി വിസ്തരിക്കുന്നു. 'മുനി'യെന്ന പേർ ഈ പക്ഷിക്കു കൊടുത്തതിൽ ചിലർ നെറി ചുളിച്ചേക്കാം. മാരകവിഷമുള്ളതിനാണ് ഈ പേർ കിട്ടിയതെന്നു തോന്നുന്നു, പരമപുരുഷനിൽമാത്രം ഭക്തിശ്രദ്ധരായിക്കഴിയുന്ന 'മുനി'യെയാണോ ഈ പ്രകൃത

സിന്ധ്യാപട്ടാളത്തെ പുനഃസംഘടിപ്പിക്കുന്നതിനു നൽകിയ പരിപാടികളിൽനിന്നും വ്യക്തമാകുന്നതു് സമരതന്ത്രത്തിൽമാത്രമല്ല, ഭരണതന്ത്രത്തിലും സൈനികസംഘടനയിലും റാണി അദ്വിതീയയാണെന്നാണു്.

ബ്രിട്ടൻ നിർഭാഗ്യയായ ഭരതത്തിൽ തങ്ങളുടെ സാമ്രാജ്യം കെട്ടിപ്പടുത്തു അധികാരം നിലനിർത്തുന്നതിനുവേണ്ടി അങ്ങേഅറ്റത്തെ അടവുകൾ എടുത്തിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. തൻറെ കഴിവുകളെ ഡാൻസിയിലെ ജനങ്ങളിൽമാത്രം നിക്ഷിപ്തമാക്കാതെ ഭാരതീയരെ മുഴുവൻ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായി അണിനിരത്തുന്നതിനവേണ്ടി രാണി ചിന്തിയോഗിച്ചുശേഷമാണു് യുദ്ധത്തിനു തയ്യാറെടുത്തിരുന്നതെങ്കിൽ ഒരിക്കലും പരാജിതയാകുമായിരുന്നില്ല. "ഭിന്നിപ്പിച്ചുഭരിക്കുക" എന്ന തന്ത്രത്തെ ആ കാലത്തു വേണ്ടവിധത്തിൽത്തന്നെ ബ്രിട്ടീഷുകാർ ഉപയോഗിച്ചു.

ധീരയായ ഝാൻസിറാണിയെ പരാജയപ്പെടുത്തിയ ആ ബ്രിട്ടീഷു പട്ടാളമേധാവി പ്രസ്താവിച്ചിരുന്നതു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്. തൻറെ കല്പനകളിൽ സർ ഹ്യൂറോസ് പഠഞ്ഞിരുന്നതു് "ശത്രുപക്ഷത്തിലെ ഏറ്റവും ഉണർവുള്ളതായ ഒരേഒരു വ്യക്തി ഝാൻസിയിലെ റാണിയായ ലക്ഷ്മീഭായി' യാണെന്നാണു്. ശത്രുപക്ഷത്തെ പ്രമാണിയുടെ പ്രശംസ തീർച്ചയായും ഒരു പ്രശംസതന്നെയാണു്.

അമിയ കെ. ബാനർജിയുടെ ഇംഗ്ലീഷ് ലേഖനത്തിൻറെ ആശയം.

ത്തിൽ വിവരിക്കാൻ ലേഖകനെന്തെങ്കിലർ ലേഖകനോടു ചോദിച്ചേക്കാം. എന്നാൽ 'മുനി'കളെപ്പോലെ ഈ മുനികളും നിരുപദ്രവികളും സുസ്വഭാവികളും ആണെന്നു വസ്തുതയാണു് ഈ പേർ നൽകാൻ എന്നെ പ്രോത്സാഹിപ്പിച്ചതു്. മനുഷ്യരിൽ മാത്രമേ മുനി'ഭാവം ഉണ്ടാകാവൂ എന്ന ശാഠ്യവും നന്നല്ലല്ലോ. പോരെങ്കിൽ ആംഗലഭാഷയിലും ഇതിൻറെ പേർ 'മുനിയ' എന്നുകൂടെ. അപ്പോൾ ഇംഗ്ലീഷ് പത്രത്തിനും നമ്മുടെ മലയാളപത്രത്തിനും തമ്മിൽ സാദൃശ്യവുമുണ്ടല്ലോ.

ഇന്ത്യയിൽ വെള്ളമുതുകൻ, ശ്വേതകണ്ഠൻ, പുള്ളി അരുണവർണ്ണൻ എന്നീ നാലിനം മുനികളെ പ്രധാനമായും കണ്ടുവരുന്നു. ആദ്യത്തിക്കുട്ടി പടിഞ്ഞാറോട്ടു ഈ പക്ഷിയുടെ വർഗ്ഗത്തിൽപ്പെട്ടന്ന ഒരെണ്ണത്തിനെപ്പോലും കാണുന്നില്ല. അങ്ങനെ ഇവൻ ഒരു പൗരസ്ത്യനാമമാണ്. ഈ അടുത്തകാലംവരെ സംസ്കാരികമായി വളരെ അധഃപതിച്ചുകിടന്നിരുന്ന പാശ്ചാത്യരാജ്യങ്ങളിൽ കാലുകുത്തൻപോലും ഇവൻ ഒരു പക്ഷേ മടിക്കുന്നവനായിരിക്കാം.



Fig. xv

1. വെള്ളമുതുകൻമുനി

ആംഗലനാമം—

White Backed Munia.

ശാസ്ത്രീയനാമം—

Urolonchа Striata.

വലിപ്പം

ഏകദേശം ആറിഞ്ച് നീളമുള്ള ഒരു പക്ഷിയാണിവൻ.

തിരിച്ചറിയുംവിധം—

തവിട്ടനിറം കലർന്ന ഒരുതരം കറുപ്പാണ് രോമത്തിൻറെ നിറം. പള്ള ഭാഗത്തിനു വെള്ളനിറമാണ്. മുതുകിനും ശ്വേതനിറമാണുള്ളതു്. കട്ടം നീലനിറത്തിലും സൂചിഘനരൂപത്തിലും (Conical) ഉള്ള ചുണ്ടു്, അല്പകൾ കൊക്ക്, ആപ്പിൻറെ ആകൃതിയിലുള്ളവാൽ എന്നിവയാണ് വെള്ളമുതുകൻറെ മറ്റു പ്രത്യേകതകൾ. ബംഗ്ലാദേശിൽ ആൺ പെൺ പക്ഷികൾ ഒരുപോലെതന്നെ. ഉഷ്ണകൃഷിപ്രദേശങ്ങളിൽ പറന്നുചേർന്നു നടക്കുന്നു.

വിസ്തരം—

സിലോണിലും ഇന്ത്യയിൽ എല്ലായിടവും കണ്ടുവരുന്നു. ഗാർവാളിനു കിഴക്കുള്ള ഹിമാലയൻ പ്രാന്തങ്ങളിലും, ആസ്സാം, ബർമ്മ, ആൻഡമാൻ, നിക്കോബാർ സ് എന്നിവിടങ്ങളിലുംകൂടി വരുന്നു. നിറത്തെ മാത്രം അടിസ്ഥാനമാക്കി ഇതിനെ ആറു ഉപജാതികളായി തിരിച്ചിരിക്കുന്നു. അവയെ ഓരോന്നിനെപ്പറ്റിയും വിവരിക്കാൻ ഇനിയൊരവസരം ഉപയോഗിച്ചുകൊള്ളാം.

ശീലം

ചെറിയ സംഘങ്ങളായി കൃഷിസ്ഥലങ്ങളുടെ സമീപസ്ഥലങ്ങളിൽ പുല്ലരിയുടെ ഉച്ചിച്ചുകൊണ്ടു് നടക്കുന്നു. ലോലവും എന്നാൽ ക്രമതയുള്ളതും ആയ കൂജനങ്ങളും ക്രമത്തിൽ ഇവ പുറപ്പെടുവിക്കാറുണ്ടു്. ഇതിൻറെ ശീലത്തെപ്പറ്റി കൂടുതലൊന്നും തന്നെ ആയം ഇതിനകം കണ്ടുപിടിച്ചിട്ടില്ല.

കൂടുനിർമ്മാണം—

കൂടു നിർമ്മാണത്തിനു ഒരു പ്രത്യേക കാലഘട്ടമുണ്ടെന്നു നിർണ്ണയിക്കുക പ്രയാസം. ദേശഭേദമനുസരിച്ചു ഇണചേരലും. കാലവുംകൂടി വ്യത്യസ്തമായിരിക്കുന്നു.

തുവലുകൾ, പുൽച്ചെടികൾ, എന്നിവയിൽ നിർമ്മിച്ചും, അനക്കർഷണീയവും, ദേശൈകതിയിലുള്ളതും ആയ കൂടിൻറെ പാശ്ചാത്യദേശത്തു മുകളിലായി ഒരു പ്രവേശനദ്വാരമുണ്ടായിരിക്കും. ഏതാണ്ടു് ഒരു ചെറിയ കുഴലാണോ എന്നു് ഈ പ്രവേശനദ്വാരം കണ്ടാൽ തോന്നിപ്പോകും. ചെറിയ കുറ്റിക്കാടുകളിലോ, തറയിൽനിന്നും എട്ടോ പത്തോ അടി ഉയരമുള്ള വൃക്ഷങ്ങളിലോ ഇതിൻറെ കൂടു സുലഭമായിക്കാണാവുന്നതാണ്. ഒരു പ്രാവശ്യം അഞ്ചോ ആറോ മുട്ടയിടുന്നു. മുട്ടയെല്ലാം നല്ല വെള്ള നിറത്തിലുള്ളതും യാതൊരു പുള്ളികളും ഇല്ലാത്തതും ആണ്.

കൂടുനിർമ്മാണം, അടയിരിക്കൽ, ശിശുപരിചരണം എന്നിവയിൽ ഇരുമാതാപിതാക്കളും ഒരുപോലെ ഭാഗഭാക്കാകുന്നു. അടയിരിക്കൽ ഏകദേശം രണ്ടാഴ്ചയോളം നിണ്ടുനില്ക്കുന്നു.



Fig. xvi

2. ശ്വേതകണ്ഠൻമുനി

ആംഗലനാമം—

White throated Munia.

ശാസ്ത്രീയനാമം—

Urolonchа Malabarica.

വലുപ്പം—

ഏതാണ്ടു് വെള്ളമുതുകൻ മുനിയുടെ വലിപ്പമാണ് ഇവനും ഉള്ള

തിരിച്ചറിയുംവിധം—

യാതൊരു പുള്ളികളുമില്ലാതെ, വിട്ടുനിറത്തിലുള്ള ദേഹം, ബ ത്തും സൂചീഘനരൂപത്തിലുള്ള ആയ ചുണ്ടു് കറുത്തും ക്രമേ ഒരു ബിന്ദുവിൽ അവസാനിക്കുന്ന ആയ വാൽ, ശ്വേതനിറത്തിലു പള്ളഭാഗം, തൂങ്കുനിറത്തിലുള്ള പു ഭാഗം, വെളുത്ത നിറത്തിലുള്ള ണ്ണും എന്നിവയൊടുകൂടിയ ഒരു പ പക്ഷിയെ വരണ്ടതും കുറ്റിക്കാ കളുള്ളതുമായ വെളിപ്രദേശങ്ങളി കാണുന്നുവെങ്കിൽ അതു 'ശ്വേതകണ്ഠൻമുനി' എന്നു തീരുമാനിച്ചുകൊള്ളണം. ഇവനും പാറംചേന്നാണ് ഞരിക്കാറുള്ളതു്.

വിസ്തരം—

ഇന്ത്യയൊട്ടാകെയും, സിലോണിലെ വരണ്ട പ്രദേശങ്ങളിലും. ഹിമാൽ സാനുവിൽ ആറായിരം അടി ഉയരംവരെയും ഇവനെ കാണാം. എന്നാൽ ആസ്സാം ഇവനു പറ്റിപ്പെടുന്ന സ്ഥലമല്ല.

ശീലം—

വരണ്ടതും തുറന്നതും ആയ കൃഷിസ്ഥലങ്ങളിലും കുറ്റിക്കാടുകളുള്ള പ്രദേശങ്ങളിലും ഇവൻ അധിവസിക്കുന്നു. പക്ഷേ, ഘോരവനങ്ങളിൽ തപസ്സുചെയ്യുവാൻ ഈ മുനിയ്ക്കു് അത്ര സമ്മതമില്ല. പാറംചേന്നു, കല്ലുരിത്തുന്നകൊണ്ടു് നടക്കുന്നതും പുല്ലരി കൊത്തിക്കൊണ്ടു് പറക്കുന്നതും കണ്ടാൽ പച്ചയുമുള്ള ഏവനും സന്തോഷാധിക്യത്താൽ മതിമറന്നുപോകും. ലോലവും, എന്നാൽ ക്രമത്തിലുള്ളതും ആയ പലതരം കൂജനങ്ങളും ഇവൻ പുറപ്പെടുവിക്കാറുണ്ടു്. പക്ഷേ മുറിനങ്ങളിൽനിന്നും വളരെ വ്യത്യസ്തമായ രീതിയിലാണു് ഇവൻറെ കൂജനങ്ങളും എന്നു മാത്രം.

കൂടുനിർമ്മാണം—

ഒരാണ്ടിലെ മിക്ക ദിവസങ്ങളിലും ഇവർ ഇണചേരുന്നു. അതുകൊണ്ടു പൊക്കമില്ലാത്ത കുറ്റിക്കാടുകളിൽ പുല്ലുഴകൊണ്ടു് കൂടു നിർമ്മിക്കുന്നു. ഏതാണ്ടു് ഗോളാകൃതിയിലുള്ളതായിരിക്കും കൂടു്. പരുത്തിച്ചെടി ധാരാളമായി വളരുന്ന സ്ഥലങ്ങളിൽ പഞ്ഞികൊണ്ടും ഇവ കൂടുനിർമ്മിക്കുന്നുണ്ടു്. ചിലപ്പോൾ മറ്റു പക്ഷികളുടെ കൂടും ഇവർ മുട്ടയിടാൻ ഉപയോഗിക്കാറുണ്ടു്. ആയതിനാൽ ഒരു പ്രത്യേകതയുണ്ടെന്നും.

ഒരുപ്രാവശ്യം നാലോ അഞ്ചോ മുട്ടയിടുന്നു. നല്ല വെള്ളനിറമാണു് മുട്ടയ്ക്കു്. യാതൊരടയാളങ്ങളും മുട്ടയിൽ കണ്ടെന്നുവരില്ല. കുഞ്ഞുങ്ങൾ പറന്നുപോയിക്കഴിഞ്ഞാലും മാതാപിതാക്കന്മാർ സ്വന്തംകൂടു് ഒരു നിലയമായി ഉപയോഗിച്ചും വരാറുണ്ടു്.



3. പുള്ളിമുനി

ആംഗലനാമം —

Spotted Munia.

ശാസ്ത്രീയനാമം —

Urolonchа Punctualata.

വലിപ്പം —

മൂകളിൽ വിവരിച്ചതിനു തുല്യം.

തിരിച്ചറിയുംവിധം —

പ്രായമായവയുടെ പുറം നീലകലർന്ന തവിട്ടുനിറത്തിലും, പള്ളഭാഗം കറുത്ത പുള്ളികളോടുകൂടിയ ശ്വേതനിറത്തിലും ആകുന്നു. എന്നാൽ കുഞ്ഞുങ്ങൾക്കു വെറും തവിട്ടുനിറമാണുള്ളത്. കുഞ്ഞുങ്ങളുടെ ദേഹത്തു് ഒരൊറ്റ പുള്ളിയും കാണാൻ സാധിക്കയില്ല. ബാഹ്യപ്രകൃതിയിൽ ഇരു ജാതികളും ഒന്നുപോലെതന്നെ. ഇവ സ്ഥിരമായി കൃഷിസ്ഥലങ്ങളിൽ പാറിനടക്കുന്നതും ദുഷ്ടിഗോചരമാണ്.

വിസ്തരം —

ഇന്ത്യയൊട്ടുക്കെ അധിവസിക്കുന്നുണ്ടെങ്കിലും, സിന്ധു, പഞ്ചാബു് സമതലങ്ങളും, രാജപുട്ടാന, വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശം എന്നിവിടങ്ങളിൽ കാണുന്നില്ല. ഹിമാലയത്തിൽ ആറായിരം അടി ഉയരംവരെയും ഇവനെ കണ്ടുവരുന്നു. നിരവധിസ്ഥാനപ്പെരുത്തി ഇവന്റെ മുഖ്യ ഉപജാതികളെ ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. അവ ഇൻഡ്യ, ആസ്സാം, സിലോൺ എന്നിവിടങ്ങളിൽ കാണുന്ന Line-oventer എന്ന വർഗ്ഗവും, ബർമ്മയിൽ കാണുന്ന Subundulata എന്ന വർഗ്ഗവും, ചൈനയിൽകാണുന്ന Tonela എന്ന വർഗ്ഗവും ആകുന്നു. ഇവൻ സ്ഥിരമായി ഒരു പ്രദേശത്തുതന്നെ അധിവസിക്കുന്നവനാണെങ്കിലും, ചിലപ്പോൾ ദേശാടനത്തിനിറങ്ങാറുണ്ട്. ഒരുപക്ഷേ 'കരതലഭിക്ഷാതരുതലവാസ" എന്ന പ്രമാണത്തെ ആദരിക്കുകയായിരിക്കാം ഈ മുനിപ്രവരൻ ചെയ്യുന്നതു്. ആരോ! ആക്കിയാം?

ശീലം

ഇവൻ ഒരു മാതൃകാപുരുഷനായ മുനി ആകുന്നു. വലിയ സംഘങ്ങൾചേർന്നു് ഇവ പുല്ലിനിടയിൽ ഭക്ഷിച്ചുകൊണ്ടു തറയിൽ സഞ്ചരിക്കുന്നു. ഒരു പാറത്തിൽ ഇരുനൂറു് പുള്ളിമുനികളെ കണ്ടെന്നുവരാം. ഏതെങ്കിലും ഉപദ്രവം നേരിടുകയാണെങ്കിൽ, കാടിക്കാട്ടുകളിലേയ്ക്കും വൃക്ഷാഗ്രങ്ങളിലേയ്ക്കും പുറപ്പെട്ടുവിച്ചുകൊണ്ടു് ഇവ പറന്നുപൊയ്ക്കളയും.

കൂടുനിർമ്മാണം —

മിക്കവാറും ജൂലൈമുതൽ ഒക്ടോബർവരെയുള്ള സമയത്താണു് ഇവൻ കൂടുനിർമ്മിക്കുക. കൂടിന്റെ പാർശ്വഭാഗത്തു് മുകളിലായി ഒരു പ്രവേശനദ്വാരമുണ്ടായിരിക്കും. കൂട് കണ്ടാൽ ഒരു പുൽപന്താണോ എന്നു തോന്നിപ്പോകും. പൊക്കം കുറഞ്ഞതും മുള്ളുകളുള്ളതുമായ വൃക്ഷങ്ങളിലും കുറിക്കാട്ടുകളിലും ആണു് കൂടു വയ്ക്കാറുള്ളതു് ചിലപ്പോൾ ഒരു വൃക്ഷത്തിൽ അനേകം കൂടുകൾ കാണാറുണ്ടു്.

വെള്ളനിറത്തോടുകൂടിയതും, യാതൊന്നു പുള്ളികുത്തിയതും ആയ മുട്ടകൾ നാലുമുതൽ എട്ടെണ്ണംവരെ ഒരു കൂട്ടിൽ കണ്ടേക്കാം. അടയിരിക്കാൻ പെൺപക്ഷിയാണു് നിയമിതയായിട്ടുള്ളതു്. എന്നാൽ കൂടുനിർമ്മാണത്തിലും ശുശ്രൂഷാചരണത്തിലും ആൺപക്ഷി പെണ്ണുമായി സഹകരിക്കാറുണ്ടു്



4. അരുണവർണ്ണൻമുനി

ആംഗലനാമം —

Red Munia.

ശാസ്ത്രീയനാമം —

Amandava amandava.

വലിപ്പം —


മൂകളിൽ വിവരിച്ചതിനേക്കാളും ചെറുതു്.

തിരിച്ചറിയുംവിധം —

ആൺപക്ഷിയുടെ നിറം ഇണചേരുംകാലങ്ങളിൽ ഒരുമാതിരി കടും ചുവപ്പുകലർന്നു. എന്നാൽ, പെൺപക്ഷിക്കു് വെള്ളപ്പുള്ളികളോടുകൂടിയതും തവിട്ടുനിറത്തിലുള്ളതും ആയ ദേഹം, ചുവന്ന മുനു്. ശോണിതമായ പുഷ്പഭാഗം എന്നിവയാണുള്ളതു്. വാലിന്റെ അഗ്രം പൂത്തകുതിയിലിരിക്കുന്ന ഉയന്ന പുൽത്തകിടികളിലും, നീളമുള്ള പുല്ലുകളുടെ ഇടയിലും പാറിനടന്നു സഞ്ചരിക്കുന്നു.

വിസ്തരം

ഭാരതത്തിൽ സിന്ധുമുതൽ ആസ്സാം, ബർമ്മവരെയും, കന്യാകുമാരിമുതൽ ഹിമവാനിൽ രണ്ടായിരം അടിവരെയും കാണുന്ന സിലോണിൽ ഇല്ലെന്നതന്നെ പറയാം. എങ്കിലും ജലാശയങ്ങളാൽ ആവൃതവും പൊക്കംകുടിയതും ആയ മലകളിൽ ചിലപ്പോൾ 'കണ്ടുവരുന്നുമുണ്ടു്. ബർമ്മയിലെ വർഗ്ഗമായ Flavidiventris ഇന്ത്യൻവർഗ്ഗമായ amandava യിൽനിന്നും വ്യത്യസ്തനിറത്തോടുകൂടിയതാകുന്നു. മധുരനാരങ്ങാനിറത്തിലുള്ള പള്ളഭാഗമാണു് ബർമ്മയിലുള്ളതിനു് ഉള്ളതെങ്കിൽ ചുവപ്പുനിറമാണു് ഇന്ത്യയിലേതിനു് ഉള്ളതു്. ദേശാടനം ഇക്കൂട്ടർ ഇഷ്ടപ്പെടുന്നില്ല.



റോക്കഫെല്ലർ കുടുംബത്തിന്റെ സംഭാവന—ജൂൺ ഡി. റോക്കഫെല്ലർ (തൃതീയൻ) യുണൈറ്റഡ് സ്റ്റേറ്റ്സ് യുണൈറ്റഡ് നീഗ്രോ കോളേജ്ഫണ്ടിലേയ്ക്കു പ്രസ്തുത കുടുംബം നൽകിയിട്ടുള്ള അത്യുദാരമായ സംഭാവനകൾക്കുള്ള കാരണപ്രസിഡൻറ് എഫ്. ഡി. പാറ്റർസന്റെ കൃതജ്ഞത സ്വീകരിക്കുന്നു. വലതു നിൽക്കുന്നതു് റോക്കഫെല്ലറും, നടുവിൽ നിൽക്കുന്നതു് അമേരിക്കൻ പ്രസിഡൻറ് ഐസൻഹൗവറുമാണു്. ഫിലിതാമഹൻ ജൂൺ ഡി. റോക്കഫെല്ലറുടെ ജനനൽ എഡ്യൂക്കേഷൻബോർഡിൽ നിന്നുള്ള ഒരു ഗ്രാൻറാണു് 1944-ൽ കാരണപ്രസ്ഥാപനം സംഭവ്യമാക്കിയതു്. മകന്റെ 50 ലക്ഷം ഡാളർ സംഭാവനയാണു് കെട്ടിടംപണി പ്രസ്ഥാനത്തിനു് ആരംഭമിട്ടതു്. നീഗ്രോകളുടെ 31 കാരണപ്രകാരംസവ്കലാശാലകൾക്കുവേണ്ടി 250 ലക്ഷം ഡാളറിന്റെ ഒരു ഫണ്ടുണ്ടാക്കുന്നതിനാണു് ഇപ്പോഴത്തെ ശ്രമം. ഇതുവരെ കാപ്പുറേഷൻസുതുടങ്ങിയുള്ള സ്ഥാപനങ്ങളിൽനിന്നു് 120 ലക്ഷത്തോളം പിരിഞ്ഞുകിട്ടിയിട്ടുണ്ടു്.

ശീലം

ഇവനെയും ഒരു മാതൃകാമുനിയായി കരുതാം. ഇവന്റെ ലോലമായ കൂജനങ്ങളും അത്യന്തം സംഗീതാത്മകങ്ങളാകുന്നു. ഇണചേരുംകാലങ്ങളിൽ ആൺപക്ഷി പതിഞ്ഞ സ്വരത്തിൽ തുടച്ചയായി വിറയലോടുകൂടിയ കൂജനങ്ങളും ആലപിച്ചുകൊണ്ടിരിക്കുന്നു. ഇവനെ കൂട്ടിലിട്ടു് വളർത്താൻ പലരും ആഗ്രഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നുണ്ടു്. പക്ഷിക്കച്ചവടക്കാരുടെ വിപുലനായി ഇവനെ കൂട്ടിലടച്ചുവച്ചു രിക്കുന്നതുകണ്ടാൽ ഏതൊരു സഹൃദയന്റെയും ഹൃദയം അലിഞ്ഞുപോകുമെങ്കിൽ അതിലസാംഗത്യമൊന്നുമില്ല. സ്വാതന്ത്ര്യകാംക്ഷിയായ മനുഷ്യൻ ഇതരജീവികളുടെ സ്വാതന്ത്ര്യകാംക്ഷയെ നിഹനിക്കുന്നതു് എത്രമാത്രം പാതകമായിരിക്കുന്നു? ഒരു പ്രാചീനകൃതിയായ 'ശുകസന്ദേശം' ഈ ഒരു സഹതാപത്തിൽനിന്നും ഉടലെടുത്തതല്ലേ? എന്നിട്ടും അതു് വായിച്ചാസ്വദിക്കുവാനൊക്കുമോ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നതു് സാഹസമെങ്കിൽ പിന്നെന്താണു്?

കൂടുനിർമ്മാണം —

കൂടുകെട്ടുന്നതിനു് നിശ്ചിതമായ ഒരു കാലമില്ല. എങ്കിലും മഴക്കാലങ്ങളായ ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ എന്നീ മാസങ്ങളാണെന്നുപറയാം. കൂടു് പൊതുവും, പുല്ലുകൊണ്ടു നിർമ്മിച്ചതും, ഗോളാകൃതിയിലുള്ളതും ആകുന്നു. കൂടിന്റെ ഉൾഭാഗം തൂവലുകളാലും, പുല്ലിഴകളാലും മാർദ്ദവപ്പെടുത്തിയതായിരിക്കും. പൊതുവെ കുറിക്കാട്ടുകളിൽ ഭൂമിനിരപ്പിനു് രണ്ടടിതാഴ്ചയിൽ ആണു് കൂടു നിർമ്മിക്കുന്നതു്. വെള്ളനിറത്തിലുള്ള മുട്ടയിൽ യാതൊരു അടയാളങ്ങളുമില്ല

കൂടുനിർമ്മാണം, അടയിരിക്കൽ, ശുശ്രൂഷാചരണം എന്നിവയിൽ ഇരുജാതികളും ഒരുപോലെ പങ്കെടുക്കുന്നു.

—o—

ചെറുകഥ

"ജീവിക്കുവാൻ പുറപ്പെട്ടവൾ"

— കുമാരൻ, പൂന —

പട്ടണത്തിലെ ആയുധശാലയിലെ കുഴൽവിളികളുടെ അകമ്പടിയോടുകൂടി ദിനകരൻ പൂർവാകാശത്തിൽ ഒരു തങ്കത്തളികപോലെ ഉദിച്ചുയർന്നു. ഞാൻ കിടക്കയിൽ കിടന്നുകൊണ്ടുതന്നെ കലണ്ടറിലേയ്ക്കു നോക്കിയെടുത്തു. June 3 (ജൂൺ 3) അപ്പോഴാണ് എന്റെ സ്നേഹിതൻ മി: രവി മദ്രാസ്സിൽനിന്നും അന്നയച്ചതാ വിവരം ഓർത്തത്.

ഗുരുതിയിൽ ഞാൻ എഴുന്നേറ്റു ദിനകൃത്യങ്ങളെല്ലാം കഴിച്ചിട്ടു റയിൽവേ സ്റ്റേഷനിലേയ്ക്കു പാഞ്ഞു. 7 30-ന്റെ ലോക്കൽട്രയിൻ പോയാൽ രണ്ടുമണിക്കൂർ കഴിഞ്ഞേ പൂനായ്ക്കു വീണ്ടും ട്രയിൻ കിട്ടുകയുള്ളൂ. മൂന്നാമത്തെ വിസിലും കഴിഞ്ഞു വണ്ടിനീങ്ങി. എന്റെ ഓട്ടം ഒന്നുകൂടി വേഗത്തിലാക്കിയതുകൊണ്ടു അവസാനത്തെ കമ്പാർട്ടുമെന്റിൽ ചാടിക്കയറുവാൻ സാധിച്ചു.

പൂനായിൽ ഇറങ്ങിയപ്പോഴാണറിഞ്ഞതു് അന്നത്തെ മദ്രാസ് മെയ്ൽ പ്രസ്സ് 50 മിനിട്ടു് വൈകിണെന്ന്. സുഹൃത്തുക്കളുടെയും ബന്ധുമിത്രാദികളുടെയും പ്രതീക്ഷിച്ചു് അക്ഷമരായി പ്ലാറ്റ്ഫാറത്തിൽ ധാരാളം ആളുകൾ നിൽപ്പുണ്ട്. ഞാനവരെയെല്ലാം വകവെയ്ക്കാതെ ഒരു ഒഴിഞ്ഞമൂലയിൽ നിലയുറപ്പിച്ചു.

ഫുൾക്കൈത്തോടുകൂടി എക്സ്പ്രസ്സ് രണ്ടാമത്തെ പ്ലാറ്റ്ഫാറത്തിൽ വന്നു നിന്നു. എന്തൊരു ബഹളമെന്നോ—? "സർ; കൂലീ—കൂലീ—ഹംലേയംഗാ സാബ്—സാബ്—നഹി—നഹി മസൽവടാ—കോഫീ:—ഇതിനിടയിൽ പെട്ടിയും ഭാണ്ഡവുമായി ആളുകളെല്ലാം ഇറങ്ങിക്കഴിഞ്ഞു. ഞാൻ സ്വകമ്പാർട്ടുമെന്റിലും ഓടിനടന്നു നോക്കി. ഉം—ഹും. രവിയില്ല—ഞാൻ നിരാശനായി വെളിയിലിറങ്ങുവാൻ സാവധാനം നടന്നു. വണ്ടി ബോംബെയ്ക്കു ലക്ഷ്യമായി പുറപ്പെട്ടു. ആളുകളും മിക്കവാറും അവിടെനിന്നും പോയിക്കഴിഞ്ഞു. എനിക്കു എതിരെ രണ്ടു റയിൽവേപോലീസിന്റെ അകമ്പടിയോടുകൂടി കുറെ ആളുകൾ വരുന്നുണ്ടു്. കൂടെ ഒരു യുവതിയും; വസ്ത്രധാരണംകൊണ്ടു് അവൾ ഒരു മലയാളി ആണെന്നു എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു.

അഴുക്കുപുരണ്ട വേഷമാണെങ്കിലും ധരിച്ചിരുന്നതെങ്കിലും; ചതവും ഉടവും പറഞ്ഞാൽ മനോഹരമായ ഒരു ശരീരം. മുഖവാടനമുണ്ടെങ്കിലും രക്തം ചിന്തുന്ന ആ മുഖം കണ്ടാൽ ഏതോ ഒരു തെറ്റു ചെയ്തവളാണെന്നു വിളിച്ചുപറയും; അടുത്തുവന്നപ്പോൾ ഞങ്ങൾ അന്യോന്യം ഒന്നുനോക്കി. അന്യനാട്ടിൽവെച്ചും മലയാളികൾകണ്ടാൽ മലയാളികളെ കണ്ടു മനസ്സിലാക്കുവാൻ പ്രത്യേകമായ ഒരു സാമർത്ഥ്യമുണ്ടു്.

അവർ നടക്കുന്നതിനിടയിൽ കാതരയായി അവൾ വീണ്ടും എന്നെ ഒന്നു തിരിഞ്ഞുനോക്കി. ഞാൻ ഇതികർത്തവ്യതാമൂഢനായി ഒരു സിഗറെറ്റും പുകച്ചു അവരുടെ പോക്കിനെ ലക്ഷീകരിച്ചുനിന്നു:—അവർ റയിൽവേമജിസ്ട്രേട്ടുകോട്ടിന്റെ മുൻപിൽ ചെന്നുനിന്നു.

"ഉറ്റവരും ഉടയവരും ഇല്ലാതെ അന്യനാട്ടിൽപോയി ജീവിതായോധനം ചെയ്യുവാൻ ടിക്കറെറില്ലാതെ യാത്രചെയ്ത നിസ്സഹായയുടെ ഒരു രൂപം എന്റെ ഹൃദയഭിത്തിയിൽ പ്രതിബിംബിച്ചു.

ഞാനവിടെച്ചെന്നു പോലീസ്സുകാരോടു് ചോദിച്ചു:—

"ക്യോം യഹ് ലോഗ് കോ ലേകർ ആയാ"—?

"ബഗേർ ടിക്കറ്റ് സേ സഫർ കർത്താഹൈയ്"—സാബ്ലോഗ്".

ശരിയാട്ടുകാരിയാണെന്നു അതു പറഞ്ഞപ്പോൾ അവൾ കരഞ്ഞിരുന്ന കൊണ്ടു എന്നെത്തന്നെ അപ്പോഴും നോക്കുന്നുണ്ടായിരുന്നു.

"യഹ് ലഡ്കീ ഭീ—"

"ജീഹാം"—"ക്യോം"—? ഒരു ചോദ്യംകൂടി അവൻ എന്റെ മുമ്പിലേയ്ക്കു എറിഞ്ഞു:—

'ഇവളെ വിടുവാൻ സാധിക്കുമോ"—ഞാൻ വിനയമായി ഹിന്ദിയിൽത്തന്നെ ചോദിച്ചു.

സോറിസാർ; മജിസ്ട്രേട്ടിനെക്കൊണ്ടല്ലാതെ ഞങ്ങളെക്കൊണ്ടു സാദ്ധ്യമല്ല, ദയയില്ലാതെ അവർ പറഞ്ഞു.

ഉദ്ദേശം 9-30 ആകും. അവരെ ഓരോരുത്തരെയായി മുറിക്കുള്ളിലേക്കു കൊണ്ടുപോയി—മൂന്നും നാലും മിനിട്ടു കഴിഞ്ഞു ഇരുപതും ഇരുപത്തഞ്ചും ദിവസത്തെ തടവുശിക്ഷയോടുകൂടി അവർ അവിടെനിന്നും ഇറങ്ങി—ആ മജിസ്ട്രേട്ടുകോർട്ടിൽ "ടിക്കറില്ലാതെ യാത്രചെയ്ത തന്റെ പ്രതി കുറക്കാരനല്ലെന്നു" വാദിക്കുവാനുള്ള വക്കീലന്മാരുടെ ആവശ്യമൊന്നുമില്ല. "ടിക്കറില്ലാതെയാണോ യാത്രചെയ്തതു്. കോടതിയുടെ ഒരു ചോദ്യമാണതു്. "അതേ" എന്ന മറുപടി കിട്ടുന്നതിനുമുമ്പു് ജഡ്ജ്മെൻറ് എഴുതിക്കഴിയും.

അവസാനം അവളെയും കൂട്ടിൽ കയറി. അവളെ രക്ഷിക്കുവാനുള്ള മാർഗ്ഗമെന്താണെന്നു ഞാൻ പോലീസ്സുകാരോടു ചോദിച്ചു. ടിക്കറിന്റെ ഇരട്ടിച്ചാർജ്ജു കെട്ടിവച്ചാൽ മതിയെന്നു മനസ്സിലാക്കിയ ഞാൻ അവളുടെ രക്ഷാകർത്തൃത്വം സ്വയം ഏറ്റെടുത്തു പണവും ഒരു അപേക്ഷയുമായി മജിസ്ട്രേട്ടിന്റെ മുൻപിലെത്തി—അങ്ങനെ അവളെ വെറുതേവിട്ടു. കൃതജ്ഞതാനിർഭരമായി അവൾ എന്നെ ഒന്നു നോക്കിയെങ്കിലും "ഇതു വേണ്ടിയില്ലായിരുന്നു" എന്ന ഭാവമാണ് അവൾ എന്റെ പിന്നാലെ നടന്നു—ഞങ്ങളാരുംതന്നെ ഒന്നും ശബ്ദിക്കാതെ തന്നെ പൂനാ റസ്റ്റോറണ്ടിൽക്കയറി. പതിമൂന്നാമത്തെ മുറിയിലേയ്ക്കു ഞങ്ങളെ വേറെയായി കൂട്ടിക്കൊണ്ടുപോയി. അകത്തുകയറുവാൻ ആദ്യം അവൾ മടിച്ചെങ്കിലും ഞാൻ നിർബന്ധിക്കാതെതന്നെ കയറി.

ചായ കുടിച്ചുകൊണ്ടിരുന്നപ്പോഴും ഞങ്ങൾ നിശ്ശബ്ദരായിരുന്നു— അവളുടെ കണ്ണീൽപ്പഴിലൂടെ നീലാകാശത്തിലേയ്ക്കുതന്നെ നോക്കിക്കൊണ്ടിരുന്നു—ഇടയ്ക്കിടെ കടക്കൺകൊണ്ടു എന്നെയും—അപ്പുനേരം കഴിഞ്ഞു ഞാൻ അവളെ ഒന്നു സൂക്ഷിച്ചുനോക്കി. ആ കണ്ണുകളിൽ ഒരു നനവു്.

കുളിച്ചു് അല്പം വിശ്രമിക്കുവാൻ ഞാൻ നിർബന്ധിച്ചതനുസരിച്ചു അവളുടെ പക്കലുണ്ടായ ഒരു തുണി സഞ്ചിയിൽനിന്നും ഒരു ഡബിൾവേഷ്ടിയും ബ്ലൗസുംകൂടി എടുത്തു കുളിമുറിയിലേയ്ക്കു പോയി—ഞാൻ അവിടെകിടന്നു. അവളുടെ ചരിത്രമറിയുവാൻ വെമ്പൽ കൊള്ളുന്നതിരുന്നില്ല.

കുളികഴിഞ്ഞു വസ്ത്രവുംമാറി അഴിച്ചിട്ട മുടിയോടുകൂടിയാണവൾ മുറിയിലേയ്ക്കു കടന്നുവന്നതു്. ആ രൂപം എന്നെ കോരിത്തരിപ്പിച്ചു; കടിച്ചാൽ പൊട്ടാത്ത പ്രായം; കൊഴുപ്പുള്ള അവയവങ്ങളും; നിഷ്ക്കളങ്കമായ ഒരു മുഖം; എന്റെ ഹൃദയം തുടിച്ചു; വല്ലാത്ത ഔത്സുക്യത്തൽ; എങ്കിലും ആർദ്രമായ അവളുടെ നോട്ടവും വിനയാന്വിതമായ പെരുമാറ്റവും—ഔത്സുക്യമായ എന്റെ വികാരത്തെ ശമിപ്പിക്കുവാൻ തന്നെ ഉപകരിക്കപ്പെട്ടു.

"എവിടാണു സ്ഥലം—?" വളരെ ധൈര്യം അവലംബിച്ചാണു ഞാനതു ചോദിച്ചതു്.

"ഭാരതത്തിൽ വിദ്യാഭ്യാസത്തിലും സമ്പത്തിലും ഇന്നു മികച്ചുനില്ക്കുന്ന ആ പുണ്യഭൂമി—അതേ; തിരുവിതാംകൂർ."

"തിരുവിതാംകൂർ"—ഞാനറിയാതെ അതൊന്നുരുവിട്ടു.

"ആം—എന്താണ്—അവിടം അറിയുമോ."

"ഉം"—ഞാനൊന്നു മൂളി.

"ഇങ്ങോട്ടു പോരുവാനുള്ള കാരണം?"

"അവിടത്തെ ജീവിതം എന്നിനക്കു മടുത്തു"—നിന്ദ്യാഭ്യുതകമായിട്ടാണവൾ അതു പറഞ്ഞതു്.

"അമ്മയില്ലേ?"—(അതു ചോദിക്കേണ്ടിയില്ലായിരുന്നെന്നു പിന്നീടെനിക്കു തോന്നിയതു്)—അവൾ വിങ്ങിവിങ്ങിക്കരഞ്ഞു.

"അച്ഛനോ?"—ഞാൻ വിട്ടില്ല—ദയയില്ലാത്ത എന്റെ ആ ചോദ്യം ക്രൂരമൃഗംപോലെ അവളെ വേദനിപ്പിച്ചിരിക്കണം.

"എന്റെ നന്നേചെറുപ്പത്തിലെ അച്ഛൻമരിച്ചുപോയി. അദ്ദേഹം ഒരുങ്ങിക്ക ആകപ്പാടെ സമ്പാദിച്ചതു ഒരു പട്ടിണിക്കുടിൽ മാത്രമായിരുന്നു"—അഴിഞ്ഞുകിടന്നമുടി തിരുകിക്കൊണ്ടവൾ കഥതുടർന്നു: ഞാനൊരു സിഗറെറ്റുകത്തിച്ചുകൊണ്ടു അവൾക്കഭിമുഖമായിരുന്നു.

"എന്റെ അമ്മ അയൽവീടുകളിൽ പണിയെടുത്തു എന്നെ സുരക്ഷിതമായി വളർത്തിയതിനോടൊപ്പം കുറെ പഠിപ്പിക്കുകയുചെയ്തു. സ്ഥലത്തെ പണക്കാരുടെ മക്കളെപ്പോലെ എന്നെയും ഒരുക്കി സ്കൂളിൽ അയച്ചിട്ടാണമ്മ ജോലിക്കുപോയ്ക്കൊണ്ടിരുന്നതു്. വളരെ ചിത്രമായിട്ടായിരുന്നു അമ്മയുടെ അക്കാലങ്ങളിൽ വസ്ത്രധാരണം തന്നെയുള്ളിരുന്നതു്. അച്ഛന്റെ അഭാവം അമ്മതന്നെ പരിഹരിച്ചു.

അമ്മ എന്തെങ്കിലും കൗതുകകരമായ വസ്തുക്കളോടുകൂടി സ്കൂളിൽനിന്നുമുള്ള എന്റെ തിരിച്ചുവരവിനെ പ്രതീക്ഷിക്കുന്ന ദിനങ്ങളും വളരെ പരിമിതങ്ങളായിരുന്നു. ആഭൃമായി എന്നെ ചുംബിക്കും അതിനുശേഷം തലതൊട്ടു പരിചയക്കാരെ ഒന്നു നോക്കി എന്നിട്ടു നിശ്വസിക്കുകയായിരുന്നു.

നല്ല നിലാവുള്ള രാത്രികളിൽ അമ്മ എന്നെ മടിയിലിരുത്തുവച്ചുകൊണ്ടു പാഠവും എന്റെമോളു അങ്ങതിലെ പെണ്ണുപഠിച്ചതുപോലെ പഠിക്കണമെന്നും ഒരു വാഗ്ദാനിയായി—ഒരു അമ്മയായി നടക്കുന്നതു കണ്ടുകൊണ്ടു മരിച്ചെങ്കിൽ ഞാൻ കൃതാർത്ഥയാകുമായിരുന്നു. ഇങ്ങനെ ആയിരമായിരം കാര്യങ്ങൾ പറയും. ചിലപ്പോൾ അമ്മ ഒരു വിദൂരതയിലേയ്ക്കു നോക്കി നിശ്ശബ്ദയായിരിക്കും. ആ കണ്ണുകളിൽനിന്നും കണ്ണുനീർ ഇറ്റ് എന്റെമുഖത്തു വീഴും. ഞാനും കരയാൻ ഭാവിക്കുമ്പോൾ നല്ലനല്ല കഥകളും പറഞ്ഞു എന്നെ സമാശ്വസിപ്പിക്കാൻ തുടങ്ങും—അങ്ങനെ ഞാനുറങ്ങും. ആ കഥകൾ മുഴുവനും ഞാൻ കേട്ടിട്ടുണ്ടായെന്നു ഇപ്പോഴും എനിക്കു സംശയമില്ലാതില്ല.—അച്ഛന്റെ അഭാവമോ എന്റെ നിസ്സഹായതയോ ഒർത്തിട്ടായിരിക്കണം അമ്മ അക്കാലങ്ങളിൽ ഉഴിച്ചിട്ടുള്ളതു്.

അങ്ങനെ ഞാൻ യൗവനത്തിലേയ്ക്കു കാലൂന്നി സ്കൂളിൽനിന്നും വന്നപ്പോൾ ചില തെറിച്ച പിള്ളേർ കളിയും "ഇവളും അമ്മയെപ്പോലെ അധ്യാപികയാകും"—എന്തൊരഴകു—അവരുടെ സംസ്കാരത്തെവാക്കുകേട്ടു ഞാൻ അഭിമാനപുളകിതയാകും. ചെറുപ്പകാലത്തു എ

പ്പോലെയുള്ള പെൺകുട്ടികളെ
ംക്കെ ഇതരൻ സൗന്ദര്യവതിയാ
ിവളെന്നു പറഞ്ഞാൽ ഞങ്ങടെ സ
ാന്തിക്കുമെങ്കിൽ അതു സ്വാഭാവി
ല്ലേ—? "അമ്മയെപ്പോലെയാ
" എത്ര ചിന്തിച്ചിട്ടും അതിന്റെ
ാരർത്ഥം എനിക്കു മനസ്സിലായില്ല.
തിനെപ്പറ്റി അമ്മയോടുകൂലങ്ക
ിൽ ഞാൻ ചോദിച്ചിട്ടുമില്ല.

"എന്റെ മോളു ആനിപ്പോളുമാ
ിട്ടു കുട്ടുകുടി നടക്കരുതു"—അതു
ു ഭിനകൃതൃമെന്നോണം അമ്മ ഉരു
ിടാറുണ്ടു്. എന്നെക്കാണുമ്പോൾ അ
ുള്ള സന്തോഷവും സന്താപവും
ുചിച്ചറിയുകയും. ഞാൻ ഒരുദിവസം
ിലധികം പ്രാവശ്യം കുളിക്കുന്നതും
ടിയിൽ പൂപൂട്ടുന്നതും അമ്മയ്ക്കു ക
ുകടം. "എന്റെ മകൾക്കുള്ളസൌ
ര്യംമാത്രം നീ എന്തിനാണീ കാട്ടുപ
ൈലെല്ലാം എടുത്തു മുടിയിൽവയ്ക്കുന്ന
ു"—" ഇത്തരം സന്ദർഭങ്ങളിൽ മാത്ര
ിണമമ്മയ്ക്കു എന്നിൽ വെറുപ്പുതോ
ുന്നിയിട്ടുള്ളതു്. എന്റെ സൌന്ദര്യം
ിമ്മയെ ഭയപ്പെടുത്തുവാനുള്ള കാര്യ
ുമാകയിരുന്നെന്നും അന്നെനിക്ക
ുത്തമായിരുന്നു.

ഒരുകാര്യം എനിക്കുറപ്പാണു ഞാൻ
ുപഠിച്ചിരുന്ന സ്കൂളിലെ വിദ്യാർത്ഥി
കളുടെയെല്ലാം ഒരു ആരാധ്യയായി
ുന്നതു ഞാനെന്നെ അവരുടെയെല്ലാം
ിന്തുകൾ എന്നെ മനസ്സിലാക്കിയി
ിരുന്നു.

"സാർ കോഫി"—ബോയി കൊ
ുവന്ന കാപ്പിയിൽനിന്നും ഒരു ക
ുടുത്തു ഞാൻ അവധാനമെടുത്തു—അ
ുകടിച്ചുകഴിഞ്ഞു അവൾ തുടർന്നു:

ബ്രിട്ടീഷ് ഭരണമേധാവിത്വത്തി
ന്റെ ചവിട്ടേറ്റു നരകയാതന അനു
ഭവിച്ചുകൊണ്ടിരുന്ന ഭാരതീയർക്കു സ്വാ
തന്ത്ര്യം കിട്ടിയകാലമാണതു—സാമ്രാ
ജ്യമോഹത്തിന്റെ പേരിൽ പൊട്ടിപു
റപ്പെട്ടരണ്ടാംലോകമഹായുദ്ധം രക്തം
ഉറഞ്ഞിരുന്നിട്ടു പേക്കോലങ്ങളാണന്ന
ത്തെ മനുഷ്യർ—സുഖവും സമൃദ്ധിയും
സ്വപ്നം കണ്ടുകൊണ്ടിരുന്ന ഭാരതീയ
ർക്കു കഷ്ടവും വീപ്പിട്ടുമുട്ടുമാണു തരണം
ചെയ്യേണ്ടിവന്നതു്. പട്ടിണി സംഹാ
രതാണ്ഡവം ചവിട്ടുന്നകാലം.

പോരായ്കയ്ക്കും പകച്ചുവ്യാധിക
ളും പ്രകൃതിതന്നെ ഇന്ത്യയിലെ ജ
നപ്പെരുപ്പത്തെ നിർമാർജ്ജനംചെയ്യു
ന്ന കാലത്തു് എന്റെ അമ്മയും
രോഗബാധിതയായി കട്ടിലിനെ ശര
ണീകരിച്ചു കിടപ്പുതുടങ്ങി. ഫിഫ്ത്ത്
ഫോറത്തിൽ പഠിച്ചുകൊണ്ടിരുന്ന ഞാ
ൻ സ്കൂളിൽപോകാതെയായി. അ
മ്മ സൂക്ഷിച്ചിരുന്ന അവസാനത്തെ
ചില്ലിക്കാശും തീർന്നു. അമ്മയെ വേ
ണ്ടുംവണ്ണം ചികിത്സിക്കാത്തതുകൊണ്ടു
സുഖംകിട്ടിയ യാതൊരു കുറവും ഉണ്ടാ
യില്ല. പ്രത്യുത; അതു വർദ്ധമാനമാകു
കയാണു ചെയ്തതു്. ആ കിടപ്പിൽ
അമ്മ ധാരാളം പട്ടിണിതന്നെ കിട
ക്കേണ്ടിവന്നു. അന്നും ഇന്നുമാണു്
ജീവിതത്തിന്റെ വൈഷമ്യങ്ങളും ഞാ
ൻമനസ്സിലാക്കുന്നതു്.

അമ്മ ജോലിചെയ്തിരുന്ന വീടുക
ളിൽ ഞാൻ ജോലിയ്ക്കുപോയിതുടങ്ങി.
അവിടെനിന്നും കിട്ടുന്ന പരിമിതമാ
യശമ്പളംകൊണ്ടു അമ്മയെ വേണ്ട
വിധത്തിൽ ശുശ്രൂഷിക്കുവാൻ കഴിഞ്ഞി
ല്ലെന്നുള്ളതാണു നേരു":-

അമ്മയുടെ നെഞ്ചു പിളർക്കുന്നതു
പോലെയുള്ള ഭയങ്കരമായ ചുമ എ
ന്നെ വളരെ ഭയപ്പെടുത്തി. മനുഷ്യർക്കു
സഹിക്കുവാൻ നിവൃത്തിയില്ലാത്ത
കഫം; അതിൽ നേരിയ രക്തവും;
അതു ഞാൻ തന്നെയായിരുന്നു ചുണ്ടിൽ
നിന്നും അടത്തി എടുത്തുകൊണ്ടിരു
ന്നതു്. രാത്രി മൂന്നുമണിവരെ അമ്മ
കിടന്നു മരണവേദന അനുഭവിക്കും.
അടുത്തിരിക്കുന്ന എന്റെ കണ്ണിൽ
നിന്നും കണ്ണുനീർ അടർന്നു് അമ്മയുടെ
മുഖത്തു വീഴും—ഉടനെ അമ്മയുടെയും
കണ്ണുകളും നിറയും. ഞാനതറിഞ്ഞു
കൊണ്ടല്ല ചെയ്തിട്ടുള്ളതു്.

അങ്ങനെ ദുഃഖം തിന്നുതിന്നു പട്ടി
ണിയും പരിവട്ടവുമായി ദിനങ്ങൾ
കടന്നു—അന്നു അവിചാരിതമായി
അമ്മയുടെ ചുമയ്ക്കു് ഒരു ഭേദം തു
ടങ്ങി. മുഖത്തിനൊരു പ്രസന്നത
യും—ഞാൻ അന്നു നന്നേ സന്തോ
ഷിച്ചു.

ഉദ്ദേശം 12 മണി രാത്രിയ്ക്കും, ഉറ
ങ്ങിക്കിടന്ന അമ്മ എന്നെ വിളിച്ചു
കട്ടിലിൽ ഇരുത്തി. എന്റെ മുഖത്തും
എന്റെ തന്നെയും വികൃതമായിക്കിടന്ന
എന്റെ മുടിയിലും സ്നേഹപൂർണമാ
യി തലോടിക്കൊണ്ടു പറഞ്ഞു:

മകളെ; നീ ഇന്നുവരെ അറിയാത്ത
ഒരു കഥയാണു ഞാൻ പറയാൻ പോ
കുന്നതു്—നിന്റെ ഈ അമ്മ ഒരു
അഭിസാരികയുടെ തൊഴിൽ സ്വീക
രിച്ചാണു കുഞ്ഞേ, നിന്നെ സുഖസമൃ
ദ്ധിയുടെ ശീതളച്ഛായയിലൂടെ വള
ർത്തിയതു്—ഒരു ഇടിവെട്ടേറ്റതുപോ
ലെ ഞാനൊന്നു ഞെട്ടി. എന്റെ
തലയ്ക്കുള്ളിൽ കറക്കവും അമ്മയോടൊ
രു വെറുപ്പും എനിക്കനുഭവപ്പെട്ടു.
"അമ്മയെപ്പോലെയാകും"— അതെ
നിക്കേമ്മവന്നു—

"ശുദ്ധകള്ളം"—ഞാൻ കണ്ണുനീ
രോടുകൂടി പറഞ്ഞു.

അല്ല മകളെ; അതു പരമാർത്ഥമാ
ണു—അല്ലെങ്കിൽ മറ്റു യാതൊരു
ശ്രയവും ഇല്ലാത്ത ഞാൻ നിന്നെ ഒരു
പൂട്ടുകാരിയെപ്പോലെ എങ്ങനെ ജീ
വിപ്പിക്കും?

ഒരു ജീവിക്കു് ഉയിർമാത്രം കൊടു
ത്താൽപോര കണ്ണേ എന്നുതന്നെ തൃ
പ്തം സഹിച്ചുമ്പും അവരെ പോറ്റുവാ
നുള്ള കടമയും ഒരു അച്ഛനും അമ്മ
യ്ക്കുമുള്ളതാണു്.

ഒരിക്കലും ഇല്ല. ഞാൻ വീണ്ടും
അതിനെ നിഷേധിച്ചു:-നേരാണു കു
ഞ്ഞേ; എന്റെ മാംസവും രക്തവും
തുക്കിവിറ്റാണു് ഞാൻ നിന്നെ വള
ർത്തിയതു്. നിനക്കു് ഇതു സൗന്ദര്യം
വേണ്ടിയിരുന്നില്ല. എന്നൊരു തോ
ന്നൽ.

"എന്തുകൊണ്ടാണമ്മേ"?

പാവങ്ങൾക്കു സൗന്ദര്യം നിഷേധി
ക്കപ്പെട്ടതല്ലെങ്കിലും അതു ഗ്രഹണത്തി
നുപകരം നമ്മേപ്പോലെയുള്ളവർക്കു
ദോഷമേ ചെയ്യുകയുള്ളൂ. അത്തരം
ഒരു നശിച്ച വ്യവസ്ഥിതിയാണിന്നത്തേതു്.

അഭിസാരികയുടെ മകളും അഭി
സാരികയാകുമെന്ന ചില തലയെടുപ്പു
ള്ളവരുടെ അഭിപ്രായത്തിനു നിറപ്പ
കിട്ടേകാതിരിക്കണമെങ്കിൽ മകളെ നി
ന്നെ ഞാൻ പഠിപ്പിച്ചതും—ഈ പര
മാർത്ഥം നിന്നെ ഇപ്പോൾ അറിയിക്ക
ണ്ടതും.

അമ്മയുടെ ഭീകരമായ ചുമ ആവ
ർത്തിച്ചു. മരണവും ജീവിതവും തമ്മി
ലുള്ള ഒരു വടംവലിയുടെ മദ്ധ്യത്തുകിടന്നു് എന്റെ അമ്മ നരകിക്കുകയാ
ണു്. "മകളേ അമ്മയുടെ ഏറ്റവും
അവസാനത്തെ ഈ അപേക്ഷ സ്വീ
കരിക്കണേ."—ചുമയ്ക്കിടയിൽ പറ
ഞ്ഞു: "നീ നിന്റെ അമ്മയുടെ നശി
ച്ചപാരമ്പര്യത്തെ വച്ചുപുലർത്തരുതു്.
മാവള്ളം—വെള്ളം". ഞാൻ വെള്ളം
ഒഴിച്ചുകൊടുത്തു് അവസാനത്തെ ഇ
റ വെള്ളവും കുടിച്ചു് ആ ജീവിത
ത്തിനു പൂർണ്ണവിരാമമിട്ടു:—

അവൾ എഴുന്നേറ്റു ജനലിന്റെ
അടുത്തുചെന്നു ചിന്താഗ്രസ്തയായി
നിന്നു.

അവളോടു യാതൊന്നും ശബ്ദിക്ക
വാനോ ആ നീറുന്ന ഹൃദയത്തെ ഒന്നു
സാന്ത്വനപ്പെടുത്തുവാനോ എനിക്കു
കഴിഞ്ഞുണ്ടായില്ല. ആ ശോകാർദ്ര
മായ കഥ കേൾക്കുവാനുള്ള അടിത്ത
റ കെട്ടേണ്ടിയിരുന്നെന്നു് എ
ന്റെ ഹൃദയം എന്നോടു മന്ത്രിച്ചു.

മടിക്കുത്തിന്റെ ഒരറ്റമെടുത്തു മു
ണ്ടകം തുടച്ചുകൊണ്ടു് അവൾ യഥാ
സ്ഥാനത്തു വന്നിരുന്നു—വീണ്ടും തുട
ർന്നു:-അമ്മയുടെ മരണശേഷം നാണ
യത്തുട്ടുകളോടുകൂടി അവിടുത്തെ മനു
ഷ്യപ്പേടേണ്ടവരും കണക്കിലേറെ യു
വക്കളും എന്റെ വീട്ടിൽവന്നു സ
ഹായഹസ്തങ്ങൾ നീട്ടി -- എന്റെ
മാംസത്തിനു വിലപേശുകയായിരുന്ന
ആ നാശ്ശൂലം. അവിടെ അമർഷത്തോ
ടുകൂടിയാണതു പറഞ്ഞതു്. അവരു
ടെ സഹായങ്ങളെയും വാഗ്ദാനങ്ങ
ളെയും ധൈര്യപൂർവ്വംതന്നെ ഞാൻ നി
രസിച്ചു.

ആയിടെ വെളിയിൽ ഇറങ്ങിയാ
ൽ തൊഴിൽശൂന്യരായ കുവലമാട
ന്മാർ ഞാൻ കേൾക്കേ ധാരാളം പുല
ഭ്യങ്ങളും പറയും:-വാസവദത്തയുടെ മ
കളും. സീത, ദമയന്തി, നാളായിനി.
ഇതൊക്കെയാണവർ എനിക്കിട്ട പേ
രുകളും. ഇങ്ങനെ കേട്ടു കേട്ടു ഞാൻ
നന്നേ മടുത്തു. നാളുവരെ ചാരി
തൃലംഘനംചെയ്തിട്ടില്ലാത്ത ഞാൻ
ആ വിടാധമന്മാരുടെ മുൻപിൽ ഒരു
ജീവിതലക്ഷ്യവും ഇല്ലാത്ത എന്നെ
"ആ ജയിൽശിക്ഷയിൽനിന്നും അ
ണ്ണൻ എന്നെ രക്ഷിക്കേണ്ടിയില്ലായിരു
ന്നു" തുടിക്കുന്ന കൈകൊടുത്തുകൊണ്ടു്
അവൾ ഒരു നീണ്ട മൗനംപൂണ്ടു:.....

* * * *

അവളുടെ നിസ്സഹായതയിൽ എ
നിക്കു സഹതാപം തോന്നിയെങ്കിലും
അവളെ എന്റെകൂടെ താമസിപ്പിക്ക
വാൻ ഞാൻ ഇഷ്ടപ്പെടാതിരിക്കുവാനു
ള്ള പ്രധാനകാരണം ലതികയെപ്പോ
ലെ (എന്നാണവളുടെ പേരു്) സുച
രിതതന്നെ ആണെങ്കിലും, ഇങ്ങനെ
ഒരാപ്പെട്ടവരുന്ന യുവതികളെ പ്രോ
സ്റ്റിറ്റ്യൂട്ട് (Prostitute) എന്നാണു്;
സംസ്കാരസമ്പന്നരെന്നു സ്വയം അഭി
മാനിക്കുന്ന എന്റെ ചില സുഹൃത്തുക്ക
ൾ സംബോധനചെയ്യുന്നതു്. അതി
ന്റെപേരിൽ ഞാൻ അകലുവാൻതു
ന്നെ ഉറച്ചു. എങ്കിലും ഞാനൊരു നി
ഗമനത്തിലെത്തിച്ചേർന്നു. അവളെ
അന്നുതന്നെ ബോംബയ്ക്കു വിടുവാൻ.

അനാഥർ തൊഴിൽശൂന്യർ ഇവരു
ടെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെട്ടി
ല്ലെങ്കിലും ഇത്തരം ആളുകളെ ആവാ
ഹിക്കുവാനുള്ള ഒരു പ്രത്യേകകഴിവു്
ബോംബയ്ക്കുള്ളതു പ്രസിദ്ധമാണല്ലൊ?

ഉദ്ദേശം മൂന്നുമണിയ്ക്കുടി ഞങ്ങ
ൾ അവിടെനിന്നും ഇറങ്ങി നേരേ റ
യിൽവേ സ്റ്റേഷനിലേയ്ക്കു നടന്നു.
3-30-നു് പുറപ്പെടാനുള്ള ബോം
ബെ മെയിലിന്റെ രണ്ടാമത്തെ വി
സിൽ കഴിഞ്ഞു. ഇനി അഞ്ചുമിനി
റേയുള്ളു ട്രയിൻ പുറപ്പെടുവാൻ.

"ബോംബയിലെത്തിയാൽ എന്തെ
കിലും ഒരു ജോലികിട്ടുവാനുള്ള സാ
ദ്ധ്യത ഉണ്ടു്. വിശേഷിച്ചു ബോംബേ
മലയാളികൾ ആർദ്രതയുള്ളവരാണു്.
ഞാൻ വളരെ പരുങ്ങലിലാണതു പ
റഞ്ഞെവസാനിപ്പിച്ചതു്.

"ഇനിയും എന്നെ ജയിലിലേയ്ക്കും
പറഞ്ഞയയ്ക്കുന്നതു്":-(അവൾ പ്രതീ
ക്ഷിക്കാത്തതായിരിക്കണം ഞാൻ പറ
ഞ്ഞു മുഴുപ്പിച്ചതു്) "എന്നെ ആ ജ
യിൽശിക്ഷയിൽനിന്നും അണ്ണൻ രക്ഷി
ക്കേണ്ടിയില്ലായിരുന്നു"—എന്റെ മു
ഖത്തുനോക്കാതെയാണതു പറഞ്ഞതു്.

വണ്ടി ഇളകിയതോടുകൂടി ഞാൻ
അവളെ പിടിച്ചു് ഒരു കമ്പാർട്ടുമെ
ന്റിൽ കയറി—ഞാൻ സൂക്ഷിച്ചിരു
ന്ന ഒരു ടിക്കറും 10 രൂപയുടെ ഒരു
നോട്ടും കയ്യിൽ വച്ചുകൊടുത്തു.....
"ആ ജയിൽശിക്ഷയിൽനിന്നും എ
നെ രക്ഷിക്കേണ്ടിയില്ലായിരുന്നു" കു
ണ്ണുനീർക്കണങ്ങളോടുകൂടിയാണവൾ
അതാവർത്തിച്ചതു്.

ആ കൈകൾ രണ്ടും ഉയർത്തി അ
വളെന്നെ അഭിവാദ്യംചെയ്തു. പ്രത്യ
ഭിവാദ്യംചെയ്യുവാൻ എന്റെ കൈക
ൾ അനങ്ങിയില്ല. ഞാൻ നിശ്ചല
നായി അവിടെത്തന്നെ നിന്നു. വണ്ടി
ഓടി മറയുന്നതുവരെ ആ നിന്നസ്ഥ
ലത്തുനിന്നും അനങ്ങാതെ. എന്തെന്നു
അവൾ നോക്കുന്നുണ്ടായിരുന്നു.

"ആ ജയിൽശിക്ഷയിൽനിന്നും
അണ്ണൻ എന്നെ രക്ഷിക്കേണ്ടിയില്ലായി
രുന്നു"-ഞാനും അതെന്നോടുവിട്ട-മാ
നുഷികമെന്നോണം.

സാഹിത്യകാരന്മാരുടെ പ്രണയകഥകൾ*

പുത്തൻകാവു് കെ. എം. തരകൻ എം. എ.

(തുടർച്ച)

ബൈറൺ, കീറ്റ്സ്, ടെന്നിസൺ, ബ്രൗണിംഗ്, റോസ്സറ്റി എന്നീ ആംഗ്ലേയമഹാകവികളുടെ പ്രണയകഥകളാണു പ്രതിപാദ്യവിഷയം.

XIV

കതിരയുടെ കുളമ്പടിശബ്ദം ഉയർന്നുകേൾക്കുന്ന കവിതകൾ—സ്വാതന്ത്ര്യത്തിന്റെ സമരകാഹളം പ്രതിധ്വനിക്കുന്ന കവിതകൾ—അതു് പെട്ടെന്നായിരുന്നു അന്തരീക്ഷത്തിൽ മുഴങ്ങിക്കേട്ടതു്. സ്കോട്ട്ലണ്ടിലെ അഭിനവീയകവിയായിരുന്ന വാൾട്ടർസ്കോട്ട്, അതുകേട്ടു്, കവിതയെഴുത്തു് നിർത്തിവച്ചു. അക്കവിതയെ വിമർശിച്ച നിരൂപകസിംഹങ്ങളെ അതുതന്നെ തുരത്തിപ്പായിച്ചു. കുതിച്ചുപായുന്ന കുതിരപ്പുറത്തിരിക്കുമ്പോഴും, മിന്നിത്തിളങ്ങുന്ന വാളുമേന്തി മുന്നോട്ടായുമ്പോഴും, കവിതകളെഴുതാൻ കഴിവുള്ള വാസനാസമ്പന്നനായിരുന്ന അതിന്റെ ജനയിതാവു്. പ്രഭുകുടുംബത്തിൽ ജനിച്ച മടന്തനായ ഒരു പട്ടാളി—താൻ ജീവിച്ചിരുന്നകാലത്തെ യഥാസ്ഥിതികരോടു മല്ലിട്ടുനിന്ന ഒരു സമരഭടി—സാധാരണക്കാരുടെ ആവശ്യങ്ങൾക്കുവേണ്ടി തെണ്ടോനാംപാടിയ ഒരു മഹാകവി—സൗന്ദര്യത്തിന്റെ ക്ഷേത്രത്തിൽ വർണ്ണവൈചിത്ര്യംകലർന്ന കുസുമമഞ്ജരികൾ കാഴ്ചവച്ച ഒരു കലാകാരൻ—അവശ രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം പണയംവച്ച ഒരു രക്തസാക്ഷി—ബൈറൺ (1788—1824) ജീവിതവൃത്താന്തം അങ്ങനെ വിവിധനിലകളിൽ പുരോഗമിക്കുന്നു.

ബൈറണു് എട്ടുവയസ്സുമാത്രമേ പ്രായമുള്ളൂ. രോഗബാധിതനായ ആ ബാലനേയുംകൊണ്ടു് അവന്റെ മാതാവു് സ്കോട്ട്ലണ്ടിലെ ഉന്നതടങ്ങളിലേക്കു പോയി. മഞ്ഞണിഞ്ഞ മലകളും, പൂച്ചൊഴുകുന്ന കൊച്ചരുവികളും, പരന്നുകിടക്കുന്ന സമതലങ്ങളുംചേർന്നു് ആകപ്പാടെ രമണീയമായ ആ സ്ഥലമാണു് ബൈറണേ പ്രകൃതിയുടെ മനോഹാരിത ആസ്വദിക്കുവാൻ—പഠിപ്പിച്ചതു്. അവിടെവച്ചാണു് അകന്ന ഒരു സഹോദരിയായ മേരി ഡെഫ്രയി (Mary Def) ആ കുട്ടി ബന്ധിതനായതു്. ഏതോ ഒരു വികാരത്തിന്റെപേരിൽ അതിനെ നമുക്കു പ്രേമമെന്നുപറഞ്ഞുകൂടാ. എങ്കിലും അവളുടെ വിവാഹവിവരം പതിനാറു വയസ്സിൽ ശ്രവിച്ച ബൈറൺ അറിയാതെതന്നെ ഒന്നു ഞെട്ടിപ്പോയി.

ആനന്ദസന്ദായകമായ ഒരവധിക്കാലം. ബൈറണിനു് പതിനാറു വയസ്സുകാണും. എങ്കിലും മേരിആനോട് (Mary Ann) അദ്ദേഹത്തിനുണ്ടായിരുന്ന പ്രേമം തീവ്രമായിരുന്നു. തന്നെക്കാൾ രണ്ടുവയസ്സു പ്രായംകൂടുള്ള ആ കൊച്ചുകലാകാരനെ മേരി പ്രോത്സാഹിപ്പിച്ചില്ല. വേറൊരുത്തന്റെ നീരാളിയിലേക്കു് ബൈറണേ തള്ളിവിട്ടുകൊണ്ടു് അവൾ വേറൊരാളെ വിവാഹംകഴിച്ചു, രണ്ടാമത്തെ പ്രണയപരാജയം.

"ഒരു സുപ്രഭാതത്തിൽ ഞാൻ ഉണർന്നെണീറ്റപ്പോൾ, ഞാൻ പ്രസിദ്ധനായിക്കഴിഞ്ഞിരുന്നു." (I woke one morning and found myself famous) എന്നാണു് ബൈറൺ ചൈൽഡ് ഹാരോൾഡിന്റെ (Childe Harold) പ്രസിദ്ധീകരണത്തിനുശേഷം അദ്ദേഹത്തിനു കിട്ടിയ പ്രസിദ്ധിയെപ്പറ്റി പ്രസ്താവിച്ചതു്. കീർത്തിയുടെ ധവളാംശുക്കളിലേക്കു മായ വസന്തം. ബൈറൺ അക്കാലയളവിൽ ഒരുപന്ത്രുകാരനായ പ്രഭുവിന്റെ ചെറുപ്പക്കാരിയായ ഭാര്യയെ കാണുവാനിടയായതു്. അവരും, ബൈറണുമായുള്ള ബന്ധം, വോൾട്ടയറിന്റെ പ്രേമകഥയോടു് സാദൃശ്യംവഹിക്കുന്നതായിരുന്നു. ഭർത്താവിനെ കബളിപ്പിച്ചു രഹസ്യമായിട്ടു പോയ പ്രേമിയെ ബൈറൺ പിന്തുടർന്നു. അവർ പോയസ്ഥലത്തൊക്കെയും ബൈറൺ പോകുവാൻ മടിച്ചില്ല. ഭാര്യയുടെ നീണ്ട അസാന്നിദ്ധ്യത്തിൽ കോപിഷ്ഠനായ പ്രഭു അവരെ കണ്ടുപിടിച്ചു. പക്ഷേ പ്രഭു അദ്ദേഹത്തെ ശാന്തനാക്കി. അവർ ദേഹമനസ്സുകളൊന്നിച്ചു നാട്ടിലേക്കു മടങ്ങി. സഹൃദയത്തിലെത്തിയശേഷവും അവർ ബൈറനേ അങ്ങോട്ടുക്ഷണിച്ചു. പക്ഷേ ആ പ്രഭുഗൃഹത്തിലെരഹസ്യം പരക്കെ പാട്ടായി. ഒടുവിൽ മതാധികാരികളുടെ ആജ്ഞപ്രകാരം ആ പ്രഭു പിതൃഗൃഹത്തിലേക്കു തിരിച്ചുപോയി. അങ്ങനെ ബൈറന്റെ എട്ടാമത്തെ പ്രണയവും തകരാറിൽത്തന്നെയാണു കലാശിച്ചതു്. മൂപ്പത്തിമൂന്നാമത്തെ വയസ്സിൽ ഗ്രീക്കു് സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി ബൈറൺ മരണമടഞ്ഞപ്പോൾ ഈ യുവതികളിൽ ആരെങ്കിലുമുൾപ്പെട്ടിരുന്നുവോ? ആവോ.

XV

"ചണ്ഡവാതത്തിന്റെ ഹോരോട്ടഹാസമാണെന്റെ പ്രണയിനി. മഞ്ഞണിഞ്ഞരാവിൽ നിലാകാശത്തിലങ്ങിങ്ങായിരുന്നു് എന്നെ കണ്ണുചിമ്മിക്കാണിക്കുന്ന താരകങ്ങളാണെന്റെസന്താനങ്ങൾ." ഇങ്ങനെയാണു് ആ യുവകവിപൊഴിയുന്നതു്. പതിനെട്ടുവയസ്സിനുമുമ്പുതന്നെ വിമർശകന്മാരുടെ കർച്ചിലുകൾ വകവയ്ക്കാതെ കളകൂജിതംമുഴക്കിയ കവിപുംസ്കോകിലമായിരുന്നു കീറ്റ്സ്. (John Keats 1795-1821) കേവലം ഒരു ലായംസൂക്ഷിപ്പുകാരന്റെമകനായിരുന്നുകൊണ്ടു് സാമാന്യജനത അകൃഷ്ടചിത്തരായി, സൗന്ദര്യത്തിന്റെ മാഹാത്മ്യവും സമഞ്ജസവുമായ രൂപത്തെ കവിതയിലേക്കു് പകർത്തുക എന്നതായിരുന്നു അദ്ദേഹം ചെയ്തതു്. "സത്യം സൗന്ദര്യമാണു്, സൗന്ദര്യം സത്യമാണു്. സൗന്ദര്യമുള്ള ഒരു വസ്തു അനശ്വരമായ ആനന്ദംതരും." ഇങ്ങനെ അദ്ദേഹം കവിതകളിൽക്കൂടി ഉൽഘോഷിച്ചു, പഞ്ചേന്ദ്രിയങ്ങൾക്കു് അനുഭൂതി പ്രദാനംചെയ്യുന്ന സകലവികാരത്തേയും കീറ്റ്സ് ചിത്രീകരിച്ചിട്ടുണ്ടു്. മനോഹരമായ പദങ്ങളും നിരത്തിവച്ചു് അനവദ്യമായ സൗന്ദര്യം പകരുന്നതിനു് അദ്ദേഹത്തിനുള്ള കഴിവു് നിസ്സീമമായിരുന്നു. "ഒരു കാമുകനേപ്പോലെ ഞാൻ വാക്കിനെ സ്നേഹിക്കുന്നു" എന്നാണെദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഇങ്ങനെ കവിതയുടെയും, സൗന്ദര്യത്തിന്റെയും കാമുകനായികഴിഞ്ഞുകൂടിയ

*ലേഖകൻ പത്തനംതിട്ട കത്തോലിക്കോപകാരിയുടെ പ്രഥമസർ കെ. എം. മാത്തൻതരകൻ, എം. എ. യുടെ സീമന്തപുത്രനും എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജിലെ ഇംഗ്ലീഷ് ലക്ചററുമാണു്.

ഇങ്ങനെ എത്രയെത്ര മോഹനകുസുമങ്ങളാണ് വാടിക്കരിഞ്ഞു വെന്തു വെണ്ണീറായിട്ടുള്ളതു്.

ആ "ജീവിതനൗക" എവിടെച്ചെന്നു വാസംനിക്കുമോ ആവോ—!!

മുകുളമേ, വിടരൂ!

വടക്കുംതല വാസുദേവൻപിള്ള

വിടരുനീയിളതിതൻ വീഥിപൊങ്ങും മുകുളമേ,
വിടപിതൻ വിശ്രുതിതൻ പൂണ്ണഭാവമേ,
ഇളിക്കാറുവീശുകയായ്, കുയിലുകൾ കൂകുക-
അളിവൃന്ദം മൂളിമൂളി സവിധംപൂകി, (യായ്,
ഞെരുമഞ്ഞു, മഴമാറി, മധുമാസമഞ്ജീരത്തിൻ
ഞെ"ജ്ഝിതം മധുരം ഹാ! മുഴങ്ങിടവേ,
പരിസരംപരിതൃപ്തംപരിതോനിസ്വപ്നിയിൽനി-
നുണർന്നിന്നീ വിപിനത്തിൽ പുഞ്ചിരിതൂകൂ!
ഭാവമുള്ള രൂപമുള്ള ഭാവുകശ്രീ വിളങ്ങുന്ന
പൂവിനുള്ള ജന്മമെത്ര പൂജ്യമാണെന്നോ?
അന്ധയായ"നീ കഴിഞ്ഞാലീവസുധതൻ വാ-
(രൊളിയും
ബന്ധുരമാം വശ്യതയും വീക്ഷിപ്പാനാമോ?
കലികയായ"കഴിഞ്ഞാൽ നിൻ കരളിലെ-
(മധുവൊരു
കണികയും മന്നിലേയ്ക്കു പകരാനാമോ?
ശലഭങ്ങൾകൊതിക്കുന്ന കവികൾത്തുകഴിയുന്ന
കവിയുംനിൻ ശോഭയെല്ലു പകർത്താനായി.
വിണ്ണപോലും കൊതിക്കുന്ന പരിമളംപകരാ-
(നായ്
മണ്ണിനുള്ളവംഭൈരവിനെ വണ്ണനീയമോ?

രൂപദർശനം

റ്റി. എസ്. പൊന്നമ്മ ബി. ഏ.
കോഴഞ്ചേരി

ശരദരംഭിത നീരവരാവിൽ
നിഴലിൻനീലിമ നീളുമ്പോഴും,
പൂവനിപുൽകും പൂനിര മധുരിത
സൌരഭസാരം ചൊരിയുമ്പോഴും,
മദകരമധുരമരന്ദ വിലോലം
മലയജമാരുതനെഴുകുമ്പോഴും,
പാവനവെൺമലരണിയാൽ മലതി
പൂമുടഴിഞ്ഞിരി പൊഴിയുമ്പോഴും
കൂട്ടുകപൂകിയനീഡജമീശര-
സേവനലീനം വാഴുമ്പോഴും,

അണയുന്നുവിഭാതശ്രീ 'യണി'*യായിസ്വീക-
(രിപ്പാൻ,
കണികാണാൻകൊതികൊൾവൂജീവജാലങ്ങൾ
മുകുളമേ, വിശ്വമാകെക്കോൾമയിർച്ചുത്തണി-
(യിക്കാൻ
വിടരുനീ വിശ്രുതിതൻ പൂണ്ണരൂപമേ.

* 'അണി'=ആഭരണം.

ഹിമകരനികടമുയർന്നണവാനം-
യലകടലലയാർത്തിളകുമ്പോൾ,
അതുലിതസുഷമയിലുലകിതുമുഴുവൻ
അധികാമോദം മുഴുകുമ്പോൾ,
അഴലിൻചുടുതീപ്പൊരികളിൽമമക
മുദ്ദമനമെരിപൊരികൊള്ളുകയാം.
സകലചരാചരനിരകളിൽനിറയും
തവകരൂപം തിരയുകയാം.
പരിണത ശശധരസുരുചിരരൂപേ
തവവദനാമലരുചികാൺമൂ.
രജനിയിലുതിരും ജ്യോൽസ്നയിൽവിടരും
മലരുകളാകെ പുതുശോഭയേതിൽ
ഉലകംകുളിരുംപടി വിതരുംനിൻ
മധുഹസിതം ഞാൻ കാണുന്നു.
വാസന്തമലരുപവികാസം
വാടികളാം പുണരും വേളകളിൽ
തവകലോലകളേബരഭംഗികളാം
തവിനസൂഷ്മകളാം കാണുന്നു.
വികസിതസരസിജ രംജിയിലനിശം
പടയുംഭാഗ്യകളാം കാൺമൂ ഞാൻ
സീമാരഹിതം ഭുവനം തവക
മോഹനരൂപവിലാസഭരം.
ആശകിളർന്നയരുന്നിയ നിന്നുടെ
ജ്യോതിസ്സോടലിയാനനിമിഷം.
ഭീകരഭവജലനിധിയിലുഴന്നീ-
ടുന്നാൻതുണയരുളുകിലേശ.

കീറ്റ്സ് സ്ത്രീകളെ പ്രേമിക്കാൻ മറന്നിൻറെ ഭവനത്തിൽ താമസമുറപ്പിച്ചപ്പോഴാണ് ഫാന്നിബ്രൌണിയുമായി (Fanny Browne) അദ്ദേഹം പരിചയപ്പെട്ടതു്. വിധവയായ മാതാവുമൊന്നിച്ച് അന്നവൾ അയൽപക്കത്തു് താമസമുറപ്പിച്ചിരുന്നു. "പ്രണയം ഒരു ചുംബനത്തിലാരംഭിക്കുന്നു—ഒരു പ്രഹരത്തിലവസാനിക്കുന്നു" എന്നതു് കീറ്റ്സിനേ സംബന്ധിച്ചിടത്തോളം അത്ര പരമാർത്ഥമല്ല. എങ്കിലും ഒരു പിണക്കത്തിലാണവരുടെ ബന്ധം തുടങ്ങിയതു്. ആദ്യത്തെ നോട്ടത്തിൽ കീറ്റ്സിനു് ഫാന്നിയുടെ രൂപം ബോധിച്ചില്ല. പക്ഷേ അദ്ദേഹത്തിൻറെ ഹൃദയം കവർന്നെടുക്കാൻ അത്ര യുവതിക്കധികം കാലതാമസം വേണ്ടിവന്നില്ല. ചുവന്ന കവിൾത്തടങ്ങളും, തത്തച്ചുണ്ടുപോലെ ഏതാണ്ടു വളഞ്ഞമൂക്കു്, പിന്നിലേക്കു ചായ്ത്തെറ്റി; സംസാരിക്കുന്ന നീലക്കണ്ണുകൾ ഒളുത്തിയശരീരം, മനംമയക്കുന്ന പുഞ്ചിരി, ചായ്ത്തുലഞ്ഞ തലമുടി—അങ്ങനെ വികസിച്ചുവരുന്ന ഒരു സുന്ദരിക്കുട്ടിമളമായിരുന്നു ഫാന്നി. അവളുടെ സ്വഭാവത്തിൻറെ തനിസ്വരൂപമെന്തെന്നു് നമുക്കു് മനസ്സിലാക്കുവാൻ സാധിക്കുകയില്ല. എങ്കിലും ഉന്മേഷവതിയും, ആത്മവിശ്വാസമുള്ളവളുമായിരുന്നു. ഫാന്നിക്കു് സ്ത്രീസഹജമായ ഒരുലാസ്യം അല്പം ഏറിയിരുന്നു എന്നുള്ളതു് സ്പഷ്ടമാണു്. അവൾ ആ കാമുകനേയുപേക്ഷിച്ചില്ലെങ്കിലും അദ്ദേഹത്തിനെ മനസ്സിലാക്കുവാൻ അല്പംപോലും അവൾക്കു് കഴിഞ്ഞില്ല. നിർഭാഗ്യകരമായ ഒരു പ്രേമബന്ധം, ഹൃദയവും ഹൃദയവുമായുള്ള അദ്വൈതമായ അടുപ്പം അവർതമ്മിലുണ്ടായിരുന്നോ എന്നു് സംശയിക്കാതെ തരമില്ല.

കീറ്റ്സ് ഫാന്നിയെ അത്യധികമായി സ്നേഹിച്ചു. ഹൃദയത്തിൻറെ അഗാധതയുടെ അടിത്തട്ടിൽനിന്നും ഉയർന്നുവന്നതായിരുന്നു ആ വികാരം. ഫാന്നിയെപ്പറ്റിയുള്ള ഓർമ്മതന്നെ അദ്ദേഹത്തിൻറെ വേദനകളിലും, നിരാശകളിലും പനിനീർ തളിച്ചിരുന്നു—അതായിരുന്ന അദ്ദേഹത്തിൻറെ പ്രണയകാവ്യങ്ങളുടെ ഉദ്ഭവം. ഇസാബെലായും (Isabella) മാഡലിനും (Madeline) പ്രണയത്തിൻറെ സജീവമൂർത്തികളായിരുന്നു—സൌന്ദര്യം കടഞ്ഞെടുത്ത സത്തായിരുന്നു. അവരിൽ കീറ്റ്സ് ഫാന്നിയേ ദർശിച്ചു. മാഡലീനേയും ഇസാബെല്ലായേയും അദ്ദേഹം പ്രണയിച്ചു എന്ന നിത്യപകൽപ്പിയം മനസ്സിസ്സുപരമായ ഒരു പരമാർത്ഥമായിരുന്നിരിക്കും.

ഫാന്നിയോടുള്ള കീറ്റ്സിൻറെവികാരതീക്ഷ്ണത അദ്ദേഹത്തിൻറെ പ്രണയലേഖനങ്ങളും തികച്ചും വ്യക്തമാക്കുന്നുണ്ടു്. "എൻറെ പ്രിയപ്പെട്ട...പ്രിയപ്പെട്ട പെണ്ണേ..... നിൻറെ സ്വാർത്ഥതയുടെ കൂട്ടുതലാണു്, നിന്നെയോർത്തു് ഞാനനുഭവിക്കുന്ന മനോവേദന നീയറിയണമെന്നു് ഞാനാഗ്രഹിക്കുന്നതു്. നിന്നെയും ഞാനങ്ങനെ വേദനിപ്പിക്കുന്നുണ്ടെന്നെനിക്കറിയാം. ഓമനേ—നിൻറെ ഹൃദയം പരിപൂർണ്ണമായി മുഴുവനും എന്നിൽ സമർപ്പിക്കുവാൻ നിന്നോടു ഞാൻ കെഞ്ചുന്നു. എൻറെ ജീവിതം പരിപൂർണ്ണമായും നിന്നിലാണാശ്രയിച്ചിരിക്കുന്നതു്—എൻറെഎല്ലാം. നീ അനങ്ങിയാൽ—ഒരു കാലടിവച്ചാൽ—കണ്ണിമകൊണ്ടെട്ടിച്ചാൽ അതെൻറെ ഹൃദയത്തിൽ മുള്ളുകയാം. ഞാനൊരു വലിയ അത്യാഗ്രഹിയാണു്—നീ എന്നെ എത്രമാത്രം സ്നേഹിച്ചാലും—അതിലധികമെന്നെ സ്നേഹിക്കാൻ ഞാൻ നിന്നോടുപറയും. നീ എന്നെപ്പറ്റിയല്ലാതെ ചിന്തിക്കരുതു്—വിചാരിക്കരുതു് — പറയരുതു്....." അങ്ങനെപോകുന്നു കീറ്റ്സിൻറെ പ്രണയലേഖനങ്ങളും.

ഫാന്നി കീറ്റ്സിനേയും സ്നേഹിച്ചിരുന്നു. തീച്ചയാണ്. എങ്കിലും ആ യുവകാമുകൻറെ തീക്ഷ്ണതയോ അഗാധതയോ അവൾക്കില്ലായിരുന്നു. അവളുടെ പ്രണയത്തിനു് ഉന്മത്തതയില്ലായിരുന്നു—ആത്മാർത്ഥതയുണ്ടായിരുന്നെങ്കിലും, കീറ്റ്സിൻറെ അലൗകികമായ പ്രേമമനസ്സിലാക്കത്തക്ക ഭാവനാശക്തി അവൾക്കില്ലാതെപോയി.

പ്രണയത്തിന്റെകാര്യത്തിൽ കീറ്റ്സ് തീരെയിശലഹൃദയനായിരുന്നില്ല. ഫാന്നി മറ്റാരോടോ സംസാരിക്കുന്നതുപോലും അദ്ദേഹം സഹിച്ചില്ല. എന്നാൽ ആ നാഗരികവനിതയുടേതു അതു കാര്യമായി കരുതുന്നു. സ്നേഹിതനായ ബ്രൌണിന്റെ അടുത്തുപോലും അതു സ്വാതന്ത്ര്യമായി പെരുമാറുന്നതെന്നു കീറ്റ്സ് ഫാന്നിയെ അറിയിച്ചു: ഫാന്നിക്കതു പുത്തരിയായിരുന്നു. കീറ്റ്സിനേ അനുസരിക്കേണ്ട യാതൊരാവശ്യവും അവർക്കണ്ടില്ല. നിരൂപകന്മാരുടെ നിശിതമായ വിമർശനം,സാമ്പത്തികവൈക്ലബ്യങ്ങൾ, പരമ്പരാഗതമായ ക്ഷയരോഗം ഇതിനൊക്കെ പുറമേ ആത്മാർത്ഥമായ പ്രണയത്തിന്റെ വേദനനിറഞ്ഞ നിരാശ—എല്ലാംകൂടി ആ കൊച്ചുഹൃദയത്തെ കരിച്ചുവാട്ടി.

ഫാന്നിയേ വെറുക്കുവാനോ മറക്കുവാനോ കീറ്റ്സിനുകഴിഞ്ഞില്ല. സ്നേഹിക്കുക അല്ലെങ്കിൽ മരിക്കുക—അതായിരുന്നു കീറ്റ്സിന്റെ അന്ത്യതീരുമാനം. മരണക്കിടക്കയിൽവച്ചു അദ്ദേഹം അതു ഉറക്കംപറഞ്ഞു—ഫാന്നിയും അദ്ദേഹവുമായുള്ള വിവാഹം തീരുമാനിക്കപ്പെട്ടതിനുശേഷം വെന്ന്. ഇരുപത്തിഅഞ്ചാമത്തെ വയസ്സിൽ അനേകരുടെ ഹൃദയത്തിൽ വേദനയുടെ വിങ്ങലുകളുയർത്തിക്കൊണ്ടു അദ്ദേഹം റോമിൽവച്ചുമരിച്ചു. അപ്പോഴും അനേകംകാതം അകലെ ഫാന്നി തന്റെ കാമുകനായുള്ള വിവാഹത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നിരിക്കാം.

XVI

ടെന്നിസൺ (Tennyson-1809-1892) പത്തുകൊല്ലം കാത്തിരുന്നു ഇഷ്ടപ്രേയസിയേ വിവാഹംകഴിക്കുവാൻ—തന്റെ സാമ്പത്തികസ്ഥിതി ഉയർന്നുകിട്ടുവാൻ. എമിലിയേ അല്ലാതെ മറ്റാരോടെ വിവാഹംകഴിക്കണമെന്നദ്ദേഹം ആഗ്രഹിച്ചിരുന്നില്ല—അതു സാധിക്കുകയുംചെയ്തു. സമകാലീനന്മാരായിരുന്ന ടെന്നിസണും, ബ്രൌണിംഗും (Browning-1812-1889) തമ്മിൽ എന്തെങ്കിലും സാധർമ്മ്യമുണ്ടായിരുന്നെങ്കിൽ അതു പ്രണയാർദ്ധ്യംമാത്രമാണ്. രണ്ടുപേരും, ശാന്തവും, ആനന്ദപൂർണ്ണവുമായ വിവാഹജീവിതംനയിച്ചു. രണ്ടുപേരുടെയും വിവാഹം പ്രേമബന്ധത്തിൽനിന്നുമാണ്ടെടുത്തതു്.

ഏലിസബേത്തു —ഒരുരോഗിണിപക്ഷേ ഒരു കവയിത്രി. ആത്മമറിയാതെ ബ്രൌണിംഗ് തന്റെ കാമിനിയെ പള്ളിയിൽ കൊണ്ടുപോയി. എടുത്തു കൊണ്ടതെന്നെയായിരുന്നെന്നാണ് ചില ജീവചരിത്രകാരന്മാർ പറയുന്നതു്. എന്തായാലും വീട്ടുകാരുടെ ഇഷ്ടാനിഷ്ടങ്ങളും നോക്കാതെ അവർ വിവാഹിതരായി. ഇറ്റാലി അവരെ സ്വാഗതംചെയ്തു. തിരിച്ചുവരാനുള്ള മടികൊണ്ടോ എന്തോ അവർ ഇറ്റാലിയിൽ താമസമുറപ്പിച്ചു. ഭാര്യയുടെ മരണശേഷംമാത്രമേ ബ്രൌണിംഗ് ഇംഗ്ലണ്ടിലേക്കു മടങ്ങിയുള്ളൂ. സൗഭാഗ്യകരമായ ആ കുടുംബജീവിതത്തിന്റെ മറ്റൊരേടു, അദ്ദേഹത്തിന്റെ മിക്കകവിതകളിലും മുഴങ്ങിക്കേൾക്കാം.

ചിത്രകാരനും, കവിയുമായിരുന്ന റോസാറ്റി (D.G. Rossetti -1828-1881) വിവാഹംകഴിച്ചതു് എലീനറേ (Eleanor Siddal) ആയിരുന്നു. അവരുടെ മുഖം അദ്ദേഹം പലചിത്രങ്ങളിലും പകർത്തിയിരുന്നു. എലീനർ കവിപ്പനന്നേ ഉപയോഗിച്ചിരുന്നു. ഒരുപ്രാവശ്യം അതിന്റെ അമൂല്യസ്വപ്നം കൂടിപ്പോയി. അങ്ങനെ അവർ ആകസ്മികമായി അകാലത്തിൽ മരിച്ചു. രണ്ടുവർഷക്കാലത്തേ വിവാഹജീവിതമേ അവൾക്കു നയിക്കാൻകഴിഞ്ഞുള്ളൂ. ജീവിതകാലത്തു തന്നേറെയുയേ വേണ്ടവണ്ണം തൻ സ്നേഹിച്ചിരുന്നില്ല എന്നൊരുബോധം റോസാറ്റിയെ അലട്ടിയപ്പോഴാണ്. അദ്ദേഹത്തിന്റെ ഹൃദയം തകർന്നുപോയി. അതുവരെ അദ്ദേഹമെഴുതിയ കവിതകളും, പ്രസിദ്ധികരിക്കാതെതന്നെ ഭാര്യയുടെ മൃതശരീരത്തോടൊത്തു് അദ്ദേഹം സംസ്കരിച്ചു. ഏഴുവർഷംകഴിഞ്ഞു് ആ കവിതകളും വീണ്ടും കഴിച്ചെടുക്കപ്പെട്ടു. അവയുടെ പ്രസിദ്ധീകരണമാണ് റോസാറ്റിക്കു് അനശ്വരമായ കീർത്തി സമ്പാദിച്ചുകൊടുത്തതു്.

വേശ്യയുമായി സല്ലപിച്ച കാളിദാസൻ, കേവലം പ്രേമലേഖനങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെട്ട ബർണാഡ്ഷാ, ഇഷ്ടമുള്ള സ്ത്രീയേ വിവാഹംകഴിക്കാൻ അപ്പന്റെ മരണംവരെ കാത്തിരുന്ന ജോൺ ഗാൽസ്വർത്തി—കാമുകരായ സാഹിത്യകാരന്മാരുടെ പട്ടിക അങ്ങനെ നിളുകയാണ്. നമ്മെ ഇത്രത്തോളം ചിന്തിപ്പിക്കുന്ന കഥകളുണ്ടാകുമോ. സാഹിത്യവും, പ്രണയവും, സാഹിത്യകാരന്മാരും പ്രണയബന്ധവും—എന്തോ അവതമ്മിലൊരുപൊരുത്തമുണ്ട്. കേവലം യാദൃച്ഛികമാണോ ആ പൊരുത്തം? സാഹിത്യസൃഷ്ടിക്കു് പ്രണയപരാജയം സഹായകമാണോ? സാഹിത്യകാരന്മാർക്കു് പ്രണയബന്ധം അനിവാര്യമാണോ?

സാഹിത്യകാരന്മാരുടെ പ്രണയകഥകൾ നിരവധിയുണ്ട്—പറഞ്ഞാലൊടുങ്ങാത്തവിധം. സാധാരണയിലധികം വികാരസമ്പന്നരാണവർ. മൊട്ടിട്ടുവിടർന്ന അനേകായിരം സപ്തപുഷ്പങ്ങളുടെ പൂവനികയാണവരുടെ ഹൃദയം. അനുഭൂതികൾ നിറഞ്ഞുകവിയുന്ന ചഷകമാണവരുടെ ഭാവന. ആത്മാവിഷ്കരണം അവരെസംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. പ്രണയം അവരെസംബന്ധിച്ചിടത്തോളം സൗന്ദര്യദേവതയുടെ തൃച്ചേവടിയിലർച്ചിക്കപ്പെടേണ്ട കുസുമമഞ്ജരിയാണ്.

സാഹിത്യം വൈകാരികമാണ്. വികാരത്തിനതതന്നെ വൈകാരികമാക്കപ്പെട്ടിട്ടില്ലെങ്കിൽ സാഹിത്യത്തിൽ സ്ഥാനമുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. വികാരങ്ങളിൽ പ്രേമത്തിനോ പ്രണയത്തിനോ ഉള്ള സ്ഥാനം മറ്റൊന്നിനുമില്ലെന്നുവേണം പറയുവാൻ. സർവ്വികാരങ്ങളുടെയും അടിസ്ഥാനം ശൃംഗാരമെന്തെന്നായാണ്. പുരുഷനും, പ്രകൃതിയുമായുള്ള പ്രണയത്തിൽനിന്നാണ് പ്രപഞ്ചമതന്നെ ഉടലെടുത്തതു്. നവരസങ്ങളെല്ലാംതന്നെ ശൃംഗാരത്തിന്റെ വകഭേദങ്ങളാണെന്നു സമർത്ഥിക്കാൻ പ്രയാസമില്ല. ഫ്രോയിഡിന്റെ മനശ്ശാസ്ത്രത്തിലോ, വേദാന്തത്തിലോ പ്രവേശിച്ചാൽ അതു വ്യക്തമാകും. ദൈവം സ്നേഹമാണ്. ഭഗവാൻ പ്രേമത്തിന്റെ സാക്ഷാത്കാരമാണ്. സംസ്കൃതാചാര്യന്മാരുടെ അഭിമതമനുസരിച്ചു് രസരാജൻ ശൃംഗാരമാണ് സാഹിത്യത്തിലെ മുഖ്യമായ പ്രതിപാദ്യവിഷയവും പ്രണയമാണ്. ഹെലൻ, സീതയും, ഉഷയും, ദമയന്തിയും, റോസലിണ്ടും, വയോളയും, ശകുന്തളയുമില്ലെങ്കിൽ സാഹിത്യം അത്രമാത്രം ഹൃദ്യമാകുമോ? ഡാന്റിയും, സ്പെൻസറും, സിഡ്നിയും, ബൈറണും,കീറ്റ്സും ഷെല്ലിയും പ്രണയബന്ധരല്ലായിരുന്നുവെങ്കിൽ വിശ്വത്തിന്റെ നിരവധിഗാനങ്ങളും നഷ്ടപ്പെട്ടുപോയിരുന്നില്ലേ? അവരുടെ ഭാവനാസൃഷ്ടികളധികവും അനുഭവത്തിന്റെ കളിമണ്ണിൽ കരുപിടിക്കപ്പെട്ടിട്ടുള്ളവയാണ്. യഥാർത്ഥലോകത്തിൽ അപ്രാപ്യമായവ ഭാവനാലോകത്തിൽ പ്രാപ്തമാക്കപ്പെട്ടു. ഫ്രോയിഡു് പറഞ്ഞതെല്ലാം ശരിയായിരിക്കയില്ല. പക്ഷേ അദ്ദേഹത്തിന്റെ അഭിപ്രായത്തിലും സ്വല്പം വാസ്തവമില്ലാതെയില്ല. സ്ത്രീകളും പുരുഷന്മാരുമുണ്ടോ—പ്രേമത്തിന് ഭൂമിയിൽ സ്ഥാനവുമുണ്ട്. സാഹിത്യകാരന്മാരതന്നഭവിച്ചറിഞ്ഞു. അതിന്റെ രോമാഞ്ചം അനുഭാവശമെങ്കിലും വിതയ്ക്കും—ആ രോമാഞ്ചങ്ങളുടെ മണിമഞ്ചത്തിൽ യുവഹൃദയങ്ങളും ജീവിതത്തിന്റെ മാധുരി നുകരും—വരുംനിരിക്കുന്ന തലമുറകൾക്കുവേണ്ടിയും ചക്കരയുടെ പകരം.

—0—

"പരിഷ്കാരത്തിന്റെ സഹചാരി"

★

സിഫിലിസ്: കാരണങ്ങളും കെടുതികളും

★

— പി. കെ. ബാലകൃഷ്ണൻ, ചേലക്കര. —

നിശയുടെ നിശ്ശബ്ദതയിൽ ആചാരത്തിന്റെ നഗ്നരൂപമേലകം കെട്ടഴിഞ്ഞുപോകുമ്പോൾ, പകൽ വെളിച്ചത്തിൽ സമൂഹദർശനത്തിൽ തന്നെ ലജ്ജിച്ചു തലതാഴ്ത്തുന്നവർ പോലും എന്തും പറഞ്ഞുപോകും. ഹൃദയാന്തർഭാഗത്തുനിന്നും ഉൽഗമിക്കുന്ന ചോദ്യങ്ങളും കടിഞ്ഞാണില്ലാതെ പുറത്തുചാടുന്ന നിശയുടെ മദ്ധ്യയാമങ്ങളാണതു്. ഒരു വിട്ടുപോട്ടണത്തിൽ കുറച്ചുകാലം കഴിച്ചുകൂട്ടി തിരിച്ചുവന്ന ആ ബാല്യകാലസുഹൃത്തിനോടവൾ ചോദിച്ചു.

"".....ബോംബെയിൽ സ്ത്രീകളുടെ അടുത്തുപോയിട്ടുണ്ടോ?"

ക്രൂരനായിരുന്നിട്ടും അതാരും കണ്ടില്ലെങ്കിലും അയാളുടെ ചുണ്ടിൽ ഒരു പുഞ്ചിരിയുയർന്നു. അതുവരെയുള്ള സംഭാഷണത്തിൽനിന്നായാൾ പ്രതീക്ഷിക്കുന്നതായിരുന്നു ആ ചോദ്യം.

"ഉം-ം-ം, ധാരാളം" അയാൾ മറുപടി പറഞ്ഞു.

അടുത്ത ചോദ്യം ഒരൽപ്പംപുറത്തു് ഒരടിയായിരുന്നു.

"സുഖക്കേടുവല്ലതുമുണ്ടോ?"

"എന്തു സുഖക്കേടു്?"

"സിഫിലിസ്?"

ആ യുവാവമ്പരന്നു. ഒരു ബിരുദധാരിണിയെങ്കിലും ആ നാട്ടംപുറത്തുകാരിക്കു് അതറിയുവാൻ കഴിയുമെന്നയാൾ പ്രതീക്ഷിച്ചിരുന്നില്ല.

"ഇല്ല" അയാൾ മറുപടി പറഞ്ഞു.

എങ്കിലും അവൾ സംശയിച്ചതു ന്യായമാണ്. സിഫിലിസിനെക്കുറിച്ചുള്ള അവ്യക്തമായൊരു ഭയം നഗരത്തിലുള്ള യുവാക്കളെ വ്യഭിചാരശാലകളിൽനിന്നകറ്റിനിർത്താറുണ്ടു്. എങ്കിലും വികാരത്തള്ളലിൽ, സഹചര്യങ്ങളും അനുകൂലിക്കുമെങ്കിൽ, പലരും വേശ്യമാരെ സന്ദർശിച്ചിരിക്കാം. തങ്ങൾ കൊടുക്കുന്ന നാണയത്തുട്ടുകൾക്കു് ലൈംഗികസംതൃപ്തിയും വാങ്ങിത്തിരിക്കയാണോ, ചക്കരയുടെ പകരം സാഹിത്യം അത്രമാത്രം ഹൃദ്യമാകുമോ? ഡാന്റിയും, സ്പെൻസറും, സിഡ്നിയും, ബൈറണും,കീറ്റ്സും ഷെല്ലിയും പ്രണയബന്ധരല്ലായിരുന്നുവെങ്കിൽ വിശ്വത്തിന്റെ നിരവധിഗാനങ്ങളും നഷ്ടപ്പെട്ടുപോയിരുന്നില്ലേ? അവരുടെ ഭാവനാസൃഷ്ടികളധികവും അനുഭവത്തിന്റെ കളിമണ്ണിൽ കരുപിടിക്കപ്പെട്ടിട്ടുള്ളവയാണ്. യഥാർത്ഥലോകത്തിൽ അപ്രാപ്യമായവ ഭാവനാലോകത്തിൽ പ്രാപ്തമാക്കപ്പെട്ടു. ഫ്രോയിഡു് പറഞ്ഞതെല്ലാം ശരിയായിരിക്കയില്ല. പക്ഷേ അദ്ദേഹത്തിന്റെ അഭിപ്രായത്തിലും സ്വല്പം വാസ്തവമില്ലാതെയില്ല. സ്ത്രീകളും പുരുഷന്മാരുമുണ്ടോ—പ്രേമത്തിന് ഭൂമിയിൽ സ്ഥാനവുമുണ്ട്. സാഹിത്യകാരന്മാരതന്നഭവിച്ചറിഞ്ഞു. അതിന്റെ രോമാഞ്ചം അനുഭാവശമെങ്കിലും വിതയ്ക്കും—ആ രോമാഞ്ചങ്ങളുടെ മണിമഞ്ചത്തിൽ യുവഹൃദയങ്ങളും ജീവിതത്തിന്റെ മാധുരി നുകരും—വരുംനിരിക്കുന്ന തലമുറകൾക്കുവേണ്ടിയും ചക്കരയുടെ പകരം.

—0—

[അമേരിക്കൻ പൊതുജനാരോഗ്യവകുപ്പിൽ രതിജന്യ രോഗവിഭാഗത്തിന്റെ തലവനായിരുന്ന ആർ എ. വോണ്ടർലർ എം. ഡി-യും തലവനായ ജെ ആർ. മെല്ലർ (ജൂനിയർ) എം. ഡി-യും ക്രൂടി അമേരിക്കൻ ജനതയ്ക്ക് പുസ്തകരൂപത്തിൽ സമർപ്പിക്കുന്ന ഒരു റിപ്പോർട്ടാണ് "ദ കൺട്രോൾ ഓഫ് വെനറിയൽ ഡിസീസസ്". യു. എസ്സ്. പൊതുജനാരോഗ്യചരിത്രത്തിൽ ധീരമായൊരു കാൽവെയ്പായിരുന്ന, സർജൻ ജനറൽ തോമസ് പാറന്റെ "ഷാഡൊ ഓൺ ദ ലാൻഡ്"" (1937), പാറനും വോണ്ടർലറും ക്രൂടിയെഴുതിയ "പ്ലെയിൻ വേഡ്സ്" എബൗട്ട് വെനറിയൽ ഡിസീസസ്"" 1941, എന്നീ ഗ്രന്ഥങ്ങളിലുള്ള വസ്തുതകളും ക്രൂടിയുറപ്പിച്ച് എഴുതിയ "ദ കൺട്രോൾ ഓഫ് വെനറിയൽ ഡിസീസസ്"" എന്ന ഗ്രന്ഥത്തെ അവലംബമാക്കിയെഴുതുന്ന ഒരു പരമ്പരയിലെ ആദ്യ ലേഖനം]

തുകൊട്ടിയ ആ രോഗവുമായിരിക്കും ലക്ഷ്യമെന്നു പോരുന്നത്". തങ്ങൾക്കു രോഗം ബാധിച്ചുവെന്നു തന്നെ അറിയാത കഴിഞ്ഞുകൂടുന്ന യുവാക്കളുണ്ടാം. എങ്കിലും അവരിൽ സജീവ രോഗാണുക്കളുണ്ടാകും. അവരുമായി പംസർഗ്ഗത്തിലേപ്പെടുന്നവർക്കു പക കേയും ചെയ്യും.

പട്ടണത്തിനും ഈ രോഗത്തിനും പ്രത്യേകബന്ധം വല്ലതുമുണ്ടോ? ഉണ്ട്". പരിഷ്കൃതത്തിന്റെ ഒരു സഹചാരിയായി ഈ രോഗത്തെ കണക്കാക്കാം. ബൈബിളിൽ പറയുന്ന സ്ത്രീയിൽ ഈ രോഗംകൂടിയുൾപ്പെട്ടിരുന്നില്ലെ, ജേബിനതന്നെ ഈ രോഗമുണ്ടായിരുന്നില്ലെ എന്നു സംശയിക്കുന്ന വൈദ്യചരിത്രകാരന്മാർ ഉണ്ടെങ്കിലും അവരിൽ ഭൂരിപക്ഷം ഇന്നു വിശ്വസിക്കുന്നതു് വെസ്റ്റ് ഇൻഡീസിൽനിന്നും അമേരിക്കൻ ഇന്ത്യാരിൽനിന്നും കൊളംബസ് കൊണ്ടുവന്നതാണ് ഈ രോഗമെന്നാണ്. കൊളംബസുതന്നെ മരിച്ചതു സിഫിലിസുകൊണ്ടാണെന്നു കരുതപ്പെടുന്നു. പോർച്ചുഗീസുകാർ ആ രോഗം ഇന്ത്യയിലെത്തിച്ചു. പാരുകളുടെ രോഗമെന്നർത്ഥം വരുന്ന 'ഫിരംഗിരോഗം' എന്നാണ് ആയുർവ്വേദത്തിൽ ഈ രോഗത്തിന് പറയുന്നത്". അങ്ങിനെ വ്യവസായവാണിജ്യസങ്കേതങ്ങളിൽ രോഗം പകർന്നുപിടിച്ചു. അതിന്റെ കാലുകൾ നാട്ടിൻപുറങ്ങളിലേക്കും പടർന്നു പടർന്നുവരികയാണ്".

"പാപത്തിന്റെ ഫല"മെന്ന് രോഗത്തെ പഴിച്ചിട്ടു കാര്യമില്ല. "സിഫിലിസ്"" എന്നുച്ചരിക്കുന്നതു് സംസ്കാരശ്രുനൃതയാണെന്നാ ഭിമാനിച്ചിട്ടു ഫലമില്ല. മാനവസമുദായത്തെ വൽതോതിൽ കരണ്ടുതിന്നുന്നൊരു രോഗമാണതു്". ആ മാരകരോഗം നമ്മുടെ നാട്ടുപുറങ്ങളിലേയ്ക്കു കടന്നുവന്നു", പാറിപ്പിടിച്ചു", പടർന്നുപെരുകുകയാണ്".

ഞടച്ചു ചുണ്ടുകൾക്കൊ അടക്കിയ നാവുകൾക്കൊ അതിനെ എതിരിടാൻ കഴിയുകയില്ല. രോഗം എന്താണെന്നറിഞ്ഞു", അതിന്റെ കെട്ടുകഥകൾ മനസ്സിലാക്കി, ബോധപൂർവമായി പ്രവർത്തിച്ചാൽ മാത്രമെ രോഗിയേയും അയാളുമായി സഹവസിക്കുന്നവരേയും അയാളുടെ സന്താനപരമ്പരകളെയും നിത്യനരകത്തിലേക്കു നിത്തള്ളുന്ന ഈ രോഗത്തെ നിയന്ത്രിക്കാനൊക്കൂ.

രോഗകാരണം

പിരിയാണിപോലെ വളഞ്ഞ നേർമയായൊരണുജീവിയാണ് സിഫിലിസുണ്ടാക്കുന്നതു്. രോഗിയുടെ മുറിവുകളിൽനിന്നുവരുന്ന ചലം പരിശോധിച്ച ജർമൻശാസ്ത്രജ്ഞന്മാർ, ഷാഡിനും ഹോഫ്മാനും, 1905 ഈ വസ്തുത കണ്ടുപിടിച്ചു. അതിനുശേഷം നിരവധി ഡാക്ടർമാരും പ്രയോഗശാലാപ്രവർത്തകരും ഈ പെരുകുമ്പോൾ കുറച്ചുദിവസം[ഭാഗം തക്കണ്ണാടിക്കടിയിൽ, രോഗിയുടെ ചലത്തിൽ മുങ്ങിക്കളിച്ചു് നീന്തിത്തുടിച്ചു നടക്കുന്ന ആ കൊച്ചുപ്രാണിയെ കണ്ടിട്ടുണ്ട്.

ഈ അണുജീവിക്ക് ഈപ്പുവും ചൂടുമുള്ള ഒരു പരിസരത്തിലേ ജീവിക്കുവാൻ കഴിയൂ. ശരീരത്തിന്റെ പുറമേ പത്തുഡിഗ്രിമാത്രം കുറഞ്ഞതലിൽ കുറേനേരം കഴിച്ചുകൂട്ടുന്നതിനാൽ അണുജീവികൾ ചത്തുപോകും. പുറത്തുകടന്നാലും സമയം കുറച്ചുമതി അവ ചാകാൻ.

ഈ രോഗാണുവിനു ജീവിക്കുവാൻ ഈപ്പും കൂടിയേതീരൂ. തന്മൂലം രോഗിയുടെ വിസർജ്ജനങ്ങളും പുറത്തുവസ്തുക്കളെ ഉണങ്ങുന്നതുവരെ മാത്രമെ അവയിൽക്കൂടെ രോഗം പകരൂ. അവ ഉണങ്ങുവാൻ അധികസമയം വേണ്ടാത്തതുകൊണ്ട് അത്തരം നിർജ്ജീവവസ്തുക്കളിലൂടെ രോഗം പകരുന്നതു വിരളമായി മാത്രമാണ്.

രോഗം പകരുന്നതെങ്ങിനെ?

ഒരാളുടെ ജനനേന്ദ്രിയങ്ങളിലൊ വായിലൊ ഉള്ള മുറിവുകളിൽനിന്നു മറെയാളുടെ ജനനേന്ദ്രിയത്തിലൊ വായിലൊ ഉള്ള മുറിവുകളിലേക്കാണ് രോഗാണു കടക്കുന്നതു—ഒട്ടുമക്കാൽ കേസുകളിലും. രോഗാണുവിനു ജീവിക്കുവാൻ വേണ്ട ഈപ്പുവും ചൂടും ഈ ഭാഗങ്ങളിൽ ലഭ്യമാണല്ലൊ. ഇവിടങ്ങളിൽനിന്നു ചുരുക്കം മണിക്കൂറുകൾക്കുള്ളിൽ രോഗാണുക്കൾ രക്തത്തിലെത്തുന്നു. ശരീരത്തിലെത്തിയാൽ അവ പെരുകി ശരീരത്തിന്റെ എല്ലാ ഭാഗങ്ങളെയും ആക്രമിച്ചുതുടങ്ങുന്നു. വിവിധഭാഗങ്ങൾക്കുള്ള പ്രതിരോധശക്തികൊണ്ടായിരിക്കണം എല്ലാഭാഗത്തും രോഗം പുറത്തുവരാത്തതു്. ശരീരത്തിനുള്ളിൽ രോഗാണുക്കൾ ഹമായി ഒരു ലക്ഷണവും കാണുകയില്ല. തന്മൂലം രോഗം പിടിപെട്ട ആളുതന്നെ ആ വസ്തുത അറിയുകയില്ല.

ആദ്യലക്ഷണം

രോഗാണു ശരീരത്തിൽ പ്രവേശിച്ച് മൂന്നാലാഴ്ചയ്ക്കുള്ളിൽ ജനനേന്ദ്രിയത്തിൽ കുരു (പരു) കാണാം. രോഗാണു ശരീരത്തിലേക്കു പ്രവേശിച്ചിടത്തു് പ്രത്യക്ഷപ്പെടുന്ന ഇതു് ജനനേന്ദ്രിയത്തിലായിരിക്കും. പലരും; പ്രത്യേകിച്ചു് സ്ത്രീകൾ, ഈ കുരു കണ്ടെന്നുവരില്ല. അവരുടെ ഭഗഭാഗത്തിനുള്ളിലൊ ശരീരത്തിനകത്തിലൊ ആകാം ഇതുണ്ടാകുന്നതു്. പുരുഷന്മാരുടെ മൂത്രനാളത്തിലും കാണപ്പെടാതെ കുരുവുണ്ടാകാമെങ്കിലും അതത്ര സാധാരണമല്ല.

വായിലെ മൃദുലചർമ്മത്തിലൂടെയാണ് രോഗാണു പ്രവേശിച്ചതെങ്കിൽ ചുണ്ടിലൊ, നാവിലൊ, വായിലൊ മാംസപേശികളിലൊ കുരു വരുന്നു. കീഴ്വയറിലൊ, മുലകളിലൊ തുടകളിലൊ കുരു വന്നുകൂടായ്കയല്ല. രോഗികളേറെടിപെടുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കും കൈവിരലുകളിൽ പെരുവിരലുകളുണ്ടെങ്കിൽ അവയിലൂടെ രോഗം പകരാം. തങ്ങൾ ഇടപെടുന്ന രോഗിക്കു് സിഫിലിസുണ്ടെന്നു് അറിയാത്തതുകൊണ്ടൊ കരുതൽനടപടികൾ സ്വീകരിക്കാത്തതുകൊണ്ടൊ ആണ് അവർക്ക് ഇങ്ങിനെവരുന്നതു്.

പിന്നിട്ട്

കുരു കണ്ടതിനുശേഷം രണ്ടുനാലാഴ്ചയുള്ളിൽ അതു താനെ ഭേദപ്പെട്ടു തുടങ്ങുന്നു. അതേസമയത്തു ശരീരത്തിൽ പലയിടത്തും ചുട്ടുപൊന്തുന്ന (വെസപ്പ്; വെതം). ഇതു് ശരീരമാകെയുണ്ടാകുമെങ്കിലും ഉടൽഭാഗം, കഴുത്തു്, നെറ്റി, മുഖം, വായ്, ജനനേന്ദ്രിയഭാഗങ്ങൾ, കൈപ്പത്തി, കാലടി എന്നിവിടങ്ങളിലായിരിക്കും.

ചൂടു പൊന്തലിനൊപ്പം ജലദോഷവും പിടിപെട്ടേക്കാം. വായിലൊ ജനനേന്ദ്രിയഭാഗത്തൊ പെരുപോളനകളും കാണാം. തലവേദനയും മുതുകുവേദനയും, സന്ധികളിൽ വേദനയും അനുഭവപ്പെട്ടേക്കാം—ഇവ രാത്രിയിൽ അധികമാകാം. തങ്ങൾക്കു വിട്ടുപോകുന്ന ജലദോഷവും മേലുവേദനയുമാണെന്നു് രോഗികൾ കരുതുന്നു. പലർക്കും ഒരു ബാഹ്യരോഗവിമുക്തവും ഉണ്ടായില്ലെന്നും വരാം. മാത്രമല്ല ഇതു ലക്ഷണങ്ങളെ അവഗണിക്കുന്നതും വഴിയുണ്ട്. ഈ രോഗവിമുക്തങ്ങളും ആഴ്ചകളൊ മാസങ്ങളൊ നിന്നുനിൽക്കും. ഈ വേദനയും പോളനും ചൂടുപൊന്തലുമെല്ലാം ചികിത്സകൂടാതെതന്നെ ഭേദപ്പെടുന്നു. ചൂടുപൊന്തൽ(വിസ്പ്പ് വെതം) പോയ്ക്കഴിഞ്ഞാൽ സുഖംപ്രാപിച്ചുവെന്നു് രോഗിയും കരുതുന്നു.

ചികിത്സിച്ചില്ലെങ്കിലും?

ചിലരോഗികളും ചികിത്സയൊന്നും കൂടാതെതന്നെ സുഖം പ്രാപിക്കുന്നുണ്ട്. ബ്രൂസ് ഗാഡ്നെന്ന നോർവീജിയൻശാസ്ത്രജ്ഞൻ 25 ശതമാനം രോഗികളും ഇങ്ങിനെ സുഖം പ്രാപിക്കുന്നുവെന്നു കണക്കാക്കിയിട്ടുണ്ട്. പിൽക്കാലത്തുനടത്തിയ പഠനങ്ങളിൽ 28 ശതമാനം രോഗികളും ഒരു ചികിത്സയുംകൂടാതെതന്നെ ദശാബ്ദങ്ങളോളം സ്വസ്ഥരായി ജീവിക്കുന്നതു കണ്ടു.

"അപ്പോൾ ചികിത്സിച്ചില്ലെങ്കിലും എനിക്കു രോഗം ഭേദമാകാൻ ഒരു ചാൻസുണ്ട്"" രോഗികൾക്കു തോന്നിയേക്കാം. ശരിതന്നെ, പക്ഷെ അവർ മറെ 72 ശതമാനത്തിലാണ്" പെട്ടുന്നതെങ്കിലോ? താഴെ വിവരിക്കുന്ന ഫലങ്ങളും കൊല്ലങ്ങൾക്കുശേഷം അവർനുഭവിക്കും. ചികിത്സയാണെങ്കിൽ ഇന്നു സുകരമാണ്; ചിലപ്പോൾ കുറഞ്ഞതുമാണ്. അല്ലാതെ അയാൾക്കു ഭേദപ്പെടുകയാണെങ്കിൽതന്നെ, രോഗം പകർത്താനുള്ള കഴിവു് അയാൾക്കുണ്ടായിരിക്കും. ഭാര്യയ്ക്കു കുട്ടികൾക്കും രോഗം വരുമെന്നതു് തീച്ചയുമാണല്ലൊ.

കൊല്ലങ്ങൾക്കുശേഷം

ചൂടുപൊന്തലും ജലദോഷവും ഭേദപ്പെട്ടാലുടനെ സുഖമായെന്നു സമാധാനിക്കുന്ന മനുഷ്യൻ പത്തുകൊല്ലത്തിനുശേഷം ഇരുപതുകൊല്ലത്തിനുള്ളിലാണ് അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുതുടങ്ങുന്നതു്. ഇക്കാലത്തിനിടയ്ക്കു രോഗം ശരീരത്തിലുണ്ടോ എന്നറിയുന്നതിനുള്ള ഏകമാർഗ്ഗം രക്തം എടുത്തു പരിശോധിക്കയാണ്.

പക്ഷവാതവും ഭ്രാന്തും

പിൽക്കാലത്തു് സിഫിലിസുകൊണ്ടു് പക്ഷവാതവും ഭ്രാന്തും (പോരെ സിസ്"=പക്ഷവാതരോഗിയുടെ ഭ



ന്നു) പിടിപെട്ടത്. ഭ്രാന്തു ചതിവിലാണെന്നകയറന്നതു്? ആളുടെ പെരുമാറ്റത്തിലും സ്വഭാവത്തിലും ആശ്ചര്യവ്യത്യാസങ്ങൾ കണ്ടുതുടങ്ങും. ലാഭം കിട്ടുമെന്നകരുതി ധനം പലതിലും വിധ്വംസിത്തമായി നിക്ഷേപിച്ചു് കളഞ്ഞുകുളിക്കുക പതിവാണു്. കഴ്ച്ചയ്ക്കും വ്യത്യാസങ്ങളുണ്ടാകും. കായികമായും അവശത ബാധിക്കുന്നു. ക്രമേണ രോഗി ചിത്തഭ്രമം പിടിപെട്ടു് കിടപ്പിലാകുന്നു. ഒന്നരണ്ടുകൊല്ലംകൊണ്ടു് ശരീരം നന്നേ ശോഷിക്കും. ക്ഷീണം നിർബ്ബന്ധിച്ചു കൊട്ടിക്കണ്ടിവരും. പിന്നെയും ചികിത്സിക്കാതിരുന്നാൽ ശരീരം പരമാവധി ക്ഷിണിച്ചു് രണ്ടു മൂന്നുകൊല്ലത്തിനുശേഷം മരണത്തിലവസാനിക്കുന്നു.

"ലോക്കൊ മോട്ടോർ അറാക്സിയ"

രോഗിയെ പക്ഷവാതക്കാരനെപ്പോലെയാക്കുന്ന മറ്റൊരു പിൽക്കാലരോഗമാണു് "ലോക്കോമോട്ടോർ അറാക്സിയ" അഥവാ "ടേബ്സു് ഡോർസാലിസു്" ഇതു് പരൊസിസിലും പുരുക്കെയാണു് ബാധിക്കുന്നതു്. അതുപോലെ വേഗത്തിലോ സാധാരണയായോ കൊല്ലുന്നമില്ല. ആദ്യം കാണുന്ന ലക്ഷണം കണ്ണു ചീമ്മിക്കൊണ്ടു് നിവർന്നനില്ക്കുന്നതിനുള്ള കഴിവു കേടാണു്. മുഖം കഴുകുമ്പോഴായിരിക്കും ആദ്യമതറിയുക. സാധാരണ നടക്കുമ്പോൾ പാദധാനിയിൽകൂടെ നടക്കുന്നപോലെ തോന്നുക; അരിക്കെട്ടിനു് ഒരു കടുപ്പം അനുഭവപ്പെടുക; ഉടൽഭാഗത്തും കൈകാലുകളിലും ഉണ്ടാകുന്ന മിന്നൽ—വേദനകളും ഇവയും കണ്ടേക്കാം. കാൽമുട്ടിൽ എന്തെങ്കിലും തട്ടിയാൽ ഉണ്ടാകുന്ന 'തുള്ളൽ' കുറയുകയോ ഇല്ലാതാകുയോ ചെയ്യാം. രോഗിക്കു് കണ്ണടച്ചു് നിവർന്നനില്ക്കുവാൻ, എന്തെങ്കിലും പിടിക്കാതെ, സാധ്യമാകയില്ല. രോഗി നടക്കുന്നതു് ആഞ്ഞുചവിട്ടിനടക്കേണ്ടിവരുന്നതിനാൽ—കാലിന്റെ കീഴ്ഭാഗത്തു് സാധാരണയിലധികം അമർത്തിക്കൊണ്ടു്. കാര്യമായ രോഗലക്ഷണങ്ങൾക്കു കൊല്ലങ്ങൾക്കുശേഷം കാലിന്റെ സ്വാധീനം പൊയ്പോയി രോഗി കിടപ്പിലാകുന്നു. അങ്ങിനെ രോഗി വളരെക്കൊല്ലം കിടന്നേക്കാം. മരണം സാധാരണ മറ്റെന്തെങ്കിലും രോഗം പിടിപെട്ടിട്ടായിരിക്കും.

രണ്ടുമൊന്നിച്ചും

പരൊസിസും ടേബ്സും വെവ്വേറെ ബാധിച്ചുകൊള്ളണമെന്നില്ല. ഒന്നുള്ള ആൾക്കു് മറ്റൊരുപ്പും ബാധിച്ചുകാണാറുണ്ടു്. അതുപോലെതന്നെ ഈ ലക്ഷണങ്ങൾ കണ്ടുതുടങ്ങാൻ പത്തിരുപതുകൊല്ലം കഴിയേണ്ടതുമില്ല. ഒരു കൊല്ലത്തിനുള്ളിൽതന്നെ കണ്ട അനുഭവങ്ങളുണ്ടു്. ഒരു കയ്യോ കാലോ ബലഹീനമാകുക എന്നതുടങ്ങിയ വിധത്തിലും രോഗം പ്രത്യക്ഷപ്പെടാം.

ഹൃദയത്തിലും രക്തക്കുഴലുകളിലും

ഹൃദയത്തിലും വലിയ രക്തക്കുഴലുകളും വരുന്ന സിഫിലിസ് പൊട്ടെന്നു് രോഗിയെ കൊന്നുകളയും. എങ്കിലും ശരിയായ ചികിത്സകൊണ്ടു് ഭേദപ്പെടുന്നതുമാത്രമാണതു്.

സാധാരണവരുന്നതു് വലിയ രക്തക്കുഴലുകളുടെ, പ്രത്യേകിച്ചു് മഹാധമനി (അയോർട്ട) യുടെ ബലക്കുറവും ചുട്ടനീറ്റവുമാണു്. ചുട്ടനീറ്റം കണ്ടുപിടിക്കണമെങ്കിൽ വിദഗ്ധനായൊരുഡോക്ടറും ഉത്തമപ്രയോഗശാലാസഹകർത്തുക്കളുമുണ്ടായിരിക്കണം.

ഭീമധമനി വലുതാകുന്നതു് സാധാരണമാണു്. അതു് കുറെ ഭാഗത്തേക്കോ അവിടവിടെയോ ആകാം. അവിടവിടെയാകുമ്പോൾ മുഴയായിത്തോന്നും. മുഴ വലുതാകുമ്പോൾ വഴിക്കുള്ള എല്ലുകളും പേശികളുമൊന്നെ നശിപ്പിച്ചേക്കാം. ചിലപ്പോൾ ഹൃദയമിടിപ്പുകൊണ്ടു നഗ്നമായ കണ്ണുകൊണ്ടുതന്നെ കാണാം. അവർ ഹൃദയസ്തംഭനംകൊണ്ടു മരിച്ചുപോകുന്നു; അല്ലെങ്കിൽ മുഴപൊട്ടി രക്തം വാർന്നു മരിച്ചുപോകുന്നു.

പിന്നൊരു ഹൃദ്രോഗം 'ചോർച്ചയുള്ള ഹൃദയ'മാണു്. ചോർച്ചകാരണം ഹൃദയം ക്ഷീണിച്ചു പണിയെടുക്കേണ്ടിവരുന്നു; പണിയെടുക്കുമ്പോൾ കൈയിന്റെ മാംസപേശികൾ വലുതാകുന്നപോലെ ഹൃദയവും കൂടുതൽ വലുതാകുന്നു. രോഗി ഹൃദയസ്തംഭനംകൊണ്ടു മരിച്ചുപോകുന്നു.

ഹൃദയവും മഹാധമനിയും കൂടാതെയുള്ള ചെറുരക്തക്കുഴലുകളെയും സിഫിലിസ് ബാധിക്കും. അപ്പോൾ രക്തക്കുഴലിന്റെ ഉൾഭാഗത്തു് ചുട്ടനീറ്റം തുടങ്ങും. അപ്പോൾ രക്തപ്ര



വാഹം കുറഞ്ഞുപോകുന്നു. അല്ലെങ്കിൽതന്നെ രക്തപ്രവാഹം കുറവായവരിലാണെങ്കിൽ രക്തപ്രവാഹം തീരെ കുറഞ്ഞുപോകുന്നതുകൊണ്ട് വ്രണങ്ങൾ ഉണ്ടാകുന്നു. ശരീരഭാഗങ്ങൾതന്നെ നിർജ്ജീവമായേക്കാം.

ബീഭത്സരൂപങ്ങൾ

ഇവയ്ക്കുപുറമെ ശരീരത്തിന്റെ ഏതുഭാഗത്തെയും സിഫിലിസ് ബാധിച്ചേക്കാം. സാധാരണ ചർമ്മവും തുല്യം യകൃത്തു (ലിവർ) മാണ് ബാധിക്കപ്പെടുന്നത്. എല്ലിനെ ബാധിച്ചാൽ എല്ല് കുനംവെക്കും. അടുത്തഭാഗത്തുള്ള മാംസപേശികളെയും നശിപ്പിക്കും. ബീഭത്സമായ പലരൂപങ്ങളുമുണ്ടാകുന്നതു് തലയോടിനെ ബാധിക്കുമ്പോഴാണ്. മൂക്കിന്റെ എല്ലിനെ ബാധിക്കുമ്പോൾ മൂക്കുമുഴുവൻ ദ്രവിച്ചുപോകുന്നു. ചർമ്മത്തെ ബാധിക്കുമ്പോഴുണ്ടാകുന്ന ഉണങ്ങുവ്രണങ്ങളും ചുട്ടുന്ന കായകളും ശരീരത്തിലെവിടെയുമുണ്ടാകാം; എങ്കിലും കാലിലാണധികം വരിക പതിവു്. യകൃത്തിനെ ബാധിക്കുമ്പോൾ യകൃത്തു് നാശമായി ഭക്ഷണം ശരീരത്തിൽ പിടിക്കാതെവരുന്നു.

പിന്നത്തെത്തലമുറയ്ക്ക്

തങ്ങൾ തീരെ അറിയാതെ, തങ്ങൾക്കു ഒരു ഉത്തരവാദിത്വവുമില്ലാതെ സിഫിലിസ് പിടിപെടുന്നതു് കൊച്ചുകുഞ്ഞുങ്ങൾക്കാണ്. അവർ ഒരു ഭയങ്കരരോഗത്തോടെയാണ് ജനിച്ചു വീഴുന്നത്. വളരെക്കാലം കണിശമായുള്ള ചികിത്സയില്ലെങ്കിൽ മരണമായിരിക്കും ഫലം.

ശത്രുവിനു് രോഗംപകരുന്നതു് ഗർഭം ഒമ്പതുമാസമായതിനുശേഷമാണ്. അപ്പനിൽനിന്നു നേരിട്ടു് ശിശുവിലേക്കു് രോഗം പകരുന്നില്ല. അപ്പൻ അമ്മയ്ക്കുപകരുന്നു; അമ്മ പൊക്കിൾക്കൊടിവഴി ശിശുവിനും. അഞ്ചുമാസത്തിനുശേഷമാണു് രോഗം പകരുന്നതുകൊണ്ടു് അതിനുമുമ്പു് അമ്മയെ ചികിത്സിച്ചാൽ കുഞ്ഞിനു് രോഗം പകരാതെ കഴിക്കാം. അതല്ല, രോഗിണിയായ അമ്മയ്ക്കു ചികിത്സ ലഭിച്ചില്ലെങ്കിൽ 8-ൽ 7 ശിശുക്കളും രോഗിയായി ജനിക്കും.

ചികിത്സയില്ലെങ്കിൽ, ശിശു മരിച്ചായി ജനിക്കുന്നതു് പലപ്പോഴും പത്താംമാസത്തിനുമുമ്പു് ജനിക്കുമ്പോൾ ജീവനുണ്ടെങ്കിൽ താമസിയാതെ കുഞ്ഞു മരിച്ചുപോകും.

ജീവനോടെ ജനിക്കുന്ന കുഞ്ഞിനു് അരക്കെട്ടിലും ജനനേന്ദ്രിയഭാഗങ്ങളിലും, ചിലപ്പോൾ മേൽമുഴുവനും, ചുട്ടുപൊന്തൽകാണാം. കുഞ്ഞിന്റെ യകൃത്തും (ലിവർ) രോഗബാധിതമാകാം. അതു് കണക്കിലേറെ വലുതാകാറുമുണ്ടു്. എല്ലുകൾക്കും കേടുണ്ടാകാം. നിലനിൽക്കുന്ന ജലദോഷവും. കണ്ണിനും കേടുബാധിച്ചു് (കാച്ചുമാസങ്ങൾക്കുള്ളിൽ) കാഴ്ച കുറയും; അതു ചിലപ്പോൾ പൂർണ്ണമായും നശിക്കാം. സാധാരണയായുള്ള കൊഴുപ്പു് കുറഞ്ഞുപോകുന്നു. അല്ലെങ്കിൽതന്നെ രക്തപ്രവാഹം കുറവായവരിലാണെങ്കിൽ രക്തപ്രവാഹം തീരെ കുറഞ്ഞുപോകുന്നതുകൊണ്ടു് വ്രണങ്ങൾ ഉണ്ടാകുന്നു. ശരീരഭാഗങ്ങൾതന്നെ നിർജ്ജീവമായേക്കാം.

ബീഭത്സരൂപങ്ങൾ

ഇവയ്ക്കുപുറമെ ശരീരത്തിന്റെ ഏതുഭാഗത്തെയും സിഫിലിസ് ബാധിച്ചേക്കാം. സാധാരണ ചർമ്മവും തുല്യം യകൃത്തു (ലിവർ) മാണ് ബാധിക്കപ്പെടുന്നത്. എല്ലിനെ ബാധിച്ചാൽ എല്ല് കുനംവെക്കും. അടുത്തഭാഗത്തുള്ള മാംസപേശികളെയും നശിപ്പിക്കും. ബീഭത്സമായ പലരൂപങ്ങളുമുണ്ടാകുന്നതു് തലയോടിനെ ബാധിക്കുമ്പോഴാണ്. മൂക്കിന്റെ എല്ലിനെ ബാധിക്കുമ്പോൾ മൂക്കുമുഴുവൻ ദ്രവിച്ചുപോകുന്നു. ചർമ്മത്തെ ബാധിക്കുമ്പോഴുണ്ടാകുന്ന ഉണങ്ങുവ്രണങ്ങളും ചുട്ടുന്ന കായകളും ശരീരത്തിലെവിടെയുമുണ്ടാകാം; എങ്കിലും കാലിലാണധികം വരിക പതിവു്. യകൃത്തിനെ ബാധിക്കുമ്പോൾ യകൃത്തു് നാശമായി ഭക്ഷണം ശരീരത്തിൽ പിടിക്കാതെവരുന്നു.

പിന്നത്തെത്തലമുറയ്ക്ക്

തങ്ങൾ തീരെ അറിയാതെ, തങ്ങൾക്കു ഒരു ഉത്തരവാദിത്വവുമില്ലാതെ സിഫിലിസ് പിടിപെടുന്നതു് കൊച്ചുകുഞ്ഞുങ്ങൾക്കാണ്. അവർ ഒരു ഭയങ്കരരോഗത്തോടെയാണ് ജനിച്ചു വീഴുന്നത്. വളരെക്കാലം കണിശമായുള്ള ചികിത്സയില്ലെങ്കിൽ മരണമായിരിക്കും ഫലം.

ശത്രുവിനു് രോഗംപകരുന്നതു് ഗർഭം ഒമ്പതുമാസമായതിനുശേഷമാണ്. അപ്പനിൽനിന്നു നേരിട്ടു് ശിശുവിലേക്കു് രോഗം പകരുന്നില്ല. അപ്പൻ അമ്മയ്ക്കുപകരുന്നു; അമ്മ പൊക്കിൾക്കൊടിവഴി ശിശുവിനും. അഞ്ചുമാസത്തിനുശേഷമാണു് രോഗം പകരുന്നതുകൊണ്ടു് അതിനുമുമ്പു് അമ്മയെ ചികിത്സിച്ചാൽ കുഞ്ഞിനു് രോഗം പകരാതെ കഴിക്കാം. അതല്ല, രോഗിണിയായ അമ്മയ്ക്കു ചികിത്സ ലഭിച്ചില്ലെങ്കിൽ 8-ൽ 7 ശിശുക്കളും രോഗിയായി ജനിക്കും.

ചികിത്സയില്ലെങ്കിൽ, ശിശു മരിച്ചായി ജനിക്കുന്നതു് പലപ്പോഴും പത്താംമാസത്തിനുമുമ്പു് ജനിക്കുമ്പോൾ ജീവനുണ്ടെങ്കിൽ താമസിയാതെ കുഞ്ഞു മരിച്ചുപോകും.

ജീവനോടെ ജനിക്കുന്ന കുഞ്ഞിനു് അരക്കെട്ടിലും ജനനേന്ദ്രിയഭാഗങ്ങളിലും, ചിലപ്പോൾ മേൽമുഴുവനും, ചുട്ടുപൊന്തൽകാണാം. കുഞ്ഞിന്റെ യകൃത്തും (ലിവർ) രോഗബാധിതമാകാം. അതു് കണക്കിലേറെ വലുതാകാറുമുണ്ടു്. എല്ലുകൾക്കും കേടുണ്ടാകാം. നിലനിൽക്കുന്ന ജലദോഷവും. കണ്ണിനും കേടുബാധിച്ചു് (കാച്ചുമാസങ്ങൾക്കുള്ളിൽ) കാഴ്ച കുറയും; അതു ചിലപ്പോൾ പൂർണ്ണമായും നശിക്കാം. സാധാരണയായുള്ള

കുട്ടിച്ചേച്ചിക്കുള്ള കത്തുകൾ

★

കരുണാനിധിയായ കുട്ടിച്ചേച്ചിക്ക്

ഞാൻ ബാലപംക്തിയിലെ അംഗമായതുമുതൽ വിചാരിക്കുന്ന ഒരു സംഗതിയാണു ചേച്ചിക്ക് ഒരെഴുത്തയയ്ക്കുക എന്നതു്. അതിപ്പോൾ സാധിക്കുന്നതിൽ ഞാൻ അതിവസന്തുഷ്ടയാണ്.

* * *

ഇപ്പോൾ നമ്മുടെ രാജ്യമായ ഇന്ത്യയിൽ ജനായത്തഭരണം ഡെമോക്രസി, ആണല്ലോ നിലവിലിരിക്കുന്നതു്. കൺഗ്രസ്സുപാർട്ടിയാണ് ഭരിക്കുന്നതും. ഈ പാർട്ടിയുടെ സിദ്ധാന്തങ്ങളിലൊന്നാണ് 'ഭാഷയെ അടിസ്ഥാനമാക്കി രാഷ്ട്രത്തെ വിഭജിക്കണം, എന്നതു്. യഥാർത്ഥത്തിലിതു സാദ്ധ്യമാണോ? ഇൻഡ്യയിൽതന്നെ പലഭാഗങ്ങളിലായി പല ഭാഷകളുണ്ടെന്നു സംസാരിക്കുന്നതു്. ആസ്ഥിതിക്ക് ഇൻഡ്യയെത്തന്നെ പല വിഭാഗങ്ങളായി ഭാഗിക്കേണ്ടിവരും. അപ്പോൾ നല്ല ഒരുകെട്ടുഭാഗം ശിഥിലമാക്കുന്നതുപോലെയല്ലേ?

പോരെങ്കിൽ 15-വർഷത്തിനകം ഹിന്ദി ദേശീയഭാഷയാക്കണമെന്നുകൂടി ആയപ്പോഴേക്കും പറയാനൊന്നുമില്ല. ഇപ്പോൾ ഗവണ്മെൻറുകാര്യങ്ങൾക്കും മറ്റും ഇംഗ്ലീഷാണു നിലവിലിരിക്കുന്നതു്. സിഫ്ലിസ് ഫോം പാസ്സായ ഒരു വിദ്യാർത്ഥി അതുവരെ അയാൾ പല ഭാഷകളും വിവിധവിഷയങ്ങളും പഠിച്ചു എന്നാൽ കോളേജിലേക്കു പ്രവേശിക്കുമ്പോൾ ഗംഭീരമായ ഇംഗ്ലീഷിലാണു സകല വിഷയങ്ങളും പഠിപ്പിക്കുന്നതു്. അപ്പോൾ കോളേജിൽ പഠിപ്പിക്കുന്നതിനായി ഇപ്പോഴത്തെ ഇംഗ്ലീഷിനെക്കാൾ പ്രധാന്യമനുസരിച്ചു ഹിന്ദി അറിയാവുന്നവരുണ്ടായിരിക്കണം. ബഹുഭൂരിപക്ഷം പുസ്തകങ്ങളും ഹിന്ദിയിലച്ചടിക്കണം. ഇങ്ങനെ അച്ചടിക്കണമെങ്കിൽ ഹിന്ദി കൂടുതലറിവുള്ളവരുണ്ടായിരിക്കണം. എല്ലാറ്റിനുംകൂടി—പതിനഞ്ചോ, മുപ്പതോ വർഷംമതിയാകുമെന്നു തോന്നുന്നില്ല.

മേൽവിവരിച്ചതിന്റെയെല്ലാം ശരിയായ ഒരുവിശദീകരണം പ്രതീക്ഷിക്കുന്നു. മറ്റു സഹോദരന്മാരും സഹോദരിമാരും ഞാനും ചേച്ചിയും —എല്ലാവരുമായി സൗഹാർദ്ദബന്ധം പുലർത്തണം. അംഗങ്ങളുടെ മനസികവികാസത്തിനവശ്യമായ അവസരങ്ങൾ പത്രാധിപരോടു് എന്റെ അകൈതവമായ നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു. ചേച്ചി തിരുമേനിയും തമസംവിനാ മടുപടി അയയ്ക്കുണം. എന്റെ അറിവിനെ വർദ്ധിപ്പിക്കുകതന്നെവേണം. ചേച്ചിയുടെ മടുപടി അത്യാവശ്യം.

ഇക്കുറുക്കിട്ടി മടുകത്തയയ്ക്കുവാൻ മുത്തുപോലെ തെളിയട്ടെമാനസം
പത്തുനൂറുമലപ്പുറയെ വന്ദനം
കത്തുമൂലമറിയിച്ചിടുന്നഞാൻ.

എന്നു്,
ചേച്ചിയുടെവിനീതയായ അനന്തജ്യോതി
എൻ. ഉമാദേവിഅന്തർജ്ജനം (650).

★

ചെറുകഥ

"സഹോദരസ്നേഹം"

ഒരിക്കൽ ഒരു രാജാവു് 1 കള്ളനേയും കള്ളന്റെ ഭാര്യയേയും കുട്ടികളേയുംകൂടി കാരാഗൃഹത്തിൽ പാർപ്പിച്ചു. കുറേനാൾ കഴിഞ്ഞു രാജാവു് കള്ളനേയും മൂത്തപുത്രനേയും വധിക്കാൻ കല്പനകൊടുത്തു. രാജസേവകന്മാർ മൂത്തപുത്രൻ ഏതാണെന്നു് അന്വേഷിച്ചു. അപ്പോൾ താൻ മരിച്ചാലും സഹോദരനെ ജീവിപ്പിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി പുത്രൻ 2 പേരുംകൂടി മുപ്പു തന്നിക്കണമെന്നു പറഞ്ഞു തൊഴുതുനിന്നു. ഇവരുടെ സഹോദരസ്നേഹത്തെയും തന്നിമിത്തം ഉണ്ടായ ശണ്ഠയെയും പറ്റി രാജാവുകേട്ടപ്പോൾ അദ്ദേഹത്തിനു് വളരെ പശ്ചാത്താപമുണ്ടായി. ഇവരുടെ സ്വഭാവത്തെപ്പറ്റി രാജാവിനു് വളരെ ബഹുമാനംതോന്നി. അവർക്കു് ജീവിക്കുന്നതിനുള്ള ധനവുംകൊടുത്തു് കള്ളനെ ഭാര്യയേയും കുട്ടികളേയും വിട്ടയച്ചു. കള്ളനെ വധിക്കുകയുംചെയ്തു.

എസ്സ്. ബാലകൃഷ്ണവാര്യർ,
വയസ് 13 (അ: നം: 1433)

—o—

സായാഹ്നസവാരി

★

അന്തിമാക്കൻ പശ്ചിമാംബുധിയുടെ അടിത്തട്ടിനെ ലക്ഷ്യമാക്കി പ്രയാണംതുടങ്ങി. അസ്തമനസൗന്ദര്യത്തിന്റെ അരുണാഭ പ്രകൃതിയുടെ രോഷത്തെ മാറ്റുകൂട്ടി. കയിലുകൾ കളകളനാദത്തോടു സ്വസ്ഥാനത്തേക്കു പാറൽതുടങ്ങി. സായാഹ്നസമീരണന്റെ



സി. കെ. വത്സല,
C/o സി. ജി. കേശവൻ, കൊല്ലം.

കിരണാവലി തിരമാലകളെ മന്ദം മന്ദം തലോടിക്കൊണ്ടു കടലിൽ തത്തിക്കളിച്ചു.

അന്നൊരു ശനിയാഴ്ചയായിരുന്നു. കടൽപുറത്തു കാറ്റുകൊണ്ടു വിശ്രമിക്കുന്നതിനായി ബാലികാബാലന്മാരും സ്ത്രീപുരുഷന്മാരും സായാഹ്നസവാരിക്കിറങ്ങി. അഞ്ചുമണിയോടുകൂടി ഒരോരോത്തരും കടൽപുറത്തു് ഓരോ സ്ഥാനങ്ങളിലായി ഇരുന്നു വിശേഷവാർത്തകൾ പറഞ്ഞുതുടങ്ങി. വിശാലമായ ആ കടൽത്തീരത്തു കാറ്റു ബാലികാബാലന്മാർ ഇരുന്ന സംഭാഷണം ചെയ്യുകയായിരുന്നു. ഇതുകണ്ടു ഞാൻ ആ ബാലസംഘത്തിന്റെ അടുത്തുചെന്നു് ഇരുപ്പുറപ്പിച്ചു. അവർ ഓരോരുത്തരും ഞായാഴ്ച ആഴ്ചപതിപ്പു വരുന്നതും ചിലരുടെ അംഗനമ്പരുകളും കഥകളും കാണുമെന്നും മറ്റുമുള്ള സന്തോഷവർത്തമാനങ്ങളും പറഞ്ഞുകൊണ്ടിരുന്നു.

ബാലന്മാരും ഞാനുമായി സംഭാഷണം തുടർന്നു:-

ബാലകർ: നിങ്ങളും മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ അംഗമായി ചേർന്നിട്ടുണ്ടോ?

ഞാൻ:—ഉണ്ടു്. കുറേനാളും മുമ്പുതന്നെ ചേർന്നു. അതിൽ ഒരു കണക്കു പ്രസിദ്ധീകരിച്ചിട്ടുമുണ്ടു്.

ബാല:—ആ കണക്കു ഞങ്ങളോടൊന്നു പറയുമോ?

ഞാൻ:—പറയാം, കേട്ടുകൊള്ളു. ഞാൻ നിങ്ങളുടെ ജനനമാസവും വയസ്സും പറയും. നിങ്ങളുടെ ജനനമാസം എണ്ണി 2-കൊണ്ടു ഗുണിക്കുക. അതിനോടു് 5 കൂട്ടുക. കൂട്ടിയ ഫലത്തിനെ 50-കൊണ്ടു ഗുണിക്കുക. അതിനോടുകൂടി നിങ്ങളുടെ വയസ്സു കൂട്ടുക. കൂട്ടിയ ഫലത്തിനോടുകൂടി 125 കൂട്ടുക, അതിൽനിന്നും 375 കുറയ്ക്കുക. ശിഷ്ടം എത്ര?

ബാല:—613.

മകരമാസത്തിൽ ജനനം, വയസ്സു് 13 എന്നു ഞാൻ പറഞ്ഞു.

ബാല:—അതെങ്ങിനെ?

ഞാൻ.—ശിഷ്ടം 3-അക്കം വന്നാൽ ഇടത്തേ ഒരക്കം മാസവും ബാക്കി രണ്ടക്കം വയസ്സും ആയിരിക്കും. നാലക്കം വന്നാൽ ഇടത്തേ രണ്ടക്കം മാസവും ബാക്കി വയസ്സും ആയിരിക്കും.

ഇതുപോലെ മറ്റു കൂട്ടുകാരുടെയും വയസ്സും മാസവും പറഞ്ഞു മനസ്സിലാക്കി.

സമയം സന്ധ്യകഴിഞ്ഞതിനാൽ ഞാൻ എന്റെ വീട്ടിലേക്കും ബാലന്മാർ അവരവരുടെ ഗൃഹങ്ങളിലേക്കും പോയി.

എം. കൃഷ്ണവാര്യർ, (നമ്പർ 958)
വയസ്സു് 13.
മാവേലിക്കര.

★

വിശ്വസ്തനായ ഡാമിയൻ

★

ഡാമിയൻ ആരാണെന്നു നിങ്ങൾക്കു് അക്കേക്കിലും അറിയാമോ? അറിയില്ലെങ്കിൽ ഞാൻ പറയാം? ഡാമിയൻ ഡാക്ടർ ചന്ദ്രശേഖരന്റെ ഉറ്റമിത്രമായ ഒരു കുതിരയാണു്. ഒരുദിവസം ഡാക്ടർ തന്റെ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ഫോൺ ശബ്ദിക്കുന്നതുകേട്ടു്, കായ്ം അന്വേഷിച്ചു. കുറച്ചകലെയുള്ള ഒരു ആശുപത്രിയിലെ ഡാക്ടർ ആണു് സംസാരിച്ചതു്. അദ്ദേഹം ഒരു ആവശ്യം അറിയിക്കുകയായിരുന്നു. തനിക്കു് അത്യാവശ്യമായ ഒരു ശസ്ത്രക്രിയ നടത്തുന്നുണ്ടെന്നും അതിനു് ആവശ്യമായ സാധനസാമഗ്രികളും തന്റെ കൈവശം ഇല്ലാത്തതിനാൽ അവ ഉടൻതന്നെ എത്തിച്ചുകൊടുക്കണമെന്നുമാണു് അദ്ദേഹം ആവശ്യപ്പെട്ടതു്. ഇതു കേട്ട മാത്രയിൽതന്നെ ഡാക്ടർ സാധനങ്ങളെല്ലാം കാറിലാക്കി കുതിരപ്പുറത്തുകയറി യാത്രയായി. ആ സ്ഥലത്തു ചെല്ലേണ്ടിയിരുന്നതിനു് ഒരു നദി കടക്കണമായിരുന്നു. ആ നദി കവിഞ്ഞൊഴുകുന്നുണ്ടായിരുന്നു. താമസിച്ചു ചെന്നാലുണ്ടാകുന്ന ഭവിഷ്യത്തു് ഓർത്തപ്പോൾ ഡാക്ടർ നദി കടക്കുന്നതിനു തന്നെ തീരുമാനിച്ചു. 'ഡാമിയൻ ഇറങ്ങിപ്പോ" എന്നു് അദ്ദേഹം പറഞ്ഞതും ഡാമിയൻ വെള്ളത്തിൽ ചാടിയതും ഒന്നിച്ചു കഴിഞ്ഞു. അതു മറുകരയിലേക്കു നീന്തിത്തുടങ്ങി. എന്നാൽ കുറച്ചുകഴിഞ്ഞപ്പോഴേക്കും കുതിരയുടെ കാൽക്കഴഞ്ഞു് അതു താണുപോകുമെന്നു നിലയായി. ഉടൻതന്നെ ഡാക്ടർ കുതിരപ്പുറത്തുനിന്നും ഇറങ്ങി നീന്തിത്തുടങ്ങി. ആ സമയത്തു് കുതിര കരയ്ക്കുകയറി. "ഡാമിയൻ ഓടിക്കോ" എന്നു ഡാക്ടർ പറഞ്ഞതുമാത്രയിൽതന്നെ കുതിര അതിവേഗം ഓടി ആശുപത്രിയിൽചെന്നു സാധനങ്ങളും ഏല്പിച്ചശേഷം തിരിച്ചുവന്നപ്പോഴേക്കും ഡാക്ടർ മരിച്ചു കഴിഞ്ഞിരുന്നു. ആ വിശ്വസ്തനായ കുതിര വെള്ളത്തിൽച്ചാടി തന്റെ യജമാനനെ അനുഗമിച്ചു.

പി. ഒ. വർഗീസ്, (നമ്പർ 1291)
വയസ്സു് 13.
മാവേലിക്കര.

അംഗങ്ങളുടെ പേരുവിവരം

(തുടർച്ച)

1517 ജി. ശാന്തകുമാരി, ഫോം VI ബി., ഈ. എച്ച്. എസ്സ്. ഫോർ ഗേൾസ്, മാവേലിക്കര.
1518 ബി. സരസമ്മ, ടി ടി ടി
1519 എം. രാജമ്മ, ടി ടി ടി
1520 കെ. കെ. സുമതിക്കുട്ടി, ടി ടി ടി
1521 ജെ. കൃഷ്ണമ്മ, ടി ടി ടി
1522 സി. സുകുമാരിഅമ്മ, ടി ടി ടി
1523 പി. സരസ്വതിഅമ്മ ടി ടി ടി
1524 കെ. കുഞ്ഞിക്കുട്ടി, ടി ടി ടി
1525 കെ. ഗൗരിഅമ്മ, ടി ടി ടി
1526 ആർ. കൃഷ്ണകുമാരിഅമ്മ, ടി ടി ടി
1527 കെ. കമലാക്ഷിഅമ്മ ടി ടി ടി
1528 കെ. ബേബിക്കുട്ടി, പ്ലാവിളപുത്തൻവീട്ടിൽ, ഇടമുളയ്ക്കൽ, അഞ്ചൽ (ചെറുകഥ)
1529 കെ. എം. ഗോപകുമാർ, തെക്കേവീട്ടിൽ, പൂട്ടയിൽ, കിളിമാനൂർ.
1530 എം. ചന്ദ്രശേഖരൻആശാരി, ഫാം II C. E. H. S. നെടുമങ്ങാടു് (ചെറുകഥയെഴുത്തു്)
1531 എം. പി. ശ്രീകണ്ഠൻനായർ, ശിവമംഗലത്തുവീട്ടിൽ, കൊക്കോതമംഗലം, നെടുമങ്ങാടു്, (തിരുശേഖരണം)
1532 ജി. ശിവരാമൻആശാരി, വല്യപറമ്പിൽവീട്ടിൽ, മുതുകുളംവടക്കു്, മുതുകുളം.
1533 എം. കെ. രവീന്ദ്രനാഥ്, കല്ലറേത്തു്, കോന്നി, പയ്യനാമൺ. (സുന്ദരേശ്വരണം)
1534 എസ്. ശ്രീകുമാർ, ശ്രീഭവനം, താഴം കോന്നി, പയ്യനാമൺ. (തീപ്പെട്ടിപ്പടം ശേഖരണം)
1535 കെ. കെ. കുട്ടപ്പൻ, കുഴിയിലയ്ത്തുവീട്ടിൽ, പന്തളം. (ചെറുകഥ)

(തുടരും)

തീപ്പെട്ടിപ്പടം

നിങ്ങളാരെങ്കിലും തീപ്പെട്ടിപ്പടം ശേഖരിക്കുന്നുണ്ടെങ്കിൽ അടിയിൽ കാണുന്ന മേൽവിലാസത്തിൽ തീപ്പെട്ടിപ്പടങ്ങളും അയച്ചുതന്നാൽ പകരം ഏതു പടങ്ങളും അയച്ചുതരാം.

പി. ഒ. വർഗീസ്, C/o പി. കെ. ഉമ്മൻ, തഹസിൽദാർ, & സെക്രൻക്ലാസ് മജിസ്ട്രേട്ട് മാവേലിക്കര.

★

അടുത്ത മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ സൽഗുരു രമാദേവിയോടു സംസാരിപ്പാൻ താൻ അതീവ ആഗ്രഹമുള്ളവളാണെന്നും ആ അമ്മ അനുവദിക്കുന്നപക്ഷം ശിക്ഷപ്പെട്ടുകൊള്ളാമെന്നും ഒരു എളിയസഹോദരി ആഗ്രഹിക്കുന്നു എന്നും ഭയപൂർവം അറിഞ്ഞു് അടുത്ത ആഴ്ചപ്പതിപ്പിൽ ദേവിയുടെ സകല വിവരവും പരസ്യംചെയ്യണമെന്നു അപേക്ഷിക്കുന്നു.

എന്നു്,
വിനീതസഹോദരി, സരസ്വതി.

★

മി. പ്രാധ്യാപർ അറിയുന്നതിനു്, നിങ്ങളുടെ മലയാളരാജ്യം ആഴ്ചപ്പതിപ്പിനു ചെറുകഥ അയയ്ക്കുന്നതു് ഏതുവിധമാണു്. സാധാരണ കവറിനകത്താണു് ഞാൻ അയയ്ക്കുന്നതു്. അതോ മറ്റു രൂപത്തിൽ ആണെങ്കിൽ അടുത്ത മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ വിശദവിവരം എഴുതിഅറിയിച്ചാൽ കൊള്ളാമെന്നു അറിയിച്ചുകൊള്ളുന്നു.

എന്നു്, ജി. ബാലകൃഷ്ണനാചാരി,
അംഗനമ്പർ 1383.

★

ഒരു കണക്കു്

ഒരാൾ ഒരു മാവിൽകയറി അതിലുള്ള മാങ്ങകൾ എല്ലാം പറിച്ചു. ആ പറിച്ച മാങ്ങയിൽ മുന്നിൽ രണ്ടു ഭാഗം അയാൾ എട്ടുതന്നതിനുശേഷം ബാക്കിയുള്ളതു് പാക്കിയയാൾക്കും കൊടുത്തു. മറ്റേയാൾ ഒരെണ്ണംകൂടി പാക്കിയയാൾക്കു കൊടുത്തു. അപ്പോൾ രണ്ടുപേർക്കും തുല്യമായി. എന്നാൽ പറിച്ച മാങ്ങയെത്ര?

(ഉത്തരം—6 മാങ്ങ)

ജി. സോമനാഥൻ,
കൊട്ടാരക്കര.

★

കടംകഥകൾ

1. മുറത്തുനിന്നുന്ന മുറിമൂക്കൻ സായ്പ് പിള്ളരെ കളിപ്പിക്കാൻ ബഹുമിടുക്കൻ.

2. ഒരു മുറ്റംനിറച്ചു പൊടിയരി അതിലൊരു നെടിയരി.

3. നാലു കാലുണ്ടു്, നടുവുണ്ടു്, മുതുവുണ്ടു്, നായ്ക്കു തിന്നാൻ ഇറച്ചിയില്ല.

ഉത്തരം

1. കാന്താരിമുളക്. 2. നക്ഷത്രങ്ങളും, ചന്ദ്രനും.. 3. കുട്ടിൽ.

ബാലചന്ദ്രൻ, പറവൂർ. (546)



മതഗ്രന്ഥാവലി നമ്പർ 2.

വിദുരവാക്യം

സവ്യാഖ്യാനം

വ്യാഖ്യാതാവു്,

കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജാ, വൈക്കം തിരുവിതാംകൂർ ദേവസ്വംബോർഡു് പ്രസിദ്ധപ്പെടുത്തുന്നതു്

വി — ഗ്രു — I.

പുരാണപ്രധാനമായ ഉപദേശങ്ങളുടെ ഉന്നതപദവി മഹാഭാരതത്തിൽ നാം ദർശിച്ചുപോരുന്നു. അപ്രധൃഷ്യവും അലംഘനീയവുമായ അധികാരവൈപുല്യംകൊണ്ടു് ഈ ഇതിഹാസഗ്രന്ഥം ഹിമാലയമഹാഗിരിയുടെ മഹോന്നതപദവിക്കുചേർന്ന മാഹാത്മ്യം ആർജ്ജിച്ചിട്ടുണ്ടു്. ആ നഗാധിരാജന്റെ ശിഖരീഭൂതശൃങ്ഗങ്ങളേതേതെന്നും അഭിലിഖിതങ്ങളായി പരിഗണിക്കപ്പെടുമെങ്കിലും രജതകഞ്ചനശൃങ്ഗങ്ങളെ ദേവതാത്മാവായി ക്ഷ്മാധരൂടെ സങ്കൽപിക്കാതിരിക്കുന്നില്ല. ഭഗവദ്ഗീത, വിദുരവാക്യം, ഭീഷ്മോപദേശം, സനൽസുജാതീയം തുടങ്ങിയവകളും മഹാഭാരതസ്കന്ധാധിരൂഢങ്ങളായി നിലകൊണ്ടു ദിവ്യഹരസുപ്രകാശങ്ങളുകയാണു് ചെയ്യുന്നതു്. ഭഗവദ്ഗീത ഭഗവദനുഭൂതിനിറഞ്ഞുള്ള അനുഭൂപ്പടേയതുകൊണ്ടു് അതു് ശ്രുതി ശിരഃസരേസവ്സ്വമായിത്തന്നെ വിജയിക്കുന്നു. ആത്മതത്വപ്രതിപാദകമായ ഗീതയ്ക്കു് അധികരിക്കുമായിഭവിക്കുന്നതു് അധികവും ജ്ഞാനികളാണു്. ഭീഷ്മോപദേശമാണെങ്കിൽ അതു് രാജധർമ്മത്തെ അനശ്വരസിദ്ധികൊണ്ടുള്ളതാകുന്നു. വിദുരവാക്യത്തിന്റെ നില അതല്ല. സർവ്വതന്ത്രസ്വതന്ത്രനീതിമായ മാനുഷികധർമ്മങ്ങളെ പ്രകാശപ്പെടുത്തുകയാകുന്നു അതുപദേശം. ഇതിനതുല്യമായ ഒരു ധർമ്മോപദേശം ഇതരഭാഷകളിലോ ജനപദങ്ങളിലൊ ഉണ്ടായിട്ടില്ലെന്നു ധൈര്യമായി പറയാം. ലോകവ്യവഹാരപ്രധാനമായ ലോകനകശലതയുടേയും മനുഷ്യസഭാവപ്രധാനമായ ഋജുതയുടേയും സമ്മേളനത്തിൽനിന്നു വിനിർഗ്ഗളിച്ചിരിക്കുന്ന ഈ ഉപദേശസുധാധാരകൾ ശാശ്വതധർമ്മങ്ങളായി സമരോദ്ഘോഷിക്കപ്പെട്ടവരുന്നതിൽ അതിശയിക്കാനില്ല. യുദ്ധോദ്യോഗപർവ്വത്തിൽ വിദുരവാക്യവും യുദ്ധമുഖത്തിൽ ഭഗവദ്ഗീതയും യുദ്ധാവസാനത്തിൽ ഭീഷ്മോപദേശവും നിബന്ധിച്ചിരിക്കുന്നതു മഹാഭാരതകർത്താവിന്റെ ഔചിത്യബോധത്തെ എടുകണ്ടു് വാഴ്ത്തിയാൽ മതിയാകും. ഇത്രമാത്രം അനഘവും അനർഘവും ആയ വിദുരവാക്യത്തിനു ഒരു വ്യാഖ്യാനം ഇന്ത്യയിലെ പ്രാന്തീയഭാഷകളിൽ ഏതിലെങ്കിലും ഇതേവരെ ഉണ്ടായിട്ടുള്ളതായി അറിയുന്നില്ല. മലയാളത്തിൽ തുഞ്ചത്തുഗുരുപാദരുടെ മഹാഭാരതം വിദുരോപദേശം ഉൾക്കൊണ്ടുകൊണ്ടുണ്ടു്.

സംപ്രവത്തേക്തിമാനായ്
വിചിത്രകഥനമായ്
സംപ്രതിനേവനായ് ശ്രോതാ
കതിവക്തൃവുമായ്

എന്നിങ്ങനെയുള്ള അതിലെ ചില ഘട്ടങ്ങൾ സാമാന്യക്കാർ കടിച്ചാൽ പൊട്ടാത്തതായി അവശേഷിക്കുന്നു. അതുപോലെ,

ഒന്നുകൊണ്ടറിയണം രണ്ടിൻ
റെ ബലാബലം
പിന്നെമൂന്നിനെ നാലാൽ വ-
ശത്തുവരുത്തണം

എന്നിങ്ങനെ പോകുന്ന എഴുത്തച്ഛൻതർജ്ജമയ്ക്കു ചില നാട്ടെഴുത്തച്ഛന്മാർ പറയാറുള്ള അർത്ഥം ആരെയും ചിരിപ്പിക്കുന്നതുമാണു്.

പണ്ഡിതഗ്രണിയായ കവിതിലകൻ വടക്കുംകൂർ വിദുരവാക്യം ആസ്വാദനബോധത്തിനുപകരിക്കത്തക്കവിധം ആശയങ്ങളെ വെളിപ്പെടുത്തിത്തരികയാകുന്ന ഈ വ്യാഖ്യാനം കൊണ്ടു് സാധിച്ചിട്ടുള്ളതു്. സംസ്കാരണ വ്യാഖ്യാതാക്കന്മാർ തങ്ങളുടെ പാണ്ഡിത്യപ്രകടനത്തിനു വ്യാഖ്യേനപദ്ധതിയെ ഉപാധിയായി കല്പിച്ചു പഠിതാക്കളെ ദുർഘടപ്പെടുത്താറുണ്ടു്. അത്തരം ഒരൗത്സുക്യലേശസ്പർശമില്ലാതെ യഥാസ്ഥാനത്തു വാല്മീകികാടികളുടെ സൂക്തിരത്നങ്ങളെ സമുദ്ധരിച്ചു പഠിതാവിനെ നിവൃത്താഖിലസന്ദേഹനാക്കി ചില പദങ്ങളുടെ ഔചിത്യവും അർത്ഥകല്പനയും സ്ഫുടമാക്കിയുംകൊണ്ടുള്ള ഈ വ്യാഖ്യാനം അനുകരണാർഹമാണെന്നു പറയണം. കാലോചിതമായ ഈ പ്രസിദ്ധീകരണപദ്ധതിയിൽ പ്രവേശിച്ചിരിക്കുന്ന തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ ഉദ്യമം ശ്ലാഘനീയമാകുന്നുണ്ടു്.

★

ശ്രീകൃഷ്ണലീലാതരംഗിണി

★

ശ്രീനാരായണതീർത്ഥവിരചിതാ

വാഴില്ല എൻ. രാമസ്വാമി ശാസ്ത്രി ആൻഡ് സൺസ് മദ്രാസ്

വി: ഗ്രു. I അ: 8.

ശ്രീ: എൻ. രാമസ്വാമിശാസ്ത്രിയുടെ പ്രസിദ്ധീകരണസമ്പ്രദായം ദക്ഷിണഭാരതത്തിനു അക്ഷയഭണ്ഡാരത്തെ പ്രദാനംചെയ്തുകഴിഞ്ഞിട്ടുണ്ടു്. ലീലാശുകന്റെ ശ്രീകൃഷ്ണകർണ്ണാമൃതം മഹാഭാരതം തുടങ്ങിയ പൗരാണിക ഗ്രന്ഥരത്നങ്ങളുടെ പ്രസാധകത്വം കൊണ്ടു് അദ്ദേഹം ദക്ഷിണാമൂർത്തിയുടെ അഭിമാനസ്തംഭത്തിൽ വൈജയന്തിചാർത്തി. ശ്രീനാരായണതീർത്ഥവിരചിതമായ ശ്രീകൃഷ്ണലീലാതരംഗിണി സംഗീതസാഹിത്യങ്ങളുടെ സമഞ്ജസമേളനംകൊണ്ടു് അദ്വിതീയപ്രശസ്തിക്കു അർഹമായിരിക്കുന്നു. ദിവാൻബഹദൂർ കെ. എസ്. രാമസ്വാമിശാസ്ത്രി ഈ ഗ്രന്ഥത്തെ പുരസ്കരിച്ചു് എഴുതിയിട്ടുള്ള പ്രൗഢോജ്ജ്വലമായ അവതാരിക ഇതിന്റെ കലാമൂല്യത്തെ മുക്തകണ്ഠമായി വാഴ്ത്തുന്നു. മിശ്രാമ്പേയി, ജയദേവർ, ത്യാഗരാജൻ തുടങ്ങിയവരുടെ ഗാനമാധുര്യവും ലീലാശുകൻ, മേൽപുത്തൂർ തുടങ്ങിയവരുടെ ഭക്തിപ്രസന്ദിമന്ദസ്മിതശിരിതയും അലിഞ്ഞുചേർന്നിരിക്കുന്ന ഈ ശ്രീകൃഷ്ണലീലാതരംഗിണി അഷ്ടപദിയെപ്പോലെ അഭിനയയോഗ്യമായവിധത്തിലാണു സംസൃഷ്ടിചെയ്തിട്ടുള്ളതു്.

അഥേദം കൃഷ്ണാവതാരസ്തദനു നര-
ഹരേർ ബാലലീലാവലിരസോ
വത്സാനാം പാലനം തച്ചരിതമഥ
ശിവം പാലനം പ്രൗഢദേവ.
ശ്രോപീ വസ്ത്രാപഹാരസ്തദനുഗിരി-
വരോദ്ധാരണം രാസലീലാ
കംസാദീനാം നിരാസസ്തദിനമുല-
(നിധന
പ്രവേശ.
രൌഹിണേയകൃഷ്ണസ്യ വിവാഹസ്ത-
(ദനന്തരം
ത്രഗ്മിണ്യാദ്യഷ്ടമഹിഷ്യോ സഹി-
(തോഗീയതാമരൈഃ

പ്രസിദ്ധമായ ഈ ഭാഗവല്ലീലകളെ ദേശരാഗതരംഗങ്ങളിലാക്കി പ്രദർശിപ്പിക്കയാകുന്നു ശ്രീകൃഷ്ണലീലാതരംഗിണി. ഈ മനോഹരമായ അഭിനയകാവ്യത്തിലെ, ജയജയഗോകുലബാല, ബാലഗോപാലകൃഷ്ണപാഹി, ബാലഗോപാലമാം ഉദാരകൃഷ്ണ തുടങ്ങിയ ഗാനങ്ങളും മലയാളികൾക്കും സുപരിചിതങ്ങളായിരിക്കും. നഗരലിപിയിൽ പ്രസിദ്ധിതമായ പ്രസ്തുതഗ്രാഥത്തെ മലയാളത്തിലേക്കുകൊണ്ടുവരുന്നതു് സംഗീതസാഹിത്യരസാഭിജ്ഞതയ്ക്കു് ആമോദകരമായ ഒരു കൃത്യമായിരിക്കും. വിസ്തരഭയത്താൽ ഉദാഹരണം വർജ്ജിപ്പിക്കുന്നില്ല. ശാസ്ത്രല സൺസുകാരുടെ ഏതദുദ്യമത്തിനു ഉചരുപരി ഭാവുകം ആശംസിക്കുന്നു.

:*:—

ദക്ഷിണാമൂർത്തിസ്തോത്രം

സവ്യാഖ്യാനം

വ്യാഖ്യാതാവു്:

കൊല്ലങ്കോട്ടു ശേഷപാലൻനായർ എസ്സ്. വി. വി. പ്രിൻസിംഗ് വക്ക്സ് ചിറ്റൂർ വി-ഗ്രു-2.

കൈരളിക്കുണ്ടു്, പുന്നശ്ശേരി തുടങ്ങിയ പാണ്ഡിതമൂർദ്ധന്യന്മാർ പ്രശസ്തി ധ്വജവൈജയന്തിചാർത്തിയ വ്യാഖ്യാനപദ്ധതിയിൽ അവശേഷിക്കുന്ന പരിണതപ്രജ്ഞനാണു പണ്ഡിറ്റ് പി. ശേഷപാലൻനായർ. ഭഗവതം, പഞ്ചദശി തുടങ്ങിയവയുടെ വ്യാഖ്യാനവിധാനംകൊണ്ടു് പ്രപഞ്ചിതമായിരിക്കുന്ന അദ്ദേഹത്തിന്റെ യശശ്ചന്ദ്രിക കേരളത്തിലെവിടെയാണു വ്യാപിക്കാതുള്ളതു്. ശ്രീ: കൊല്ലങ്കോടിന്റെ ആത്മതത്വാന്വേഷണവിചക്ഷണതയെ സംക്ഷീകരിക്കയാണു് ഈ ദക്ഷിണാമൂർത്തിസ്തോത്രവ്യാഖ്യാനം. ശ്രീ ശങ്കരാചാര്യഭഗവൽപാദവിരചിതമായ ദക്ഷിണാമൂർത്തിസ്തോത്രത്തിൽ ശ്ലോകസംഖ്യ പത്തേയുള്ളുവെങ്കിലും അതിന്റെ വ്യാഖ്യാനം നൂറു പേജുകളോളം വ്യാപിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ ആ ഓരോ ശ്ലോകത്തിന്റെയും അർത്ഥാഭംഗിയ്ക്കു വ്യാഖ്യാതാവിന്റെ ബഹുമുഖമായ വിജ്ഞാനപ്രകാണ്ഡവും ഏതുരണ്ടു വ്യക്തമാകുന്നുണ്ടല്ലോ. പ്രത്യഗാത്മാവു്, മായ, ജീവജഗൽഭേദം തുടങ്ങിയ വേദാന്തവനസഞ്ചാരികൾക്കുപോലും ദുർഗ്ഗമമായ ശൈലകൂടങ്ങളെ താണ്ടിക്കടക്കുന്ന രീതിയിൽ അതിക്രമിച്ചുപോകുന്ന ഈ വ്യാഖ്യാനപദ്ധതി സർവ്വഥാ ശ്രേയസ്കരമായിട്ടാണു് അനുഭവപ്പെടുക. പ്രസ്തുത സ്തോത്രത്തിനു സുരേശ്വരാചാര്യർ എഴുതിയിട്ടുള്ള മാനസോല്ലാസവാർത്തികയുടെ സാരത്തെ സരസമായി ഇതിൽ സമാഹരിച്ചിരിക്കുന്നതു അധികിക്കുംതോറും ദുഗ്ദ്ധോധത്തിനു അത്യന്തം ഉപകരിക്കുന്നതാണു്. ബ്രഹ്മസത്യം ജഗന്മിഥ്യാ എന്ന വേദാന്തഡിണ്ഡിമത്തിന്റെ ധ്വനിപ്രതിധ്വനിപ്പൂരിതമായ ഈ വ്യാഖ്യാനപ്രസ്ഥാനം വ്യാഖ്യാതാവിന്റെ യശോമതല്ലികയെ ഉച്ചൈസ്തരം ഉൽഘോഷിക്കയുതന്നെചെയ്യുന്നു.

—സി. എം. പി.

(2-ംപേജിൽനിന്നു തുടർച്ച)

കളും പലപ്പോഴും അതു പുറത്തുപറയാതിരിക്കുകയും ഡാക്ടറെക്കൊണ്ടു ചികിത്സിപ്പിക്കാതിരിക്കുകയും ചെയ്തുകൊണ്ടുണ്ടായിട്ടുള്ള ദുരന്തങ്ങളും നിരവധിയാണ്. മനുഷ്യജീവിതത്തെ കുന്നോടുകിക്കൊണ്ടിരിക്കുന്ന ഈ മഹാരോഗത്തിൽനിന്നു് അകന്നു് ഒഴിയേണ്ടതു് അനിവാര്യമായ ഒരാവശ്യമാണ്. ഉഗ്രരോഗങ്ങളും പിടിപെട്ടാൽ സഹിച്ചുകൊള്ളാം. അതുപിടിപെട്ടാലുണ്ടാകുന്ന ദുരിതങ്ങളും പിടിപെടാതിരിക്കാൻ സ്വീകരിക്കേണ്ട നിവാരണമാർഗ്ഗങ്ങളുമെല്ലാം ഈ ചിത്രത്തിൽ വിശദമായി ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസപ്രധാനമായ ഒരു ചലച്ചിത്രമെന്ന കാർപ്പാപ്പി. ഒരു കലാസൃഷ്ടിയെന്ന നിലയിൽ ഈ ചിത്രത്തിനു് കുറവുകളും കുറവുകളും പൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിലും ആ ചിത്രത്തിന്റെ മഹത്തായ നിർമ്മാണോദ്ദേശത്തിന്റെ മുൻപിൽ കുറവുകളും കുറവുകളുമെല്ലാം സ്വയം നിഷ്പ്രഭമാകുകതന്നെചെയ്യും. ജീവിതയാഥാർത്ഥ്യങ്ങളെ അതിശയോക്തിയോ അതുക്തിയോ കൂടാതെ വെള്ളിത്തിരയിലേക്കു് പകർത്തിയിട്ടുണ്ടെന്നോള്ളതാണു് ഈ ചിത്രത്തിന്റെ ഏറ്റവും വലിയനേട്ടം. മനുഷ്യൻ കാണേണ്ടതും അവന്റെ ജീവിതത്തിനു് വിജ്ഞാനവും വെളിച്ചവും വാരിവിതറുന്നതുമായ ഒരു മഹൽചിത്രമത്രെ കാർപ്പാപ്പി.

കാർപ്പാപ്പിയിൽ നാടകീയമായ കഥയൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. ജീവിതത്തിൽനിന്നു വലിച്ചുചീന്തിയെടുത്തിട്ടുള്ള ഒരു ഏടാണു് കാർപ്പാപ്പി. ഒരു യുവാവു് വഴിവിഴച്ച ജീവിതംകൊണ്ടു് ഉഗ്രരോഗബാധിതനാകുന്നു. ഗത്യന്തരമില്ലാതായപ്പോൾ അയാൾ ആത്മഹത്യയെ അഭയംതേടി. മുന്നാമത്തെ ചികിത്സയ്ക്കുശേഷം രോഗത്തിനു് ഏതാണ്ടൊരു ശമനംലഭിച്ചു. പക്ഷേ അയാൾ വിവാഹം ചെയ്യരുതെന്നു് ഡാക്ടർ കർശനമായി നിർദ്ദേശിച്ചിരുന്നു. യുവാവു് ഡാക്ടറുടെ നിർദ്ദേശത്തെ വിശ്വസിച്ചു. അയാൾ സുന്ദരിയും യുവതിയുമായ ഒരു സ്ത്രീയെ വിവാഹംകഴിച്ചു. അഞ്ചുകൊല്ലം മുന്നോട്ടുനീങ്ങി. ആ സ്ത്രീ അതിനകം ഒരു കുട്ടിയുടെ മാതാവായി. അവളുടെ ആരോഗ്യവും സൗന്ദര്യവുമെല്ലാം ചുരുങ്ങിയ കാലയളവിൽ പൊലിഞ്ഞടങ്ങി. ശിശുവും മാതാവും രോഗബാധിതരായിത്തീർന്നു. അഞ്ചുവർഷത്തിനുശേഷം ഭർത്താവിനെ ചികിത്സിച്ച അതേ ആതുരാലയത്തിൽതന്നെ ഭാര്യയും ഉഗ്രരോഗചികിത്സയ്ക്കായി എത്തിച്ചേരുന്നു. ഇതിനിടയിൽ ഭർത്താവു് വീണ്ടും ഒരു വിവാഹം ചെയ്യുന്നതിനു് ആലോചനകൾ ആരംഭിക്കുന്നു. മറ്റൊരു സ്ത്രീജീവിതത്തെക്കൂടി പാഴിലാക്കാതിരിക്കുന്നതിനായി മനഃസ്സാക്ഷിയായ ആ ഭാര്യ സ്വന്തഭർത്താവിനെ വെടിഞ്ഞുകൊല്ലുന്നു. അവളും അവളുടെ ശിശുവും ദുഃഖത്തിലും രോഗത്തിലുംകൂടി നരകീയജീവിതം തുടരുന്നു. ഇതത്രെ കാർപ്പാപ്പിയുടെ പ്രമേയം.

സംഭവ്യമായ ഒരു ജീവിതകഥയാണു് കാർപ്പാപ്പി. ഈ ചിത്രം വിരസനായ ഒരു അധ്യാപകനെപ്പോലെ ഉഗ്രരോഗങ്ങളുടെ ഭീകരവശങ്ങളെക്കുറിച്ചു് നമ്മെ പഠിപ്പിക്കുന്നതിനു് ഉദ്യമിക്കുന്നില്ല. പ്രത്യുത പഥ്യവും ഹിതവുമായ രീതിയിൽ ഉപദേശിക്കുകയും ചിന്തിക്കുവാൻ പ്രേരിപ്പിക്കുകയുംചെയ്യുന്നു. ഉഗ്രരോഗങ്ങളുംനിമിത്തം മനുഷ്യൻ അഭിമുഖീകരിക്കേണ്ടിവരുന്ന ദുരിതങ്ങളെക്കുറിച്ചു ബോധം ജനിക്കുന്നതോടുകൂടി അസംതൃപ്തികരമായ ജീവിതത്തോടു് നാം അറിയാതെതന്നെ ഒരു വെറുപ്പു് ഉളവാകുകയുംചെയ്യുന്നു. അതാണു് ആ ചിത്രത്തിന്റെ വിജയവും. പക്ഷേ കഥയുടെ അവസാനം വേണ്ടവിധം നന്നായിട്ടില്ല. ഈ ചിത്രം ദർശിച്ചാൽ ഉഗ്രരോഗങ്ങളും പിടിപെട്ടാൽ ആജീവനാന്തം അതു് വിട്ടുമാറുകയില്ലെന്ന ഒരു ബോധം പ്രേക്ഷകരിൽ ഉളവാക്കുന്നുണ്ടു്. ശസ്ത്രത്തിന്റെ പുരോഗതിയിൽ അതു് ഒരു യാഥാർത്ഥ്യമായി അംഗീകരിക്കുവാനും നിവർത്തിയില്ല. ഭർത്താവിനെ വെടിഞ്ഞുകൊന്നതിനുശേഷമെങ്കിലും ഭാര്യയുടേയും ശിശുവിന്റേയും ജീവിതത്തിൽ പ്രതീക്ഷയ്ക്കും ആശ്വാസത്തിനും അനുകൂലമായ സാഹചര്യങ്ങളും സൃഷ്ടിക്കാമായിരുന്നു. അതു ചിത്രത്തിനു കൂടുതൽ ആകർഷണീയത നൽകുകയും ചെയ്യുമായിരുന്നു. ഏതായാലും ഈ ചിത്രം ഒരു ഉദ്ദേശത്തോടും മഹത്തായ ലക്ഷ്യത്തോടുംകൂടിയാണു് നിർമ്മിച്ചിരിക്കുന്നതു്. ആ ഉദ്ദേശനിർവ്വഹണത്തിലും ലക്ഷ്യപ്രാപ്തിയിലും നിർമ്മാതാക്കൾ പരമാവധി വിജയംവരിച്ചിട്ടുമുണ്ടു്. സാമൂഹ്യദുഷ്യങ്ങളെ പരിഹരിക്കുന്നതിനു് പ്രയോജനമനുഷ്ഠിക്കുന്ന ഇത്തരത്തിലുള്ള ചിത്രങ്ങളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കേണ്ടതുമാണു്.

ഈ ചിത്രത്തിലെ നടീനടന്മാരെല്ലാം സ്വാഭാവികതയോടും തന്മയത്വമായും അഭിനയിച്ചു വിജയംവരിച്ചിട്ടുണ്ടു്. ഭാര്യയുടെഭാഗം അഭിനയിക്കുന്ന മഞ്ജുദേവിയും ഭർത്താവിന്റെഭാഗത്തിൽ പ്രത്യക്ഷപ്പെടുന്ന അശീതബാഗനനും ഡാക്ടറായി അഭിനയിക്കുന്ന ഛദ്മബിശ്വാസും പ്രത്യേകപ്രശംസ അർഹിക്കുന്നു. ശോകോത്തേജകരംഗങ്ങളിൽ ഗീതശ്രീ ശോഭിക്കുന്നു ഒരു നടിയാണെന്ന ഈ ചിത്രം തെളിയിച്ചിട്ടുണ്ടു്. ലൈംഗികരോഗങ്ങളുടെ ബാഹുല്യവശങ്ങളെക്കുറിച്ചു ശരിയായ വിജ്ഞാനം നൽകുന്ന ഈ ചിത്രം ഓരോ മനുഷ്യനും അവശ്യം കണ്ടിരിക്കേണ്ടതാണു്. അയിത്തക്കണക്കിനു് ആളുകൾ ഈ രോഗംനിമിത്തം നാശപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ. ഈ മഹാവിപത്തിൽനിന്നു രക്ഷനേടുന്നതിനു് ആവശ്യമായ വിജ്ഞാനം നൽകുന്ന കാർപ്പാപ്പി ഒരു സാമൂഹ്യസേവനംതന്നെയാണു് നിർവ്വഹിക്കുന്നതു്. ഈ ചിത്രത്തെ ഇന്ത്യയിലെ എല്ലാ പ്രാദേശികഭാഷകളിലേക്കും ഡബ്ബ്ചെയ്തൽ-അതൊരു അനുഗ്രഹവുമായിരിക്കും.

★

വാർത്തകൾ

★

മംഗളപിക്ചേഴ്സിന്റെ "ശരിയോ തെറ്റോ" എന്ന ചിത്രത്തിന്റെനിർമ്മാണം ഉദയാസ്റ്റുഡിയോയിൽ ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഫിബ്രവരിമാസത്തിൽ ചിത്രം റിലീസാകുന്നതാണു്. തിക്കുറിശ്ശി, കുമാരി, സേതുലക്ഷ്മി, മള്ളൂർ രാമകൃഷ്ണൻ, കുഞ്ഞുകുഞ്ഞുഭാഗവതർ, എസ്സ്. പി. പിള്ള, മാത്തപ്പൻ തുടിയായവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

* * *

ആത്മസഖിക്കുശേഷം നീലാപ്രൊഡക്ഷൻസ് തയാർചെയ്യുന്ന മലയാളചലച്ചിത്രത്തിന്റെ നിർമ്മാണം മെരിലാൻഡ് സ്റ്റുഡിയോയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചിത്രത്തിന്റെ നാമകരണം ഇനിയും നടക്കേണ്ടിയിരിക്കുന്നു. കഥയും സംഭാഷണവും മുതുകുളമാണു് രചിച്ചിരിക്കുന്നതു്. ഗാനരചന തിരുനയിനാർകുറിച്ചിയാണു്. തിക്കുറിശ്ശി, പ്രേംനസീർ, മുത്തയ്യ, കെ. പി. കൊട്ടാരക്കര, സി. ഐ. പരമേശ്വരൻപിള്ള, ലളിതാ-പത്മിനി എന്നിവരാണു് ഈ ചിത്രത്തിൽ അഭിനയിക്കുന്നതു്.

* * *

മധുര ചിത്രകലാസ്റ്റുഡിയോയിൽ "പുള്ളിമാൻ" എന്ന മലയാളചലച്ചിത്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഗാനങ്ങളും രചിച്ചിരിക്കുന്നതു് ശ്രീ. പി. ഭാസ്കരനാണു്. സംവിധാനവും പി. ഭാസ്കരനാണു് നിർവ്വഹിക്കുന്നതു്.

* * *

സരോജ്തിയേറ്റേഴ്സിന്റെ "പ്രതീക്ഷ" എന്ന മലയാളചലച്ചിത്രത്തിന്റെ നിർമ്മാണം ഉദയാസ്റ്റുഡിയോയിൽ ഉടനെ ആരംഭിക്കുന്നതാണു്.

* * *

സംഗീതാപിക്ചേഴ്സിന്റെ "നൽവർ" എന്ന തമിഴ്ചിത്രത്തിന്റെ നിർമ്മാണം സെൻട്രൽസ്റ്റുഡിയോയിൽ പുരോഗമിക്കുന്നു. പി. കൃഷ്ണനാണു് ചിത്രം സംവിധാനംചെയ്യുന്നതു്. കുമാരി കമലയാണു് ചിത്രത്തിലെ നായിക. കുമാരി തങ്കം, പി. എ. നാരായണൻ, നടേശൻ, എം. കണ്ണപ്പൻ, എം. എൻ. കൃഷ്ണൻ, നാരായണപിള്ള, വി. എൻ. എഴുമല, ടി. പി. മുത്തുലക്ഷ്മി, എസ്. ആർ. ജാനകി തുടങ്ങിയവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നു. പല പുതുമകളും കോർത്തിണക്കിയ ഒരു പുതുമ കുമാരിതങ്കം സൈക്കിൾ ചവുട്ടുന്നതാണു്. കുറെ പാട്ടുപെട്ടിട്ടാണു് കുമാരി തങ്കം സൈക്കിൾ പഠിച്ചതു്. രണ്ടുതവണ സൈക്കിളിൽനിന്നു വീണതുകൊണ്ടു് ഷൂട്ടിംഗ്പോലും താമസിച്ചുപോലും.



അമേരിക്കനിന്ത്യൻ നൽകി: നായിക്കു് സിറിബോലെ കമനിയിലെ പ്രമുഖ നർത്തകി മിസ് മേരിയാടംചീഫ്. ഓസേജ് ഇന്ത്യൻ വംശജയായ ഇവരെ അടുത്ത പ്രമുഖ അമേരിക്കൻവനിതകളിലൊരാളായി വനിതാദേശീയ ക്ലബ്ബു് തിരഞ്ഞെടുത്തു.

* * *

ഫ്ലാഷ്ബാക്പിക്ചേഴ്സിന്റെ അഴകി (തമിഴ്) എന്ന ചിത്രവും നെപ്ട്യൂൺസ്റ്റുഡിയോയിൽ പൂർത്തിയാകാറായി. സംവിധാനം സുന്ദർരാവുനട്കർണിയാണു്. എസ്. എ. നടരാജൻ, എം. എൻ. നമ്പ്യർ, വി. കെ. രാമസ്വാമി, എൻ. എസ്. നരായണപിള്ള, ജി. എം. ബഷീർ, കൃഷ്ണകുമാരി തുടങ്ങിയവരാണു് താരങ്ങൾ.

* * *

മിങ്ങമാസത്തിൽ പ്രദർശനം ആരംഭിക്കുന്ന നീലാപ്രൊഡക്ഷൻസിന്റെ ഇതുവരെയും പേരുനിശ്ചയിച്ചിട്ടില്ലാത്ത ചിത്രത്തിൽ മലയാളസിനിമാനടനായ പ്രേംനസീർ (പ്രിയൻകീഴ്) അഭിനയിച്ചുകൊണ്ടിരിക്കുകയാണു്. നായികയായി അഭിനയിക്കുന്നതു് ലളിതയാണെന്ന് അറിയുന്നു. ശ്രീ: സുബ്രഹ്മണ്യത്തിന്റെ പ്രൊഡക്ഷൻ നമ്പർ 3-യിലും കഥാനായകനായി അഭിനയിക്കുന്നതിനു് മി: നസീർ കരാർ ഒപ്പുവച്ചുകഴിഞ്ഞിരിക്കുന്നു. ഇതോടൊപ്പംതന്നെ ആലപ്പുഴ ഉദയാസ്റ്റുഡിയോവിൽ എട്ടിൽ പ്രൊഡക്ഷൻസ് ഒരേസമയത്തു് തയാർചെയ്യുന്ന രണ്ടു് പടങ്ങളിൽകൂടി അഭിനയിക്കുന്നതിനും നിബന്ധനയിൽ ഒപ്പുവച്ചിട്ടുണ്ടു്. ചിത്രത്തിന്റെ ഷൂട്ടിംഗ് ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു.

★



ലോകവൃത്താന്തഗതി

ഒരുമാസം സമ്പൂർണ്ണമായി വിശ്രമിക്കണമെന്ന് ഡോക്ടറന്മാർ ഉപദേശിച്ചതനുസരിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രി സർ വിൻസ്റ്റൺ ചർച്ചിൽ ശുശ്രൂഷയിൽ പ്രവേശിച്ചിരിക്കുന്നു. ഇതുമൂലം ജൂലൈ 8-ാംതീയതി നടക്കാനിരുന്ന ബർമ്മുഡാസമ്മേളനം അനിശ്ചിതമായി മാറ്റിവെച്ചിരിക്കുകയാണ്. എങ്കിലും ബ്രിട്ടനിലേയും, ഫ്രാൻസിലേയും, അമേരിക്കയിലേയും വിദേശകാര്യസെക്രട്ടറിമാരുടെ ഒരു സമ്മേളനം വാഷിംഗ്ടണിൽവച്ചു നടക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. ഈ സമ്മേളനം ജൂലൈ 10-ാംതീയതി നടക്കുന്നതായിരിക്കും. പിന്നീടുനടക്കാനിടയുള്ള വൻ ത്രിശക്തിസമ്മേളനനടപടികളും സുഗമമാക്കുന്നതിനു പറ്റുംപടിയായ തീരുമാനങ്ങളും ഈ സമ്മേളനം കൈക്കൊള്ളുമെന്നു പ്രതീക്ഷിക്കുന്നുണ്ട്.

ഈ സമ്മേളനക്കാര്യം പ്രഖ്യാപിക്കപ്പെട്ടതോടെ ഫ്രാൻസ്, ബ്രിട്ടൻ അമേരിക്ക എന്നീ രാജ്യങ്ങളിലെ തങ്ങളുടെ അംബാസ്സഡർമാരെ രക്ഷ്യകൂടിയാലോചനകൾക്കായി നാട്ടിലേക്കു വിളിച്ചിരിക്കുന്നു. എന്താണ് ആലോചിക്കുവാൻ പോകുന്നതെന്നോ, ആലോചനകൾ എത്രനാൾ നീണ്ടുനിൽക്കുമെന്നോ അംബാസ്സഡർമാർക്കുതന്നെ നിശ്ചയമില്ല. കഴിയുംവേഗം ആലോചന പൂർത്തിയാക്കി ജോലിസ്ഥലങ്ങളിൽ തിരിച്ചെത്തുവാൻ കഴിയുമെന്നാണ് അവരുടെ പ്രതീക്ഷ.

ബ്രിട്ടനിൽ ചർച്ചിലിന്റെ സ്ഥാനത്തേക്ക് ആർ. ഏ. ബട്ലറെ പകരം നിയമിച്ചിരിക്കുന്നു. വിദേശകാര്യസെക്രട്ടറി ആന്തണി ഈഡൻ ഏതാനുംകാലമായി ചികിത്സയിലാണ്. അദ്ദേഹത്തിനുപകരം സാലിസ്ബറി പ്രഭുവിനെ നിയമിച്ചിരിക്കുന്നു. വാഷിംഗ്ടൺസമ്മേളനത്തിൽ ബ്രിട്ടനെ പ്രതിനിധീകരിക്കുന്നതു് അദ്ദേഹമായിരിക്കും. ബ്രിട്ടീഷ് മന്ത്രിസഭയിലെ മൂന്നാമും പ്രമുഖരായ രണ്ടുപേർ ഇപ്പോൾ അവധിയിലാകയാൽ, മന്ത്രിസഭതന്നെ ഉടച്ചുവാർക്കപ്പെട്ടുമെന്നു സംസാരമുണ്ട്.

വളരെനാളത്തെ പരിശ്രമത്തിനുശേഷം ഫ്രാൻസിൽ ഡേവിഡ് ഡാനിയലിനെ പ്രധാനമന്ത്രിയായി തെരഞ്ഞെടുത്തിരിക്കുന്നു. ഒരു ഉറച്ച മന്ത്രിസഭരൂപീകരിക്കുവാൻ ഏറെനാളായി നടന്നുവന്ന ശ്രമം പരാജയപ്പെടുകയാണുചെയ്തുപോന്നതു്. ഡാനിയലിനു് അത്യാവശ്യം വേണ്ടതിൽ 76 വോട്ടുകൾ കൂടുതൽ ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പു പെട്ടെന്നുനടക്കാനുള്ള ഒരു കാരണം ബർമ്മുഡാസമ്മേളനം ഉടനെ നടക്കുമെന്ന പ്രതീക്ഷയായിരുന്നു.

ഇറ്റലിയിൽ ഒരു മന്ത്രിസഭ രൂപീകരിക്കുവാൻ കഴിയുമാറ് ഇപ്പോഴത്തെ പ്രധാനമന്ത്രി ഡിഗാസ്പെറി രാജിവച്ചിരിക്കുന്നു. ഈ തീരുമാനം എടുക്കുന്നതിനുമുമ്പായി അദ്ദേഹം ലണ്ടനിൽ എത്തി ചർച്ചിലുമായി സംഭാഷണംനടത്തിയിരുന്നു. പുതിയ തെരഞ്ഞെടുപ്പിലും ഡിഗാസ്പെറിക്കു ഭൂരിപക്ഷംകിട്ടിയിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്ന സഹായം അതാതുകക്ഷികളിൽനിന്നു് തുടർന്നുലഭിക്കുന്നതുമാണ്.

* * *

യുഗോസ്ലേവുകാരെ ഭീഷണിപ്പെടുത്തിനെത്തുടർന്ന് കൊറിയൻ പ്രശ്നം ഇടിലമായി തീർവരികയായിരുന്നല്ലോ. തൽപരിഹാരത്തിനു പ്രസിഡണ്ട് ഐസൻഹോവറിന്റെ പ്രത്യേകപ്രതിനിധി റംബർട്സൺ ഈയെ പലപ്രാവശ്യം കാണുകയും ചർച്ചകൾനടത്തുകയും ചെയ്തു. എന്നാൽ ഒരു ഒത്തുതീർപ്പിനുള്ള ശ്രമങ്ങളും പരാജയപ്പെട്ടിരിക്കുന്നു. ഇനി എന്താണ് നടക്കുന്നതെന്നറിവില്ല.

കൊറിയയിൽ സമാധാനപരമായി തങ്ങളുടെ പ്രവർത്തനംനടത്തുവാൻ സാധ്യമാവുന്നാലുടനെത്തിൽമാത്രമെ, ഇന്ത്യ സ്വന്തം സൈന്യത്തെ അങ്ങോട്ട് അയയ്ക്കുകയുള്ളു എന്ന് പ്രധാനമന്ത്രി നെഹ്റു പ്രസ്താവിച്ചിരിക്കുന്നു. ആരോടെങ്കിലും യുദ്ധംചെയ്യുകയല്ല തങ്ങളുടെ ഉദ്ദേശം എന്നു് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു.

കഴിഞ്ഞ മുപ്പത്തുമാസങ്ങളായി കൊറിയയിൽ വൈദ്യുതശുശ്രൂഷാപ്രവർത്തനം നടത്തുന്ന അംബുലൻസ് സംഘം ഉടനെ ഇൻഡ്യയിൽ തിരിച്ചെത്തുന്നതാണ്. അവരിൽനിന്നു് ചാർജ്ജു് ഏറ്റെടുവാനുള്ള മുന്നൂറംഗങ്ങളടങ്ങിയ പുതിയ ശുശ്രൂഷാസംഘം കൽക്കട്ടയിൽനിന്നു കൊറിയയിലേയ്ക്കു തിരിച്ചുകഴിഞ്ഞു.

* * *

കഷ്മീർജയിലിൽവച്ചു് ഡാ: ശ്യാമപ്രസാദ് മുക്കർജി മരിക്കാനിടയായതു് എത്രയും ഖേദകരമായ ഒരു സംഭവമാണെന്നു് ഷേക്ക് അബ്ദുള്ള പ്രസ്താവിച്ചിരിക്കുന്നു. നെഹ്റു ഡെൽഹിയിൽ തിരിച്ചെത്തിയശ്ലേടൻ അദ്ദേഹത്തെ ഡെൽഹിയിലേക്കു തിരിച്ചയയ്ക്കുവാൻ ഉദ്ദേശിച്ചിരിക്കുകയായിരുന്നുവെന്നും അബ്ദുള്ള വെളിപ്പെടുത്തി. അസാധാരണമായ പരിതഃസ്ഥിതിയിൽ സംഭവിച്ച ആ മരണം ഇന്ത്യയിൽ അങ്ങോളമിങ്ങോളം ഉളവാക്കിയ പ്രതിഷേധമായിരിക്കണം അദ്ദേഹത്തെക്കൊണ്ടു് ഈ വിധംപറയിച്ചതു്. മുക്കർജിയുടെ ചരമത്തെപ്പറ്റി നിഷ്പക്ഷമായ അന്വേഷണം നടത്തിക്കണമെന്നു പലയിടങ്ങളിലുംനിന്നു് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ബംഗാളിൽനിന്നു് ഈ വിധം ആവശ്യപ്പെട്ടവരിൽ പ്രധാനി അവിടത്തെ പ്രദേശ് കാൺഗ്രസ് കമ്മിറ്റി പ്രസിഡൻറ് അതുല്യഘോഷ് ആണെന്നുള്ളതു ശ്രദ്ധേയമാണ്. ഇക്കാര്യത്തെച്ചൊല്ലി പ്രക്ഷോഭണം കൂട്ടരുതെന്നു് ബോംബെ മുഖ്യമന്ത്രി മൊറാർജിദേശായി ഉൽബോധിപ്പിച്ചിരിക്കുന്നു. മുക്കർജിക്കു വേണ്ടവിധമുള്ള ചികിത്സാസൗകര്യങ്ങളും നൽകിയില്ലെന്നുള്ളതാണ് പ്രധാനമായ ആക്ഷേപം. അദ്ദേഹത്തിന്റെ ശരീരസ്ഥിതി നിശ്ചയമുള്ള ഡാ: ബി. സി. റായിയോടു് ഇക്കാര്യം ആലോചിച്ചില്ല. ചരമവാർത്ത സപ്രജനങ്ങളെ അറിയിച്ചരീതിയിലും ആക്ഷേപം ഉണ്ടായിട്ടുണ്ട്.

* * *

ഒരുമാസത്തോളം നീണ്ടുനിന്ന വിദേശപര്യടനത്തിനുശേഷം പ്രധാനമന്ത്രി നെഹ്റു ഇന്ത്യയിൽ മടങ്ങിയെത്തി. ഇന്ത്യയുടേയും തന്റേയും പ്രശസ്തി പതിമടങ്ങു വർദ്ധിപ്പിക്കുവാൻ അദ്ദേഹത്തിന്റെ വിദേശപര്യടനം ഉപകരിച്ചിട്ടുണ്ട്. ഇനിയും അപ്രശസ്തി വർദ്ധിക്കുന്നതിനുള്ള നടപടികളിലായിരിക്കും ഇന്ത്യ ഏർപ്പെടുവൻപോകുന്നതു്. അദ്ദേഹത്തിന്റെ വിദേശയാത്രകൊണ്ടുള്ള പൊതുവിൽ ബാധിക്കുന്ന പല പ്രധാന കാര്യങ്ങളും സംഭവിച്ചു യുഗോസ്ലേവുകാരെസംബന്ധിച്ചു കൊറിയയിലുണ്ടായേക്കാവുന്ന സന്ധി, ഈജിപ്തിന്റെ റിപ്പബ്ലിക്ക് പദപ്രഖ്യാപനം, എവറസ്റ്റ് കീഴടക്കം, ഡാ: മുക്കർജിയുടെ ചരമം എന്നിവ അവയിൽ ചിലതാണ്. ലണ്ടനിൽവച്ചു പാകിസ്ഥാൻ പ്രധാനമന്ത്രിയും, സിലോൺപ്രധാനമന്ത്രിയും ആയി അദ്ദേഹം നടത്തിയ സംഭാഷണങ്ങളുടെ ഫലമായി ഇന്ത്യയുടെ അയൽരാജ്യങ്ങളായ അവയോടുള്ള ബന്ധം സൗഹൃദപൂർണ്ണമായിത്തീരാനുള്ള ലക്ഷണങ്ങളും കാണുന്നുണ്ട്. നെഹ്റുവും മഹമ്മദലിയുംതമ്മിലുള്ള സംഭാഷണം ഒരുമാസത്തിനകം നടക്കുമെന്നുള്ളതിനു സൂചനകളുണ്ട്. മഹമ്മദലി അടുത്തുതന്നെ ഇൻഡ്യ സന്ദർശിക്കുമെന്നും റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. സീലോൺ ഇന്ത്യാക്കാരുടെ പ്രശ്നത്തെ സംബന്ധിച്ചു് ആശിച്ചത്ര പുരോഗതി ഉണ്ടായിട്ടില്ലെങ്കിലും, അക്കാര്യത്തിലും സാമന്യം തൃപ്തികരമായ ഒരു തീരുമാനം പ്രതീക്ഷിക്കപ്പെടുന്നുണ്ട്. ഈജിപ്റ്റും ബ്രിട്ടനുംതമ്മിലുള്ള തർക്കങ്ങളും ഒതുക്കുന്ന കാര്യത്തിലും നെഹ്റു പരിശ്രമിക്കുകയുണ്ടായി. അതിന്റെ ഫലം എന്തായിഎന്നു് വെളിപ്പെടുത്തിയിട്ടില്ല.

ചക്രവർത്തിമാർക്കും അസൂയതോന്നുന്ന സ്വീകരണങ്ങളാണ് എവറസ്റ്റ് ജേതാക്കളായ ടെൻസിംഗിനും, ഹില്ലാരിക്കും, സംഘംനേതാവായ കേണൽഹണ്ടിനും കൽക്കട്ടയിലും ഡെൽഹിയിലും ലഭിച്ചതു്. ചുമട്ടുകാരുടെ വർഗ്ഗത്തിൽപെട്ട ടെൻസിംഗ് സ്വന്തമായ ഇച്ഛാശക്തിയും, ദൃഢനിശ്ചയവും, സ്ഥിരോത്സാഹവുംകൊണ്ടു് ആചന്ദ്രതാരം അമരതപംപ്രാപിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ കുടിക്കുള്ളക്കൊണ്ടുപോലും ജനങ്ങൾക്കു ഭ്രാന്തെന്നും എന്നു ചോദിപ്പിക്കത്തക്കവിധം അത്ര വമ്പിച്ചതായിരുന്ന ടെൻസിംഗിനു ലഭിച്ച സ്വീകരണം. ടെൻസിംഗിനും സഖാക്കൾക്കും കൽക്കട്ടാ കാർപ്പറേഷൻ സ്വീകരണങ്ങളും പ്രത്യേകം സമ്മേളനങ്ങളും നൽകി. അദ്ദേഹത്തിനു സിദ്ധിച്ച ഈ വിജയത്തിന്റെ സ്മാരകമായി ഡാർജിലിംഗിൽ ഒരു പർവ്വതാരോഹണ അക്കാഡമി ആരംഭിക്കുവാൻ പശ്ചിമബംഗാൾ ഗവണ്മെന്റ് നിശ്ചയിച്ചിരിക്കുന്നു. ഇതിന്റെചേരും പാര്യക്രമവും നിശ്ചയിക്കുവാൻ ഗവണ്മെന്റ് ടെൻസിംഗിനേയും ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ ഇൻസ്റ്റിട്ടൂട്ടിന്റെ സമീപത്തായി ടെൻസിംഗിനു വസിക്കുവാൻ സ്ഥലവും ഭവനവും സമ്മാനിക്കപ്പെടുന്നതായിരിക്കും. ഡൽഹിയിൽവച്ചു പ്രസിഡണ്ടും പ്രധാനമന്ത്രിയും ആരോഹണസംഘക്കാർക്കു പ്രത്യേകമായ സ്വീകരണങ്ങളും നൽകി. ഇതിലേക്കു പ്രത്യേകമായി നിമ്മിച്ച സുവർണ്ണകീർത്തിമുദ്രകളും പ്രസിഡൻറ് ഹണ്ടിനും ടെൻസിംഗിനും ഹിലാരിക്കും സമ്മാനിക്കുകയുംചെയ്തു. ടെൻസിംഗും ഹണ്ടുംതമ്മിലുണ്ടെന്നുകേട്ടിരുന്ന അഭിപ്രായഭിന്നതകളും അവസാനിച്ചിരിക്കുന്നു. സ്കോട്ട്സ്മാരുടെ മനോഭാവത്തോടെ അസൂയക്കാരുള്ളായ ആ വസ്തുതകളും അവർ വിസ്മരിക്കുകയുംചെയ്തിരിക്കുന്നു. തൽഫലമായി നേരത്തേ തീരുമാനിച്ചിരുന്നതിനു വിപരീതമായി ആരോഹണസംഘവുമെത്തുന്ന ബ്രിട്ടനിലേക്കുപോകാൻടെൻസിംഗ് തീരുമാനിച്ചിരിക്കുന്നു.

* * *

ഭക്ഷിണകൊറിയാനിൽ വെള്ളപ്പൊക്കംമൂലം ഒരു ടീപുമുഴുവൻ വെള്ളത്തിനടിയിലാകയാൽ പത്തുലക്ഷം ജനങ്ങൾ ഭവനരഹിതരായിതീർന്നു. മറ്റൊരുറോളം ജനങ്ങൾ മുങ്ങിമരിച്ചു. വളരെപ്പേർക്കു പരുക്കുപറ്റുകയുംചെയ്തു.

* * *

ജൂലൈ 1-മുതൽ ഇന്ത്യ ഒട്ടുക്കു വനമഹോത്സവവാരം ആരംഭിച്ചിരിക്കുന്നു. ഇൻഡ്യയിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും, വിറകുക്ഷാമം പരിഹരിക്കുന്നതിനും ഉത്തമമായ ഒരു ഉപാധിആയിട്ടാണ് വനമഹോത്സവം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

—o—



മുകളിൽ ഇടത്തു്—

'ഗിരിജാകല്യാണം' നാടകത്തിൽ ഡാൻസർ ചന്ദ്രശേഖരനും, പത്നിയും. ജൂൺ 22-ാംതീയതിയിലെ ലക്കത്തിൽ ഡാൻസർ ചന്ദ്രശേഖരൻ ആൻഡ് പാർട്ടിയുടെ ചിത്രങ്ങൾക്കു താഴെ ഉഷാകല്യാണമെന്നു ചേർത്തിരുന്നതു് ഗിരിജാകല്യാണമെന്നു തിരുത്തിവായിക്കണം.

Republic Photo News Bureau, Bombay.

താഴെ ഇടത്തു്—

ഡാൻസർ ചന്ദ്രശേഖരനും പത്നിയും 'ഗിരിജാകല്യാണ'ത്തിൽ; മറ്റൊരു രംഗം.

താഴെ വലത്തു്—

എം. എൽ. വസന്തകുമാരി.

Raygraphe, Madras.





ജയിൽ



പി. എൻ. രാഘവൻപിള്ള
ബി. ഏ; ബി. എൽ, ചേത്തല

(കേക)

ഞാൻചെയ്തകുറ്റത്തിനാണ്,–
ആവെറുംമോഹത്തിനാ–
ണീമഹാഭൂകങ്കൻറെ
ജീവനെ ബന്ധിക്കുന്നു!

ജീവപര്യന്തം ജയിൽ–
വാസമെൻ വിധികർത്താ–
വാവെറും മോഹത്തിനു
ശിക്ഷയായ് വിധിനൽകി.

കണ്ണുത്തിൽ പിടിച്ചിങ്ങു–
തള്ളിയതള്ളലെന്നി–
ലേകിയ നെഞ്ചിടിപ്പി–
ന്നേതുമേ നിലച്ചീലാ.

കരഞ്ഞു കൈകാൽ തല്ലി–
ക്കഴിഞ്ഞു കുറേക്കാലം,–
മെരിഞ്ഞോരുള്ളിൽപിന്നെ
കണ്ണുനീരടക്കിഞാൻ

എന്നെപ്പോൽ രണ്ടാളകപ്പെ–
പാവങ്ങരാണപോലും!
എന്നെ പുഴെനിലുന്ന
കാവലാണെന്നഭാവം!

പാരതന്ത്ര്യത്തിൻകുടം–
ഭൂമണൽക്കട്ടത്തുക–
കേറെഞാൻ വിക്കമിപ്പു
ഈ തിക്കിത്തിരക്കലിൽ.

കുപടുക്കരിതേക്കാ–
ത്തക്ഷികളൊന്നെങ്കിലും
കാണുന്നില്ലിങ്ങെങ്ങുമേ
നക്ഷത്രക്കണ്ണില്ലാതെ.

ആഹാരനീഹാരാദി
കാര്യങ്ങളും കൂടിയെന്റെ
മോഹംപോൽ മാറീടുവാൻ
സാദ്ധ്യമല്ലെനിക്കിപ്പോൾ.

ക്രൂരമാം നോട്ടങ്ങളും,
നിസ്സാരകുറ്റത്തിന്നായ്
ഭാരമേറിയദണ്ഡ–
നീതിയും, തന്നെയിതിൽ.

കുറങ്ങാം തിരുത്താതെ,
മോഹങ്ങൾ മാച്ചീടാതെ,
തെറ്റുകൾ വളർത്തുന്ന
ഭീതക്കാവാണീസ്ഥലം

കുറത്തിൻ മനകീറി
ദുഷ്ടർമാറുവാനല്ല
പൊറുകൾ പിടിപ്പിക്കാ–
നാണിവർ ശ്രമിക്കുന്നു.

ശിക്ഷിക്കപ്പെട്ടോർ പല–
രെൻറൊക്കുടെയുണ്ടെന്നാൽ,
പക്ഷഭേദമില്ലാതെ–
യിങ്ങെങ്ങും കാണുമാനില്ല.

അല്ലെങ്കിൽ സമബുദ്ധി,
നീതി, യെന്നുള്ളതെല്ലാം
പൊള്ളവാക്കുകളാകാം—
ഏട്ടിലെക്കരിയാകാം.

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ച് യൌവനം നിലനിൽക്കുന്നതിനു സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ച് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങൾ ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

ധന്വന്തരിവൈദ്യശാല, H. O തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ	10. കുന്നാട്ടുകുളം	19. തക്കല	27. പറവൂർ	35. പൊൻകുന്നം
2. ആലുവാ	11. കൊട്ടാരക്കര	20. തിരുവനന്തപുരം	28. പന്തളം	36. മദ്രാസ്
3. ആറാറിങ്ങൽ	12. കൊച്ചി	21. തിരുവല്ലാ	29. ബാംഗ്ലൂർ	37. മാത്താണ്ഡം
4. ഇടപ്പള്ളി	13. കൊല്ലം	22. തുപ്പുണിത്തുറ	30. പാലാ	38. മാവേലിക്കര
5. ഈരാറ്റുപേട്ട	14. കോതമംഗലം	23. തൃശൂർ	31. പിറവം	39. മുണ്ടക്കയം
6. എറണാകുളം	15. കോഴിക്കോട്	24. നാഗർകോവിൽ	32. പുനലൂർ	40. മൂവാറ്റുപുഴ
7. കായംകുളം	16. കോട്ടയം	25. നെടുമങ്ങാട്	33. പൂഞ്ഞാർ	41. വാഴക്കുളം
8. കാഞ്ഞാർ	17. ചങ്ങനാശ്ശേരി	26. നെയ്യാറ്റുകര	34. പെരുമ്പാവൂർ	42. വൈക്കം
9. കിളിമാനൂർ	18. ചേത്തല			

ലോകത്തിൽ മഹാസൃഷ്ടി–
യാകുന്ന നിയതിക്കും
ഐകരൂപ്യമായുള്ള
ഭവനം സാധിക്കുന്നോ?

ഏകമാം കുമ്പിൽ പൊട്ടും
രണ്ടു കൊച്ചിലകൾക്കും
സാരമാം വ്യത്യാസങ്ങൾ
സൂക്ഷിച്ചാൽ കാണുന്നില്ലേ?

ഗോളങ്ങളെല്ലാം തമ്മി–
ലെത്രയോ വ്യത്യാസങ്ങൾ:
നീളനീളമേ കാണൂ–
മെല്ലാമിങ്ങപ്രകാരം.

ശിക്ഷയേറ്റോരിൽച്ചില–
ക്കടമെപോകാം, പിന്നെ–
ശേഷിച്ചോർ കുറേക്കൂടി
തടവിൽ കിടക്കേണം.

ആവിലജലം, ഒറ്റാൽ–
മീനിനെന്നപോലി–
ങ്ങീനിലം ചിലർക്കൊക്കെ
സ്വർഗ്ഗമായ് തോന്നീടുന്നു!

ദുഷ്ടന്നു ദേശകാലാ–
വസ്ഥയും, ചുറ്റുപാടും,
നട്ടുമേൽ വളർത്തിയ
കർഷകപ്രവരനും,

കല്പാന്തഫലം പൊറാ
ദുസ്ഥിതിക്കൊട്ടുംതന്നെ
ഉത്തരം ചെല്ലേണ്ടപോൽ!
ചിത്രമീ നീതിയോർത്താൽ!!

കാരണം നോക്കിക്കണ്ടു
വ്യാധിയെ മാറീടാതെ
കായത്തെപ്പഴിക്കുന്ന
കാലമായ് തീർന്നോ? കഷ്ടം!

"വ്യാമോഹക്കടംകൈകൾ
പോറുവാനാഹാരങ്ങൾ,
വാഴുവാൻ മണിമേട,
കാക്കുവാൻ സ്വാതന്ത്ര്യവും

അഗസ്ത്യവൈദ്യചന്ദ്രിക

വില രൂ: 1 ണ. 8.

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service



KRISHNAN NAIR'S WATCH Co
TRICHUR·ERNAKULAM & QUILON

പ്രണയപ്രതീകാരം

എൻ. ബാപ്പുറാവു ബി.ഏ; ബി.എൽ.

വില രൂ: 2.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

വേറെന്തുവേണം? ഞങ്ങ–
ളീ വൈരൂപ്യാത്മാക്കൾക്കും
തേടുന്ന കുടും വാനം
പട്ടിണിമാറാൻമാത്രം"

എന്നിതര പാവകരം
ഗഗനേ പുലമ്പുന്നു.
നിന്ദ്യമാകുമിജ്ജയിൽ–
വാസത്തെക്കുറിച്ചെന്നും

എന്നുടെ കരുത്തെല്ലാം
കൂട്ടിയീ മൺഭിത്തിഞാൻ
ഭിന്നമാക്കുകിൽപിന്നെ
യെൻവീട്ടിൽ ചെന്നെത്തിടാം.

എന്നാലെൻപിതാവോറ്റം
നീതിമാൻ ധർമ്മപ്രൌ–
ഢനെന്നിങ്ങയച്ചാലോ
പിന്നെയക്കാര്യത്തിനായ്?

"മോഹമാകവേ മാറി,
മനസ്സും സമാഹരി–
ച്ചുത്തമനി മിഴിയുന്നി,
ക്കാലംഞാൻ കഴിച്ചുകിൽ

മാപ്പെനിക്കേകും പോകാ–
മാത്മഗേഹത്തി,"ലെന്ന–
ങ്ങെപ്പൊഴും പുരോഹിതൻ
ചൊല്ലുവെന്നാകിലും,

ഇക്കാരാഗാരത്തിൻറെ–
യന്തരീക്ഷമേ പാരം
ശക്തിമത്താക്കീടുന്നു
മാമകമോഹേന്ദ്രിയം.

അതിനാലശക്തൻ ഞാ–
നീ വ്യവസ്ഥിതിപാടെ
മാറാണേ! പരമാധി–
കാരമേ! നിയന്താവേ!



Edited, printed & published by N. Chandrasekharan Nair at the Free Rama Vilas Press, Quilon.